# പതിനാലാം കേരള നിയമസഭ

## (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി I

## (SUBJECT COMMITTEE I)

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

## (AGRICULTURE, ANIMAL HUSBANDRY AND FISHERIES)

# ആനുകാലിക റിപ്പോർട്ട്

(2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ളത്)

# (PERIODICAL REPORT FROM 1ST APRIL 2019 TO 31ST MARCH 2020)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239(1)പ്രകാരമുള്ളത്

[Under Rule 239(1) of the Procedure and Conduct of Business in the Kerala Legislative Assembly]

**2020 ആഗസ്റ്റ് 24-ാം തീയതി സമർപ്പിച്ചത്**

**(Presented on 24th August, 2020)**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2020

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2020

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി I

# (SUBJECT COMMITTEE I)

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

## (AGRICULTURE, ANIMAL HUSBANDRY AND FISHERIES)

## ആനുകാലിക റിപ്പോർട്ട്

(2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT FROM 1ST APRIL 2019 TO 31ST MARCH 2020)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും

സംബന്ധിച്ച ചട്ടങ്ങളിലെ 239 (1) പ്രകാരമുള്ളത്

[Under Rule 239 (1) of the Procedure and Conduct of
Business in the Kerala Legislative Assembly]

601/2020.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 64 |

# സബ്ജക്ട് കമ്മിറ്റി I

## (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും)

## (2019-2021)

**ഘടന**

<u>ചെയർമാൻ</u> :

ശ്രീ. വി. എസ്. സുനിൽ കുമാർ,
കൃഷി വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u> :

ശ്രീ. കെ. രാജു,
വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ,
മത്സ്യബന്ധനവും ഹാർബർ എൻജിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u>:

ശ്രീ. പാറക്കൽ അബ്ദുല്ല, എം.എൽ.എ.

ശ്രീ. എ. പി. അനിൽ കുമാർ, എം.എൽ.എ.

ശ്രീ. ചിറ്റയം ഗോപകുമാർ, എം.എൽ.എ.

ശ്രീ. കെ. കുഞ്ഞിരാമൻ, എം.എൽ.എ.

ശ്രീ. എം. നൗഷാദ്, എം.എൽ.എ.

ശ്രീ. എസ്. ശർമ്മ, എം.എൽ.എ.

ശ്രീ. കെ. വി. വിജയദാസ്, എം.എൽ.എ.

ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ത്രിദീപ് കെ. ജി., ജോയിന്റ് സെക്രട്ടറി

ശ്രീമതി എ.വി. ജോസഫൈൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

# അവതാരിക

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ 2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (i)-ാം ഉപചട്ട പ്രകാരം ഞാൻ സമർപ്പിക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ 2019 ജനുവരി 7-ാം തീയതിയിലെ 598-ാം നമ്പർ ബുള്ളറ്റിൻ- ഭാഗം 2 പ്രകാരം 2019-2021 കാലയളവിലേയ്ക്കായി രൂപീകരിച്ച കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I, 2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി, 28-5-2019, 27-6-2019, 30-7-2019, 25-9-2019, 29-10-2019, 12-11-2019, 5-2-2020, 17-2-2020, 19-2-2020, 25-2-2020 എന്നീ തീയതികളിലായി ആകെ 10 യോഗങ്ങൾ ചേരുകയുണ്ടായി. 28-5-2019-ലെ യോഗത്തിൽ സമിതിയുടെ വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെയും, സ്പെഷ്യൽ റിപ്പോർട്ടുകളിലെയും ശിപാർശകളിൻമേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിച്ച് അംഗീകരിച്ചു 27-6-2019-ലെ യോഗത്തിൽ, സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിൻമേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകളും 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, 2018-19-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് ഇവയുടെ കരടുകൾ പരിഗണിച്ച് അംഗീകരിച്ചു. 30-7-2019-ലെ യോഗത്തിൽ, ബഹു. സ്പീക്കറുടെ 12-6-2019-ലെ റൂളിംഗുമായി ബന്ധപ്പെട്ട് കരട് ചട്ടങ്ങൾ ലഭ്യമാക്കാനുള്ളതും SRO ലഭ്യമാക്കാനുള്ളതുമായ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തി.

9-9-2019-ലെ യോഗത്തിൽ, കേരള അനിമൽ ഹസ്ബന്ററി സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുന്നതുമായി ബന്ധപ്പെട്ടും ചിക് സെക്സർ, റെഫ്രിജറേഷൻ മെക്കാനിക് എന്നീ തസ്തികകളിലെ നിയമനത്തിനായി ഭേദഗതി വരുത്തിയ SRO ലഭ്യമാക്കുന്നതുസംബന്ധിച്ചും മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തി.

29-10-2019-ലെ യോഗത്തിൽ, 2019-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പരിഗണിക്കുകയും ഭേദഗതികളില്ലാതെ

അംഗീകരിക്കുകയും ചെയ്തു. 12-11-2019, 5-2-2020 തീയതികളിലെ യോഗങ്ങളിൽ, സ്പെഷ്യൽ റിപ്പോർട്ടിലെ ശിപാർശകളിൻമേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളും ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിൻമേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളും പരിഗണിച്ച് അംഗീകരിച്ചു. 17-2-2020, 19-2-2020 എന്നീ യോഗങ്ങളിൽ 2020-21 സാമ്പത്തിക വർഷത്തെ ബജറ്റിലെ വിവിധ ധനാഭ്യർത്ഥനകളിൻമേൽ പരിശോധന നടത്തുന്നതിനും 25-2-2020-ന് 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുന്നതിനുമാണ് സമിതി യോഗങ്ങൾ ചേർന്നത്.

യോഗങ്ങളിലെ ശരാശരി ഹാജർ നില 42% ആയിരുന്നു. ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായിട്ടാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അദ്ധ്യായം I — സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

അദ്ധ്യായം II — സമിതി പരിഗണിച്ച ബില്ലുകൾ

അദ്ധ്യായം III — സമിതി പരിഗണിച്ച ചട്ടം / എസ്.ആർ.ഒ.കൾ

അദ്ധ്യായം IV — നിയമസഭാ ചട്ടം 235 (എ) പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ

അദ്ധ്യായം V — നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

അദ്ധ്യായം VI — (a) 2019-20-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

(b) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും പുതിയ സാമ്പത്തിക വർഷത്തെ ആദ്യം എന്ന കണക്കിൽ

അദ്ധ്യായംVII — സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും.

യോഗനടപടി കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 23-7-2020-ൽ ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

തിരുവനന്തപുരം,
2020 ജൂലൈ 23.

വി.എസ്. സുനിൽ കുമാർ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി I.*

# റിപ്പോർട്ട്

## അദ്ധ്യായം I

## സഭയിൽ സമർപ്പിച്ച സമിതി റിപ്പോർട്ടുകൾ

1. സബ്ജക്ട് കമ്മിറ്റി I-ന്റെ 2019-20-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് 28-5-2019-ന് സഭയിൽ സമർപ്പിച്ചു.

2. സമിതിയുടെ 2018-19-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2-7-2019-ന് സഭയിൽ സമർപ്പിച്ചു.

3. സമിതിയുടെ 1-4-2018 മുതൽ 31-3-2019 വരെയുള്ള ആനുകാലിക റിപ്പോർട്ട് 2-7-2019-ന് സഭയിൽ സമർപ്പിച്ചു.

4. 2019-ലെ കേരള വെറ്ററിനറിയും ജന്തു ശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 4-11-2019-ന് സഭയിൽ സമർപ്പിച്ചു.

5. സബ്ജക്ട് കമ്മിറ്റി I-ന്റെ 2020-21-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് 2-3-2020-ന് സഭയിൽ സമർപ്പിച്ചു.

## അദ്ധ്യായം II

## സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ

1. സമിതി, 2019-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ 29-10-2019-ൽ പരിഗണിക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 4-11-2019-ന് സഭയിൽ സമർപ്പിച്ചു.

## അദ്ധ്യായം III

## സമിതി പരിഗണിച്ച ചട്ടങ്ങൾ /എസ്.ആർ.ഒ.കളുടെ വിശദാംശങ്ങൾ

1. 2017-ലെ കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ അമെന്റ്മെന്റ് ആക്ടിൻമേലുള്ള 5-9-2018-ലെ SRO നമ്പർ 623/2018, 2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ആക്ടിൻമേലുള്ള 2-3-2019-ലെ SRO നമ്പർ 176/19 എന്നിവ 30-7-2019-ൽ സമിതി പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

2. കേരള മറൈൻ ഫിഷറീസ് റെഗുലേഷൻ ചട്ടങ്ങൾ ഭേദഗതി ചെയ്തുകൊണ്ടുള്ള 1-9-2019-ലെ എസ്. ആർ. ഒ. നമ്പർ 612/2019, സമിതി 5-2-2020-ൽ പരിഗണിക്കുകയും ഭേദഗതികളോടെ സാധൂകരിക്കുകയും ചെയ്തു.

## അദ്ധ്യായം IV

## നിയമസഭാ ചട്ടം 235(A) പ്രകാരം ചേർന്ന സമിതി യോഗം സംബന്ധിച്ച വിശദാംശങ്ങൾ

നിയമസഭാ ചട്ടം 235(A) പ്രകാരം, സമിതി ഈ കാലയളവിൽ യോഗം ചേർന്നില്ല.

## അദ്ധ്യായം V

## നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ

| ക്രമ നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|
| | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ പേര് | സാമ്പത്തിക വർഷം | |
| 1 | 2 | 3 | 4 |
| 1 | മണ്ണുപര്യവേഷണ മണ്ണുസംരക്ഷണ വകുപ്പ് | 2017-18 | 26-6-2019 |
| 2 | മത്സ്യബന്ധന തുറമുഖ വകുപ്പ് | 2010-2011 | 26-6-2019 |
| 3 | മത്സ്യബന്ധന തുറമുഖ വകുപ്പ് | 2017-18 | 26-6-2019 |
| 4 | കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ | 2017-18 | 26-6-2019 |
| 5 | സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് | 2013-14 | 4-7-2019 |
| 6 | കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ | 2013-14 | 4-1-2019 |
| 7 | കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ | 2014-15 | 4-7-2019 |

| 1 | 2 | 3 | 4 |
|---|---|---|---|
| 8 | കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ | 2018-19 | 4-7-2019 |
| 9 | സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് | 2018-19 | 4-7-2019 |
| 10 | കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് | 2018-19 | 4-7-2019 |
| 11 | കാസർഗോഡ് വികസന പാക്കേജ് | 2018-19 | 13-11-2019 |
| 12 | മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് | 2018-19 | 13-11-2019 |
| 13 | മൃഗസംരക്ഷണ വകുപ്പ് | 2018-19 | 13-11-2019 |
| 14 | കാർഷിക വികസന കർഷകക്ഷേമ വകുപ്പ് | 2018-19 | 6-2-2020 |

## അദ്ധ്യായം VI

**(a) നടപ്പ് സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ടിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം**

2019-20-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിൽ ആകെ 109 ഖണ്ഡികകളാണുള്ളത്. ഇതിൽ കൃഷി വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 2, 7, 13, 26 ആസൂത്രണ സാമ്പത്തികകാര്യ വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 31,32 മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 38 മുതൽ 47 വരെ, ക്ഷീരവികസന വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 54 മുതൽ 60 വരെ, മത്സ്യബന്ധന വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 61 മുതൽ 65 വരെയും 67,76,77,88,89,90 എന്നിവയിലെയും ശിപാർശകളിൻമേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**(b) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും (പുതിയ സാമ്പത്തിക വർഷത്തെ ആദ്യം എന്ന കണക്കിൽ)**

## (1) 2018-19 -ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

ശിപാർശ

2401-00-110-82—പുനഃസ്ഥാപിക്കപ്പെട്ട സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി

വിഹിതം : 14,00,00,000 രൂപ (പദ്ധതി)

22-3-2017-ലെ സ.ഉ. (എം.എസ്) നമ്പർ 37/2017/കൃഷി പ്രകാരം വിളകളുടെ നാശനഷ്ടത്തിനുള്ള നഷ്ടപരിഹാര തുക 2 മടങ്ങ് മുതൽ 5 മടങ്ങ് വരെ വർദ്ധിപ്പിച്ചിട്ടുണ്ടെന്നും വിള ഇൻഷ്വറൻസ് കോർപ്പസ് ഫണ്ടിൽനിന്നും 10 കോടി രൂപ സർക്കാർ പിൻവലിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വിള ഇൻഷ്വറൻസ് - കോർപ്പസ് ഫണ്ട് പുനഃസ്ഥാപിക്കുന്നതിനായി ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സ്വീകരിച്ച നടപടി

വിള ഇൻഷ്വറൻസ് പദ്ധതിക്കുവേണ്ടി 2018-19 സാമ്പത്തിക വർഷം 10.63 കോടി രൂപ അഡീഷണൽ ഓതറൈസേഷൻ വഴി അനുവദിക്കുകയും ഇതിൽ നാളിതുവരെ ചെലവഴിച്ച 8.76 കോടി രൂപ ധനപുനഃവിനിയോഗം മുഖേന ക്രമവത്കരിച്ചിട്ടുമുണ്ട്.

(6-9-2019-ലെ 227/2018-അഗ്രി. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ ഖണ്ഡിക 8-ലെ കാലതാമസപത്രിക 13-11-2019-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

2405-00-109-91—വകുപ്പിന്റെ വികസനവും നവീകരണവും പരിശീലന കേന്ദ്രങ്ങളുടെ ശക്തിപ്പെടുത്തലും

വിഹിതം : 3,00,00,000

ഇ-ഗവേണൻസ്, പരിശീലന പരിപാടികൾ എന്നിവ പൂർത്തീകരിക്കുന്നതിന് ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 73)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിലുണ്ടായിരുന്ന 3 കോടി രൂപയിൽ 1.74 ലക്ഷം രൂപ മാത്രമേ ചെലവായുള്ളൂ. ആയതുകൊണ്ട് അധികം തുക ആവശ്യപ്പെടേണ്ടി വന്നില്ല

<u>ശിപാർശ</u>

തീരദേശത്തിന്റെ സമഗ്ര വികസനത്തിനായി അന്തർദേശീയതലത്തിൽ അംഗീകൃതമായുള്ള സ്ഥാപനത്തെക്കൊണ്ട് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് പുതിയ ശീർഷകം അനുവദിച്ച് 1,000 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 89)

<u>സ്വീകരിച്ച നടപടി</u>

ഈ പദ്ധതിയ്ക്ക് ഭരണാനുമതി 2405-00-103-74 എന്ന ശീർഷകത്തിൽ ലഭിച്ചു. ഒരു കോടി രൂപ ഫണ്ടും അനുവദിച്ചു. സർക്കാരിന്റെ അനുമതിയോടുകൂടി ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് (TISS), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ മാനേജ്മെന്റ് (IRMA) എന്നീ സ്ഥാപനങ്ങളെ പ്രവർത്തി ഏൽപ്പിക്കുകയുണ്ടായി. ഇതുവരെ 14.56 ലക്ഷം രൂപ ചെലവഴിച്ചു. 85.43 ലക്ഷം രൂപ e-lams-ൽ പോസ്റ്റ് ചെയ്തിട്ടുണ്ട്, IRMA 150.23 രൂപയ്ക്ക് എസ്റ്റിമേറ്റ് തന്നിട്ടുണ്ട്.

(10-7-2019-ലെ 3557580/ബി3/19/മ.തു.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ ഖണ്ഡിക 73,89-ലെ കാലതാമസപത്രിക 13-11-2019-ന് സഭയിൽ സമർപ്പിച്ചു).

## (2) 2017-18 -ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

<u>ശിപാർശ</u>

2435-01-800-94—<u>മൂല്യവർദ്ധനവ്</u>

വിഹിതം : 27,00,00,000 രൂപ (പദ്ധതി)

തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ കോക്കനട്ട് അഗ്രോപാർക്കുകൾ, പാലക്കാട്, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിൽ നെല്ല് അധിഷ്ഠിത അഗ്രോപാർക്കുകൾ, തൃശ്ശൂർ ജില്ലയിൽ തേനും നേന്ത്രക്കായയും അടിസ്ഥാനമായ

അഗ്രോപാർക്ക്, ഇടുക്കി, വയനാട് ജില്ലകളിൽ സുഗന്ധവ്യഞ്ജന അഗ്രോപാർക്കുകൾ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിൽ റബ്ബർ അധിഷ്ഠിത വ്യവസായ പാർക്കുകൾ, തൃശ്ശൂർ ജില്ലയിലെ മാളയിൽ ചക്ക അടിസ്ഥാനമായ അഗ്രോപാർക്ക്, ഇടുക്കി ജില്ലയിലെ കാന്തല്ലൂരിൽ പച്ചക്കറി അടിസ്ഥാനമായ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ അഗ്രോപാർക്ക് എന്നിവയാണ് ലക്ഷ്യമിടുന്നത്. 2016-17-ലെ പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ച ടി പദ്ധതികൾക്ക് ആവശ്യമായ തുക ഈ ബജറ്റിൽ വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 30 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്ത് കാർഷിക വികസന രംഗത്ത് മൂല്യവർദ്ധനവിനായി അഗ്രോ പാർക്കുകൾ രൂപീകരിക്കുന്നതിനും നടപ്പാക്കുന്നതിനും Special Purpose Vehicle (SPV) ആയി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ (KAICO) സംസ്ഥാന സർക്കാർ നിയമിച്ചിട്ടുണ്ട്. G.O.(Ms) 1/2018/AD പ്രകാരം പദ്ധതിക്ക് 100.13 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആദ്യഘട്ടമായി തൃശ്ശൂർ ജില്ലയിലെ കണ്ണാറ ഫാമിൽ "ബനാന & ഹണി പാർക്ക് " സ്ഥാപിക്കുന്നതിന് DPR തയ്യാറാക്കി Kerala Infrastructure Investment Fund Board (KIIFB) ക്ക് സമർപ്പിക്കുകയും, 14.23 കോടി രൂപയുടെ പ്രോജക്ടിന് അനുമതി ലഭ്യമാകുകയും ചെയ്തു. മറ്റ് ജില്ലകളിൽ ആരംഭിക്കുന്ന പാർക്കുകളുടെ DPR തയ്യാറാക്കി വരുന്നു.

2017-18 സാമ്പത്തിക വർഷത്തിലെ അധിക ധനാഭ്യർത്ഥനകളുടെ ഒന്നാമത്തെയും രണ്ടാമത്തെയും ബാച്ചിലെ (യഥാക്രമം ഏപ്രിൽ 2017, ജൂലൈ 2017) പ്രൊപ്പോസലുകളിൽ അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് അധിക തുകയായി 30 കോടി രൂപ "2435-01-800-94 പ്ലാൻ "ശീർഷകത്തിൽ വകയിരുത്തണമെന്ന് ആവശ്യപ്പെട്ടുവെങ്കിലും തുകയൊന്നും അനുവദിച്ചില്ല.

(8-11-2018-ലെ 2121755/പി.പി.എം/2018/കൃഷി നമ്പർ കത്തുപ്രകാരം ലഭിച്ച ഖണ്ഡിക 13-ലെ കാലതാമസപത്രിക 5-12-2018-ൽ സഭയിൽ സമർപ്പിച്ചു).

ശിപാർശ

4435-01-101-97-RIDF —പദ്ധതികൾ

വിഹിതം : 7,00,00,000 രൂപ (പദ്ധതി)

RIDF XVI മുതൽ XXI വരെ 139.5981 കോടി രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ടെന്നും 2017-18 സാമ്പത്തിക വർഷം നടപ്പാക്കുന്ന പദ്ധതികൾക്കായി 32 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

RIDF XVI മുതൽ XXI വരെ 2017-18 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന പദ്ധതികൾക്കായി 25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തതിൻപ്രകാരം 2017-18 വർഷത്തെ 1,2,3 ബാച്ച് Supplementary Demand for Grants (യഥാക്രമം മേയ് 2017, ആഗസ്റ്റ് 2017, ഡിസംബർ 2017) നുള്ള നിർദ്ദേശത്തിൽ 4435-01-101-97 പ്ലാൻ ശീർഷകത്തിൽ 25 കോടി (ഇരുപത്തിയഞ്ച് കോടി) രൂപ വീതം കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടുവെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

2402-00-101-82—ഭൂമിയുടെ തരംതിരിവ് സംബന്ധിച്ച ഡാറ്റാ ബാങ്ക് സൃഷ്ടിക്കൽ

വിഹിതം : ഇല്ല (പദ്ധതി)

2016-17-ലെ പുതുക്കിയ ബജറ്റിൽ ഉൾപ്പെടുത്തിയിരുന്ന ആധുനിക വിവര സാങ്കേതിക വിദ്യയുടെ സഹായത്താൽ നിലം നികത്തലുമായി ബന്ധപ്പെട്ട് ഭൂമിയുടെ തരംതിരിവ് സംബന്ധിച്ച ഡാറ്റാ ബാങ്ക് സൃഷ്ടിക്കുന്നതിന് വേണ്ട നടപടികൾ ഉൾക്കൊള്ളുന്ന ഈ പദ്ധതിക്കായി ബജറ്റിൽ വിഹിതം ഒന്നും അനുവദിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

<u>സ്വീകരിച്ച നടപടി</u>

2017-18 ൽ പദ്ധതി നടത്തിപ്പിന് 50 ലക്ഷം രൂപ വകയിരുത്തണമെന്ന സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശ അനുസരിച്ച് 50.00 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ഭരണാനുമതിയ്ക്കായി വർക്കിംഗ് ഗ്രൂപ്പിന് മുമ്പാകെ സമർപ്പിച്ചെങ്കിലും ഭരണാനുമതി നൽകിയിട്ടില്ല. 2018-19 ബഡ്ജറ്റിൽ ടി പദ്ധതിക്കായി 13 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(13-9-2018-ലെ അഗ്രി-ഐ.എഫ്.എ 2/57/2018 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ ഖണ്ഡിക 14, 16 എന്നിവ സംബന്ധിച്ച കാലതാമസപത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

2415-01-277-99-31—<u>കേരള കാർഷിക സർവ്വകലാശാല സഹായധനം സഹായധനം - ശമ്പളം</u> :

വിഹിതം : 324,19,65,000 രൂപ (പദ്ധതിയേതരം)

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികകളിലായി നിയമിച്ച 127 പേരുടെ ശമ്പളവും അലവൻസുകളും കൂടാതെ പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി ഫാം, സാങ്കേതിക വിഭാഗങ്ങളിൽ 356 ജീവനക്കാരെ നിയമിക്കേണ്ടി വരുമ്പോൾ അവർക്കുള്ള ശമ്പളവും അലവൻസുകളും ഫാം തൊഴിലാളികളുടെ ശമ്പള പരിഷ്കരണം, ജീവനക്കാരുടെ ശമ്പള പരിഷ്കരണ കടിശ്ശിക, അദ്ധ്യാപകരുടെ കരിയർ അഡ്വാൻസ്മെന്റ്, പ്രമോഷൻ കടിശ്ശിക, അദ്ധ്യാപക നിയമനം, വിരമിക്കൽ ആനുകൂല്യങ്ങൾ, യു.ജി.സി. ശമ്പള പരിഷ്കരണം ഇതെല്ലാം നൽകുന്നതിനായി ICAR വിഹിതത്തിലുണ്ടാകുന്ന കുറവ്, പി.എഫ്. കടിശ്ശിക തുടങ്ങിയവയുള്ള ചെലവ് കണക്കിലെടുക്കുമ്പോൾ കേരള കാർഷിക സർവ്വകലാശാലയ്ക്ക് അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം വളരെ കുറവാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 226.2235 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

2415-01-277-99-35—<u>കേരള കാർഷിക സർവ്വകലാശാല സഹായധനം - മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം</u>

വിഹിതം: 20,00,00,000 രൂപ (പദ്ധതി)

മുൻ വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച പല പദ്ധതികൾക്ക് ഭരണാനുമതിയും ബഡ്ജറ്റ് വിഹിതവും ഉണ്ടായിട്ടും ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിലൂടെ അനുവദിച്ചപ്പോൾ തുകയിൽ വരുത്തിയ കുറവുമൂലം 2016-17-ലെ മിക്ക പദ്ധതികളും ടി വർഷം നടപ്പിലാക്കാനുള്ള പണം ലഭിച്ചിട്ടില്ലെന്നും ഒഴിവാക്കാനാവാത്ത മുൻ വർഷങ്ങളിലെ പല പദ്ധതികളും 2017-18-ൽ നടപ്പിലാക്കുന്നതിന് തത്തുല്യമായ വിഹിതം അധികമായി അനുവദിക്കേണ്ടതാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 13.31 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

<u>ശിപാർശ</u>

2415-01-277-99-36—<u>കേരള കാർഷിക സർവ്വകലാശാല സഹായധനം-സഹായധനം ശമ്പളേതരം :</u>

വിഹിതം : 55,00,00,000 രൂപ (പദ്ധതി)

ഭരണാനുമതിയും ബഡ്ജറ്റ് വിഹിതവും ഉണ്ടായിട്ടും 2016-17-ലെ മിക്ക പദ്ധതികളും ടി വർഷം നടപ്പിലാക്കാനുള്ള പണം ലഭിച്ചിട്ടില്ല. 2016-17-ലെ ഒഴിവാക്കാനാവാത്ത പദ്ധതികൾ 2017-18-ൽ നടപ്പിലാക്കുന്നതിന് 2016-17-ൽ ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിലൂടെ അനുവദിച്ചപ്പോൾ കുറവുവന്ന തുകയ്ക്ക് തത്തുല്യമായ വിഹിതം 2017-18-ൽ അധികമായി അനുവദിക്കേണ്ടതാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 22.325 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

<u>സ്വീകരിച്ച നടപടി</u>

വിഷയനിർണ്ണയ സമിതി-I ന്റെ 2017-18-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ഖണ്ഡിക-18-ലെ ശിപാർശ പ്രകാരം 2415-01-277-99-31 കേരള കാർഷിക സർവ്വകലാശാലയ്ക്കുള്ള സഹായധനം എന്ന ശീർഷകത്തിൽ 226.2235 കോടി രൂപയും, ഖണ്ഡിക 19-ലെ ശിപാർശ പ്രകാരം 2415-01-277-99-35 മൂലധന ആസ്തികളുടെ സഹായധനം എന്ന ശീർഷകത്തിൽ 13.31 കോടി രൂപയും, ഖണ്ഡിക-20-ലെ ശിപാർശപ്രകാരം 2415-01-277-99-36 ജനറൽ ശമ്പളേതരം എന്ന ശീർഷകത്തിൽ

22.325 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ട് കേരള കാർഷിക സർവ്വകലാശാല രജിസ്ട്രാർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

എന്നാൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന High Level Committee-യുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് സർവ്വകലാശാലകൾക്ക് പദ്ധതിയേതര ഗ്രാന്റ് അനുവദിക്കുന്നതെന്നത് കൊണ്ടും നിലവിൽ ബഡ്ജറ്റ് പ്രൊവിഷനിൽ അധിക പദ്ധതിയേതര ധനസഹായം അനുവദിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ശിപാർശ കൂടി ആവശ്യമാണെന്നതിനാലും subject committee-യുടെ ശിപാർശ പ്രകാരം കേരള കാർഷിക സർവ്വകലാശാലയ്ക്ക് 2017-18 സാമ്പത്തിക വർഷം പദ്ധതിയേതര ഇനത്തിൽ അധിക തുക അനുവദിക്കാൻ സാധിച്ചിട്ടില്ല.

(30-4-2019-ലെ 136/എ.എഫ്3/2019/കൃഷി നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ ഖണ്ഡിക 18,19,20-ലെ കാലതാമസപത്രിക 26-6-2019-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

6408-02-190-98—<u>ആർ.ഐ.ഡി.എഫ് XVII-ന് കീഴിൽ ഗോഡൗണുകളുടെ നിർമ്മാണത്തിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് ലോൺ</u>

വിഹിതം : ഇല്ല (പദ്ധതി)

ആർ.ഐ.ഡി.എഫ് XVII-ന്റെ കീഴിൽ ഗോഡൗണുകളുടെ നിർമ്മാണത്തിനും, നവീകരണത്തിനുമായി 119.44 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ടെങ്കിലും നാളിതുവരെ പദ്ധതികളുടെ നടത്തിപ്പിനായി 24.85 കോടി രൂപ മാത്രമാണ് സർക്കാരിൽ നിന്നും ലഭ്യമായിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ പദ്ധതികളുടെ നടത്തിപ്പിനായി ടി ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ആർ.ഐ.ഡി.എഫ് XVII-ന്റെ പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനായി 15 കോടി രൂപ സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

<u>സ്വീകരിച്ച നടപടി</u>

ആർ.ഐ.ഡി.എഫ് XVII-ന്റെ കീഴിൽ ഗോഡൗണുകളുടെ നിർമ്മാണത്തിനും നവീകരണത്തിനുമായി കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ സമർപ്പിച്ച റീ-ഇംബേഴ്സ്മെന്റ് ക്ലെയിമുകളുടെ അടിസ്ഥാനത്തിൽ 2017-18 സാമ്പത്തിക വർഷം

6408-02-190-98 എന്ന ശീർഷകത്തിൽ, രണ്ട് ഘട്ടങ്ങളിലായി 7.58 കോടി രൂപ കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്.

(13-9-2018-ലെ അഗ്രി-ഐ.എഫ്.എ 2/57/2018 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ കാലതാമസപത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

2810-00-105-99—<u>ബയോഗ്യാസ് വികസനത്തിനുള്ള ദേശീയ പരിപാടി</u>

വിഹിതം : 1,00,000 രൂപ (100% കേന്ദ്രാവിഷ്കൃതം) (പദ്ധതി)

സാധാരണ ബയോഗ്യാസ് പ്ലാന്റും സാനിട്ടറി ടോയ്‌ലെറ്റ് പ്ലാന്റും സ്ഥാപിക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്നവർക്ക് പരിശീലനവും ഗുണഭോക്താവിന് സാമ്പത്തിക സഹായവും ലക്ഷ്യമിട്ടിരിക്കുന്ന പ്രസ്തുത പദ്ധതിയിൽ ഒരു പ്ലാന്റിന്റെ സബ്സിഡി നിരക്ക് ജനറൽ വിഭാഗത്തിന് 8,000 രൂപയും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് 10,000 രൂപയുമാണ്. നിലവിലെ സാഹചര്യത്തിൽ ടി തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 2017-18 സാമ്പത്തിക വർഷത്തിൽ ബയോഗ്യാസ് പ്ലാന്റുകൾക്കുള്ള സബ്സിഡിയിനത്തിലും വിവിധ പരിശീലനം നടത്തുന്നതിനും ഈ ശീർഷകത്തിൽ 1.99 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

<u>സ്വീകരിച്ച നടപടി</u>

2017-18 സാമ്പത്തിക വർഷത്തിലെ 1,2 ബാച്ചുകളിലെ അധിക ധനാഭ്യർത്ഥനയ്ക്കുള്ള പ്രൊപ്പോസലിൽ യഥാക്രമം 2017 ഏപ്രിലിൽ 1.99 കോടി രൂപയും, 2017 ജൂലൈയിൽ 1.99 കോടി രൂപയും, ബയോഗ്യാസ് വികസനത്തിനുള്ള ദേശീയ പരിപാടി എന്ന പദ്ധതിക്കായി 2810-00-105-99 (പദ്ധതി) ശീർഷകത്തിൽ അധികം വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചിരുന്നില്ല. എന്നാൽ നടപ്പു സാമ്പത്തിക വർഷം ടി പദ്ധതിക്ക് അധിക ധനസഹായം നൽകുന്നതിനായി 200 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(8-10-2018-ലെ പി.എ 1/32/2018 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ ഖണ്ഡിക 25-ലെ കാലതാമസപത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

<u>ശിപാർശ</u>

2405-00-101-57—<u>മത്സ്യത്തൊഴിലാളികൾക്ക് വേണ്ടിയുള്ള വിവരശേഖരണം</u>

വിഹിതം :1,00,000 രൂപ (പദ്ധതി)

ഉൾനാടൻ/കടൽ മത്സ്യബന്ധനത്തിന്റെ വിവര ശേഖരണവുമായി ബന്ധപ്പെട്ട ജീവനക്കാരുടെ ശമ്പളം, യാത്രാബത്ത, മറ്റുചെലവുകൾ എന്നിവയ്ക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു ആയതിനാൽ ഈ ശീർഷകത്തിൽ 42 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

സ്വീകരിച്ച നടപടി

ഉൾനാടൻ/കടൽ മത്സ്യബന്ധനത്തിന്റെ വിവര ശേഖരണവുമായി ബന്ധപ്പെട്ട ജീവനക്കാരുടെ ശമ്പളം, യാത്രാബത്ത, മറ്റുചെലവുകൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ 1 ലക്ഷം രൂപ മാത്രമാണ് ഉൾപ്പെടുത്തിയിരുന്നത്. കൂടാതെ ഈ ഇനത്തിൽ കഴിഞ്ഞ വർഷത്തെ ബാലൻസ് തുകയായ 9.50 ലക്ഷം രൂപ elams-ൽ പോസ്റ്റ് ചെയ്തിരുന്നതും അനുവദിച്ചിട്ടുണ്ട്. അധികം വേണ്ട തുകയായ 32.41 ലക്ഷം രൂപയുള്ള പ്രൊപ്പോസൽ സമർപ്പിച്ചതിൽ 22,48,000 രൂപ അനുവദിച്ചിട്ടുണ്ട്. [സ.ഉ.(സാധാ)നമ്പർ 1748/2018/ധന. പ്രകാരം]

(19-11-2018-ലെ 230/എ 1/17/മ.ഉ.വ. കത്ത് പ്രകാരം ലഭ്യമാക്കിയ ഖണ്ഡിക 60-ലെ കാലതാമസപത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

2405-00-800-99—മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യസമാശ്വാസ പദ്ധതിക്ക് അധിക സംസ്ഥാന വിഹിതം

വിഹിതം : 20,60,00,000 രൂപ (പദ്ധതി)

മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യശീലം വളർത്തുന്നതിനും പഞ്ഞമാസ കാലയളവിൽ തൊഴിൽ നഷ്ടം മൂലമുണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുമായി 50% കേന്ദ്രസഹായത്തോടെ നടപ്പിലാക്കിവരുന്ന ഈ പദ്ധതി പ്രകാരം ഓരോ വർഷവും ആഗസ്റ്റ് മുതൽ ഏപ്രിൽ വരെയുള്ള 9 മാസങ്ങളിലായി തീരദേശ മത്സ്യത്തൊഴിലാളികളിൽ നിന്നും ഒക്ടോബർ മുതൽ മേയ് വരെ 9 ഗഡുക്കളായി ഉൾനാടൻ മത്സ്യത്തൊഴിലാളികളിൽ നിന്നും 1,500 രൂപ വീതം ശേഖരിച്ച് ബാങ്കിൽ നിക്ഷേപിക്കുകയും സംസ്ഥാന വിഹിതമായി 1,500 രൂപയും കേന്ദ്രവിഹിതമായി 1,500 രൂപയും ചേർത്ത് 4,500 രൂപ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനാണ് ഈ പദ്ധതിക്ക് 2016-17-ൽ അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിനായി 2017-18-ൽ ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 36.1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 69)

സ്വീകരിച്ച നടപടി

2017-18-ലെ സാമ്പത്തിക വർഷത്തേയ്ക്ക് 2405-00-800-99 പ്ലാൻ എന്ന ശീർഷകത്തിൽ 2060 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. തീരദേശ മത്സ്യത്തൊഴിലാളികൾക്ക് ആനുകൂല്യം വിതരണം ചെയ്യാൻ 2 ഗഡുക്കളായി 49,38,46,500 രൂപയും ഉൾനാടൻ വിഭാഗത്തിന് 2 ഗഡുക്കളായി നൽകാൻ 6,56,83,000 രൂപയും ആവശ്യമായിരുന്നു. ശീർഷകത്തിൽ ഉള്ള 2060 ലക്ഷം രൂപയ്ക്ക് പുറമേ അഡീഷണൽ ഓതറൈസേഷൻ മുഖേന അനുവദിച്ച 4,09,24,000 രൂപയും II ബാച്ച് SDC ആയി 31,00,00,000 രൂപയും അഡീഷണൽ ഓതറൈസേഷൻ ആയി 26,07,000 രൂപയും അനുവദിച്ചിട്ടുണ്ട്. ടി തുക ഉപയോഗിച്ച് തീരദേശ വിഭാഗത്തിന്റെ 2 ഗഡുക്കളും ഉൾനാടൻ വിഭാഗത്തിന്റെ 2 സർക്കാർ ഗഡുക്കളും വിതരണം ചെയ്യു പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. (ആകെ 55,95,29,500 രൂപ)

ശിപാർശ

2405-00-800-94—മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്കുള്ള സഹായം- മത്സ്യ അനുബന്ധത്തൊഴിലാളികൾക്കുള്ള പെൻഷൻ

വിഹിതം :50,00,00,000 രൂപ (പദ്ധതിയേതരം)

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന എല്ലാ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും നൽകുവാനുള്ള പെൻഷൻ കുടിശ്ശികയും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 70)

സ്വീകരിച്ച നടപടി

മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്കുള്ള സഹായം-മത്സ്യ അനുബന്ധത്തൊഴിലാളികൾക്കുള്ള പെൻഷൻ, മത്സ്യത്തൊഴിലാളി വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, അനുബന്ധത്തൊഴിലാളി പെൻഷൻ എന്നിവയ്ക്ക് 2405-00-800-94 എന്ന ശീർഷകത്തിൽ 50,00,00,000 രൂപ വകയിരുത്തിയിട്ടുണ്ട്. മത്സ്യത്തൊഴിലാളി/ അനുബന്ധത്തൊഴിലാളി വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ എന്നിങ്ങനെ നൽകാൻ ബഡ്ജറ്റ് വിഹിതം കൂടാതെ രണ്ട് ഘട്ടങ്ങളിലായി 1,42,68,000 രൂപയും 19,33,13,000 രൂപയും അഡീഷണൽ

ഓതറൈസേഷനായി അനുവദിച്ച് ആകെ 70,75,80,425 രൂപ (5% പദ്ധതി നിർവ്വഹണ ചെലവ് ഉൾപ്പെടെ)ജനുവരി മുതൽ 2017 നവംബർ വരെയുള്ള 11 മാസത്തെ പെൻഷൻ @1,100 രൂപ നിരക്കിൽ പെൻഷൻ വിതരണം ചെയ്യാൻ ക്ഷേമനിധി ബോർഡിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(9-11-2018-ലെ 1520370/ബി1/17/മ.ത്സ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ ഖണ്ഡിക 69, 70-ലെ കാലതാമസപത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

4405-00-104-80—കൊയിലാണ്ടി മത്സ്യബന്ധനതുറമുഖം (50% കേന്ദ്രാവിഷ്കൃത പദ്ധതി)

വിഹിതം : ഇല്ല

ഈ പദ്ധതിക്കുവേണ്ടി അനുവദിച്ചിട്ടുള്ള സബ് ഡിവിഷനിലെ 13 ജീവനക്കാരുടെ ശമ്പളം, മറ്റ് ബത്തകൾ ഉൾപ്പെടെയുള്ള എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ വഹിക്കുന്നതിന് ഈ ശീർഷകത്തിൽ 67.49 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 76)

സ്വീകരിച്ച നടപടി

ഈ പദ്ധതിക്കുവേണ്ടി അനുവദിച്ചിട്ടുള്ള സബ്ഡിവിഷനിലെ 13 ജീവനക്കാരുടെ ശമ്പളം, മറ്റ് ബത്തകൾ ഉൾപ്പെടെയുള്ള എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ വഹിക്കുന്നതിന് ഈ ശീർഷകത്തിൽ 67.49 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നു. കൊയിലാണ്ടി മത്സ്യബന്ധന 'തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട സബ് ഡിവിഷൻ ഓഫീസിലെ ജീവനക്കാർക്ക് ശമ്പളം, മറ്റ് ബത്തകൾ ഉൾപ്പെടെയുള്ള എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ വഹിക്കുന്നതിന് 2017-18 വർഷം സമിതി ശിപാർശ ചെയ്ത ശീർഷകത്തിൽ തുക അനുവദിച്ചില്ല. എന്നാൽ 2017-18 ബഡ്ജറ്റിൽ അനുവദിച്ച തുകയിൽ നിന്നും ശീർഷകത്തിൽ നിന്നും ശമ്പള ഇനത്തിലുള്ള ചെലവുകൾ വഹിച്ചിട്ടുണ്ട്.

ശിപാർശ

4405-00-104-73—ചേറ്റുവ മത്സ്യബന്ധന തുറമുഖം (75% കേന്ദ്രാവിഷ്കൃത പദ്ധതി)

വിഹിതം : ഇല്ല

ഈ പദ്ധതിക്കുവേണ്ടി അനുവദിച്ചിട്ടുള്ള സബ് ഡിവിഷനിലെ 9 ജീവനക്കാരുടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ വഹിക്കുന്നതിന് ഈ ശീർഷകത്തിൽ 59.65 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 77)

സ്വീകരിച്ച നടപടി

ഈ പദ്ധതിക്കുവേണ്ടി അനുവദിച്ചിട്ടുള്ള സബ്ഡിവിഷനിലെ 9 ജീവനക്കാരുടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ വഹിക്കുന്നതിന് ഈ ശീർഷകത്തിൽ 59.65 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നു. ചേറ്റുവ മത്സ്യബന്ധന തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട സബ് ഡിവിഷൻ ഓഫീസിലെ ജീവനക്കാർക്ക് ശമ്പളം, മറ്റ് ബത്തകൾ ഉൾപ്പടെയുള്ള എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ വഹിക്കുന്നതിന് 2017-18 വർഷം സമിതി ശിപാർശ ചെയ്ത ശീർഷകത്തിൽ ഫണ്ട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും അനുവദിച്ചിട്ടില്ല. 2017-18-ൽ ബഡ്ജറ്റിൽ അനുവദിച്ച ശീർഷകത്തിൽ നിന്നും ശമ്പള ഇനത്തിൽ ചെലവുകൾ വഹിച്ചിട്ടുണ്ട്.

ശിപാർശ

4405-00-104-72—ചെറുവത്തൂർ മത്സ്യബന്ധന തുറമുഖം (75% കേന്ദ്രാവിഷ്കൃത പദ്ധതി)

വിഹിതം : ഇല്ല

ഈ പദ്ധതിക്കുവേണ്ടി അനുവദിച്ചിട്ടുള്ള സബ് ഡിവിഷനിലെ 10 ജീവനക്കാരുടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ വഹിക്കുന്നതിന് ഈ ശീർഷകത്തിൽ 44.93 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 78)

സ്വീകരിച്ച നടപടി

ഈ പദ്ധതിക്കുവേണ്ടി അനുവദിച്ചിട്ടുള്ള സബ്ഡിവിഷനിലെ 10 ജീവനക്കാരുടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ വഹിക്കുന്നതിന് ഈ ശീർഷകത്തിൽ 44.93 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നു. ചെറുവത്തൂർ മത്സ്യബന്ധന തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട സബ്ഡിവിഷൻ ഓഫീസിലെ ജീവനക്കാർക്ക് ശമ്പളം, മറ്റ് ബത്തകൾ ഉൾപ്പെടെയുള്ള എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ വഹിക്കുന്നതിന് 2017-18 വർഷം സമിതി ശിപാർശ ചെയ്ത ശീർഷകത്തിൽ ആവശ്യപ്പെട്ടിരുന്ന ഫണ്ട് അനുവദിച്ചിട്ടില്ല. 2017-18 സാമ്പത്തികവർഷം ബഡ്ജറ്റിൽ അനുവദിച്ച ശീർഷകത്തിൽ നിന്നും ശമ്പള ഇനത്തിൽ ചെലവുകൾ വഹിച്ചിട്ടുണ്ട്.

(4-8-2018-ലെ 60/ഡി2/2018/മ.തു.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ ഖണ്ഡിക 76,77,78-ലെ കാലതാമസപത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു.)

## (3) 2016-17-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

ശിപാർശ

2415-03-277-99—കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി-31-സഹായധനം-ശമ്പളം

വിഹിതം : 67,06,25,000 രൂപ (പദ്ധതിയേതരം)

കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയിലേക്ക് ഓപ്ഷൻ മുഖേന ജോലിയിൽ പ്രവേശിച്ച ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പ്രോവിഡന്റ് ഫണ്ട് നിക്ഷേപത്തുക മാതൃസർവ്വകലാശാലയായ കേരള കാർഷിക സർവ്വകലാശാലയുടെ അക്കൗണ്ടിലായതിനാൽ ജീവനക്കാരുടെ ജനറൽ പ്രോവിഡന്റ് ഫണ്ട് നിക്ഷേപങ്ങളും പലിശയും ചേർത്ത് 29,74,91,924 രൂപ കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിക്ക് ലഭിക്കാനുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. കൂടാതെ ഫാമിലി ബെനിഫിറ്റ് സ്കീം, വെൽഫയർ ഫണ്ട് സ്കീം എന്നീ പദ്ധതികളിലായും വൻതുകകൾ കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിക്ക് ലഭിക്കാനുണ്ടെന്ന് സമിതി വിലയിരുത്തുന്നു.

(ഖണ്ഡിക 30)

മേൽ തുക ലഭിക്കാത്തതുമൂലം സർവ്വകലാശാലയിലെ ജീവനക്കാരുടെയും വിരമിക്കുന്ന ജീവനക്കാരുടെയും ആനുകൂല്യങ്ങൾ സമയാസമയങ്ങളിൽ നൽകുന്നതിന് ഈ സർവ്വകലാശാലയിൽ സാധ്യമാകാതെ വരുന്നു. ഔദ്യോഗിക കാലയളവിൽ കഷ്ടപ്പെട്ട് കരുതൽ ധനമായി പ്രോവിഡന്റ് ഫണ്ടിൽ നിക്ഷേപിച്ച സമ്പാദ്യം വിരമിക്കുന്ന സമയത്ത് അവരുടെ അത്യാവശ്യങ്ങൾക്ക് ഉപകരിക്കുന്നതിനായി നൽകാതിരിക്കുന്നത് മനുഷ്യാവകാശ ലംഘനമാണെന്ന് സമിതി വിലയിരുത്തുന്നു.

(ഖണ്ഡിക 31)

ഈ സാഹചര്യത്തിൽ 34.7966 കോടി രൂപ അടിയന്തരമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

സ്വീകരിച്ച നടപടി

30-3-2017 ലെ സ.ഉ. 187/17/എ.ഡി. പ്രകാരം 3 കോടി രൂപ പി.എഫ്. തുക അനുവദിക്കുന്നതിനായി ഉത്തരവിറക്കിയിരുന്നു. എന്നാൽ സർക്കാരിന്റെ സാമ്പത്തിക

പ്രയാസം മൂലം ഇത് അധിക തുക ആയി അനുവദിക്കാനായിട്ടില്ല. ഇത് സർവ്വകലാശാലയ്ക്ക് പ്രയാസങ്ങളുണ്ടാക്കുമെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(2-2-2019-ലെ F2/229/2016-AH നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ ഖണ്ഡിക 30,31,32-ലെ കാലതാമസപത്രിക 26-6-2019-ൽ സഭയിൽ സമർപ്പിച്ചു).

ശിപാർശ

2403-00-190-83—കേരള ലൈവ് സ്റ്റോക്ക് ബോർഡിനുള്ള സഹായം

വിഹിതം : 20,00,00,000 രൂപ

കുളത്തുപ്പുഴയിലെ ബുൾ മദർഫാമിന്റെ പരിസര പ്രദേശങ്ങളിൽ സാറ്റലൈറ്റ് ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ഈ ശീർഷകത്തിൽ 1.1775 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

ശിപാർശ

2403-00-190-94—കെ.എസ്സ്.പി.ഡി.സി.ക്ക് സഹായം

വിഹിതം : 9,20,00,000 രൂപ

കെപ്കോ ആശ്രയ, കുഞ്ഞുകൈകളിൽ, കോഴിക്കുഞ്ഞ്, കോഴി വളർത്തൽ ഗ്രാമങ്ങൾ എന്നീ പദ്ധതികൾക്കായിട്ടാണ് 2016-17 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ തുക വകയിരുത്തിയിട്ടുള്ളത്.

(ഖണ്ഡിക 46)

ശിപാർശ

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിലെ മുഴുവൻ വിധവകൾക്കും ആനുകൂല്യം ലഭിക്കുന്ന ഈ പദ്ധതിയിൽ ഓരോ വനിതാ ഗുണഭോക്താവിനും 10 കോഴി, 10 കിലോ തീറ്റ, 50 രൂപയുടെ മരുന്ന് എന്നിവ തികച്ചും സൗജന്യമായി നൽകുന്നതിനായി വകയിരുത്തിയ തുകയ്ക്ക് പുറമെ 2.3 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെടുന്ന സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും 5 കോഴി, 3 കിലോ തീറ്റ, 50 രൂപയുടെ മരുന്ന് എന്നിവ സൗജന്യമായി നൽകിയിരുന്ന ഈ പദ്ധതി ഈ വർഷം പുനരാരംഭിച്ച് നിലവിൽ 108683 വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്തുകഴിഞ്ഞതായും ഇനി 35,000 വിദ്യാർത്ഥികൾക്ക് കൂടി ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതായും സമിതി മനസ്സിലാക്കുന്നു. ഇതിനായി ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയുടെ നിർബാധമായ നടത്തിപ്പിന് 2 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

സ്ത്രീ ശാക്തീകരണം, വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ കണ്ടെത്തുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി കെപ്കോ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കോഴിവളർത്തൽ ഗ്രാമങ്ങൾ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന 21 പഞ്ചായത്തുകളിൽ, ഓരോ പഞ്ചായത്തിലും 1000 വനിതാ ഗുണഭോക്താക്കൾക്കും 8 കോഴി, 5 കിലോ തീറ്റ, 50 രൂപയുടെ മരുന്ന് എന്നിങ്ങനെ ആകെ 21,000 ഗുണഭോക്താക്കൾക്ക് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നു. വനിതാ ഗുണഭോക്താക്കൾക്കായുള്ള ഈ പദ്ധതിയുടെ നടത്തിപ്പിന് നീക്കിവച്ചിട്ടുള്ള 2.5 കോടി രൂപ അപര്യാപ്തമായതിനാൽ അധികമായി 2 കോടി രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

(ഖണ്ഡിക 49)

ഗുണമേന്മയുള്ള കോഴിത്തീറ്റ മിതമായ വിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കണമെന്ന ലക്ഷ്യം മുൻനിർത്തി തൃശ്ശൂർ ജില്ലയിലെ മാളയിൽ സ്ഥാപിച്ചിട്ടുള്ള ആധുനിക രീതിയിലുള്ള കോഴിത്തീറ്റ ഉൽപ്പാദന കേന്ദ്രം കമ്മീഷൻ ചെയ്ത് കോഴിത്തീറ്റ ഉൽപ്പാദിപ്പിക്കുന്നതിന് ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ വാങ്ങുന്നതിനും മാനവശേഷി ലഭ്യമാക്കുന്നതിനും മറ്റ് പ്രാരംഭച്ചെലവുകൾക്കുമുള്ള വർക്കിംഗ് കാപ്പിറ്റലിനുമായി 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

<u>സ്വീകരിച്ച നടപടി</u>

സർക്കാരിന്റെ സാമ്പത്തിക പ്രയാസംമൂലം അധിക തുക അനുവദിക്കാനായിട്ടില്ല

[5-10-2018-ലെ എഫ്1/152/2016-AH നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ ഖണ്ഡിക (45-50)-ന്റെ കാലതാമസപത്രിക 5-12-2018-ന് സഭയിൽ സമർപ്പിച്ചു.

ശിപാർശ

2403-00-190-86- കേരള ഫീഡ്സ് ലിമിറ്റഡിനുള്ള സഹായം

വിഹിതം : 8,00,00,000 രൂപ (പദ്ധതി)

ഇടുക്കി ജില്ലയിലെ അരിക്കഴ പഞ്ചായത്തിൽ പ്രതിദിനം 500 ടൺ ഉൽപ്പാദന ശേഷിയുള്ള ഒരു ഹൈടെക് കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്ന പദ്ധതി പൂർത്തിയാകുന്നതോടെ ക്ഷീര കർഷകർക്ക് ഗുണമേന്മയുള്ള കാലിത്തീറ്റ മിതമായ നിരക്കിൽ ലഭിക്കുമെന്ന് സമിതി കരുതുന്നു. ആയതിനാൽ പദ്ധതി പൂർത്തീകരണത്തിനായി 6 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

സ്വീകരിച്ച നടപടി

കഴിഞ്ഞ സാമ്പത്തിക വർഷം ഇതിനായി തുക അനുവദിക്കാനായിട്ടില്ല. ഈ പദ്ധതിയുടെ നിർമ്മാണം നടന്നുവരുന്നതേയുള്ളൂ. മാത്രമല്ല ഈ പദ്ധതിക്ക് പുനർഭരണാനുമതി നൽകാനുള്ള നിർദ്ദേശം കമ്പനിയിൽ നിന്ന് കിട്ടിയിട്ടുണ്ട്. ആവശ്യമാകുന്ന മുറയ്ക്ക് കൂടുതൽ തുക അനുവദിക്കാവുന്നതാണ്.

ശിപാർശ

കോഴിക്കോട് ജില്ലയിൽ ചേമഞ്ചേരി പഞ്ചായത്തിൽ തിരുവാങ്ങൂരിൽ സ്ഥാപിക്കുന്ന പ്രതിദിനം 300 ടൺ ഉത്പാദന ശേഷിയുള്ള കാലിത്തീറ്റ യൂണിറ്റ് ആരംഭിക്കുന്നതോടെ വടക്കൻ കേരളത്തിലെ ക്ഷീര കർഷകർക്ക് ഗുണമേന്മയുള്ള കാലിത്തീറ്റ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു, പദ്ധതി പൂർത്തീകരിച്ചതിന് അനുസൃതമായി വിവിധ ഏജൻസികൾക്ക് കുടിശ്ശിക തുക നൽകാനുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത കാലിത്തീറ്റ യൂണിറ്റിന് ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമെ 5 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

സ്വീകരിച്ച നടപടി

ഈ പദ്ധതി നിലവിലെ അടങ്കൽ തുകയിൽ തന്നെ തീർക്കാൻ കഴിഞ്ഞതായി മനസ്സിലാക്കുന്നു. അവസാനമിനുക്ക് പണിക്കോ ട്രയൽ റണ്ണിനോ ആവശ്യമാകുന്ന മുറയ്ക്ക് കൂടുതൽ തുക പിന്നീട് അനുവദിക്കാവുന്നതാണ്.

ശിപാർശ

17 വർഷം മുമ്പ് പ്രവർത്തനം ആരംഭിച്ച തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകരയിലുള്ള പ്രതിദിനം 650 ടൺ ഉത്പാദനശേഷിയുള്ള കാലത്തീറ്റ നിർമ്മാണ യൂണിറ്റിന്റെ പെല്ലറ്റ് മിൽ, ഹാമർ മില്ലർ, സൈലോ തുടങ്ങിയ നിർണ്ണായക യന്ത്രസാമഗ്രികളുടെ നവീകരണം നടത്തേണ്ടത് അത്യാവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സാമഗ്രികളുടെ നവീകരണത്തിനായി 6 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

സ്വീകരിച്ച നടപടി

ഈ പദ്ധതിക്കായി പുതിയ പദ്ധതിക്ക് ഭരണാനുമതി ആയിട്ടില്ല. പുതിയ പദ്ധതിക്ക് ഭരണാനുമതി നൽകിയതിന് ശേഷം പിന്നീട് തുക അനുവദിക്കാവുന്നതാണ്.

ശിപാർശ

കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിലുള്ള പ്രതിദിനം 300 ടൺ ഉത്പാദനശേഷിയുള്ള കാലിത്തീറ്റ നിർമ്മാണ യൂണിറ്റിൽ ഉൽപ്പാദനം കാര്യക്ഷമമായ രീതിയിൽ ഉറപ്പുവരുത്തി മുന്നോട്ടുപോകുന്നതിനും, അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും ആവശ്യമായ വിപുലീകരണം നടത്തുന്നതിനുമായി ഈ പദ്ധതിയ്ക്ക് 1.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

സ്വീകരിച്ച നടപടി

കഴിഞ്ഞ സാമ്പത്തിക വർഷം ഇതിനായി തുക അനുവദിക്കാനായിട്ടില്ല. ആവശ്യമാകുന്ന മുറയ്ക്ക് കൂടുതൽ തുക അനുവദിക്കാവുന്നതാണ്.

ശിപാർശ

4 കോടി രൂപ മുതൽമുടക്ക് പ്രതീക്ഷിക്കുന്ന തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകരയിൽ സ്ഥാപിക്കുന്ന പ്രതിദിനം 50 മെട്രിക് ടൺ ഉത്പാദനശേഷിയുള്ള ബൈപ്പാസ് പ്രോട്ടീൻഫീഡ് യൂണിറ്റിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഉത്പാദനം തുടങ്ങുന്നതിനായി ഈ സ്ഥാപനത്തിന് 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

സ്വീകരിച്ച നടപടി

കഴിഞ്ഞ സാമ്പത്തിക വർഷം ഇതിനായി തുക അനുവദിക്കാനായിട്ടില്ല. ആവശ്യമാകുന്ന മുറയ്ക്ക് കൂടുതൽ തുക അനുവദിക്കാവുന്നതാണ്.

ശിപാർശ

എല്ലാവർഷവും മേയ് മുതൽ ഒക്ടോബർ വരെയുള്ള ആറുമാസ കാലയളവിൽ അസംസ്കൃത പദാർത്ഥങ്ങളുടെ വിലവർദ്ധനവിനിടയിലും ക്ഷീരകർഷകർക്ക് ന്യായമായ വിലയ്ക്ക് ഗുണമേന്മയുള്ള കാലിത്തീറ്റ സ്ഥിരമായി ലഭ്യമാക്കുന്നതിലൂടെ കേരള ഫീഡ്സിന് പ്രതിവർഷമുണ്ടാകുന്ന ഏകദേശം 1500 ലക്ഷം രൂപയുടെ അധിക ബാധ്യത തീർപ്പാക്കുന്നതിന് 15 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

സ്വീകരിച്ച നടപടി

കഴിഞ്ഞ സാമ്പത്തിക വർഷം ഇതിനായി തുക അനുവദിക്കാനായിട്ടില്ല. കാലിത്തീറ്റയുടെ വില വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പഠിക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. വില വർദ്ധിപ്പിക്കുകയാണെങ്കിൽ കൂടുതൽ തുക മാറ്റി വയ്ക്കേണ്ട അവസ്ഥ വരില്ല. കുറച്ച് തുക മാത്രമേ സബ്സിഡി ആയി അനുവദിക്കേണ്ടി വരികയുള്ളൂ. ആവശ്യമാകുന്ന മുറയ്ക്ക് കൂടുതൽ തുക അനുവദിക്കാവുന്നതാണ്.

ശിപാർശ

കേന്ദ്ര ഗവൺമെന്റിന്റെ വനിത ശിശുക്ഷേമ വകുപ്പ് മുഖാന്തരം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 10000 വനിതകൾക്ക് ആടുവിതരണം ചെയ്യുന്ന ഈ പദ്ധതിയുടെ ആദ്യഘട്ട ധനസഹായം കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭ്യമായ സാഹചര്യത്തിൽ പദ്ധതിയുടെ സമയബന്ധിത നടത്തിപ്പിനായി ഒരു കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

സ്വീകരിച്ച നടപടി

ഈ പദ്ധതിക്കായി പുതിയ പദ്ധതിക്ക് ഭരണാനുമതിക്കായി സർക്കാരിലേക്ക് സമർപ്പിച്ചിട്ടില്ല. പുതിയ പദ്ധതിക്ക് ഭരണാനുമതി നൽകിയതിന് ശേഷം പിന്നീട് തുക അനുവദിക്കാവുന്നതാണ്.

ശിപാർശ

2403-00-190-93—എം.പി.ഐ.യ്ക്ക് സഹായം

വിഹിതം : ഇല്ല

31.02 കോടി രൂപ പദ്ധതി ചെലവുള്ള ഇടയാറിലെ ആധുനിക അറവുശാലക്ക് അനുവദിച്ച കേരള സർക്കാർ വിഹിതത്തിൽ ബാക്കിയുള്ള വിഹിതമായ 77 ലക്ഷം രൂപയും പദ്ധതി അടങ്കലിന്റെ 40%ത്തിന്മേൽ 15% സർവ്വീസ് ടാക്സ് ഇനത്തിൽ 192.12 ലക്ഷം രൂപയും ചേർത്ത് ആകെ 2.6912 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

സ്വീകരിച്ച നടപടി

കഴിഞ്ഞ സാമ്പത്തിക വർഷം കൂടുതൽ തുക അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ പദ്ധതിയുടെ ചെലവ് വർധിച്ചത് മൂലം പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടി എടുത്ത് വരുന്നു. മാത്രമല്ല, കമ്പനിയുടെ നിർമ്മാണ ജോലികൾ പൂർത്തിയായിട്ടില്ല. ആയതിനാൽ ഈ സാമ്പത്തിക വർഷം ബാക്കി തുക അനുവദിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ശിപാർശ

പ്രതിദിനം 200 വലിയ മൃഗങ്ങളെയും 200 ചെറിയ മൃഗങ്ങളെയും 5000 പക്ഷികളെയും സംസ്കരിക്കുന്നതിനുള്ള ഒരു ആധുനിക ഇറച്ചി സംസ്കരണശാല തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിൽ പരിയാരം വില്ലേജിൽ സ്ഥാപിക്കാനുള്ള പദ്ധതിയാണിത്. 37.5 കോടി രൂപയുടെ അടങ്കൽ പദ്ധതി വിഹിതത്തിൽ 10 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതമുള്ള ഈ പദ്ധതിയുടെ പ്രാരംഭപ്രവർത്തനങ്ങൾക്കായി 2016-17-ൽ ഒരു കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

സ്വീകരിച്ച നടപടി

ഈ പ്രദേശം പരിസ്ഥിതി ലോല പ്രദേശമായി പ്രഖ്യാപിക്കപ്പെട്ടതിനാൽ ഈ പദ്ധതിക്ക് വേണ്ടി വകയിരുത്തിയ തുക എടയാർ പദ്ധതിക്കായി വക മാറ്റി ചെലവഴിച്ചു. ആയതിനാൽ, ഈ പദ്ധതിക്ക് വേണ്ടി കൂടുതൽ തുക ഇപ്പോൾ ആവശ്യമില്ല. ഈ പ്രദേശത്ത് കന്നുകാലികളെ സൂക്ഷിക്കുന്നതിനും അനുബന്ധ പ്രവർത്തനത്തിനുമായി ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അതിന് ഭരണാനുമതി ആകുന്ന മുറയ്ക്ക് തുക അനുവദിക്കാവുന്നതാണ്.

<u>ശിപാർശ</u>

ഇടയാറിൽ മാംസ ഉൽപ്പന്നങ്ങൾ ഭക്ഷ്യയോഗ്യമാക്കി ടിന്നുകളിലും ക്യാനുകളിലുമാക്കി ഉപഭോക്താക്കൾക്കെത്തിക്കാൻ റിട്ടോർട്ട് പൗച്ച് യൂണിറ്റ് സ്ഥാപിക്കുന്ന പദ്ധതി ആരംഭിക്കുന്നതിനായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

കോഴിസംസ്കരണത്തിൽ നിന്നുണ്ടാകുന്ന വേസ്റ്റ് വസ്തുക്കൾ സംസ്കരിച്ച് മറ്റ് ഉൽപ്പന്നങ്ങൾ ഉണ്ടാക്കാൻ ഒരു പ്ലാന്റ് അനിവാര്യമായതിനാൽ ഇടയാർ എം.പി.ഐ കാമ്പസിലുള്ള കോഴി ഇറച്ചി സംസ്കരണ പ്ലാന്റിനോട് ചേർന്ന് അധിക ശേഷിയുള്ള ഒരു റെന്ററിങ്ങ് പ്ലാന്റ് 2016-17 സാമ്പത്തിക വർഷം തന്നെ സ്ഥാപിക്കുന്നതിന്റെ പ്രാരംഭച്ചെലവിനായി 25 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

ഇടയാർ എം.പി.ഐ. ക്യാമ്പസിൽ 2 കോടി രൂപ പദ്ധതി ചെലവുള്ളതും ഏകദേശം 200-ൽ പരം പന്നിക്കുട്ടികളെ ഒരേ സമയം പരിപാലിച്ച് വളർത്തി ശുചിയായ മാംസ ഉൽപാദനത്തിനു പ്രാപ്തമാക്കുന്നതുമായ അത്യാധുനിക ബ്രീഡിംഗ് ഷെഡ് നിർമ്മാണം നടത്തുന്നതിനും പന്നി മാംസഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത പരമാവധി എത്തിക്കാനുമുള്ള ഈ പദ്ധതി 2016-17-ൽ തന്നെ തുടങ്ങാൻ പ്രാരംഭ ചെലവുകൾക്കായി 30 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

ഇടയാർ എം.പി.ഐ. ക്യാമ്പസിൽ അത്യാധുനിക രീതിയിലുള്ള ഒരു ബ്രോയിലർ കോഴി വളർത്തൽ കേന്ദ്രം സ്ഥാപിച്ചുകൊണ്ട് വഴി കോഴി ഇറച്ചി സംസ്കരണത്തിന് എം.പി.ഐ. വളർത്തിയെടുത്ത കോഴികളെ പരമാവധി ലഭ്യമാക്കാൻ പദ്ധതി നടപ്പിലാക്കാൻ ഒരു കോടി രൂപ 2016-17 ബഡ്ജറ്റിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

ഏകദേശം ആയിരത്തിൽപ്പരം ഡീലർമാരും അഞ്ചിൽപ്പരം ഔട്ട് ലെറ്റുകളും കേരളത്തിലുടനീളമുള്ള എം.പി.ഐ-യ്ക്ക് ഡീലർമാർ ആവശ്യപ്പെടുന്ന മുറയ്ക്ക് ഉൽപ്പന്നങ്ങൾ വിൽപ്പനയ്ക്ക് എത്തിക്കേണ്ടതിനും ദീർഘദൂര യാത്ര വേണ്ടിവരുന്ന മാംസ ഉൽപ്പന്നങ്ങളുടെ വിതരണത്തിനും ശീതീകരണം യാത്രാവേളയിലാകെ നിലനിർത്താൻ സംവിധാനമുള്ള 3 വാനുകൾ ആവശ്യമായതിനാൽ 25 ലക്ഷം രൂപ ഈ ശീർഷകത്തിൽ നോൺ പ്ലാൻ ഫണ്ടിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

<u>സ്വീകരിച്ച നടപടി</u>

ഇങ്ങിനെ ഒരു പദ്ധതിക്കായി പ്രത്യേകിച്ച് ഭരണാനുമതി നിർദ്ദേശം ലഭിച്ചിട്ടില്ല. ആയതിനാൽ കഴിഞ്ഞ സാമ്പത്തിക വർഷം ഇതിനായി തുക അനുവദിച്ചിട്ടില്ല. അതിന് ഭരണാനുമതി ആകുന്ന മുറയ്ക്ക് തുക അനുവദിക്കാവുന്നതാണ്.

(2-2-2019-ലെ എഫ്2/229/2016-AH നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ ഖണ്ഡിക 52-65-ലെ കാലതാമസപത്രിക 26-6-2019-ന് സഭയിൽ സമർപ്പിച്ചു).

## (4) 2015-16-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

<u>ശിപാർശ</u>

2402-00-101-84—<u>പഞ്ചായത്ത് തലത്തിലുള്ള വിശദമായ മണ്ണ് പര്യവേഷണം</u>

വിഹിതം : ഇല്ല

പഞ്ചായത്തുതല വിശദ മണ്ണ് പര്യവേഷണത്തിനായി ഈ ശീർഷകത്തിൽ 35 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

<u>സ്വീകരിച്ച നടപടി</u>

പഞ്ചായത്ത് തലത്തിലുള്ള വിശദമായ മണ്ണ് പര്യവേഷണത്തിനായി 2402-00-101-84 പദ്ധതി ശീർഷകത്തിൽ 35 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നു. എന്നാൽ 2015 ജൂലൈ മാസത്തോടുകൂടി 2015-16 സാമ്പത്തിക വർഷത്തിലെ

കേന്ദ്രാവിഷ്കൃത സോയിൽ ഹെൽത്ത് കാർഡ് പദ്ധതി നടത്തിപ്പിന്റെ ചുമതല കൂടി സർക്കാർ മണ്ണുപര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിനെ ഏൽപ്പിക്കുകയും ടി പദ്ധതി പ്രവർത്തനം അടിയന്തര പ്രാധാന്യത്തോടുകൂടിയും സമയബന്ധിതമായും നടപ്പിലാക്കേണ്ടിയിരുന്നതിനാലും പഞ്ചായത്ത് തലത്തിലുള്ള വിശദമായ മണ്ണ് പര്യവേഷണത്തിന് സമിതി ശിപാർശ ചെയ്തിരുന്ന അധിക തുക വിനിയോഗിച്ച് പദ്ധതി നടത്തിപ്പ് സാധ്യമാകാതെ വന്നതിനാൽ പദ്ധതി നടത്തിപ്പിനായി അധിക തുകയുള്ള ഉപധനാഭ്യർത്ഥന മേൽ വകുപ്പ് സർക്കാരിൽ സമർപ്പിച്ചിട്ടില്ല.

## ശിപാർശ

2402-00-102-87—മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ

വിഹിതം :3,45,00,000 രൂപ (പദ്ധതി)

ഉരുൾപ്പൊട്ടൽ, മണ്ണൊലിപ്പ് എന്നിവ മൂലം സംസ്ഥാനത്ത് കൃഷിനാശം സംഭവിച്ചതും സംഭവിക്കാൻ സാധ്യതയുള്ളതുമായ പ്രദേശങ്ങളിൽ ശാസ്ത്രീയമായ മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾക്കായി 155 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

## സ്വീകരിച്ച നടപടി

2015-16 സാമ്പത്തിക വർഷത്തിൽ മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിന് ഉരുൾപ്പൊട്ടൽ/മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ പദ്ധതിക്കായി 345 ലക്ഷം രൂപ പദ്ധതി വിഹിതമായി അനുവദിച്ചിരുന്നു. പ്രസ്തുത പദ്ധതി മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ തുടർ പദ്ധതി ആയതിനാൽ വകുപ്പ് ഡയറക്ടർ തുടർ അനുമതി നൽകുകയും പദ്ധതി വിഹിതം പൂർണ്ണമായി പദ്ധതി പ്രവർത്തനങ്ങൾക്ക് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. മേൽ വകുപ്പ് മുഖേന നടപ്പിലാക്കുന്ന മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ പദ്ധതിയ്ക്ക് (ബഡ്ജറ്റ് ശീർഷകം 2402-00-102-87 പ്ലാൻ) 2016-17 സാമ്പത്തിക വർഷം വകുപ്പ് തലത്തിൽ തുടർച്ചാനുമതി നൽകുകയും ആയത് തുടർ പദ്ധതിയായി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വർഷം സർക്കാരിൽ നിന്ന് ഭരണാനുമതി നൽകിയിട്ടില്ല. 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ പദ്ധതിക്ക് സർക്കാരിൽ നിന്നും ഭരണാനുമതി നൽകിയിട്ടുണ്ട്.

(3-6-2019-ലെ 1068185/ഐ.എഫ്.എ 2/2016/കൃഷി നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ ഖണ്ഡിക 12,14 എന്നിവയുടെ കാലതാമസപത്രിക 26-6-2019-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

4405-00-104-84—തലായി മത്സ്യബന്ധന തുറമുഖ പദ്ധതി (50% കേന്ദ്രാവിഷ്കൃതം)

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

ലേലപ്പുര, Quay wall, വാർഫ് എന്നിവയുടെ പൂർത്തീകരണത്തിനായി 400 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 100)

സ്വീകരിച്ച നടപടി

2015-16 സാമ്പത്തിക വർഷം 4405-00-104-84 എന്ന ശീർഷകത്തിൽ 100 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതം ലഭിച്ചിരുന്നു. ഇതിൽ നിന്നും 36.40 ലക്ഷം രൂപ റീ-അപ്രോപ്രിയേഷൻ ചെയ്ത് കുറവ് വരുത്തിയതിൻപ്രകാരം റിവൈസ്ഡ് ബഡ്ജറ്റ് 63.6 ലക്ഷം രൂപയായിരുന്നു. പ്രസ്തുത ശീർഷകത്തിൽ 31.35 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. ലെറ്റർ ഓഫ് ക്രെഡിറ്റ് ലഭ്യമാകാത്തതിനാൽ സേവിംഗ്സ് വന്ന 32.35 ലക്ഷം രൂപ സറണ്ടർ ചെയ്യുകയും ചെയ്തു. 2015-16 സാമ്പത്തിക വർഷത്തിൽ 57.50 ലക്ഷം രൂപയുടെ ബില്ലുകൾക്ക് പ്രസ്തുത ശീർഷകത്തിൽ ലെറ്റർ ഓഫ് ക്രെഡിറ്റ് അനുവദിച്ചിരുന്നില്ല.

2017-18 സാമ്പത്തിക വർഷം തലായി, ചെറുവത്തൂർ, ചേറ്റുവ ഹാർബറുകൾക്ക് 975 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. തലായി ഹാർബർ നിർമ്മാണം പൂർത്തീകരിച്ച് മേയ് 18-ന് കമ്മീഷൻ ചെയ്തിട്ടുണ്ട്.

ശിപാർശ

4405-00-104-80—കൊയിലാണ്ടി മത്സ്യബന്ധന തുറമുഖം (50% കേന്ദ്രാവിഷ്കൃത പദ്ധതി)

വിഹിതം : 2,00,00,000 രൂപ (പദ്ധതി)

പുലിമുട്ട്, ലേലപ്പുര, ഡ്രെഡ്ജിംഗ്, റോഡുകൾ, പാർക്കിംഗ് ഏരിയ, ചുറ്റുമതിൽ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 800 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 101)

<u>സ്വീകരിച്ച നടപടി</u>

2015-16 സാമ്പത്തിക വർഷം 4405-00-104-80-കൊയിലാണ്ടി മത്സ്യബന്ധന തുറമുഖ പദ്ധതി (50% കേന്ദ്രാവിഷ്കൃത പദ്ധതി) എന്ന ശീർഷകത്തിൽ 200 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതം ലഭിച്ചിരുന്നു. ഇതിൽ 75.19 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കൊയിലാണ്ടി മത്സ്യബന്ധന തുറമുഖ പദ്ധതിയിലെ പ്രധാന ഘടകങ്ങളുടെ നിർമ്മാണത്തിനായി ചെയ്യേണ്ട റിക്ലമേഷൻ പ്രവൃത്തി, നാട്ടുകാർ തടഞ്ഞതിനാൽ പദ്ധതി പൂർത്തിയാക്കുന്നതിന് സാധിക്കാതെ വരികയും ചെയ്തു. ചെലവഴിക്കാത്ത 124.81 ലക്ഷം രൂപ സറണ്ടർ ചെയ്തു. കൊയിലാണ്ടി ഹാർബറിന്റെ നിർമ്മാണം 2018 ഡിസംബർ മാസത്തോടെ പൂർത്തിയാക്കി കമ്മീഷൻ ചെയ്യുന്നതാണ്.

<u>ശിപാർശ</u>

4405-00-104-73—<u>ചേറ്റുവ മത്സ്യബന്ധന തുറമുഖം (75% കേന്ദ്രാവിഷ്കൃത പദ്ധതി)</u>

വിഹിതം: 80,00,000 രൂപ (പദ്ധതി)

പ്രസ്തുത പദ്ധതിയുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനായി 475 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 102)

<u>സ്വീകരിച്ച നടപടി</u>

2015-16 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ 80 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതം ഉണ്ടായിരിക്കുകയും രണ്ടാം ഉപധനാഭ്യർത്ഥനയിൽ 227.24 ലക്ഷം രൂപ അധികമായി അനുവദിക്കുകയും ചെയ്തു. അതുൾപ്പെടെ ആകെ ബഡ്ജറ്റ് തുക (റിവൈസ്ഡ് ബഡ്ജറ്റ് എസ്റ്റിമേറ്റ്) 307.24 ലക്ഷം രൂപ. 320.96 ലക്ഷം രൂപ ആകെ ചെലവ് വന്നിട്ടുണ്ട്. ബില്ലുകളിന്മേൽ അധികം ചെലവായ 13.74 ലക്ഷം രൂപ അഡീഷണൽ ആതറൈസേഷൻ മുഖാന്തിരം ചെലവ് ക്രമീകരിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

4405-00-104-72—<u>ചെറുവത്തൂർ മത്സ്യബന്ധന തുറമുഖം (75% കേന്ദ്ര വിഹിതം)</u>

വിഹിതം : 40,00,000 രൂപ (പദ്ധതി)

ഈ പദ്ധതിയുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനായി 45.43 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 103)

സ്വീകരിച്ച നടപടി

2015-16 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ 40 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതം ഉണ്ടായിരിക്കുകയും രണ്ടാം ഉപധനാഭ്യർത്ഥനയിൽ (II SDG) 158.61 ലക്ഷം രൂപ അധികം അനുവദിക്കുകയും ചെയ്തു. റീ-അപ്രോപ്രിയേഷൻ മുഖേന 36.40 ലക്ഷം രൂപ കൂട്ടുകയും അതുൾപ്പെടെ ആകെ ബഡ്ജറ്റ് വിഹിതം (റിവൈസ്ഡ് ബഡ്ജറ്റ് എസ്റ്റിമേറ്റ്) 235.01 ലക്ഷം രൂപ ലഭ്യമായിട്ടുണ്ട്. 209 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 26.01 ലക്ഷം രൂപ സറണ്ടർ ചെയ്യുകയുണ്ടായി. ചെറുവത്തൂർ ഫിഷറി ഹാർബർ പുലിമുട്ടുകളുടെയും, വാർഫ്, ആക്ഷൻ ഹാൾ, പ്രൊട്ടക്ഷൻ ബണ്ട്, റിക്ലമേഷൻ എന്നിവയുടെയും നിർമ്മാണ പ്രവൃത്തിയ്ക്കായി ക്രെഡിറ്റ് രേഖ ലഭ്യമായിരുന്നെങ്കിലും ആ കാലയളവിൽ ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട് കാസർഗോഡ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണം നിലനിന്ന സാഹചര്യത്തിൽ ടി പ്രവൃത്തിയുടെ ബിൽ പേയ്മെന്റ് ആക്കിയില്ല. സേവിംഗ്സ് വന്ന തുക സറണ്ടർ ചെയ്യുകയും ചെയ്തു. ടി ഹാർബറിന്റെ എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ച് ഹാർബർ കമ്മീഷൻ ചെയ്തിട്ടുണ്ട്.

ശിപാർശ

4405-00-104-70—വെള്ളയിൽ മത്സ്യബന്ധന തുറമുഖം (75% കേന്ദ്ര വിഹിതം)

വിഹിതം : 12,00,00,000 രൂപ (പദ്ധതി)

ഈ പദ്ധതിയുടെ പുരോഗതി ത്വരിതപ്പെടുത്തുന്നതിനായി 1800 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 104)

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ 2015-16 സാമ്പത്തിക വർഷം 1200 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതം അനുവദിക്കുകയും രണ്ടാം ഉപധനാഭ്യർത്ഥനയിൽ 1144.04 ലക്ഷം രൂപ അധികം അനുവദിക്കുകയും ചെയ്തു. അതുൾപ്പെടെ ആകെ ബഡ്ജറ്റ് തുക 2344.04 ലക്ഷം രൂപ (റിവൈസ്ഡ് ബഡ്ജറ്റ് എസ്റ്റിമേറ്റ്)യിൽ 2344.04 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

ശിപാർശ

4405-00-104-68—താനൂർ മത്സ്യബന്ധന തുറമുഖം (75% കേന്ദ്ര വിഹിതം)

വിഹിതം : 12,00,00,000 രൂപ (പദ്ധതി)

ഈ പദ്ധതിയുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനായി ഈ ശീർഷകത്തിൽ 1800 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 105)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ 2015-16 സാമ്പത്തിക വർഷം 1200 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതം ഉണ്ടായിരിക്കുകയും രണ്ടാം ഉപധനാഭ്യർത്ഥനയിൽ 847.53 ലക്ഷം രൂപ അധികം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആകെ റിവൈസ്ഡ് ബഡ്ജറ്റ് എസ്റ്റിമേറ്റ് തുക 2047.53 ലക്ഷം രൂപയിൽ മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

4405-00-104-64—<u>അർത്തുങ്കൽ മത്സ്യബന്ധന തുറമുഖം (75% കേന്ദ്ര വിഹിതം)</u>

വിഹിതം : 12,00,00,000 രൂപ (പദ്ധതി)

പദ്ധതിയുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനായി ഈ ശീർഷകത്തിൽ 1800 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 106)

<u>സ്വീകരിച്ച നടപടി</u>

2015-16 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ 1200 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതം അനുവദിച്ചിരുന്നു. ടി പദ്ധതിയുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കെ പുലിമുട്ടുകൾക്ക് സിങ്കേജ് സംഭവിക്കുകയും പ്രവൃത്തി നിർത്തി വയ്ക്കുകയും ചെയ്തു. സിങ്കേജ് സംബന്ധിച്ച് ഐ.ഐ.റ്റി. ചെന്നൈയുടെ നിർദ്ദേശപ്രകാരം കറക്ഷൻ മെഷേഴ്സ് നടത്തി പ്രവൃത്തി പുനരാരംഭിച്ചെങ്കിലും വീണ്ടും സിങ്കേജ് സംഭവിച്ചതിനാൽ പ്രവൃത്തി നിർത്തി വയ്ക്കേണ്ടിവന്നു. തുടർന്ന് റിവൈസ്ഡ് എസ്റ്റിമേറ്റ് കേന്ദ്ര അംഗീകാരത്തിനായി സമർപ്പിച്ചുവെങ്കിലും റിവൈസ്ഡ് എസ്റ്റിമേറ്റ് കേന്ദ്രം അംഗീകരിക്കുകയുണ്ടായില്ല. 2015-16 വർഷം അനുവദിച്ച 1200 ലക്ഷം രൂപയിൽ 204.72 ലക്ഷം രൂപ പ്രസ്തുത ശീർഷകത്തിൽ ചെലവഴിക്കുകയും സേവിംഗ്സ് വന്ന 995.29 ലക്ഷം രൂപ സറണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

<u>ശിപാർശ</u>

4405-00-104-63—<u>കടലോര മത്സ്യബന്ധനവും അടിസ്ഥാന സൗകര്യവും മത്സ്യവിളവെടുപ്പിന് ശേഷമുള്ള വികസന പദ്ധതിയ്ക്ക് കീഴിൽ തൃശ്ശൂർ മുനയ്ക്കകടവിൽ മത്സ്യം കരയ്ക്കടുപ്പിക്കുന്നതിനുള്ള കേന്ദ്രത്തിന്റെ നിർമ്മാണം (75% കേന്ദ്ര വിഹിതം)</u>

വിഹിതം : 24,00,000 രൂപ (പദ്ധതി)

മുനയ്ക്കടവ് ഫിഷ് ലാന്റിംഗ് സെന്ററിംഗ് നിർമ്മാണ പ്രവൃത്തി 2015-16 വർഷം പൂർത്തീകരിക്കുന്നതിനായി ഈ ശീർഷകത്തിൽ 83.96 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 107)

<u>സ്വീകരിച്ച നടപടി</u>

2015-16 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ 24 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതം അനുവദിച്ചിരുന്നു. ടി ശീർഷകത്തിൽ 45.37 ലക്ഷം രൂപ ചെലവായിട്ടുണ്ട്. ബില്ലുകളിന്മേൽ അധികം ചെലവായ 21.38 ലക്ഷം രൂപ അഡീഷണൽ ആതറൈസേഷൻ മുഖേന ക്രമീകരിച്ചിട്ടുണ്ട്. മുനയ്ക്കടവ് ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

4405-00-104-62—<u>കടലോര മത്സ്യബന്ധന അടിസ്ഥാന സൗകര്യം, മത്സ്യബന്ധനത്തിന് ശേഷമുള്ള പ്രവർത്തനങ്ങൾ എന്നിവയുടെ വികസനത്തിനായുള്ള പദ്ധതി (50% കേന്ദ്ര വിഹിതം)</u>

വിഹിതം : 2,64,00,000 രൂപ (പദ്ധതി)

50% കേന്ദ്രസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച മത്സ്യബന്ധന തുറമുഖങ്ങളുടെ മെയിന്റനൻസ് ഡ്രഡ്ജിംഗ് പൂർത്തീകരിക്കുന്നതിനായി ഈ ശീർഷകത്തിൽ 1236 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 108)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ 2015-16 സാമ്പത്തിക വർഷത്തിൽ 264 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതം ലഭിച്ചിരുന്നു. രണ്ടാം ഉപധനാഭ്യർത്ഥനയിൽ 393 ലക്ഷം രൂപ അധികം അനുവദിച്ചതുൾപ്പെടെ ആകെ 657 ലക്ഷം (റിവൈസ്ഡ് ബഡ്ജറ്റ് എസ്റ്റിമേറ്റ്) രൂപ ലഭ്യമായിട്ടുണ്ട്. മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. പുതിയാപ്പ, മുനമ്പം, ബേപ്പൂർ,

അഴീക്കൽ, ചോമ്പാൽ, തോട്ടപ്പള്ളി എന്നീ ഹാർബറുകളുടെ ഡ്രഡ്ജിംഗ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികളായ നീണ്ടകര, മാപ്പിളബേ എന്നീ ഹാർബറുകളുടെ ഡ്രഡ്ജിംഗ് 2018 ഡിസംബറിനുമുമ്പ് പൂർത്തീകരിക്കുന്നതാണ്.

(31-12-2018-ലെ 9274/ബി2/15/മ.ഇ.വ. കത്ത് പ്രകാരം ലഭ്യമാക്കിയ ഖണ്ഡിക 100-108-ലെ കാലതാമസപത്രിക 30-1-2019-ന് സഭയിൽ സമർപ്പിച്ചു).

## (5) 2013-14-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

ശിപാർശ

2402-00-102-87—മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ

വിഹിതം : 78,00,000 രൂപ (പദ്ധതി)

ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവമൂലം കൃഷി നാശം സംഭവിച്ചതും സംഭവിക്കാൻ സാധ്യതയുള്ളതുമായ പ്രദേശങ്ങളിൽ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്കാണ് ഈ തുക വകയിരുത്തിയിരിക്കുന്നത്. ഇടുക്കി, വയനാട് ജില്ലകളിലെ 70 ഹെക്ടർ പ്രദേശത്ത് മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

മണ്ണ് പര്യവേഷണ-സംരക്ഷണ വകുപ്പ് മുഖേന പാടശേഖര സമിതികൾക്കും വ്യക്തികൾക്കും ആനുകൂല്യങ്ങൾ നൽകുന്നതിനായി 500 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സർക്കാർ സ്വീകരിച്ച നടപടി

മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ സംരക്ഷണത്തിനായി 2402-00-102-87-പദ്ധതി എന്ന ശീർഷകത്തിൽ 200 ലക്ഷം രൂപയും, പാടശേഖര സമിതികൾ/വ്യക്തിഗത നിവേദനങ്ങൾ പ്രകാരം മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി പുതിയ ഒരു ശീർഷകത്തിൽ 500 ലക്ഷം രൂപയും അധികമായി അനുവദിക്കാൻ 2013-14-ലെ രണ്ടാം ഘട്ട എസ്.ഡി.ജി. പ്രൊപ്പോസലുകൾ സർക്കാരിൽ ഫിനാൻസ് ബഡ്ജറ്റ് വിഭാഗത്തിൽ സമർപ്പിച്ചിരുന്നു.

എന്നാൽ ടി വർഷം ഈ രണ്ട് ശീർഷകങ്ങളിലും അധികമായി തുകയൊന്നും എസ്.ഡി.ജി. പ്രകാരം വകയിരുത്തിയിരുന്നില്ല. ആയതിനാൽ ടി വർഷം വിഷയ നിർണ്ണയ സമിതി ശിപാർശകൾ പ്രകാരം അധികമായി സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാനും കഴിഞ്ഞില്ല.

2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ സംരക്ഷണത്തിനായി 2402-00-102-87-പദ്ധതി ശീർഷകത്തിൽ 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയത് മണ്ണിടിച്ചിൽ മേഖലകളിലെ സംരക്ഷണത്തിന് 2014-15 വർഷത്തേയ്ക്ക് പര്യാപ്തമാണ്. പക്ഷേ പാടശേഖര സമിതികളുടെ അപേക്ഷകൾ / വ്യക്തിഗത നിവേദനങ്ങൾ മുതലായവ പരിഗണിക്കുന്നതിന് പ്രത്യേക ശീർഷകമോ, തുകയോ ഈ വർഷത്തെ ബഡ്ജറ്റിലും ഉൾപ്പെടുത്തിയിട്ടില്ല.

<u>സമിതി ആവശ്യപ്പെട്ട അധികവിവരം</u>

പാടശേഖര സമിതികളുടെ അപേക്ഷകൾ വ്യക്തിഗത നിവേദനങ്ങൾ മുതലായവ പരിഗണിക്കുന്നതിന് പ്രത്യേക ശീർഷകവും തുകയും ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്ന് ശിപാർശ ചെയ്തു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

മണ്ണ് പര്യവേഷണ-മണ്ണ് സംരക്ഷണ വകുപ്പ് മുഖേന പാടശേഖര സമിതികൾക്കും വ്യക്തികൾക്കും ആനുകൂല്യം നൽകുന്നതിനായി പ്രത്യേക ശീർഷകവും തുകയും ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്ന വിഷയ നിർണ്ണയ സമിതി I (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും) യുടെ ശിപാർശ പ്രകാരം 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിലെ വാർഷിക പദ്ധതിയിൽ പരിഗണിക്കുന്നതിനായി പാടശേഖര സമിതികൾക്കും വ്യക്തികൾക്കും ആനുകൂല്യം നൽകുന്നതിനായുള്ള പ്രൊപ്പോസൽ വകുപ്പ് സമർപ്പിച്ചിരുന്നുവെങ്കിലും ശീർഷകമോ തുകയോ ലഭിച്ചിട്ടില്ല. ടി വർഷങ്ങളിൽ അനുമതി ലഭിക്കാത്തതിനാൽ മുൻ സാമ്പത്തിക വർഷങ്ങളിൽ വകുപ്പ് പാടശേഖര സമിതികൾക്കും വ്യക്തികൾക്കും ആനുകൂല്യം നൽകുന്നതിനുള്ള പ്രൊപ്പോസൽ വാർഷിക പദ്ധതിയിൽ സമർപ്പിച്ചിട്ടില്ല.

## (6) 2011-12-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

<u>ശിപാർശ</u>

സബ്ജക്ട് കമ്മിറ്റി I കൃഷിയും മൃഗസംരക്ഷണവും, മത്സ്യബന്ധനവും (2011-12) റിപ്പോർട്ടിലെ 27-ാം ഖണ്ഡികയിൽ എല്ലാ കൃഷി ഭവനുകളിലും ക്ലാർക്കുമാരെ

നിയമിക്കണമെന്ന് ശിപാർശ ചെയ്തിരുന്നു. സംസ്ഥാനത്തെ 1076 കൃഷി ഭവനുകളിൽ ഓരോ ക്ലാർക്കുമാരെ നിയമിക്കുന്നത് അധിക സാമ്പത്തിക ബാദ്ധ്യത സൃഷ്ടിക്കുന്നതു കൊണ്ടും, നിലവിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിൽ നിയന്ത്രണം ഉള്ളതിനാലും, മേൽ ശിപാർശ നടപ്പിലാക്കാൻ കഴിയില്ലെന്ന് നിയമസഭാ സമിതിയെ അറിയിച്ചിരുന്നു. പ്രസ്തുത മറുപടി സമിതി വീണ്ടും പരിഗണിക്കുകയും, കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ ജീവനക്കാരുടെ എണ്ണം കുറവായതുമൂലം നേരിടുന്ന ബുദ്ധിമുട്ടുകളും പ്രവർത്തനങ്ങളിലെ ന്യൂനതകളും സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ ജീവനക്കാരുടെ എണ്ണം കുറവായതുമൂലം നേരിടുന്ന ബുദ്ധിമുട്ടുകളും പ്രവർത്തനങ്ങളിലെ ന്യൂനതകളും സംബന്ധിച്ച വിശദമായ റിപ്പോർട്ട് സഹിതം സമിതിയ്ക്ക് മറുപടി നൽകുകയും 24-7-2017-ലെ യോഗത്തിൽ സമിതി ടി മറുപടി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ "കൃഷിഭവനുകളിലെ ജോലി ഭാരം കണക്കിലെടുത്ത്, ഇത് പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ കൃഷി ഭവനുകളിലും അഡ്മിനിസ്ട്രേറ്റീവ്, അക്കൗണ്ട്സ് ജോലികൾ നിർവ്വഹിക്കുന്നതിനായി ക്ലാർക്കുമാരെ നിയമിക്കണമെന്ന്" വീണ്ടും ശിപാർശ ചെയ്തു.

(ഖണ്ഡിക 27)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ കൃഷി ഭവനുകളിൽ ക്ലാർക്ക് തസ്തിക നിലവിലില്ല. കൃഷി ഭവനുകളിൽ കൃഷി ഓഫീസറും അസിസ്റ്റന്റ് കൃഷി ഓഫീസറും ചേർന്നാണ് പദ്ധതി നിർവ്വഹണ ജോലികൾക്കൊപ്പം നിലവിൽ ക്ലറിക്കൽ ജോലികളും ചെയ്തുവരുന്നത്. കൃഷി ഭവനുകളിൽ ക്ലാർക്ക് തസ്തിക സൃഷ്ടിക്കുന്നതിനുള്ള സമിതിയുടെ നിർദ്ദേശം സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അംഗീകാരം പല പ്രാവശ്യം തേടിയിരുന്നുവെങ്കിലും അധിക സാമ്പത്തിക ബാധ്യത ഏറ്റെടുക്കുവാൻ സംസ്ഥാനത്തിന് കഴിയാത്ത സാഹചര്യമായതിനാൽ പുതിയ തസ്തിക സൃഷ്ടിക്കാനുള്ള നിർദ്ദേശത്തിന് ധനകാര്യ വകുപ്പ് അംഗീകാരം നൽകിയിട്ടില്ല. വകുപ്പിനുള്ളിലെ പുനർവിന്യാസം കൊണ്ട് ആവശ്യങ്ങൾ പരിഹരിക്കാൻ വഴി തേടേണ്ടതാണെന്ന് ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ കൃഷി വകുപ്പിലെ മറ്റ് ഓഫീസുകളിൽ അധിക ക്ലാർക്ക് തസ്തികകൾ നിലവിലില്ലാത്തതിനാൽ കൃഷി ഭവനുകളിലെ ക്ലറിക്കൽ തസ്തികയിലേയ്ക്ക് ഇവരെ പുനർവിന്യാസിക്കുന്നതിന് സാഹചര്യം ഇല്ലെന്ന് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. മേൽ വിവരം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

<u>ശിപാർശ</u>

ഖണ്ഡിക 28-ലെ ശിപാർശയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് പരിഗണിക്കവേ, പ്രസ്തുത മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ള SLEC അംഗീകരിച്ച 157.608

കോടി രൂപയുടെ പദ്ധതിയുടെ ബ്രേക്ക്-അപ്പ് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്തിരുന്ന തകഴി റൈസ് മില്ലിന്റെ പൂർത്തീകരണത്തിനുള്ള അധിക തുക വകയിരുത്താതിരുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

(ഖണ്ഡിക 28)

<u>സ്വീകരിച്ച നടപടി</u>

സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി അംഗീകരിച്ച 157.608 കോടി രൂപയിൽ വെയർഹൗസിങ് കോർപ്പറേഷന്റെ പദ്ധതി വിഹിതത്തിന്റെ ബ്രേക്ക്-അപ്പ് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| New Godown at own land of KSWC | 10000 MT | 5 crores |
| Project Proposals (CFS, Temperature Controlled warehouses & godowns etc) | 5 district | 20 crores |
| Renovation of old godown and modernisation of existing container freight station . | 13800 MT | 8 crores |
| Completion of Modern Rice Mill at Thakazhy | | 4 crores |
| | **Total** | **37 crores** |

2011-12 വർഷത്തിലോ തുടർന്നുള്ള വർഷങ്ങളിലോ തകഴി റൈസ് മിൽ പദ്ധതിക്ക് തുക അനുവദിച്ചിരുന്നില്ല. 2001-ൽ സർക്കാർ ഫണ്ട് ലഭ്യമല്ലാതിരുന്നതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തി വയ്ക്കുകയാണുണ്ടായത്. പിന്നീട് 2006-07-ൽ G.O.(Rt) 376/07/AD Dtd.15-3-2007 പ്രകാരം സർക്കാർ നിർദ്ദേശിച്ചതനുസരിച്ച് പണികൾ പുനരാരംഭിച്ചെങ്കിലും തൊഴിൽ തർക്കം കാരണം പണികൾ നിർത്തിവയ്ക്കേണ്ടിവന്നു. നെല്ല്, അരി സംഭരണശാലകൾ, ബോയിലർ ഷെഡ്, മിൽ തുടങ്ങിയ പ്രധാന കെട്ടിടങ്ങൾ ഇനിയും പൂർത്തീകരിക്കാൻ ഉണ്ട്. ഓഫീസ് കെട്ടിടം പൂർത്തീകരിച്ചിട്ടുണ്ട്. റൈസ് മില്ലിന്റെ പണികൾ എത്രയും വേഗം തീർക്കുവാൻ ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കൃഷി ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രോജക്ട് പ്രകാരം സിവിൽ വർക്കുകൾക്ക് 182.50

ലക്ഷം രൂപയും മെഷീനറിക്ക് 317.75 ലക്ഷം രൂപയും കൂടി, ആകെ 500.25 ലക്ഷം രൂപയാണ് വേണ്ടി വരുന്നത്. മേൽ പറഞ്ഞിരിക്കുന്ന അവസ്ഥയിൽ നിന്ന് നാളിതുവരെ യാതൊരു മാറ്റവുമില്ല എന്ന് ഇതിനാൽ അറിയിക്കുന്നു. മേൽ സാഹചര്യത്തിൽ തകഴി റൈസ് മില്ലിനുവേണ്ടി പണി കഴിപ്പിച്ച കെട്ടിടങ്ങൾ അറ്റകുറ്റപ്പണികൾ നടത്തി ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുന്നതിനുള്ള ഗോഡൗണുകളാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ വെയർഹൗസിംഗ് കോർപ്പറേഷന്റെ മാനേജിങ് ഡയറക്ടർക്ക് 3-2-2020-ലെ കത്ത് പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഇതോടൊപ്പം തകഴി റൈസ് മില്ലിന്റെ പണി പൂർത്തിയാക്കുവാൻ സാധിക്കാത്തതിനുള്ള കാരണങ്ങൾ സംബന്ധിച്ച വിശദമായ റിപ്പോർട്ടും പ്രസ്തുത കത്ത് പ്രകാരം വെയർ വെയർഹൗസിങ് കോർപ്പറേഷന്റെ മാനേജിങ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

### (7) 2010-11-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമത് റിപ്പോർട്ട്

ശിപാർശ

2402-00-102-96- വെള്ളം കെട്ടിക്കിടക്കുന്ന പ്രദേശങ്ങൾ നികത്തിയെടുക്കൽ

ഈ ഹെഡ് നിർത്തലാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

2010-11-ലെ സബ്ജക്റ്റ് കമ്മിറ്റി ധനാഭ്യർത്ഥനകളുടെ പരിശോധനയിലെ 5-ാമത് റിപ്പോർട്ടിൽ ഈ വകുപ്പിലെ 2402-00-102-96- നോൺ പ്ലാൻ (വെള്ളം കെട്ടിക്കിടക്കുന്ന പ്രദേശങ്ങൾ നികത്തിയെടുക്കൽ) എന്ന ശീർഷകം നിർത്തലാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. പത്തനംതിട്ട ജില്ലാ മണ്ണ് സംരക്ഷണ ഓഫീസറുടേയും ഒരു അസിസ്റ്റന്റ് എഞ്ചിനീയറുടേയും വയനാട് ജില്ലാ ഓഫീസിലെ ഒരു ഓഫീസ് അറ്റൻഡന്റിന്റേയും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ബഡ്ജറ്റിൽ അനുവദിച്ച് നാളിതുവരെ തന്നിരുന്നത് ഈ ശീർഷകത്തിലാണ്. ഇതിനാവശ്യമായ തുകകൾ തുടർന്നും ഗവൺമെന്റ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു.

| സാമ്പത്തിക വർഷം | തുക |
|---|---|
| 1 | 2 |
| 2011-12 | 13.48 ലക്ഷം |
| 2012-13 | 10.88 ലക്ഷം |
| 2013-14 | 16.29 ലക്ഷം |

| 1 | 2 |
|---|---|
| 2014-15 | 17.89 ലക്ഷം |
| 2015-16 | 17.77 ലക്ഷം |
| 2016-17 | 21.58 ലക്ഷം |
| 2017-18 | 28.41 ലക്ഷം |
| 2018-19 | 25.98 ലക്ഷം |
| 2019-20 | 24.86 ലക്ഷം |

2019-20 സാമ്പത്തിക വർഷവും ബഡ്ജറ്റിൽ ടി ജീവനക്കാരുടെ ശമ്പളത്തിനും മറ്റ് ആനുകൂല്യങ്ങൾക്കും ആവശ്യമായ തുക ടി ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു ആയതിനാൽ അടുത്ത സാമ്പത്തിക വർഷം മുതൽ മറ്റേതെങ്കിലും ശീർഷകത്തിൽ ഈ തുക കൂടി ഉൾപ്പെടുത്തി ഈ ശീർഷകം നിർത്തലാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(1-8-2019-ലെ നമ്പർ 3695614/എൻ.സി.എ 2/19 കത്ത് പ്രകാരം ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റിന്റെ കാലതാമസപത്രിക 13-11-2019-ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

5425-00-208-97—<u>ശുദ്ധജല സംഭരണികളിലെ വൃഷ്ടി പ്രദേശത്തെ മണ്ണ് ജല സംരക്ഷണം</u>

വിഹിതം : 20,00,000 രൂപ (പ്ലാൻ)

തിരുവനന്തപുരം ജില്ലയിലെ അരുവിക്കര, കൊല്ലം ജില്ലയിലെ ശാസ്താംകോട്ട എന്നിവിടങ്ങളിലെ ശുദ്ധജല സംഭരണികൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും മണ്ണൊലിപ്പ് തടയുന്നതിന് സ്വീകരിച്ച നടപടികളെ സംബന്ധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ഈ ഹെഡ്ഡിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാകയാൽ 30 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

<u>സ്വീകരിച്ച നടപടി</u>

ശുദ്ധജല സംഭരണികളിലെ വൃഷ്ടി പ്രദേശത്തെ മണ്ണ് ജല സംരക്ഷണത്തിനായുള്ള പദ്ധതിയിലുൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ അരുവിക്കര, കൊല്ലം ജില്ലയിലെ ശാസ്താംകോട്ട എന്നിവിടങ്ങളിലെ പദ്ധതി പ്രദേശത്തെ ഗുണഭോക്താക്കൾക്കും പൊതുജനങ്ങൾക്കും ശുദ്ധജല സംഭരണികളുടെ സംഭരണശേഷി നിലനിർത്തേണ്ടതിന്റെയും വൃഷ്ടി പ്രദേശത്തെ മണ്ണൊലിപ്പ് തടയുന്നതിന്റെ ആവശ്യകതയെക്കുറിച്ചും, വിവിധതരം മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ചും വിശദമായ പരിശീലന/ബോധവൽക്കരണ പരിപാടികൾ മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. അരുവിക്കര, ശാസ്താംകോട്ട എന്നീ ശുദ്ധജല സംഭരണികളുടെ വൃഷ്ടി പ്രദേശത്തെ മുൻഗണനാ ക്രമത്തിൽ വിവിധ ഭാഗങ്ങൾ/നീർത്തടങ്ങളായി തിരിച്ച് വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളായ പുല്ല് വച്ച് പിടിപ്പിക്കൽ, കയ്യാല നിർമ്മാണം, മഴക്കുഴികളുടെ നിർമ്മാണം, പാർശ്വഭിത്തി നിർമ്മാണം, ഗേബിയോൺ തടയണകൾ മുതലായ പ്രവർത്തനങ്ങൾ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. ആയതിലൂടെ വൃഷ്ടി പ്രദേശത്തെ രൂക്ഷമായ മണ്ണൊലിപ്പ് തടയുവാനും, തന്മൂലം ജല സംഭരണികളിൽ അടിയുന്ന എക്കലിന്റെ തോത് കുറച്ച് സംഭരണശേഷി കൂട്ടുവാനും സാധിക്കുന്നു.

പ്രസ്തുത പദ്ധതിക്ക് 2010-11 സാമ്പത്തിക വർഷം അധിക തുകയൊന്നും വകയിരുത്തുകയുണ്ടായിട്ടില്ല.

(19-11-2019-ലെ അഗ്രി-IFA2/191/2019/അഗ്രി. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റിന്റെ കാലതാമസപത്രിക 6-2-2020-ന് സഭയിൽ സമർപ്പിച്ചു.)

## അദ്ധ്യായം VII

## 1.സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും

### 1. കൃഷി, മണ്ണുപര്യവേഷണ സംരക്ഷണം എന്നീ വകുപ്പുകളുടെ 2011-12-ലെ വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള സംക്ഷേപം

<u>ശിപാർശ</u>

നാലുശതമാനം കാർഷിക വളർച്ചാ നിരക്ക് കൈവരിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിട്ടുള്ള ആർ.കെ.വി.വൈ. ഫണ്ട് ഹാർബർ എഞ്ചിനീയറിംഗ് പ്രോജക്ടിനും മെഡിക്കൽ പഠനത്തിനും കേരള കാർഷിക സർവ്വകലാശാലയും വകമാറ്റി നൽകുന്നതായി ചർച്ചാവേളയിൽ സമിതിക്ക് ബോധ്യപ്പെട്ടു. കാർഷിക സർവ്വകലാശാലയുടെ

വിവിധ പദ്ധതികൾക്കുവേണ്ടിയും ശമ്പളവും പെൻഷനും നൽകാനും പ്രസ്തുത ഫണ്ട് സർവ്വകലാശാല വിനിയോഗിക്കുന്നുണ്ട് എന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു കാർഷിക വിളകളെ ബാധിക്കുന്ന രോഗങ്ങളെക്കുറിച്ചോ പുതിയയിനം വിത്ത് ഉത്പാദിപ്പിക്കുന്നതിനുവേണ്ടിയോ കാർഷിക മേഖലയുടെ ഉന്നമനത്തിനായോ സർവ്വകലാശാല ഏതെങ്കിലും തരത്തിലുള്ള ഗവേഷണം നടത്താത്ത സാഹചര്യത്തിൽ കർഷകർക്കുള്ള പ്ലാൻ ഫണ്ട് കാർഷിക സർവ്വകലാശാലയ്ക്ക് നൽകരുതെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

<u>സ്വീകരിച്ച നടപടി</u>

കാർഷിക ഗവേഷണത്തിനും അനുബന്ധ പ്രവർത്തികൾക്കുമായി കേരള കാർഷിക സർവ്വകലാശാലയ്ക്ക് ആർ.കെ.വി.വൈ. ഫണ്ട് അനുവദിയ്ക്കുന്നത് ഒരിക്കലും വകമാറ്റലോ നിർദ്ദിഷ്ട ലക്ഷ്യത്തിൽ നിന്നുള്ള വ്യതിചലനമോ അല്ല. കാർഷിക വളർച്ചാ നിരക്കിൽ വർദ്ധനവ് ഉണ്ടാകണമെങ്കിൽ അതിനനുഗുണമായ രീതിയിൽ നടീൽ വസ്തുക്കളും കൃഷി രീതികളും കൃഷി സംരക്ഷണവും വിപണിയും കർഷകർക്ക് ലഭ്യമാക്കേണ്ടത് അത്യാവശ്യമാണ്. ഇതിന്റെയെല്ലാം അഭാവം മൂലമാണ് കാർഷിക വളർച്ചാനിരക്ക് താഴ്ന്ന രീതിയിൽ തുടരുന്നത്. ഇതിൽ നിന്നും പുരോഗതി നേടേണ്ടതിന് അനുയോജ്യമായ നടീൽ വസ്തുക്കളും കൃഷി രീതികളും മറ്റും ഗവേഷണം ചെയ്ത് വികസിപ്പിക്കേണ്ടത് അനിവാര്യമാണ്. ടി ആവശ്യങ്ങൾക്കായി കേരള കാർഷിക സർവ്വകലാശാല പോലുള്ള സ്ഥാപനങ്ങൾക്ക് ഫണ്ട് നൽകുന്നത് കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ചുമതലകളിൽ പ്രഥമ സ്ഥാനത്ത് വരുന്നവയാണ്.

ആർ.കെ.വി.വൈ. പദ്ധതികൾക്ക് കേരള കാർഷിക സർവ്വകലാശാലയ്ക്ക് അനുവദിച്ച തുകകൾ ഒരിക്കലും ശമ്പളവും പെൻഷനും നൽകാൻ വേണ്ടി സർവ്വകലാശാല ഉപയോഗിച്ചിട്ടില്ല. അതേ സമയം സർവ്വകലാശാലയ്ക്ക് അനുവദിച്ച പദ്ധതികളിൽ ശമ്പളത്തിനുള്ള വിഹിതം കൂടി വിഭാവനം ചെയ്തവയിൽ നിന്നും പ്രോജക്ട് നടത്തിപ്പിനായി താൽക്കാലികമായി നിയമിച്ച ജീവനക്കാരുടെ ശമ്പളം നൽകിയിട്ടുണ്ട്. ഒരു പദ്ധതിയുടെ അംഗീകൃത രേഖയിൽ ശമ്പളം നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിൽ അപ്രകാരം ചെയ്യാതിരിക്കുന്നത് അംഗീകൃത വ്യവസ്ഥകളുടെ ലംഘനവും സർവ്വകലാശാലയ്ക്ക് നഷ്ടം വരുത്തുന്നതുമായിരിക്കും.

സർവ്വകലാശാലയുടെ വിവിധ സ്ഥാപനങ്ങളിൽ നിന്നുമായി 5.23 കോടി രൂപയുള്ള വിത്തും, ചെടികളും, ജീവാണു വളങ്ങളും ഉല്പാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്. പുതിയ വിത്തിനങ്ങൾ പുറത്തിറക്കുവാനുള്ള സംസ്ഥാനതല സമിതിയിൽ കാർഷികോല്പന്ന കമ്മീഷണർ അദ്ധ്യക്ഷനും, കൃഷി വകുപ്പ് സെക്രട്ടറി, കൃഷി വകുപ്പ് ഡയറക്ടർ, അഡീഷണൽ ഡയറക്ടർ, സംസ്ഥാന സർക്കാർ നോമിനേറ്റ് ചെയ്യുന്ന കൃഷിക്കാർ എന്നിവർ അംഗങ്ങളുമാണ്. 2010-ൽ 14 പുതിയ വിത്തിനങ്ങളും, 2013-ൽ 12 പുതിയ വിത്തിനങ്ങളും കാർഷിക സർവ്വകലാശാല പുറത്തിറക്കുകയുണ്ടായി.

മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിൽ നടപ്പാക്കിയ കാർഷിക യന്ത്രവൽക്കരണ കർമ്മസേന പദ്ധതി, വെള്ളായണി കാർഷിക കോളേജിൽ നടത്തിയ "സാന്ത്വനം" പദ്ധതി, അമ്പലവയൽ(വയനാട്) പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം വഴി 9 പഞ്ചായത്തുകളിലെ 4500 ഓളം കൃഷിക്കാർക്ക് നേരിട്ട് പ്രയോജനം ലഭിച്ച എൻ.എ.ഐ.പി. പദ്ധതി, 7 ജില്ലകളിലായി പ്രവർത്തിക്കുന്ന കൃഷി വിജ്ഞാൻ കേന്ദ്രങ്ങളുടെ വിപുലമായ പ്രവർത്തനങ്ങൾ ഇതെല്ലാം കൃഷിക്കാർക്ക് നേരിട്ട് പ്രയോജനം ലഭിച്ച ചില പദ്ധതികളാണ്. മേൽവിവരങ്ങളെല്ലാം തന്നെ 2011-12-ലെ വാർഷിക റിപ്പോർട്ടിൽ വിശദമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കാർഷികോന്നമനത്തിനും, പുതിയ വിത്തുൽപ്പാദനത്തിനും ഗുണകരമായ ഗവേഷണങ്ങളും ബോധനപ്രവർത്തനങ്ങളും പ്രോൽസാഹിപ്പിക്കുന്നതിനായി സർവ്വകലാശാലയ്ക്ക് തുടർന്നും പ്ലാൻ ഫണ്ടുകൾ അനുവദിക്കേണ്ടതുണ്ടെന്നുള്ള വിവരം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. മേൽ റിപ്പോർട്ട് അംഗീകരിച്ച് ഈ വിഷയത്തിലുള്ള തുടർനടപടി അവസാനിപ്പിക്കണമെന്നും സമിതി മുമ്പാകെ അഭ്യർത്ഥിക്കുന്നു.

## 2. ഉപജീവന മാർഗ്ഗമെന്ന നിലയിൽ മൃഗസംരക്ഷണം-സർക്കാർ പദ്ധതികൾ- എന്ന വിഷയം സംബന്ധിച്ച റിപ്പോർട്ട്

### ശിപാർശ

മെച്ചപ്പെട്ട സങ്കരയിനം ഉരുക്കളെ സൃഷ്ടിക്കുന്നതിനായി പശുക്കൾക്ക് കൃത്രിമ ബീജദാനം നൽകിവരുന്നു. ഓരോ സ്പീഷീസിനെയും ക്രോസ് ബ്രീഡ് ചെയ്യുമ്പോൾ പാലുല്പാദനശേഷി വർദ്ധിപ്പിക്കുന്നതിനാണ് കൂടുതൽ പ്രാധാന്യം നല്കിവരുന്നതെന്നും എന്നാൽ അതോടൊപ്പം രോഗപ്രതിരോധശേഷിയുള്ള സ്പീഷീസിനെ ഉല്പാദിപ്പിക്കുന്നതിനു തുല്യ പ്രാധാന്യം നൽകേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

## സ്വീകരിച്ച നടപടി

രോഗപ്രതിരോധശേഷി ഉരുക്കളിൽ വർദ്ധിപ്പിക്കാനായി സങ്കരവർഗ്ഗം മൂരികളുടെ തെരഞ്ഞെടുപ്പുസമയത്തുതന്നെ രോഗപ്രതിരോധശേഷിയുമായി ബന്ധപ്പെട്ട സ്വഭാവ സവിശേഷതകൾ കൂടി കണക്കിലെടുത്തുകൊണ്ടുള്ള തെരഞ്ഞെടുപ്പുരീതി കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാല വഴി നടപ്പിലാക്കാവുന്നതാണ്. കന്നുകാലി പ്രജനനനയം പുനരവലോകനം ചെയ്യുന്നതിനും രോഗപ്രതിരോധശേഷിയുള്ള സ്പീഷീസിനെ ഉല്പാദിപ്പിക്കുന്നതിനുമായുള്ള ശിപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ജനിതകമൂല്യം തെളിയിക്കപ്പെട്ടതും, രോഗപ്രതിരോധശേഷി യുള്ളതുമായ സങ്കരവർഗ്ഗ ജേഴ്സി, ഹോൾസ്റ്റീൻ, ഫ്രീഷ്യൻ വിത്തുകാളകളെ വാങ്ങി ഇവയുടെ ഗാഢ ശീതീകരിച്ച ബീജം സംസ്ഥാനത്തെ കന്നുകാലി പ്രജനന പരിപാടികൾക്ക് ഉപയോഗിച്ചുവരുന്നു. തമിഴ്നാട് കോ-ഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് ഫെഡറേഷൻ, NDDB യുടെ കീഴിലുള്ള സബർമതി ആശ്രമം ഗോശാല, ആന്ധ്രാപ്രദേശ് ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ഏജൻസി, കർണാടക മിൽക്ക് ഫെഡറേഷൻ എന്നിവിടങ്ങളിൽ നിന്നായി 64 വിത്തുകാളകളെ KLDB (കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ്) വാങ്ങിയിട്ടുണ്ട്. രോഗപ്രതിരോധശേഷി കൂടുതലുള്ള കേരളത്തിന്റെ തനത് നാടൻ ജനുസ്സുകളായ വെച്ചൂർ, കാസർഗോഡ് കുള്ളൻ പശുക്കളെ സംരക്ഷിച്ചുനിലനിർത്തുന്നതിന് സമഗ്രമായ പദ്ധതികൾ KLDB ആവിഷ്കരിച്ചുനടപ്പിലാക്കി വരുന്നു. ഈയിനത്തിൽപ്പെട്ട പശുക്കളെ സംരക്ഷിക്കുന്ന കർഷകർക്ക് ഒറ്റത്തവണ ധനസഹായമായി 10,000 രൂപ (പതിനായിരം രൂപ മാത്രം) KLDB നൽകി വരുന്നുണ്ട്. കൂടാതെ, ഈയിനത്തിൽപ്പെട്ട പശുക്കളെ അതേ ജനുസിൽപ്പെട്ട വിത്തുകാളകളുടെ ബീജം കൊണ്ട് കുത്തിവയ്ക്കുന്നതിനായി ഈ ജനുസിൽപ്പെട്ട വിത്തുകാളകളുടെ ബീജമാത്രകൾ KLDB ആവശ്യമുള്ള എല്ലാ കൃത്രിമബീജധാന കേന്ദ്രങ്ങളിലും എത്തിക്കുകയും കൃത്രിമബീജധാനം നടത്തുകയും ചെയ്തുവരുന്നു. തൃശ്ശൂരിലെ പുത്തൂർ ലൈവ്സ്റ്റോക്ക് ഫാമിൽ വെച്ചൂർ, കാസർഗോഡ് കുള്ളൻ പശുക്കളെയും കന്നുകുട്ടികളെയും സംരക്ഷിച്ചുപോരുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ വെച്ചൂർ, കാസർഗോഡ് കുള്ളൻ എന്നീ നാടൻ ജനുസ്സുകളുടെ 67940 ഡോസ് ബീജമാത്രകൾ ഉല്പാദിപ്പിക്കുകയും 25688 ഡോസ് വിതരണം ചെയ്യുകയും 2017-18 വർഷത്തിൽ സെപ്റ്റംബർ വരെ 50095 ഡോസ് ബീജമാത്രകൾ ഉല്പാദിപ്പിക്കുകയും 34750 ഡോസ് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

## ശിപാർശ

വെറ്ററിനറി കോളേജ് ഇല്ലാത്ത പ്രദേശങ്ങളിൽ പ്രാതിനിധ്യ സ്വഭാവവും ആവശ്യകതയും മുൻനിർത്തി വെറ്ററിനറി കോളേജ് തുടങ്ങുവാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

<u>സ്വീകരിച്ച നടപടി</u>

പുതുതായി വെറ്ററിനറി കോളേജ് തുടങ്ങുന്നതിന് ഭീമമായ മൂലധനനിക്ഷേപവും വിശാലമായ സ്ഥലസൗകര്യവും ലഭ്യമാകേണ്ടതുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് വെറ്ററിനറി കോളേജ് ആരംഭിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

## 3. നെല്ല് വികസനം, ജൈവ പച്ചക്കറികൃഷി, ഹൈടെക് അഗ്രിക്കൾച്ചർ, സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ, വിള ആരോഗ്യ പരിപാലനം, നിറവ്, കാർഷിക . വികസനത്തിനുള്ള സമഗ്ര പദ്ധതി സംബന്ധിച്ച റിപ്പോർട്ട്

<u>ശിപാർശ</u>

2015 മാർച്ച് 31 വരെ ഓരോ ഇനത്തിലും ചെലവാക്കിയ തുക സംബന്ധിച്ച വിശദാംശങ്ങളും നടപ്പ് (2015-16) സാമ്പത്തിക വർഷത്തിലെ നിലവിലെ സ്ഥിതിയും അറിയിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള മുഖാന്തരം മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയിൽ ഉൾപ്പെടുത്തി 2014 ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31 വരെ ഓരോ ഇനത്തിലും ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | ഭൗതിക നേട്ടം | സാമ്പത്തിക നേട്ടം (ലക്ഷം രൂപ) |
|---|---|---|---|
| 1 | 2 | 3 | 4 |
| | നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും | | |
| | മാതൃകാ നഴ്സറി- പൊതുമേഖല | | 14.55 |
| | മാതൃകാ നഴ്സറി- സ്വകാര്യ മേഖല | 1 എണ്ണം | 10.98 |
| | ചെറുകിട നഴ്സറി- പൊതുമേഖല | 2 എണ്ണം | 5.86 |
| | ചെറുകിട നഴ്സറി - സ്വകാര്യമേഖല | 1 എണ്ണം | 1.03 |

| 1 | 2 | 3 | 4 |
|---|---|---|---|
| | ടിഷ്യൂക്കൾച്ചർ ലാബുകളുടെ നവീകരണം- പൊതുമേഖല | 2 എണ്ണം | 12 |
| | പുതിയ ടിഷ്യൂക്കൾച്ചർ ലാബുകളുടെ നവീകരണം- സ്വകാര്യമേഖല | | 57.51 |
| | വിത്ത് സംസ്കരണം സംബന്ധിച്ച അടിസ്ഥാന സൗകര്യങ്ങൾ - പൊതുമേഖല | | 2.81 |
| | പച്ചക്കറി വിത്തുല്പാദനം - ഓപ്പൺ പോളിനേറ്റഡ് ക്രോപ്പ്സ് - പൊതുമേഖല | 25 ഹെ. | 11 |
| 2 | വിള വിസ്തൃതി വ്യാപനം / പുതിയ കൃഷിത്തോട്ടങ്ങളുടെ സ്ഥാപനം | | |
| | ദീർഘകാല ഫലവർഗ്ഗങ്ങൾ - മാവ് | 563.5 ഹെ. | 99.49 |
| | ഹ്രസ്വകാല ഫലവർഗ്ഗങ്ങൾ | | |
| | വാഴ (കന്ന്) - ഒന്നാം വർഷം<br>രണ്ടാം വർഷം | 1455.54 ഹെ.<br>523.4 ഹെ. | 382.091<br>45.686 |
| | കൈതച്ചക്ക - ഒന്നാം വർഷം<br>രണ്ടാം വർഷം | 1463.5 ഹെ.<br>1035.56 ഹെ. | 383.752<br>90.611 |
| | വാഴ (ടിഷ്യൂക്കൾച്ചർ) | 552.6 ഹെ. | 198.82 |
| | പപ്പായ | 50.9 ഹെ. | 11.23 |

| 1 | 2 | 3 | 4 |
|---|---|---|---|
| | സങ്കരയിനം പച്ചക്കറികൾ | 52 ഹെ. | 10 |
| | ഹൈഡെൻസിറ്റി - മാവ്, പേര, ലിച്ചി, മാതളം, ആപ്പിൾ, നാരകം മുതലായവ | 20.46 ഹെ. | 4.96 |
| | പുഷ്പകൃഷി<br>കട്ട് ഫ്ലവർ<br>ലൂസ് ഫ്ലവർ | 202 ഹെ.<br>40.8 ഹെ. | 80.2<br>6.59 |
| | സുഗന്ധവ്യഞ്ജന വിളകൾ | 783 ഹെ. | 128.35 |
| | സുഗന്ധതൈല വിളകൾ | 293.5 ഹെ. | 99.52 |
| | തോട്ടവിളകൾ | 1320 ഹെ. | 93.49 |
| | കൂൺ വിത്തുല്പാദന യൂണിറ്റ് | 1 എണ്ണം | 7.5 |
| 3 | കൃഷിത്തോട്ടങ്ങളുടെ പുനരുദ്ധാരണം | 490 ഹെ. | 86.5 |
| 4 | ജലസ്രോതസ്സുകളുടെ നിർമ്മാണം | 128 യൂണിറ്റ് | 315.91 |
| 5 | സംരക്ഷിത കൃഷി | 2014.71 ഹെ. | 452.69 |
| 6 | സംയോജിത രോഗ കീട നിയന്ത്രണം | 1451 ഹെ. | 14.69 |
| | പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക് - പൊതുമേഖല | | 4.50 |
| 7 | ജൈവകൃഷി പ്രോത്സാഹനവും സർട്ടിഫിക്കേഷനും | 5500 ഹെ. | 152.95 |
| | മണ്ണിര കമ്പോസ്റ്റ് നിർമ്മാണം | 119 യൂണിറ്റ് | 34.81 |

| 1 | 2 | 3 | 4 |
|---|---|---|---|
| 8 | തേനീച്ച വളർത്തലിലൂടെ പരാഗണപിന്തുണ | 3063 പെട്ടികൾ | 49 |
| 9 | ഹോർട്ടിക്കൾച്ചർ മേഖലയിലെ യന്ത്രവത്കരണം | 1360 യൂണിറ്റ് | 252.23 |
| 10 | സാങ്കേതികവിദ്യാ വ്യാപനം | 3 എണ്ണം | 4.32 |
| 11 | മാനവവിഭവശേഷി വികസനം | | |
| | (1) ഗാർഡനേഴ്സ് പരിശീലനം | 3 എണ്ണം | 16.19 |
| | (2) കർഷക പരിശീലനം | 1312 എണ്ണം | 49.3 |
| | (3) കർഷക പഠനയാത്ര | 246 എണ്ണം | 11.87 |
| | (4) പരിശീലനം - ഫീൽഡ് സ്റ്റാഫ് | 316 എണ്ണം | 12.37 |
| 12 | വിളവെടുപ്പാനന്തര പരിപാലനം | | |
| | പായ്ക്ക് ഹൗസുകളുടെ നിർമ്മാണം | 3 എണ്ണം | 6 |
| | റൈപ്പനിംഗ് ചേമ്പർ | 4 എണ്ണം | 1.4 |
| 13 | വിപണനത്തിനുള്ള അടിസ്ഥാന സൗകര്യ വികസനം | | |
| | ഗ്രാമീണ വിപണി | 8 എണ്ണം | 88.5 |
| | ചില്ലറ വിപണി | 1 എണ്ണം | 3.7 |
| | നിർത്തിയിട്ടിരിക്കുന്ന / സഞ്ചരിക്കുന്ന വിൽപ്പന വണ്ടി | 3 എണ്ണം | 0.45 |
| 14 | സ്പെഷ്യൽ ഇന്റർവെൻഷൻ | 2 യൂണിറ്റ് | 2 |
| 15 | മിഷൻ മാനേജ്മെന്റ് | | |

| 1 | 2 | 3 | 4 |
|---|---|---|---|
| | മാൻപവ്വർ ആന്റ് പ്രോജക്റ്റ് പ്രിപ്പറേഷൻ കോസ്റ്റ് | | 391.78 |
| | ഇൻസ്റ്റിറ്റ്യൂഷണൽ സ്ട്രെങ്ത്തനിംഗ് | | 116.95 |
| | ഹയർ പർച്ചേസിംഗ് വെഹിക്കിൾ | | |
| | വർക്ക്ഷോപ്പുകൾ, സെമിനാറുകൾ | | 87.88 |
| | ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് | | 52.91 |
| | പരസ്യങ്ങൾ | | 12.83 |
| | **ആകെ** | | **3979.77** |

2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൽ ഉൾപ്പെടുത്തി ഓരോ ഇനത്തിലും ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഘടകങ്ങൾ | ഭൗതിക നേട്ടം | സാമ്പത്തിക നേട്ടം (ലക്ഷം രൂപ) |
|---|---|---|---|
| 1 | 2 | 3 | 4 |
| | നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും | | |
| | മാതൃകാ നഴ്സറി- പൊതുമേഖല | | 4.09 |
| | ചെറുകിട നഴ്സറി- പൊതുമേഖല | | 17.86 |
| | ചെറുകിട നഴ്സറി - സ്വകാര്യമേഖല | 1 എണ്ണം | 3.74 |

| 1 | 2 | 3 | 4 |
|---|---|---|---|
| | ടിഷ്യൂക്കൾച്ചർ ലാബുകളുടെ നവീകരണം- പൊതുമേഖല | | 6 |
| | പുതിയ ടിഷ്യൂക്കൾച്ചർ ലാബുകളുടെ നവീകരണം- സ്വകാര്യമേഖല | | 10.00 |
| | പച്ചക്കറിയുടേയും സുഗന്ധ വ്യഞ്ജനങ്ങളുടേയും വിത്തുല്പാദനം- ഓപ്പൺ പോളിനേറ്റസ് ക്രോപ്പ്സ്- പൊതുമേഖല | 45 ഹെ. | 11.38 |
| 2 | വിള വിസ്തൃതി വ്യാപനം / പുതിയ കൃഷിത്തോട്ടങ്ങളുടെ സ്ഥാപനം | | |
| | ദീർഘകാല ഫലവർഗ്ഗങ്ങൾ - മാവ് | 431.75 ഹെ. | 78.74 |
| | ഹ്രസ്വകാല ഫലവർഗ്ഗങ്ങൾ | | |
| | വാഴ (കന്ന്) - ഒന്നാം വർഷം<br>രണ്ടാം വർഷം | 1151.57 ഹെ.<br>212.88 ഹെ. | 301.29<br>18.6035 |
| | കൈതച്ചക്ക - ഒന്നാം വർഷം<br>രണ്ടാം വർഷം | 63.8314 ഹെ.<br>543.96 ഹെ. | 17.0558<br>47.59 |
| | വാഴ (ടിഷ്യൂക്കൾച്ചർ) | 509.43 ഹെ. | 190.66 |
| | പപ്പായ | 93.99 ഹെ. | 20.63 |
| | സങ്കരയിനം പച്ചക്കറികൾ | 11 ഹെ. | 2.24 |

| 1 | 2 | 3 | 4 |
|---|---|---|---|
| | സ്ട്രോബറി | 4 ഹെ. | 1.8 |
| | ഹൈഡെൻസിറ്റി - മാവ്, പേര, ലിച്ചി, മാതളം, ആപ്പിൾ, നാരകം മുതലായവ | 171.06 ഹെ. | 40.71 |
| | പുഷ്പകൃഷി | | |
| | കട്ട് ഫ്ലവർ | 212.63 ഹെ. | 79.82 |
| | ലൂസ് ഫ്ലവർ | 82.02 ഹെ. | 12.96 |
| | സുഗന്ധവ്യഞ്ജന വിളകൾ | 4193.43 ഹെ. | 664.57 |
| | സുഗന്ധതൈല വിളകൾ | 118.12 ഹെ. | 27.34 |
| | തോട്ടവിളകൾ | 602.17 ഹെ. | 60.13 |
| | കൂൺ വിത്തുല്പാദന യൂണിറ്റ് | | 6.33 |
| 3 | കൃഷിത്തോട്ടങ്ങളുടെ പുനരുദ്ധാരണം | 1479.63 ഹെ. | 288.21 |
| 4 | ജലസ്രോതസ്സുകളുടെ നിർമ്മാണം | 72 യൂണിറ്റ് | 205.98 |
| 5 | സംരക്ഷിത കൃഷി | 113.05 ഹെ. | 636.12 |
| 6 | സംയോജിത രോഗ കീട നിയന്ത്രണം | 912.02 ഹെ. | 10.75 |
| | പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക് - പൊതുമേഖല | 1 യൂണിറ്റ് | 18.63 |
| 7 | ജൈവകൃഷി പ്രോത്സാഹനവും സർട്ടിഫിക്കേഷനും | | 47.8 |
| | മണ്ണിര കമ്പോസ്റ്റ് നിർമ്മാണം | 339 യൂണിറ്റ് | 166.05 |

| 1 | 2 | 3 | 4 |
|---|---|---|---|
| 8 | തേനീച്ച വളർത്തലിലൂടെ പരാഗണപിന്തുണ | 32050 പെട്ടികൾ<br>1000 ഉപകരണങ്ങൾ | 88 |
| 9 | ഹോർട്ടിക്കൾച്ചർ മേഖലയിലെ യന്ത്രവത്കരണം | 1160 യൂണിറ്റ് | 539.05 |
| 10 | സാങ്കേതികവിദ്യാ വ്യാപനം | 6 എണ്ണം | 13.94 |
| 11 | മാനവവിഭവശേഷി വികസനം<br>1) ഗാർഡനേഴ്സ്/സൂപ്പർവൈസേഴ്സ് പരിശീലനം<br>2) കർഷക പരിശീലനം<br>3) കർഷക പഠനയാത്ര<br>4) പരിശീലനം - ഫീൽഡ് സ്റ്റാഫ് | 1738 എണ്ണം<br>547 എണ്ണം<br>447 എണ്ണം | 20<br>72.64<br>20.92<br>22.11 |
| 12 | വിളവെടുപ്പാനന്തര പരിപാലനം | | |
| | പാക്ക് ഹൗസുകളുടെ നിർമ്മാണം | 14 എണ്ണം | 24.27 |
| | റീഫർ വാൻ | 1 എണ്ണം | 9.2 |
| | റൈപ്പനിംഗ് ചേമ്പർ | 34 എണ്ണം | 11.15 |
| | പൂസാ സീറോ എനർജി കൂൾ ചേമ്പർ | 9 എണ്ണം | 0.18 |
| 13 | വിപണനത്തിനുള്ള അടിസ്ഥാന സൗകര്യ വികസനം | | |

| 1 | 2 | 3 | 4 |
|---|---|---|---|
| | ഗ്രാമീണ വിപണി | 4 എണ്ണം | 34.1 |
| | ചില്ലറ വിപണി | 2 എണ്ണം | 12.8 |
| | നിർത്തിയിട്ടിരിക്കുന്ന / സഞ്ചരിക്കുന്ന വിൽപ്പന വണ്ടി | 46 എണ്ണം | 5.69 |
| 14 | സ്പെഷ്യൽ ഇന്റെർവെൻഷൻ | 18 യൂണിറ്റ് | 17.39 |
| 15 | മിഷൻ മാനേജ്മെന്റ് | | |
| | മാൻപവ്വർ ആന്റ് പ്രോജക്ട് പ്രിപ്പറേഷൻ കോസ്റ്റ് | | 292.87 |
| | ഇൻസ്റ്റിറ്റ്യൂഷണൽ സ്യെങ് തനിംഗ്, ഹയർ / പർച്ചേസ് ഓഫ് വെഹിക്കിൾ | | 178.95 |
| | വർക്ക്ഷോപ്പുകൾ, സെമിനാറുകൾ | | 162.36 |
| | ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് | | 5.48 |
| | പരസ്യങ്ങൾ | | 14 |
| | **ആകെ** | | **4542.2** |

<u>ശിപാർശ</u>

വിള ആരോഗ്യ പരിപാലന പദ്ധതിയുടെ നിലവിലെ സ്ഥിതി, മേല്പറഞ്ഞ ഓരോ വിഭാഗത്തിലും കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ എന്നിവ സംബന്ധിച്ച വിശദ വിവരങ്ങളടങ്ങിയ റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

## സർക്കാർ സ്വീകരിച്ച നടപടി

വിളകൾക്കുണ്ടാകുന്ന കീടരോഗബാധ, സസ്യപോഷണത്തിന് ആവശ്യമായ മൂലകങ്ങളുടെ ഏറ്റക്കുറച്ചിലുകൾ നിമിത്തമുണ്ടാകുന്ന രോഗങ്ങൾ എന്നിവ അതാത് സമയത്ത് ഫീൽഡ്തല നിരീക്ഷണങ്ങളിലൂടെ കണ്ടെത്തി യഥാസമയം കർഷകർക്ക് നൽകുക എന്ന ലക്ഷ്യത്തോടെ 2013-14 വർഷത്തിൽ ആരംഭിച്ച വിള ആരോഗ്യ പരിപാലന പദ്ധതി 2018-19ലും തുടർന്നുനടപ്പിലാക്കി വരുന്നു. ഈ പദ്ധതി വഴി കേരളത്തിലെ 14 ജില്ലകളിലായി 152 ബ്ലോക്കുകളിലെ കൃഷി ഭവനുകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നു. 2018-19-ൽ 50 കൃഷി ഭവനുകളിൽ പദ്ധതി നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കാലാവസ്ഥയുമായി അഭേദ്യബന്ധമുള്ള കീടരോഗങ്ങളെ സൂക്ഷ്മമായി നിരീക്ഷിച്ച് വിശദാംശങ്ങൾ രേഖപ്പെടുത്തി അതിന്റെ അടിസ്ഥാനത്തിൽ ഭാവിയിൽ ഉണ്ടാകാൻ സാധ്യതയുള്ള കീടരോഗബാധ ഈ പദ്ധതി പ്രകാരം മുൻകൂട്ടി പ്രവചിക്കാനും അതിന്റെ അടിസ്ഥാനത്തിൽ കീടരോഗബാധ തടയുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്താനും ഈ പദ്ധതി സഹായിക്കുന്നു. കൂടാതെ കൃഷിസ്ഥലത്തുള്ള മിത്രകീടങ്ങളുടെ സേവനം കീടരോഗ നിയന്ത്രണത്തിന് പരമാവധി ഉതകുന്ന തരത്തിൽ രാസകീടനാശിനികളുടെ ഉപയോഗം കുറച്ച് പകരം ജൈവരീതിയിലുള്ള നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും ഈ പദ്ധതികൊണ്ട് കഴിയുന്നു. 2018-19 വർഷത്തിൽ 1648 ലക്ഷം രൂപയാണ് പദ്ധതി നടപ്പിലാക്കുന്നതിന് വകയിരുത്തിയിരിക്കുന്നത്.

പദ്ധതി പ്രകാരം നടപ്പിലാക്കിവരുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. കീടരോഗ നിരീക്ഷണ സംവിധാനം: 152 ബ്ലോക്കുകളിലെ 202 പഞ്ചായത്തുകളിലായി 10 സെന്റ് വീതം വരുന്ന 2020 കീടരോഗ നിരീക്ഷണ പ്ലോട്ടുകൾ മുഖേനയാണ് കീടരോഗ നിരീക്ഷണം നടത്തുന്നത്. നെല്ല്, തെങ്ങ്, വാഴ, പച്ചക്കറി, കുരുമുളക് എന്നീ വിളകളാണ് കീടരോഗനിരീക്ഷണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മേൽപ്പറഞ്ഞ വിളകളുടെ 2020 സ്ഥിരം പ്ലോട്ടുകൾ കൂടാതെ ബ്ലോക്ക് പ്രദേശത്തുനിന്നും റോവിംഗ് പ്ലോട്ടുകൾ കൂടി കീടരോഗ നിരീക്ഷണത്തിന് ഉപയോഗപ്പെടുത്തുന്നുണ്ട്. ആകെ 3877 സ്ഥിരം പ്ലോട്ടുകളും 6008 റോവിംഗ് പ്ലോട്ടുകളും ഇപ്പോൾ ഈ സംവിധാനത്തിനായി ഉപയോഗിച്ചുവരുന്നു. കീടരോഗ നിരീക്ഷണത്തിനായി വിള ആരോഗ്യ ക്ലിനിക്കുകൾ നിലവിലുള്ള കൃഷി ഭവനുകളിൽ കാർഷിക മേഖലയിൽ വി.എച്ച്.എസ്.സി.

യോഗ്യതയുള്ളവരെ കരാർ അടിസ്ഥാനത്തിൽ പെസ്റ്റ് സ്കൗട്ട്/ഫീൽഡ് അസിസ്റ്റന്റായി നിയമിച്ചിട്ടുണ്ട്. പെസ്റ്റ് സ്കൗട്ടുകളുടെ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് ജില്ലാതലത്തിൽ കാർഷിക ബിരുദമുള്ള ഒരാളെ വീതം DPHM (ജില്ലാ പ്ലാന്റ് ഹെൽത്ത് മാനേജർ) ആയി നിയമിച്ചിട്ടുണ്ട്. പെസ്റ്റ് സ്കൗട്ടുകൾ കൃത്യമായ ഇടവേളകളിൽ കീടനിരീക്ഷണത്തിന് തെരഞ്ഞെടുത്ത കൃഷിയിടങ്ങൾ സന്ദർശിച്ച് കീടരോഗബാധയുടെ തോത് ശാസ്ത്രീയമായി ശേഖരിച്ച് IIITMK രൂപകല്പന ചെയ്ത CPSS (Crop Pest Surveillance System) എന്ന Web Portal-ൽ രേഖപ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ കീടരോഗബാധ സംബന്ധിച്ച മുന്നറിയിപ്പും അനുവർത്തിക്കേണ്ട ശാസ്ത്രീയമായ നിയന്ത്രണ മാർഗ്ഗങ്ങളും കർഷകർക്ക് നൽകുകയും ചെയ്യുന്നു.

2. പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ: 152 ബ്ലോക്കുകളിലായി ഇതുവരെ 202 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിച്ചപ്രവർത്തനം നടത്തിവരുന്നു. ഈ വർഷം പുതിയതായി 50 ക്ലിനിക്കുകൾ കൂടി രൂപീകരിക്കാനുള്ള പ്രാരംഭ നടപടികൾ പുരോഗമിച്ചുവരുന്നു. കീടരോഗ നിർണ്ണയത്തിനുള്ള ഉപകരണങ്ങൾ, ശത്രു/മിത്രു കീടങ്ങളെ തിരിച്ചറിയാനുള്ള സ്പെസിമനുകൾ, കീടരോഗബാധ ലക്ഷണങ്ങൾ സംബന്ധിച്ച പോസ്റ്ററുകൾ, ചാർട്ടുകൾ, ഫോട്ടോ ഗ്രാഫുകൾ എന്നിവയും കൃഷി സംബന്ധമായ പുസ്തകങ്ങൾ അടങ്ങിയ ചെറു ലൈബ്രറിയും പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളിൽ സ്ഥാപിച്ചിട്ടുണ്ട്. മണ്ണിന്റെ അമ്ലത്വ പരിശോധനയും സന്തുലിത വളപ്രയോഗം സംബന്ധിച്ച നിർദ്ദേശങ്ങളും ക്ലിനിക്കുകൾ വഴി നൽകുന്നു. കീടരോഗ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ അടങ്ങുന്ന പെസ്റ്റ് ബുള്ളറ്റിനുകളും രണ്ടാഴ്ചയിലൊരിക്കൽ നൽകുന്നു. ഇതു വഴി ശത്രു /മിത്രു കീടങ്ങളെ തിരിച്ചറിഞ്ഞ് കൃത്യമായ സമയത്ത് നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കാൻ കർഷകർക്ക് അറിവ് ലഭിക്കുന്നു.

ഇതുകൂടാതെ കൊല്ലം, കണ്ണൂർ, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിൽ ജില്ലാതലത്തിലുള്ള റഫറൽ ക്ലിനിക്കുകളും സ്ഥാപിച്ച് പ്രവർത്തനം നടത്തിവരുന്നു.

3. കൃഷി ഉദ്യോഗസ്ഥർക്ക് വിള ആരോഗ്യ പരിപാലനത്തിൽ സാങ്കേതിക പരിശീലനം നൽകുന്നതിനായി 2013 മുതൽ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റ് (PGDPHM) എന്ന ദ്വിവത്സര ബിരുദാനന്തര ഡിപ്ലോമ കോഴ്സ് ഹൈദ്രാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റ് (NIPHM) എന്ന സ്ഥാപനം മുഖേന നടത്തിവരുന്നു. ഇതുവരെ 3 ബാച്ചുകളിലായി 92 കൃഷി ഓഫീസർമാർ ഈ കോഴ്സ് പൂർത്തിയാക്കിയിട്ടുണ്ട്. 4-ാം ബാച്ചിലെ 18 കൃഷി ഓഫീസർമാർ ഈ വർഷം കോഴ്സ് പൂർത്തിയാക്കും. 5-ാം ബാച്ചിലെ കോഴ്സ് തുടങ്ങുന്നതിന് കൃഷി

ഓഫീസർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പഠനത്തിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന സാങ്കേതിക/ശാസ്ത്രീയ വിവരങ്ങൾ ഫീൽഡ് തലത്തിൽ പ്രാവർത്തികമാക്കുന്നതിന് PGDPHM കോഴ്സ് പൂർത്തിയാക്കിയ കൃഷി ഉദ്യോഗസ്ഥർക്ക് പ്രോജക്ട് വർക്കിനായി 5 ലക്ഷം രൂപ വീതം നൽകുന്നു. ഈ തുക ഉപയോഗിച്ച് വിള ആരോഗ്യ പരിപാലനത്തിൽ കർഷകർക്ക് ബോധവത്കരണം, പരിശീലനം, ഫാർമർ ഫീൽഡ് സ്കൂളുകൾ, ഇക്കോളജിക്കൽ എഞ്ചിനീയറിംഗ് എന്നിവ കൂടാതെ ജൈവ ഉത്പന്നങ്ങളായ ട്രൈക്കോഡെർമ, സ്യൂഡോമോണാസ്, ട്രൈക്കോകാർഡ്, കെണികൾ, VAM(Vesicular arbuscular mycorrhiza), സസ്യജന്യ കീടനാശിനികളും വളർച്ചാ ത്വരകങ്ങളും കൃഷിയിടങ്ങളിൽ ഉത്പാദിക്കുന്നതിനുള്ള യൂണിറ്റുകൾ സ്ഥാപിക്കുന്നു

4. സംസ്ഥാനത്ത് നിലവിലുള്ള 9 പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകളുടെയും പ്രവർത്തനം ശക്തിപ്പെടുത്തി കർഷകർക്ക് ആവശ്യമായ കീട/രോഗ നിയന്ത്രണ ഉപാധികൾ കൂടാതെ മറ്റുജൈവ ഉപാധികളും നൽകാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കീടരോഗങ്ങളുടെ എതിർ പ്രാണികൾ, ട്രൈക്കോഡെർമ, ബ്യൂവേറിയ, സ്യൂഡോമോണാസ് തുടങ്ങിയ ജൈവ നിയന്ത്രണ ഉപാധികൾ, ട്രൈക്കോകാർഡുകൾ, ഫിറമോൺ കെണികൾ എന്നിവയും ഈ പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകൾ മുഖേന തയ്യാറാക്കി കർഷകർക്ക് നൽകുന്നു .

5. കുട്ടനാട്ടിലെ മങ്കൊമ്പിൽ പ്രവർത്തിക്കുന്ന കേരള സെന്റർ ഫോർ പെസ്റ്റ് മാനേജ്മെന്റ് (KCPM) എന്ന സ്ഥാപനത്തെ കീടരോഗ നിരീക്ഷണത്തിന്റെയും വിള ആരോഗ്യപരിപാലനത്തിന്റെയും apex body ആയി ഉയർത്തി KIPHM (Kerala Institute of Plant Health Management) എന്ന സ്ഥാപനം ആക്കി മാറ്റുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. KCPM-നെ KIPHM ആയി ഉയർത്താനുള്ള ശിപാർശകൾ സർക്കാരിന് സമർപ്പിക്കാൻ നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. നിലവിൽ കുട്ടനാട് മേഖലയിലെ നെല്ല് ഉൾപ്പെടെയുള്ള വിളകളിലെ കീടരോഗ നിയന്ത്രണത്തിൽ KCPM പ്രധാന പങ്കുവഹിക്കുന്നു. കൃഷിഭവൻ ഉദ്യോഗസ്ഥർക്ക് ഈ വിഷയത്തിൽ പരിശീലനങ്ങൾ നൽകുകയും വിവിധ ജൈവ കീടരോഗ നിയന്ത്രണ ഉപാധികളും ജൈവ പോഷകങ്ങളും തയ്യാറാക്കി കർഷകർക്ക് നൽകുകയും ചെയ്യുന്നു.

6. വിള ആരോഗ്യപരിപാലനം സംബന്ധിച്ച് കർഷകർക്ക് ആവശ്യമായ പരിശീലന പരിപാടികളും ബോധവത്കരണ ക്ലാസ്സുകളും ബ്ലോക്കുതലത്തിലും ജില്ലാ തലത്തിലും നടത്തി വരുന്നുണ്ട്. കൂടാതെ എലിപ്പനി നിയന്ത്രണത്തിനും വിള സംരക്ഷണത്തിനുമായി എലിനശീകരണ ക്യാമ്പെയിൻ സംഘടിപ്പിക്കാൻ 25000 രൂപ നിരക്കിൽ സഹായം നൽകുന്നു. ഈ വർഷം 200 എലിനശീകരണ ക്യാമ്പെയിൻ നടത്താൻ 50 ലക്ഷം രൂപ അനുവദിച്ചതുപയോഗിച്ച് എലി നശീകരണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു

7. അടിയന്തിര ഘട്ടങ്ങളിൽ കീടരോഗബാധ കണ്ടെത്തി നിയന്ത്രണ മാർഗ്ഗങ്ങൾ പ്രയോഗിക്കുന്നതിന് ആവശ്യമായ പരിശോധന, ശിപാർശ ഇവ നൽകുന്നതിനായി വിവിധ വിഭാഗങ്ങളിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി എല്ലാ ജില്ലകളിലും ഓരോ മൾട്ടി ഡിസിപ്ലിനറി ഡയഗ്നോസ്റ്റിക് ടീം (MDDT) രൂപീകരിച്ച് പ്രവർത്തിക്കുന്നു. കാർഷിക സർവ്വകലാശാല, കൃഷി വകുപ്പ്, മറ്റ് കാർഷിക ഗവേഷണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് വിവിധ കൃഷി വിഷയങ്ങളിൽ പ്രവർത്തിക്കുന്ന വിദഗ്ദരാണ് ഈ ടീമിൽ ഉള്ളത്. പെട്ടെന്നുണ്ടാകുന്ന കീടരോഗബാധകൾ ഉടൻ തന്നെ പരിശോധിച്ച് ആവശ്യമായ നിയന്ത്രണ മാർഗ്ഗങ്ങൾ ഈ ടീം നിർദ്ദേശിക്കുന്നു. അതുവഴി കീടരോഗബാധ നിയന്ത്രണ വിധേയമാക്കാൻ കഴിയുന്നു. പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനും കീടരോഗബാധ നിയന്ത്രണത്തിനുമുള്ള അടിയന്തിര പരിപാടിയിൻ കീഴിൽ അനുവദിച്ച 150 ലക്ഷം രൂപ വിനിയോഗിക്കുന്നത് മേൽപ്പറഞ്ഞ MDDT ടീമിന്റെ ശിപാർശകൾക്ക് അനുസൃതമാണ്.

8. വിളകളിലെ കീടരോഗ നിരീക്ഷണത്തിന് VFPCK യുടെയും കോൾ മേഖലയിലെ കീടരോഗ നിരീക്ഷണത്തിന് കാർഷിക സർവ്വകലാശാലയുടെയും സേവനം പ്രയോജനപ്പെടുത്തിവരുന്നു.

9. വിള ആരോഗ്യ പരിപാലന പദ്ധതിയുമായി ബന്ധപ്പെട്ടുള്ള പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനും കർഷകർക്ക് ആവശ്യമായ ജൈവ കീടരോഗ നിയന്ത്രണ ഉപാധികൾ, വിള ആരോഗ്യ പരിപാലന മുറകൾ സംബന്ധിച്ച പ്രസിദ്ധീകരണങ്ങൾ, പരിശീലനങ്ങൾ എന്നിവ നൽകുന്നതിനും വിവിധ കൃഷി വിജ്ഞാൻ കേന്ദ്രങ്ങൾക്ക് സഹായം നൽകി സഹകരിച്ച് പ്രവർത്തിച്ചുവരുന്നു. 2017-18 വർഷത്തിൽ 7 കൃഷി വിജ്ഞാൻ കേന്ദ്രങ്ങൾ ഈ പദ്ധതിയുമായി സഹകരിച്ച് പ്രവർത്തിച്ചു. 2018-19 -ൽ ഈ ഘടകം ഉൾപ്പെടുത്തിയിട്ടില്ല.

10. പദ്ധതി പ്രവർത്തനങ്ങൾക്ക് വിദഗ്ധ ഉപദേശങ്ങൾ നൽകുന്നതിന് കാർഷിക സർവ്വകലാശാല മുൻ ഡയറക്ടർ ഓഫ് റിസർച്ച് ഡോ. സി. കെ. പീതാംബരന്റെ നേതൃത്വത്തിൽ ഒരു വിദഗ്ധ സമിതി പ്രവർത്തിച്ചുവരുന്നു. കാർഷിക സർവ്വകലാശാലയിൽ നിന്നും വിരമിച്ച ഡോ.നളിനകുമാരി, പ്രൊഫസ്സർ.പി.രഘുനാഥ്, ഡോ. ജോസഫ് എന്നിവർ ഈ സമിതിയിലെ മറ്റ് അംഗങ്ങളാണ്. ഫീൽഡ് തലത്തിൽ നിന്ന് അറിയിക്കുന്ന കീടരോഗബാധ നിയന്ത്രണത്തിനുള്ള വിദഗ്ധ ഉപദേശം നൽകുന്നതിനു പുറമെ PGDPHM കോഴ്സ് ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് മാർഗ്ഗ നിർദ്ദേശം നൽകുകയും പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നു.

11. കീടരോഗ നിരീക്ഷണം നടത്തി അതനുസരിച്ചുള്ള വിവരങ്ങൾ ഓൺലൈൻ സിസ്റ്റം ആയ CPSS-ൽ ചേർക്കുന്നതിനും വിള ആരോഗ്യ പരിപാലന പ്രവർത്തനങ്ങൾ

നടപ്പിലാക്കുന്നതിനുമായി എല്ലാ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളിലും കൃഷി വി.എച്ച്.എസ്.സി. യോഗ്യതയുള്ള 202 പെസ്റ്റ് സ്കൗട്ടുമാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ച് പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഓരോ ക്ലിനിക്ക് പരിശോധിച്ചും പത്ത് വീതം സ്ഥിരം കീടനിരീക്ഷണ പ്ലോട്ടുകളും ആവശ്യമുള്ള എണ്ണം റോവിംഗ് പ്ലോട്ടുകളും തെരഞ്ഞെടുത്താണ് കീടനിരീക്ഷണം നടത്തുന്നത്. നെല്ല്, പച്ചക്കറി, തെങ്ങ്, കുരുമുളക്, വാഴ എന്നീ വിളകളാണ് കീടരോഗനിരീക്ഷണത്തിന് തെരഞ്ഞെടുത്തിരിക്കുന്നത്.

12. പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി അവലോകനയോഗങ്ങൾ നടത്തുന്നതിനും ഫീൽഡ് സന്ദർശനങ്ങൾക്കും വാഹനം വാടകയ്ക്കെടുക്കുന്നതിനും ഇന്ധനം വാങ്ങുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനും അവയുടെ അറ്റകുറ്റ പണികൾക്കും മറ്റാവശ്യങ്ങൾക്കുമായി നടപ്പുവർഷം എല്ലാ ജില്ലാ ബ്ലോക്കുകൾക്കുമായി 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

13. കീടരോഗ നിരീക്ഷണത്തിനും അനുസംബന്ധിച്ച ഡാറ്റ ശേഖരിക്കുന്നതിനും സഹായിക്കുന്ന ഉപകരണങ്ങൾ അടങ്ങിയ കിറ്റുകൾ എല്ലാ ക്ലിനിക്കുകൾക്കും നൽകിയിട്ടുണ്ട്. 500 രൂപ വിലവരുന്ന കിറ്റിൽ ആവശ്യ ഉപകരണങ്ങളായ വീശുവല, ബാഗ്, ലെൻസ്, ക്ലോറോഫോം, കെണികൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

14. പദ്ധതിയുടെ ഭാഗമായി കുട്ടനാട് ഉൾപ്പെടെ എല്ലാ ജില്ലകളിലുമായി ഇതുവരെ 202 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. കീടരോഗ നിരീക്ഷണം നടത്തി കീടരോഗബാധ മുൻകൂട്ടി അറിയിക്കുന്നതിനും ആവശ്യമായ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും ഈ ക്ലിനിക്കുകൾ കർഷകരെ സഹായിക്കുന്നു. കൂടാതെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പി.ജി.ഡി.പി.എച്ച്.എം. കോഴ്സ് ചെയ്യുന്ന ഉദ്യോഗസ്ഥരുടെ പ്രോജക്റ്റ് വർക്കിൽ ഉൾപ്പെടുത്തിയും കെ.സി.പി.എം., പാരാസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ നിന്നും കർഷകർക്ക് ആവശ്യമായ ജൈവ കീടരോഗ നിയന്ത്രണ ഉപാധികളും തയ്യാറാക്കി വിതരണം ചെയ്യുന്നു.

15. വിള ആരോഗ്യ പരിപാലനത്തിന് ബിരുദാനന്തര ഡിപ്ലോമ കോഴ്സ് കൃഷി ഓഫീസർമാർക്ക് വേണ്ടി നടപ്പിലാക്കുന്നു. എൻ.ഐ.പി.എച്ച്.എം.-ന്റെ നേതൃത്വത്തിൽ സമിതി മുഖേനയാണ് ഈ കോഴ്സ് നടത്തുന്നത്. കൂടാതെ പെസ്റ്റ് സ്കൗട്ടുകൾ, കൃഷി അസിസ്റ്റന്റുമാർ എന്നിവർക്കും ജില്ലാ, ബ്ലോക്ക് തല പരിശീലന പരിപാടികളും നടപ്പിലാക്കിവരുന്നു. 14 ജില്ലാ തല പരിശീലന പരിപാടികൾക്കുമായി, 152 ബ്ലോക്ക് തല പരിശീലന പരിപാടികൾക്കുമായി 34.6 ലക്ഷം രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ട്.

16. അടിയന്തിര ഘട്ടങ്ങളിൽ കീടരോഗബാധ കണ്ടെത്തി നിയന്ത്രണ മാർഗ്ഗങ്ങൾ പ്രയോഗിക്കുന്നതിന് ആവശ്യമായ പരിശോധന, ശിപാർശ ഇവ നൽകുന്നതിനായി വിവിധ വിഭാഗങ്ങളിലെ വിദഗ്ധരെ ഉൾപ്പെടുത്തി എല്ലാ ജില്ലകളിലും ഓരോ MDDT ടീം രൂപീകരിച്ച് പ്രവർത്തിക്കുന്നു. കാർഷിക സർവ്വകലാശാല, കൃഷി വകുപ്പ്, മറ്റ് കാർഷിക ഗവേഷണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് വിവിധ കൃഷി വിഷയങ്ങളിൽ പ്രവർത്തിക്കുന്ന വിദഗ്ദ്ധരാണ് ഈ ടീമിൽ ഉള്ളത്. പെട്ടെന്നുണ്ടാകുന്ന കീടരോഗബാധകൾ ഉടൻ തന്നെ പരിശോധിച്ച് ആവശ്യമായ നിയന്ത്രണ മാർഗ്ഗങ്ങൾ ഈ ടീം നിർദ്ദേശിക്കുന്നു. അതുവഴി കീടരോഗബാധ നിയന്ത്രണ വിധേയമാക്കാൻ കഴിയുന്നു. പ്രകൃതി ക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിന് കീടരോഗ ബാധ നിയന്ത്രണത്തിനുമുള്ള അടിയന്തര പരിപാടിയിൻ കീഴിൽ അനുവദിച്ച 150 ലക്ഷം രൂപ വിനിയോഗിക്കുന്നത് മേൽപ്പറഞ്ഞ MDDT ടീമിന്റെ ശിപാർശകൾക്ക് അനുസൃതമാണ്.

17. CPSS വഴി കീടരോഗബാധ സംബന്ധിച്ച വിവരങ്ങൾ ഓൺലൈൻ ആയി ചേർത്ത് നിയന്ത്രണമാർഗ്ഗങ്ങളും ഓൺലൈൻ ആയി കർഷകർക്ക് നൽകുന്നു. എല്ലാ രണ്ടാഴ്ചയിലൊരിക്കലും കീടരോഗ ബാധ സംബന്ധിച്ച നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ അനുവർത്തിക്കേണ്ട നിയന്ത്രണ മാർഗ്ഗങ്ങളും മറ്റ് ആരോഗ്യ പരിപാലനമുറകളും ഉൾപ്പെടുത്തി പെസ്റ്റ് ബുള്ളറ്റിനുകൾ പ്രസിദ്ധീകരിച്ച് കർഷകർക്ക് അറിവിനായി നൽകുന്നു. ഇതുകൂടാതെ വിള ആരോഗ്യ ക്ലിനിക്കുകൾ സന്ദർശിക്കുന്ന കർഷകർക്ക് ജൈവ കീടരോഗ നിയന്ത്രണോപാധികളുടെ സാമ്പിളുകൾ സൗജന്യമായി നൽകുകയും ചെയ്യുന്നു. ഇതിനായി ആകെ 210 ലക്ഷം രൂപ നടപ്പുവർഷം നൽകിയിട്ടുണ്ട്.

### 4. വെള്ളപ്പൊക്ക പുനരധിവാസ പാക്കേജ് - കൃഷിയും മൃഗസംരക്ഷണവും മത്സ്യ ബന്ധനവും മേഖലയിൽ എന്ന വിഷയം സംബന്ധിച്ച റിപ്പോർട്ട്

<u>ശിപാർശ</u>

നിലവിൽ കർഷകർക്ക് ലഭിക്കുന്ന വായ്പയുടെ 4% പലിശ കർഷകരും 5% കേന്ദ്ര സർക്കാരുമാണ് വഹിക്കുന്നതെന്നും കർഷകർ വഹിക്കുന്ന 4% പലിശകൂടി ഈ സാഹചര്യത്തിൽ സംസ്ഥാന സർക്കാർ നൽകി പൂർണ്ണമായും പലിശരഹിത വായ്പ കർഷകർക്ക് ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

<u>സ്വീകരിച്ച നടപടി</u>

നിലവിൽ കാർഷിക മേഖലയിലെ വായ്പകൾക്ക് ബാങ്കുകൾ4% പലിശ നിരക്കാണ് ഈടാക്കി വരുന്നത്. എന്നാൽ ക്ഷീരമേഖലയെ കാർഷിക അനുബന്ധ മേഖലയായി

കണക്കാക്കി 9-13% വരെ പലിശയാണ് പശുക്കളെ വാങ്ങുന്നതിനും മറ്റ് ക്ഷീരോല്പാദന വായ്പകൾക്കും ഈടാക്കി വരുന്നത്. ഇത് ക്ഷീരകർഷകർക്ക് വൻ സാമ്പത്തിക ബാധ്യതയാണ് ഉണ്ടാക്കുന്നത്. ക്ഷീരമേഖലയെ കാർഷിക മേഖലയോട് തുല്യപ്പെടുത്തി കർഷകർക്ക് നൽകുന്ന അതേ ബാങ്ക് വായ്പ ഇളവ് ആനുകൂല്യങ്ങൾ ക്ഷീരകർഷകർക്കും (പ്രത്യേകിച്ച് പ്രളയ ദുരിതം അനുഭവിക്കുന്ന ക്ഷീരകർഷകർക്ക്) അനുവദിച്ചുനൽകുന്നത് ഈ മേഖലയ്ക്ക് ഏറെ പ്രയോജനകരമാണ്.

(ക്ഷീരവികസന വകുപ്പ്)

<u>ശിപാർശ</u>

മൃഗസംരക്ഷണ മേഖലയിലും ക്ഷീരവികസന മേഖലയിലും കൂടി 172 കോടി രൂപയുടെ നാശനഷ്ടം സംഭവിച്ചിട്ടുള്ളതായും പ്രസ്തുത മേഖലകളിൽ വകുപ്പ് നടപ്പിലാക്കി വരുന്ന പുനരധിവാസ പ്രവർത്തനങ്ങൾ ആശാവഹമാണെന്നും അതിനായി വെള്ളപ്പൊക്ക പുനരധിവാസ പാക്കേജ് എന്ന ശീർഷകം ഉൾപ്പെടുത്തി അടുത്ത വർഷത്തെ ബഡ്ജറ്റിൽ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

<u>സ്വീകരിച്ച നടപടി</u>

കേരളം സാക്ഷ്യം വഹിച്ച ഏറ്റവും വലിയ കാലവർഷക്കെടുതിയിൽ ക്ഷീരമേഖലയിൽ മാത്രം 107 കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കുന്നത്. ഉരുക്കൾ ചത്തുപോകുക, കാലിത്തൊഴുത്ത് നിലംപൊത്തുക, സംഭരിച്ച കാലിത്തീറ്റ വെള്ളം കയറി നശിച്ചുപോകുക, വഴികൾ സഞ്ചാര യോഗ്യമല്ലാത്തതിനാൽ പാൽ കറന്ന് സംഘങ്ങളിൽ എത്തിക്കുവാനും സംഘത്തിന് സംഭരിക്കുവാനും തുടർന്ന് വിപണനം ചെയ്യുവാനും സാധിക്കാതിരിക്കുക, ക്ഷീരസഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾക്കുണ്ടായ നഷ്ടങ്ങൾ, തീറ്റപ്പുൽ കൃഷിത്തോട്ടവും സംഭരിച്ച വൈക്കോലും വെള്ളം കയറി നശിച്ച അവസ്ഥ എന്നിവയെല്ലാമാണ് ക്ഷീരമേഖലയുടെ കനത്ത ആഘാതത്തിന് കാരണമായത്.

2018-19 വർഷം നടപ്പിലാക്കിയ സ്പെഷ്യൽ പുനരധിവാസ പദ്ധതി, ഫേസ് 1-ന്റെ ഭാഗമായി 22 കോടി രൂപ ചെലവഴിച്ച് ദുരിതാശ്വാസ പ്രവർത്തനങ്ങൾ ക്ഷീരമേഖലയിൽ നടപ്പിലാക്കി. 19930 കർഷകർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചു. വകുപ്പിന്റെ 2019-20 വാർഷിക പദ്ധതിയിലൂടെ (ക്ഷീര നവോത്ഥാനം) 22 കോടി രൂപ പദ്ധതി തുക ചെലവഴിച്ച് 2280 കറവ പശുക്കളെയും 235 കിടാരികളെയും വാങ്ങുന്നതാണ്. പ്രളയ ദുരിതാശ്വാസ പദ്ധതികളുടെ ഫേസ് 2 പദ്ധതിയാണ് ഇത്. ഈ പദ്ധതിയുടെ ഭാഗമായി

650 ദുരിതം അനുഭവിക്കുന്ന കർഷകർക്ക് അവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നവീകരണം/പുനർനിർമ്മാണം എന്നിവയ്ക്കായി 430 കർഷകർക്ക് സഹായം നൽകുന്നതായിരിക്കും. 2019-20 വർഷം ആകെ 28280 ക്ഷീരകർഷകർക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതായിരിക്കും.

വകുപ്പിനായി 2019-20 സാമ്പത്തിക വർഷം അനുവദിച്ചിരിക്കുന്ന സംസ്ഥാന പദ്ധതി വിഹിതം മാത്രം ഉപയോഗിച്ച് ദുരിതാശ്വാസ പ്രവർത്തനങ്ങളും നവകേരള നിർമ്മാണത്തിന്റെ ഭാഗമായ പുനർനിർമ്മാണ ക്ഷീരവികസന പ്രവർത്തനങ്ങളും നടപ്പിലാക്കുവാൻ സാധിക്കുകയില്ല. പുനരധിവാസ പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാരിൽ നിന്നും വാർഷിക പദ്ധതി വിഹിതത്തിനുപുറമെ 109.76 കോടി രൂപ അധികമായി ആവശ്യമുണ്ട്.

എന്നാൽ നാളിതുവരെ പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി വകുപ്പിന് സംസ്ഥാന സർക്കാരിൽ നിന്നും വാർഷിക പദ്ധതി തുകയ്ക്ക് പുറമെ അധിക തുകയൊന്നും ലഭിച്ചിട്ടില്ല. റീബിൽഡ് കേരള ഇൻഷ്യേറ്റീവിൽ ഉൾപ്പെടുത്തി Kerala Disaster Management Authority യിൽ നിന്നും ഈ അധിക തുകയ്ക്കായി 6-10-2018 തീയതിയിലെ ഡി13/14931/18 കത്തുപ്രകാരം അപേക്ഷിച്ചിട്ടുള്ളതാകുന്നു. ടി തുകയ്ക്കായുള്ള പ്രൊപ്പോസൽ അടുത്ത SDG യിൽ ഉൾപ്പെടുത്തി സർക്കാരിന് നൽകുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു.

(ക്ഷീരവികസന വകുപ്പ്)

മൃഗസംരക്ഷണ വകുപ്പിന്റെ 2019-20 ബഡ്ജറ്റ് പ്രൊപ്പോസലിൽ മൃഗസംരക്ഷണ മേഖലയിലെ വെള്ളപ്പൊക്ക പുനരധിവാസ പാക്കേജിനായി 76 കോടി രൂപ പുതിയ ശീർഷകത്തിൽ ഉൾപ്പെടുത്തി അനുവദിക്കാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ടി പാക്കേജിനായി 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക അനുവദിക്കുകയുണ്ടായില്ല.

(മൃഗസംരക്ഷണ വകുപ്പ്)

<u>ശിപാർശ</u>

വെള്ളപ്പൊക്കംമൂലം കാർഷിക മേഖലയ്ക്കുണ്ടായ നഷ്ടം നികത്താനായി കൃഷി വകുപ്പ് തയ്യാറാക്കിയ പുനരുദ്ധാരണ പാക്കേജിൽ ആവശ്യപ്പെട്ട പ്രകാരമുള്ള തുക വകുപ്പിന് അനുവദിക്കുന്നതിനായി അടുത്ത ബഡ്ജറ്റിൽ പുതുതായി ഒരു ശീർഷകം ഉൾപ്പെടുത്തി തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

<u>സ്വീകരിച്ച നടപടി</u>

വെള്ളപ്പൊക്കംമൂലം കാർഷിക മേഖലയ്ക്കുണ്ടായ നഷ്ടം നികത്തുന്നതിനായി സംസ്ഥാന ആസൂത്രണ ബോർഡിന്റെ അംഗീകാരത്തിനായി 2019-20 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക പദ്ധതിയിൽ പുനർജ്ജനി-വെള്ളപ്പൊക്കത്തിന് ശേഷം കാർഷിക മേഖലയുടെ പുനരുദ്ധാരണം എന്ന പേരിൽ ഒരു പുതിയ പദ്ധതി നിർദ്ദേശിച്ചിരുന്നു. 100 കോടി രൂപയാണ് പദ്ധതി വിഹിതമായി ആവശ്യപ്പെട്ടിരുന്നത്. എന്നാൽ കൃഷി വകുപ്പിന്റെ വാർഷിക പദ്ധതി അംഗീകരിക്കപ്പെട്ടപ്പോൾ പ്രസ്തുത പദ്ധതി നിർദ്ദേശം ഉൾപ്പെടുത്തിയിട്ടില്ലായിരുന്നു. എന്നാൽ ഒന്നാം അധിക ധനാഭ്യർത്ഥനയിൽമേൽ നിർദ്ദേശം ഉൾപ്പെടുത്തി പുതിയ ശീർഷകവും തുകയും ആവശ്യപ്പെട്ടിരുന്നു. ആയത് അനുവദിക്കുകയുണ്ടായില്ല.

(കൃഷി വകുപ്പ്)

<u>ശിപാർശ</u>

പ്രളയത്തെത്തുടർന്ന് മത്സ്യബന്ധന മേഖലയെ പുനരുദ്ധരിക്കുന്നതിനായി 222.35 കോടി രൂപ ചെലവ് വരുന്ന പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണെന്നും ഇതിൽ ഹാച്ചറികൾക്കും മത്സ്യകർഷകർക്കും ചെമ്മീൻ കർഷകർക്കും മാത്രമുണ്ടായ നഷ്ടം 160 കോടി രൂപയിലധികം വരുമെന്നും സമിതി മനസ്സിലാക്കുന്നു. മത്സ്യമേഖലയിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ദുരിതാശ്വാസ നിധിയിൽ നിന്നും ഈ സാമ്പത്തിക വർഷം തന്നെ പ്രശ്ന പരിഹാരത്തിന് മതിയായ ധനസഹായം അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

<u>സ്വീകരിച്ച നടപടി</u>

SDRF മാനദണ്ഡമനുസരിച്ച് കേന്ദ്ര സർക്കാരിന് സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരം 11.64 കോടി രൂപ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അനുവദിക്കുകയും ജില്ലകളിൽ ഫിഷറീസ് ജില്ലാ ഓഫീസർമാർ മുഖേന നഷ്ടപരിഹാര വിതരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

മത്സ്യമേഖലയിൽ പ്രളയാനന്തരം സമർപ്പിച്ച 204.93 കോടി രൂപയുടെ restoration package-ൽ സംസ്ഥാന സർക്കാർ വിഹിതമായ 40 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 2018-19 വർഷത്തിലെ പ്ലാൻ പദ്ധതിയിൽ നിന്ന് 40 കോടി രൂപ ഫണ്ട് വിനിയോഗിച്ച് മത്സ്യകൃഷി മേഖലയുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്.

പ്രളയത്തിൽ നഷ്ടം സംഭവിച്ച 130 മത്സ്യത്തൊഴിലാളി വനിതകളുടെ ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് അടിയന്തര ധനസഹായമായി 2018-19 പദ്ധതിയിൽ

ഉൾപ്പെടുത്തി 39.16 ലക്ഷം രൂപ അനുവദിച്ചു. തൃശ്ശൂർ, ആലപ്പുഴ, കോട്ടയം, എറണാകുളം എന്നീ ജില്ലകളിലെ 101 യൂണിറ്റുകൾക്ക് working capital revolving fund, Technology Improvement എന്നീ 2018-19-ലെ പദ്ധതി ഘടകങ്ങളിൽ ഉൾപ്പെടുത്തി 39.16 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(മത്സ്യബന്ധന തുറമുഖ വകുപ്പ്)

<u>ശിപാർശ</u>

വെള്ളപ്പൊക്കംമൂലം മത്സ്യബന്ധന മേഖലയിലെ നഷ്ടം നികത്തുന്നതിനായി വെള്ളപ്പൊക്ക പുനരധിവാസ പാക്കേജ് എന്ന രീതിയിൽ ഒരു പുതിയ ശീർഷകം ഉൾപ്പെടുത്തി വരുന്ന ബജറ്റിൽ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

<u>സ്വീകരിച്ച നടപടി</u>

4405-103-91 കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനുള്ള പ്രത്യേക പാക്കേജ് എന്ന ശീർഷകത്തിൽ ഈ ആവശ്യത്തിനായി തുക വകയിരുത്തുവാൻ കഴിയില്ലെന്നും ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ അംഗീകാരത്തിന് വിധേയമായി ഭരണപരമായി നടപടിക്രമങ്ങൾ പാലിച്ച് ഭരണാനുമതി ഉത്തരവ് നൽകിയ ശേഷം വിഭവ ലഭ്യതകൂടി കണക്കിലെടുത്ത് പുതിയ ശീർഷകം തുറന്ന് ഉചിത മാർഗ്ഗത്തിലൂടെ തുക അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്നും ധനകാര്യ വകുപ്പ് അറിയിച്ചിരിക്കുന്നു.

(മത്സ്യബന്ധന വകുപ്പ്)

**5. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുന്നതിനും കൃഷി വകുപ്പ് ആവിഷ്ക്കരിച്ചുവരുന്ന പദ്ധതികൾ എന്ന വിഷയം സംബന്ധിച്ച റിപ്പോർട്ട്.**

<u>ശിപാർശ</u>

മണ്ണിന്റെ ഘടനയുടെ അടിസ്ഥാനത്തിൽ ഓരോ പ്രദേശത്തെയും മണ്ണ് പരിശോധിച്ച് മണ്ണിൽ സിങ്ക്, കാൽസ്യം, ബോറോൺ, ഫോസ്ഫറസ് തുടങ്ങി ഏതു ധാതുവാണോ കുറവെന്ന് കണ്ടെത്തി മൈക്രോ ന്യൂട്രിയന്റ്സ് പ്രയോഗിച്ച് കൃത്യതാ കൃഷി നടത്തുമ്പോൾ ജൈവ വളം ഉപയോഗിച്ച് മണ്ണിനെ ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കാൻ സാധിക്കുമെന്ന് വിലയിരുത്തിയ സമിതി നിലവിൽ 13 ലക്ഷം പേർക്ക് സോയിൽ ഹെൽത്ത് കാർഡ് നൽകിയിട്ടുണ്ടെന്നും 2019 മാർച്ച് മാസത്തോടെ 5 ലക്ഷം പേർക്ക് കൂടി ഹെൽത്ത് കാർഡ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും നിരീക്ഷിച്ചു

സോയിൽ ഹെൽത്ത് കാർഡ് പ്രയോഗത്തിൽ വരുത്താൻ കഴിയുംവിധം കർഷകർക്ക് അവബോധം ഉണ്ടാക്കുകയും സ്കീമുകൾ ഏകോപിപ്പിക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സ്വീകരിച്ച നടപടി

കേന്ദ്രാവിഷ്കൃത സോയിൽ ഹെൽത്ത് കാർഡ് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് നാളിതുവരെ 25 ലക്ഷം പേർക്ക് സോയിൽ ഹെൽത്ത് കാർഡുകൾ നൽകിയിട്ടുണ്ട്.

സോയിൽ ഹെൽത്ത് കാർഡ് ശിപാർശയുടെ അടിസ്ഥാനത്തിൽ മണ്ണിൽ വളപ്രയോഗം നടത്തുന്നതുകൊണ്ടുള്ള പ്രയോജനങ്ങളെക്കുറിച്ച് കൃഷിഭവനുകളിൽ സംഘടിപ്പിക്കുന്ന ബോധവൽക്കരണ പരിപാടികളിലും ട്രെയിനിംഗുകളിലും വിവിധ മാധ്യമങ്ങളിൽ കൂടിയും കർഷകർക്ക് അവബോധം സൃഷ്ടിക്കുന്നുണ്ട്. കൂടാതെ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ സോയിൽ ഹെൽത്ത് കാർഡ് അനുസൃതമായ വളപ്രയോഗംമൂലം കർഷകനും പരിസ്ഥിതിക്കും ഉണ്ടാകുന്ന പ്രയോജനങ്ങളെക്കുറിച്ച് കർഷകർക്ക് അവബോധം വളർത്തുന്നതിനായി എല്ലാ ജില്ലകളിലെയും വിവിധ പഞ്ചായത്തുകളിൽ ബോധവത്കരണ ക്ലാസ്സുകൾ നടത്തിവരുന്നു. സുസ്ഥിരമായ വിളയുത്പാദനം മണ്ണിന്റെ ആരോഗ്യപരിപാലനത്തിലൂടെ ഉറപ്പ് വരുത്തുവാൻ വളപ്രയോഗ ശിപാർശകൾ സോയിൽ ഹെൽത്ത് കാർഡിലൂടെ കർഷകർക്ക് നൽകി വരുന്നു. കൂടാതെ സോയിൽ ഹെൽത്ത് കാർഡിലെ ശിപാർശകൾ പ്രകാരമുള്ള കൃഷിയുടെ പ്രയോജനങ്ങൾ കർഷകർക്ക് നേരിട്ട് മനസ്സിലാക്കി കൊടുക്കുന്നതിനായി പ്രദർശന തോട്ടങ്ങൾ (ഡെമോൺസ്ട്രേഷൻ പ്ലോട്ടുകൾ) നെല്ല്, വാഴ, പച്ചക്കറികൾ എന്നീ പ്രധാന വിളകളിൽ എല്ലാ ജില്ലകളിലും സജ്ജമാക്കുകയും അതിന്റെ ഗുണഫലങ്ങൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനായി ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 20 ശതമാനം വരെ വിള വർദ്ധനവ് ഈ പ്രദർശന തോട്ടങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്. കൂടാതെ 40 ശതമാനത്തോളം കൃഷിച്ചെലവ് കുറയ്ക്കുവാനും ഇതുവഴി കഴിഞ്ഞിട്ടുണ്ട്.

മണ്ണ് പര്യവേക്ഷണ വിഭാഗത്തിന്റെ 'ലബോറട്ടറീസ്' പദ്ധതിയുടെ ഭാഗമായി വകുപ്പിന്റെ 7 ലാബുകളിൽ മണ്ണ് സാമ്പിളുകൾ പരിശോധിച്ച് സോയിൽ ഹെൽത്ത് കാർഡ് നൽകി വരുന്നു. കൂടാതെ വിദൂര പ്രദേശങ്ങളിലെ കർഷകർക്ക് തങ്ങളുടെ കൃഷിയിടങ്ങളിലെ മണ്ണ് പരിശോധനാഫലം ഉടനടി ലഭ്യമാക്കുന്നതിന് മൊബൈൽ സോയിൽ ടെസ്റ്റിംഗ് ലാബിന്റെ പ്രവർത്തനം വകുപ്പ് 2017 ജനുവരി മാസം മുതൽ സജ്ജമാക്കിയിട്ടുണ്ട്.

തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലായി നാളിതുവരെ 1450 മണ്ണ് സാമ്പിളുകൾ മൊബൈൽ സോയിൽ ടെസ്റ്റിംഗ് ലാബിൽ പരിശോധിച്ച് കർഷകർക്ക് വളപ്രയോഗ ശിപാർശ നൽകിയിട്ടുണ്ട്. നിലവിൽ കോഴിക്കോട് ജില്ലയിൽ പ്രളയാനന്തര മണ്ണ് സാമ്പിൾ പരിശോധനയ്ക്ക് ഇതിന്റെ സേവനം പ്രയോജനപ്പെടുത്തിവരുന്നു.

വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കർഷകർക്ക് തങ്ങളുടെ കൃഷിയിടത്തിലെ മണ്ണിന്റെ ഫലപുഷ്ടിയെക്കുറിച്ചും അവിടെ കൃഷിചെയ്യുന്ന വിളകൾക്ക് ആവശ്യമായ കൃത്യമായ വളപ്രയോഗ ശിപാർശയും വിരൽത്തുമ്പിൽ ലഭ്യമാക്കുന്ന "മണ്ണിനെ അറിയാം മൊബൈലിലൂടെ" (MAM) എന്ന മൊബൈൽ ആപ്ലിക്കേഷൻ IIITMK യുമായി സഹകരിച്ച് മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതുവരെ തിരുവനന്തപുരം, കൊല്ലം, കോട്ടയം, ഇടുക്കി, തൃശ്ശൂർ, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ 9 ജില്ലകളിൽ പ്രവർത്തനക്ഷമമാണ്. 2019 അവസാനത്തോടെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമുള്ള കർഷകർക്ക് ഇതുകൊണ്ടുള്ള പ്രയോജനം ലഭ്യമാകും.

<u>ശിപാർശ</u>

പാക്കേജ് ഓഫ് പ്രാക്ടീസിനും കൃത്യമായ കാലയളവുകളിൽ പുതുക്കുന്നതിലും, ജൈവ കൃഷിക്കുതകുന്ന നൂതന സാങ്കേതിക വിദ്യകളും ജൈവ പരിപാലന രീതിയിലധിഷ്ഠിതമായ കൃഷിയിലൂടെ ഉത്പാദനക്ഷമത വർദ്ധിക്കുവാൻ കഴിയുന്ന ഗവേഷണ പ്രവർത്തനങ്ങൾക്കും കാർഷിക സർവ്വകലാശാല നേതൃത്വം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നിലവിൽ വിളകളുടെ ജൈവ പരിപാലന മുറകൾക്കായുള്ള വിള പരിപാലന ശിപാർശകൾ (PoP) സർവ്വകലാശാലയ്ക്ക് ലഭിക്കുന്ന പരിമിതമായ സാമ്പത്തിക സ്രോതസ്സുകൾ ഉപയോഗിച്ച് പുസ്തകരൂപത്തിൽ തന്നെ പുറത്തിറക്കിയിട്ടുണ്ട്. കൂടാതെ പ്രധാന വിളകളുടെ പരിപാലനത്തിനുതകുന്ന ശിപാർശകൾ കാലാകാലങ്ങളിൽ വിവിധ പരീക്ഷണഫലങ്ങളുടെ അടിസ്ഥാനത്തിൽ സർവ്വകലാശാല പരിഷ്കരിച്ചുവരുന്നു.

<u>ശിപാർശ</u>

ജൈവകൃഷി അടിസ്ഥാനത്തിൽ ഉല്പാദനം വർദ്ധിപ്പിക്കാൻ കഴിയുന്ന നല്ല പച്ചക്കറി വിത്തുകൾ വികസിപ്പിക്കേണ്ടതുണ്ടെന്ന് നിരീക്ഷിച്ച ഇത്തരത്തിലുള്ള ഗവേഷണം കാർഷിക സർവ്വകലാശാല നടപ്പാക്കണമെന്നും ജൈവകൃഷി രീതിയിലേയ്ക്ക് മാറുന്നതിനാവശ്യമായ ഗവേഷണങ്ങൾ സർവ്വകലാശാലകൾ പ്രോത്സാഹിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

## സർക്കാർ സ്വീകരിച്ച നടപടി

'സുരക്ഷിത ഭക്ഷണം' എന്ന സർക്കാർ നയത്തിനനുസൃതമായ ഗവേഷണ പ്രവർത്തനങ്ങളാണ് സർവ്വകലാശാല നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പച്ചക്കറികളിൽ ഇതുവരെ പുറത്തിറക്കിയിട്ടുള്ള ഏകദേശം 95% ഇനങ്ങളും സങ്കരയിനങ്ങളും അത്യുല്പാദന ശേഷിയുള്ളവയും ജൈവവളങ്ങളോടും രാസവളങ്ങളോടും ഒരേ പോലെ നന്നായി പ്രതികരിക്കുന്നവയുമാണ്. പച്ചക്കറി ഉൾപ്പെടെയുള്ള കേരളത്തിലെ പ്രധാന വിളകളിലെല്ലാം തന്നെ രോഗകീട നിയന്ത്രണത്തിനുൾപ്പെടെയുള്ള ജൈവാധിഷ്ഠിത ശിപാർശകൾ സർവ്വകലാശാല നൽകിവരുന്നുണ്ട്.

## ശിപാർശ

പരമ്പരാഗത നെൽവിത്തുകളും മറ്റ് വിത്തുകളും സംരക്ഷിക്കുന്നതിന് ഉതകുന്ന രീതിയിലുള്ള വിത്തുബാങ്ക് സ്ഥാപിക്കുന്നതിനുള്ള തീരുമാന പ്രകാരം കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി ക്യാമ്പസ്സിൽ തറക്കല്ലിട്ട വിത്ത് ബാങ്കിന്റെ നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 34)

## സർക്കാർ സ്വീകരിച്ച നടപടി

കേരളത്തിലെ പരമ്പരാഗത വിത്തിനങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഒരു ബൃഹത്തായ വിത്ത് ബാങ്ക് പദ്ധതി 2018 മേയ് മാസത്തിൽ സർവ്വകലാശാല കൃഷി വകുപ്പിന്റെ ധനസഹായത്തോടെ ആരംഭിക്കുകയുണ്ടായി. പ്രസ്തുത പദ്ധതിയിൽ പരമ്പരാഗത ഇനങ്ങൾ കണ്ടെത്തി അവയുടെ വിത്തുകൾ കേട്ടുകൂടാതെ സൂക്ഷിക്കുന്നതിനും കർഷകർക്കിടയിൽ കൈമാറ്റം ചെയ്യുന്നതിനുമുള്ള സൗകര്യങ്ങളും സർവ്വകലാശാല നടപ്പിലാക്കിവരുന്നു.

## ശിപാർശ

സംസ്ഥാനത്ത് സർക്കാർതലത്തിലും മറ്റുഏജൻസികൾ വഴിയും വിതരണം ചെയ്യുന്ന വിത്തുകൾ പ്രത്യേകിച്ച് പച്ചക്കറി വിത്തുകൾ കൃഷി ചെയ്യുന്ന കർഷകർ വഞ്ചിതരാകാതിരിക്കാൻ, ടി വിത്തുകളുടെ ഗുണമേന്മ പരിശോധിക്കേണ്ടതുണ്ട്. ആയതിനാൽ സംസ്ഥാനത്ത് വിതരണം/വിപണനം ചെയ്യപ്പെടുന്ന വിത്തുകളുടെ സാമ്പിൾ ശേഖരിച്ച് ഗുണമേന്മ ഉറപ്പുവരുത്താൻ കർശന നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സംസ്ഥാനത്ത് വിത്തുകളുടെ ഗുണമേന്മ നിർണ്ണയിക്കുന്നതിനായി കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പട്ടാമ്പിയിലും വെള്ളാനിക്കരയിലും രണ്ട് അംഗീകൃത ലാബുകൾ നിലവിലുണ്ട്. കൂടാതെ കൃഷി വകുപ്പിന് ആലപ്പുഴയിൽ ഒരു വിത്ത് പരിശോധന ലാബും ഉണ്ട്. സർവ്വകലാശാല ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്ന വിത്തിനങ്ങളുടെ ഗുണമേന്മ ഉല്പാദിപ്പിക്കുന്ന കേന്ദ്രങ്ങൾ തന്നെ ഉറപ്പുവരുത്തുന്നുണ്ട്.

കൂടാതെ വിത്തുകളുടെ സാമ്പിളുകൾ എടുക്കുകയും ഗുണമേന്മ പരിശോധിക്കുന്നതിനുമായി ബ്ലോക്ക് തലത്തിൽ ഉള്ള കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരെ സീഡ് ഇൻസ്പെക്ടർമാരായി സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിത്തിന്റെ ഗുണനിലവാര സർട്ടിഫിക്കേഷൻ നൽകുവാൻ സംസ്ഥാനതലത്തിൽ, കൃഷിഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർമാരെ (ക്രോപ്പ് പ്രൊഡക്ഷൻ) ചുമതലപ്പെടുത്തിയിട്ടുണ്ട്. വിത്തിന്റെ സാമ്പിളുകളുടെ ഗുണമേന്മ പരിശോധിക്കുന്നതിനായി സംസ്ഥാനത്ത് തിരുവനന്തപുരം, ആലപ്പുഴ, പാലക്കാട് ജില്ലകളിൽ സീഡ് ടെസ്റ്റിംഗ് ലാബുകൾ ഉണ്ട്. നെൽവിത്തിനുപുറമേ പച്ചക്കറി വിത്തുകളുടെയും സാമ്പിളുകൾ സീഡ് ഇൻസ്പെക്ടർമാർ ഈ ലാബുകളിൽ പരിശോധനയ്ക്ക് നൽകി വരുന്നുണ്ട്. കൃഷിഭവൻ തലത്തിൽ, വിവിധതരം വിത്തുകൾ കർഷകർക്ക് വിതരണം ചെയ്യുന്നതിന് മുമ്പ് കിളിർപ്പുശേഷി പരിശോധിക്കുന്നുണ്ട്. പച്ചക്കറി വിത്തിന്റെ സീഡ് സർട്ടിഫിക്കേഷൻ നടത്തുവാൻ വേണ്ട സാമ്പിളിന്റെ അളവ് 400 ഗ്രാം മുതൽ 1 കിലോ വരെയായതിനാൽ ചെറിയ അളവിലുള്ള പച്ചക്കറി വിത്ത് പായ്ക്കറ്റുകളുടെ പരിശോധന നടത്തുന്നതിന് പ്രായോഗികമായ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ഇതിലേയ്ക്കായി കേന്ദ്രസർക്കാരിന്റെ മാർഗ്ഗനിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് സർട്ടിഫിക്കേഷൻ നടപടികൾ കൃഷി വകുപ്പിന് സ്വീകരിക്കാനാകും.

കൂടാതെ, നെല്ലിന്റെ വിത്തുല്പാദനം കുറ്റമറ്റരീതിയിൽ നടപ്പിലാക്കുന്നതിന് കൃഷി വകുപ്പ് രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതി കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖാന്തരം നടപ്പിലാക്കി വരുന്നുണ്ട്.

തിരുവനന്തപുരം,<br>2020 ജൂലൈ 23.

വി. എസ്. സുനിൽ കുമാർ,<br>*ചെയർമാൻ,*<br>സബ്ജക്ട് കമ്മിറ്റി I.

## അനുബന്ധം

## 28-5-2019-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I, 2019 മേയ് 28-ാം തീയതി ചൊവ്വാഴ്ച സഭാ സമ്മേളനത്തിനുശേഷം 3.30-ന് നിയമസഭാ സമുച്ചയത്തിലെ '5-എ' സമ്മേളന ഹാളിൽ ബഹു. സമിതി ചെയർമാനും കൃഷി വകുപ്പുമന്ത്രിയുമായ ശ്രീ. വി. എസ്. സുനിൽ കുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ, സമിതിയിലെ എക്സ്-ഒഫീഷ്യോ അംഗമായ വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജുവും താഴെപ്പറയുന്ന സമിതി അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. ചിറ്റയം ഗോപകുമാർ, എം.എൽ.എ.
2. ശ്രീ. കെ. കുഞ്ഞിരാമൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി
2. ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ദേവേന്ദ്ര കുമാർ സിംഗ്, പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ് & കാർഷികോത്പാദന കമ്മീഷണർ
2. ശ്രീ. എസ്. വെങ്കടേശപതി ഐ.എ.എസ്., ഡയറക്ടർ, ഫിഷറീസ് വകുപ്പ്
3. ഡോ. രത്തൻ ഖേൽക്കർ, സ്പെഷ്യൽ സെക്രട്ടറി, കൃഷി വകുപ്പ്
4. ഡോ. പി. കെ. ജയശ്രീ, ഡയറക്ടർ, കൃഷി വകുപ്പ്
5. ശ്രീമതി എസ്. ഗീത, ഡയറക്ടർ (ഇൻ-ചാർജ്ജ്), ഡയറി ഡെവലപ്മെന്റ് വകുപ്പ്
6. ഡോ. കെ. പി. രഘുനാഥ മേനോൻ, ഡയറക്ടർ, കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രം (KSREC)
7. ശ്രീ. ഇ.പി. രാജ്മോഹൻ, കംപ്ട്രോളർ, കേരള കാർഷിക സർവ്വകലാശാല
8. ശ്രീമതി കെ.എസ്. ഉഷ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
9. ശ്രീമതി എം. ഗീത, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

10. ശ്രീമതി ഷീല പി., ജോയിന്റ് സെക്രട്ടറി, കൃഷി വകുപ്പ്

11. ശ്രീ. എസ്. ആർ. സന്തോഷ്കുമാർ, ജോയിന്റ് സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ്

12. ഡോ. പി. കെ. സദാനന്ദൻ, അഡീഷണൽ ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് അനിമൽ ഹസ്ബെന്ററി

13. ശ്രീമതി പി. ജി. ചന്ദ്രമതി, അഡീഷണൽ ഡയറക്ടർ (എം), കൃഷി വകുപ്പ്

14. ശ്രീ. സഹദേവൻ പി., അഡീഷണൽ ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്

15. ശ്രീ. ആന്റണി ഓസ്റ്റിൻ, അഡീഷണൽ ഡയറക്ടർ (ഇൻ-ചാർജ്ജ്) മണ്ണ് പര്യവേഷണവും സംരക്ഷണവും വകുപ്പ്

16. ശ്രീമതി സ്മിത ആർ. നായർ, ജോയിന്റ് ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്

17. ശ്രീ. എസ്. സന്തോഷ്കുമാർ, ഡെപ്യൂട്ടി ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്

18. ശ്രീ. ശശികുമാർ, ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസന വകുപ്പ്

19. ഡോ. റ്റി. പ്രദീപ് കുമാർ, ഡയറക്ടർ ഓഫ് പ്ലാനിംഗ്, കേരള കാർഷിക സർവ്വകലാശാല

20. ഡോ. എൻ. അശോക്, ഡയറക്ടർ ഓഫ് അക്കാദമിക് ആന്റ് റിസർച്ച്, കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി

21. ഡോ. പി. ഇന്ദിരാദേവി, ഡയറക്ടർ (റിസർച്ച്), കേരള കാർഷിക സർവ്വകലാശാല

22. ഡോ. ജിജു പി. അലക്സ്, ഡയറക്ടർ ഓഫ് എക്സ്റ്റൻഷൻ, കേരള കാർഷിക സർവ്വകലാശാല

23. ശ്രീ. പി. എച്ച്. അഷറഫ്, മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ

24. ഡോ. ജോസ് ജെയിംസ്, മാനേജിംഗ് ഡയറക്ടർ, കേരള കന്നുകാലി വികസന ബോർഡ്

25. ഡോ. വിനോദ് ജോൺ, മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ

26. ഡോ. ബി. ശ്രീകുമാർ, മാനേജിംഗ് ഡയറക്ടർ, കേരള ഫീഡ്സ് ലിമിറ്റഡ്

601/2020.

27. ഡോ. കെ.സി. അനിൽ കുമാർ, സയന്റിസ്റ്റ്, കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രം

28. ശ്രീ. വി. ബാബു, സ്റ്റേറ്റ് അഗ്രിക്കൾച്ചർ എഞ്ചിനീയർ (ഇൻ-ചാർജ്) ഡയറക്ടറേറ്റ് ഓഫ് അഗ്രിക്കൾച്ചർ ഡെവലപ്മെന്റ് & ഫാർമേഴ്സ് വെൽഫെയർ.

29. ശ്രീ. സുധീർ എൻ.എ., മാനേജർ (പ്രോജക്ട്സ്), കേരള ഫീഡ്സ് ലിമിറ്റഡ്

30. ശ്രീ. എസ്. എസ്. സുജിത്ത്, ലെയ്സൺ ഓഫീസർ, കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ

31. ശ്രീമതി ശ്രീജ ബി, ഫിനാൻസ് മാനേജർ, കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ

സമിതി, വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള ഫയൽ എന്നിവ പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. ചർച്ചയുടെ ചുരുക്കം ചുവടെ ചേർക്കുന്നു.

1. <u>ഉപജീവന മാർഗ്ഗമെന്ന നിലയിൽ മൃഗസംരക്ഷണം - സർക്കാർ പദ്ധതികൾ - എന്ന വിഷയം സംബന്ധിച്ച റിപ്പോർട്ട് - [ചട്ടം 235(എ) പ്രകാരമുള്ളത്]</u>

(ഫയൽ 3467/സബ്.സി.സി2/2013/നി.സെ.)

സമിതിയുടെ ചട്ടം 235 (എ) പ്രകാരമുള്ള 'ഉപജീവന മാർഗ്ഗമെന്ന നിലയിൽ മൃഗസംരക്ഷണം-സർക്കാർ പദ്ധതികൾ' എന്ന വിഷയം സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ടിലെ മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 16-ലെ മറുപടി സ്റ്റേറ്റ്മെന്റ് പരിഗണിക്കവേ രോഗപ്രതിരോധശേഷിയുള്ള സ്പീഷീസിനെ ഉല്പാദിപ്പിക്കുന്നതിന് പ്രാധാന്യം നല്കണമെന്നായിരുന്നു സമിതി ശിപാർശയെന്ന് സൂചിപ്പിച്ച കേരള കന്നുകാലി വികസന ബോർഡ് മാനേജിംഗ് ഡയറക്ടർ, അത്തരം സ്പീഷീസിനെ ഉല്പാദിപ്പിക്കുന്നതിനു വേണ്ടിയുള്ള പ്രജനന നയം ഗവൺമെന്റ് തലത്തിൽ ചർച്ച ചെയ്തിട്ടുണ്ടെന്നും ആയതു പ്രകാരമുള്ള സർക്കാർ ഉത്തരവ് ഒക്ടോബറിൽ പുറത്തിറക്കിയെന്നും, വെറ്ററിനറി സർവ്വകലാശാലയുമായി ചേർന്ന് രോഗപ്രതിരോധ ശേഷിയുള്ള സ്പീഷീസ് തെരഞ്ഞെടുക്കുമ്പോൾ ഏതെല്ലാം രോഗങ്ങൾക്ക് മുൻഗണന നല്കണമെന്ന് ചർച്ച ചെയ്യുകയും സർവ്വകലാശാലയുടെ റിസർച്ച് പ്രയോറിറ്റിയിൽ അവ ഉൾപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ടെന്ന് സമിതിയെ അറിയിച്ചു.

നാടൻ പശുക്കളുടെ ഗുണമേന്മ നിലനിർത്തുന്നതിനുവേണ്ടി സർക്കാർ ബ്രീഡിംഗ് പോളിസി പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും കന്നുകാലികളുടെ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനായി ഇതര സംസ്ഥാനങ്ങളിലെ വിവിധ ഏജൻസികളിൽ നിന്നുള്ള സങ്കരവർഗ്ഗങ്ങൾ, NDDB, ആന്ധ്രാപ്രദേശിലെ എക്സ്പോർട്ട് ഡെവലപ്മെന്റ് ഏജൻസികൾ എന്നിവ വഴി ലഭ്യമായിട്ടുള്ള നൂറിലധികം വിത്തുകാളകളെ ബ്രീഡിംഗ് പ്രോഗ്രാമിൽ ഉപയോഗിക്കുന്നുണ്ടെന്നും നാടൻ പശുക്കളെ വളർത്തുന്നതിന് ഗവൺമെന്റ് തലത്തിൽ പ്രോത്സാഹനം നല്കുന്നുണ്ടെന്നും കഴിഞ്ഞ മൂന്നുവർഷമായി ഏതാണ്ട് 880 കർഷകർക്ക് ഇതിനായി സാമ്പത്തിക സഹായം നൽകിയിട്ടുണ്ടെന്നും കൂടാതെ എല്ലാ മൃഗാശുപത്രികളിലും വെച്ചൂർ പശുവിന്റെയും കാസർഗോഡ് കുള്ളന്റെയും സെമൻ ലഭ്യമാക്കിയിട്ടുണ്ടെന്നും എം.ഡി. വിശദീകരിച്ചു.

പശുക്കുട്ടികളെ ഉല്പാദിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പ് സ്വീകരിച്ച നടപടികളെക്കുറിച്ചുള്ള സമിതിയുടെ അന്വേഷണത്തിന്, എംബ്രിയോ ട്രാൻസ്ഫർ മുഖേന കൂടുതൽ വെച്ചൂർ പശുക്കുട്ടികളെ കർഷകർക്ക് നല്കുന്ന പ്രോജക്ട് മാറ്റപ്പെട്ടിയിലും ഡിസംബർ മാസത്തോടുകൂടി മെച്ചപ്പെട്ട പശുക്കുട്ടികളെ വാങ്ങി നല്കുന്നതിനുള്ള പ്രോജക്ട് കായംകുളത്തും നടപ്പിലാക്കുന്നതായി എം.ഡി. സമിതിയെ അറിയിച്ചു.

പെരിയാർവാലി എന്ന ഇനത്തിൽപ്പെട്ട പശുക്കളെക്കുറിച്ചുള്ള സമിതിയുടെ അന്വേഷണത്തിന്, കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ കാണപ്പെടുന്ന പശുക്കളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനും തനത് ജനസ്സുകളെ നിലനിർത്തി അവയെ സംരക്ഷിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമായി ജൂലൈ മാസത്തിൽ ഒരു വർക്ക്ഷോപ്പ് ആസൂത്രണം ചെയ്യുന്നുണ്ടെന്നും കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി ഡയറക്ടർ ഓഫ് അക്കാദമിക് ആന്റ് റിസർച്ച് സമിതിയെ അറിയിച്ചു തുടർന്ന് ഖണ്ഡിക 16-ലെ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു

വെറ്ററിനറി കോളേജ് ഇല്ലാത്ത പ്രദേശങ്ങളിൽ പ്രാതിനിധ്യ സ്വഭാവവും ആവശ്യകതയും മുൻനിർത്തി വെറ്ററിനറി കോളേജ് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന ഖണ്ഡിക 41-ലെ മറുപടി സ്റ്റേറ്റ്മെന്റ് പരിഗണിച്ച സമിതി, വെറ്ററിനറി കോളേജിന് എത്ര സ്ഥലം വേണ്ടിവരുമെന്നും ആയത് ആരംഭിക്കുന്നതിനുള്ള കാലതാമസമെന്തെന്നും നിലവിലെ സർവ്വകലാശാലയിൽ ക്ലിനിക്കൽ സംവിധാനം കൂടി ലഭ്യമായാൽ എത്ര പേരെ ഉൾപ്പെടുത്താൻ സാധിക്കുമെന്നും അന്വേഷിച്ചു

പാലക്കാട് ജില്ലയിലെ മണ്ണാർകാട് തിരുവാഴംകുന്നത്ത് സർവ്വകലാശാലയ്ക്ക് 400 ഏക്കർ സ്ഥലം ഉണ്ടെന്നും അവിടെ ലൈവ് സ്റ്റോക്ക് റിസർച്ച് സ്റ്റേഷനും പൗൾട്രി കോളേജും സ്ഥിതി ചെയ്യുന്നുണ്ടെന്നും അവിടെ പുതുതായി വെറ്ററിനറി കോളേജ് ആരംഭിക്കാൻ സ്ഥലം ഉണ്ടെന്നും കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളുമാണ് വേണ്ടതെന്നും അതിനായി 90 കോടി രൂപയുടെ മൂലധനവും കോളേജിലേയ്ക്ക് 20 സ്റ്റാറ്റ്യൂട്ടറി ഡിപ്പാർട്ട്മെന്റുകൾ വേണ്ടിവരുമെന്നതിനാൽ പോസ്റ്റ് ക്രിയേഷനും ആവശ്യമായി വരുമെന്നും ഡയറക്ടർ സമിതിയെ അറിയിച്ചു. സർവ്വകലാശാല 2011-ൽ ആരംഭിച്ചപ്പോൾ 78 വിദ്യാർത്ഥികൾ ഉണ്ടായിരുന്നുവെന്നും വിദ്യാർത്ഥികളുടെ എണ്ണം 140 ആയി വർദ്ധിച്ചപ്പോഴാണ് അടിസ്ഥാന സൗകര്യമില്ല എന്ന കാരണം കാണിച്ചു കൊണ്ട് വിദ്യാർത്ഥികൾ കേസ് ഫയൽ ചെയ്തതെന്നും ബഹു. ഹൈക്കോടതിയുടെയും വെറ്ററിനറി കൗൺസിലിന്റെയും നിർദ്ദേശപ്രകാരം സീറ്റിന്റെ എണ്ണം 80 ആയി നിജപ്പെടുത്തിയിരിക്കുകയാണെന്നും 2019 ജനുവരി 5-ാം തീയതി വെറ്ററിനറി കൗൺസിൽ നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ, അവരുടെ നിർദ്ദേശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് കത്തുകൾ അയച്ചിട്ടുണ്ടെന്നും ഡയറക്ടർ വ്യക്തമാക്കി.

ഈ അധ്യയന വർഷത്തെ പ്രവേശനത്തിനായി 80 സീറ്റിലെ നോട്ടിഫിക്കേഷനാണ് നല്കിയിട്ടുള്ളതെന്നും കൗൺസിലിൽ നിന്നുള്ള നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് 80 സീറ്റിൽ വ്യത്യാസം വരാമെന്ന നിബന്ധന കൂടി വിജ്ഞാപനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നും ഡയറക്ടർ സമിതിയെ ധരിപ്പിച്ചു. തുടർന്ന്, നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

2. <u>2016-17-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്</u>

(ഫയൽ നമ്പർ 4803/സബ്.സി.സി2/2016/നി.സെ.)

കേരള കാർഷിക സർവ്വകലാശാല വിഭജിച്ചപ്പോൾ ഓപ്ഷൻ മുഖേന വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റിയിലേയ്ക്ക് ജോലിയിൽ പ്രവേശിച്ച അദ്ധ്യാപകരുടെയും ജീവനക്കാരുടെയും പ്രൊവിഡന്റ് ഫണ്ട് തുക ലഭ്യമാക്കാത്തത് സംബന്ധിച്ച ഖണ്ഡിക 30, 31, 32 എന്നിവയിലെ ശിപാർശയിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ് പരിഗണിച്ച സമിതി, നാളിതുവരെ തുക അനുവദിക്കാത്തതിന് കാരണമെന്തെന്ന് അന്വേഷിച്ചു.

കേരള കാർഷിക സർവ്വകലാശാലയുടെ വിഭജന സമയത്ത് 77 കോടി രൂപ വരേണ്ടിയിരുന്ന പി.എഫ്. നിക്ഷേപം ക്രമേണ സമ്പാദ്യ ഇനത്തിൽ വന്ന കുറവുമൂലം 66 ലക്ഷം രൂപയായി കുറഞ്ഞിരിക്കുകയാണെന്നും 2019 മാർച്ച് 31 വരെ 113.6 കോടി രൂപ പി. എഫ്. അക്കൗണ്ടിൽ വരേണ്ട സ്ഥലത്ത് വളരെ ചെറിയ തുക മാത്രമാണ് വന്നിട്ടുള്ളതെന്നും ആയതിനാൽ ജീവനക്കാരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നല്കുന്നതിന് സർവ്വകലാശാല സാമ്പത്തികമായി ബുദ്ധിമുട്ടുകയാണെന്നും സമിതിയെ അറിയിച്ചു.

മൂന്ന് യൂണിവേഴ്സിറ്റികൾക്കുമായി 30 കോടി രൂപ വീതിച്ചുകൊടുക്കണമെന്ന സമിതിയുടെ ശിപാർശയിന്മേൽ എന്തുനടപടിയാണ് സ്വീകരിച്ചതെന്ന് സമിതി ആരാഞ്ഞതിന് കേരള കാർഷിക സർവ്വകലാശാലയുടെ നോൺ പ്ലാൻ ഗ്രാന്റിൽ നിന്ന് 2.31 കോടി രൂപ ഫിഷറീസ് യൂണിവേഴ്സിറ്റിക്ക് നൽകുകയാണുണ്ടായതെന്ന് കേരള കാർഷിക സർവ്വകലാശാല ഡയറക്ടർ ഓഫ് പ്ലാനിംഗ് സമിതിയെ അറിയിച്ചു.

ജീവനക്കാരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നിഷേധിക്കുന്നത് മനുഷ്യാവകാശ ലംഘനമാണെന്ന് വിലയിരുത്തിയ സമിതി, ഇതുസംബന്ധിച്ച് വെറ്ററിനറി സർവ്വകലാശാലയുമായും കേരള കാർഷിക സർവ്വകലാശാലയുമായും ചർച്ച നടത്തി ഇരുസ്ഥാപനങ്ങൾക്കും സ്വീകാര്യമായ ഒരു ഒത്തുതീർപ്പിലെത്തിക്കാൻ കാർഷികോത്പാദന കമ്മീഷണർക്ക് നിർദ്ദേശം നല്കി. തുടർന്ന് നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

(ഖണ്ഡിക 52)

കേരള ഫീഡ്സിന്റെ കാലിത്തീറ്റ ഉല്പാദനശേഷിയെ കുറിച്ച് അന്വേഷിച്ച സമിതിയ്ക്ക്, കാലിത്തീറ്റ ഉല്പാദനവുമായി ബന്ധപ്പെട്ട് കേരള ഫീഡ്സിന് ഗവൺമെന്റിൽ നിന്നും സബ്സിഡിയോ ഗ്രാന്റോ ലഭിക്കുന്നില്ല എന്നും അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിനുള്ള തുക കേരള ഫീഡ്സിന്റെ ഫണ്ടിൽ നിന്നാണ് കണ്ടെത്തുന്നതെന്നും ദിവസം 1250 ടൺ കാലിത്തീറ്റ ഉല്പാദിപ്പിക്കാൻ സാധിക്കുന്ന ഫാക്ടറി പ്രവർത്തിക്കുന്നുണ്ടെന്നും മിൽമയ്ക്ക് കാലിത്തീറ്റ നല്കുന്നതുസംബന്ധിച്ച ചർച്ച നടന്നുകൊണ്ടിരിക്കുകയാണെന്നും കേരള ഫീഡ്സ്, മാനേജിംഗ് ഡയറക്ടർ മറുപടി നൽകി.

കേരളത്തിലെ കന്നുകാലികൾക്ക് ആവശ്യമായ കാലിത്തീറ്റ പൊതുമേഖലയിൽ ഉല്പാദിപ്പിക്കുന്നില്ലെന്നും കേരള ഫീഡ്സും മിൽമയും പൊതുമേഖലാ സ്ഥാപനങ്ങളായതുകൊണ്ട്

വിപണിയിൽ അസംസ്കൃത വസ്തുക്കൾക്കുണ്ടാകുന്ന വില വർദ്ധനവിനനുസരിച്ച് വില വർദ്ധിപ്പിക്കാൻ സാധിക്കുകയില്ലായെന്ന് നിരീക്ഷിച്ച സമിതി, കേരള ഫീഡ്സിന്, ബഡ്ജറ്റിൽ ഉൾപ്പെടുത്തിക്കൊണ്ട് ഫണ്ട് അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ച തുടർന്ന് നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 45 മുതൽ 50 വരെയും 53 മുതൽ 65 വരെയുമുള്ള ഖണ്ഡികകളിലെ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു

3. കൃഷി, മണ്ണുപര്യവേഷണ സംരക്ഷണം എന്നീ വകുപ്പുകളുടെ 2011-12-ലെ വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള സംക്ഷേപം [ചട്ടം 235(എ) പ്രകാരമുള്ളത്]

(ഫയൽ നമ്പർ 6264/സബ്.സി.സി2/2012/നി.സെ.)

കൃഷി വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക നമ്പർ 8-ലെ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

4. നെല്ല് വികസനം, ജൈവ പച്ചക്കറി കൃഷി, ഹൈടെക് അഗ്രിക്കൾച്ചർ, സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ, വിള ആരോഗ്യ പരിപാലനം, നിറവ്, കാർഷിക വികസനത്തിനുള്ള സമഗ്ര പദ്ധതി സംബന്ധിച്ച് - [ചട്ടം 235(എ) പ്രകാരമുള്ള റിപ്പോർട്ട്]

(ഫയൽ നമ്പർ 1069/സബ്.സി.സി2/2016/നി.സെ.)

കൃഷി വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക നമ്പർ 8-ലെ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

5. 2015-16-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 4699/സബ്.സി.സി2/2015/നി.സെ.)

മത്സ്യബന്ധന തുറമുഖ വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക നമ്പർ 100 മുതൽ 108 വരെയുള്ള ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു

6. 2017-18-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 2076/സബ്.സി.സി2/2017/നിസെ.)

കൃഷി വകപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക നമ്പർ 13, 14, 16, 18, 19, 20, 24, 25, മത്സ്യബന്ധന തുറമുഖ വകപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക നമ്പർ 60, 69, 70, 76, 77, 78 എന്നിവയിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു

7. 2018-19-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 2294/സബ്.സി.സി2/2018/നി.സെ.)

മലബാർ മാർക്കറ്റ് കമ്മിറ്റിയ്ക്കുള്ള സഹായം സംബന്ധിച്ച് കളക്ടറുടെ സാന്നിധ്യത്തിൽ ഒരു ചർച്ച നടത്തിയിരുന്നുവെന്ന് നിരീക്ഷിച്ച സമിതി ആയത് സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു. തുടർന്ന് കൃഷി വകപ്പുമായി ബന്ധപ്പെട്ട 1, 2, 5, 6, 9, 10, 13, 14, 15, 16, 17, 21, 31 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു

ആസൂത്രണ സാമ്പത്തികകാര്യ വകപ്പിൽ നിന്നുള്ള ഖണ്ഡിക നമ്പർ 20-ലെ നടപടി സ്റ്റേറ്റ്മെന്റ് പരിഗണിക്കവേ കെ.എസ്.ആർ.ഇ.സി.യ്ക്കായി ഈ വർഷത്തെ ബഡ്ജറ്റിൽ 27.04 ലക്ഷം രൂപ അധികമായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും അനുവദിച്ച തുക വിനിയോഗിച്ചതിനുശേഷം അധിക തുകയ്ക്കുള്ള നിർദ്ദേശം സമർപ്പിക്കാനാണ് വകപ്പിൽ നിന്നും അറിയിച്ചതെന്നും ഗഡുക്കളായാണ് തുക ലഭിച്ചതെന്നും മൂന്നാം ഗഡു ലഭിക്കാൻ കാലതാമസമെടുക്കുന്നുവെന്നും കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രം ഡയറക്ടർ സമിതിയെ അറിയിച്ചു. തുടർന്ന് സമിതി മറുപടി സ്റ്റേറ്റ്മെന്റ് അംഗീകരിക്കുകയും അധിക തുകയ്ക്കുള്ള നിർദ്ദേശം അടുത്ത ധനാഭ്യർത്ഥനയ്ക്കുള്ള പ്രൊപ്പോസലിൽ ഉൾപ്പെടുത്താൻ നിർദ്ദേശിക്കുകയും ചെയ്തു.

തുടർന്ന്, സമിതി ചുവടെ ചേർത്തിരിക്കുന്ന വകപ്പുകളിൽ നിന്നുള്ള നടപടി സ്റ്റേറ്റ്മെന്റ് അംഗീകരിച്ചു.

| വകുപ്പ് | ഖണ്ഡിക |
|---|---|
| ആസൂത്രണ സാമ്പത്തികകാര്യം | 22 |
| ധനകാര്യം | 29 |
| മൃഗസംരക്ഷണം | 32 മുതൽ 39 വരെ |
| മത്സ്യബന്ധനം | 64, 71, 72, 77, 78, 82, 83, 85, 86, 88, 90 |

ക്ഷീരവികസന വകുപ്പിൽ നിന്നുള്ള നടപടി സ്റ്റേറ്റ്മെന്റ് പരിഗണിക്കവേ, വകുപ്പിന്റെ പ്രോജക്ട് ഇനത്തിൽ 66.23 കോടി രൂപയും മറ്റ് ഇതര ഇനത്തിൽ 3 കോടി രൂപയും ആവശ്യപ്പെട്ടിരുന്നുവെങ്കിലും ക്ഷീര കർഷക ക്ഷേമനിധി പെൻഷനുവേണ്ടി മാത്രം 30.49 കോടി രൂപ അനുവദിച്ചുവെന്നും ക്ഷേമ പെൻഷനും കാലിത്തീറ്റയ്ക്കുമായി യഥാക്രമം 115 കോടി രൂപയും 46 കോടി രൂപയും ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചിട്ടില്ലെന്നും ക്ഷീര വികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. തുടർന്ന് അധികമാവശ്യമുള്ള തുകയ്ക്കായി അടുത്ത ധനാഭ്യർത്ഥനകളിൽ പ്രൊപ്പോസൽ സമർപ്പിക്കാൻ സമിതി നിർദ്ദേശം നൽകി. തുടർന്ന് ഖണ്ഡിക 47 മുതൽ 62 വരെയുള്ള ശിപാർശകളിലെ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

## II. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഫയൽ

<u>2010-ലെ കേരള ഫിഷറീസും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാലയുടെ പ്രഥമ സ്റ്റാറ്റ്യൂട്ടിന്മേൽ സമിതി നിർദ്ദേശിച്ച ഭേദഗതികൾ ഉൾപ്പെടുത്തിയ ചട്ടങ്ങൾ ലഭ്യമാകാത്തതു സംബന്ധിച്ച്</u>

(ഫയൽ നമ്പർ 34/സബ്.സി.സി2/2014/നി.സെ.)

2014-ൽ സമിതി പരിഗണിച്ച് അംഗീകരിച്ച പ്രസ്തുത സ്റ്റാറ്റ്യൂട്ടിൻമേലുള്ള ചട്ടങ്ങൾ അഞ്ച് വർഷമായിട്ടും ലഭ്യമാക്കാത്തതിന്റെ കാരണം അന്വേഷിച്ച സമിതിയ്ക്ക്, ചട്ടങ്ങളുടെ രൂപീകരണം അന്തിമഘട്ടത്തിലാണെന്നും ആയത് ഒരു മാസത്തിനുള്ളിൽ സമിതിയുടെ പരിഗണനയ്ക്കായി ലഭ്യമാക്കാമെന്നും ഫിഷറീസ് വകുപ്പ് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു.

യോഗം വൈകുന്നേരം 4.30-ന് അവസാനിച്ചു.

## 27-6-2019-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-I, 2019 ജൂൺ മാസം 27-ാം തീയതി വ്യാഴാഴ്ച സഭ പിരിഞ്ഞതിനുശേഷം വൈകുന്നേരം 4.45-ന് നിയമസഭാ സമുച്ചയത്തിലെ '4 ബി' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. കൃഷി വകുപ്പുമന്ത്രിയുമായ ശ്രീ. വി.എസ്. സുനിൽ കുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജു, ബഹു. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ എന്നിവരും താഴെപ്പറയുന്ന സമിതി അംഗങ്ങളും ഹാജരായിരുന്നു:

ഹാജരായ അംഗങ്ങൾ :

1. ശ്രീ. കെ. കുഞ്ഞിരാമൻ, എം.എൽ.എ.
2. ശ്രീ. എം. നൗഷാദ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി
2. ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ദേവേന്ദ്രകുമാർ സിംഗ്, പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്/ കാർഷികോത്പാദന കമ്മീഷണർ
2. ഡോ. രത്തൻ യു. ഖേൽക്കർ, സ്പെഷ്യൽ സെക്രട്ടറി, കൃഷി വകുപ്പ്
3. ശ്രീ. എസ്. സാബിർ ഹുസൈൻ, അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ്
4. ശ്രീ. ആന്റണി ഓസ്റ്റിൻ, അഡീഷണൽ ഡയറക്ടർ (ഇൻ-ചാർജ്) മണ്ണ് പര്യവേഷണവും സംരക്ഷണവും വകുപ്പ്
5. ശ്രീമതി ബി. ബീന നടേശ്, അഡീഷണൽ ഡയറക്ടർ, കൃഷി വകുപ്പ്
6. ശ്രീമതി സക്കീനത്ത്, അഡീഷണൽ ഡയറക്ടർ, കൃഷി വകുപ്പ്
7. ശ്രീ. സുനിൽകുമാർ എ. എം., അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്), കൃഷി വകുപ്പ്

8. ശ്രീ. കെ. കെ. സതീഷ്കുമാർ, അഡീഷണൽ ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്

9. ശ്രീമതി ഗിരിജകുമാരി, ജോയിന്റ് സെക്രട്ടറി, മത്സ്യബന്ധനവും തുറമുഖവും വകുപ്പ്

10. ശ്രീമതി ഷീല പി., ജോയിന്റ് സെക്രട്ടറി, കൃഷി വകുപ്പ്

11. ശ്രീ. അനിൽകുമാർ സി., ഡെപ്യൂട്ടി സെക്രട്ടറി, കൃഷി വകുപ്പ്

12. ശ്രീ. എസ്. സന്തോഷ്കുമാർ, ഡെപ്യൂട്ടി ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്

13. ശ്രീ. ജയചന്ദ്രൻ. പി. ജെ., ഡെപ്യൂട്ടി ഡയറക്ടർ (പ്ലാനിംഗ്), കൃഷി വകുപ്പ്

14. ഡോ. എ. എസ്. ബിജുലാൽ, മാനേജിംഗ് ഡയറക്ടർ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ ലിമിറ്റഡ്

15. ഡോ. ജോസ് ജയിംസ്, മാനേജിംഗ് ഡയറക്ടർ, കേരള കന്നുകാലി വികസന ബോർഡ്

16. ഡോ. വിനോദ് ജോൺ, മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷൻ

17. ഡോ. ബി. ശ്രീകുമാർ, മാനേജിംഗ് ഡയറക്ടർ, കേരള ഫീഡ്സ് ലിമിറ്റഡ്

18. ശ്രീ. ഷാന്റി ജോസഫ്. പി., ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

19. ശ്രീമതി പ്രിയ വി.പി., അസിസ്റ്റന്റ് ഡയറക്ടർ, മണ്ണ് പര്യവേഷണവും സംരക്ഷണവും വകുപ്പ്

20. ശ്രീമതി ദീപ എസ്., അസിസ്റ്റന്റ് ഡയറക്ടർ, മണ്ണ് പര്യവേഷണവും സംരക്ഷണവും വകുപ്പ്

21. ശ്രീ. വി. ബാബു, സ്റ്റേറ്റ് അഗ്രിക്കൾച്ചർ എഞ്ചിനീയർ (ഇൻ-ചാർജ്), ഡയറക്ടറേറ്റ് ഓഫ് അഗ്രിക്കൾച്ചർ ഡെവലപ്പ്മെന്റ് & ഫാർമേഴ്സ് വെൽഫയർ

22. ശ്രീ. കെ. ബി. മനോഹരൻ, സീനിയർ ഫിനാൻസ് ഓഫീസർ, ഫിഷറീസ് വകുപ്പ്

23. ശ്രീ. സുധീർ എൻ.എ., മാനേജർ (പ്രോജക്ട്സ്), കേരള ഫീഡ്സ് ലിമിറ്റഡ്

24. ഡോ. ഷിബു കെ ജേക്കബ്, കോ-ഓർഡിനേറ്റർ, കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി

25. ശ്രീമതി ശ്രീകല എം., ഫിനാൻസ് മാനേജർ, കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി

26. ശ്രീ. റ്റി. രാധാകൃഷ്ണൻ പിള്ള, ഫിനാൻസ് ഓഫീസർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

27. ശ്രീ. എസ്.എസ്. സുജിത്ത്, ലെയ്സൺ ഓഫീസർ, കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ.

സമിതി, 2015-16, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിൻമേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ, 2018-19-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു:

**1. 2018-19-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്**

(ഫയൽ നമ്പർ 2294/സബ്.സി.സി2/2018/നി.സെ.)

മത്സ്യബന്ധന വകുപ്പുമായി ബന്ധപ്പെട്ട ചുവടെ ചേർത്തിരിക്കുന്ന ഖണ്ഡികകളിലെ ശിപാർശകൾ സംബന്ധിച്ച റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡിക നമ്പർ : 63, 65

പ്രസ്തുത ഖണ്ഡികകളിലെ ശിപാർശകൾ സംബന്ധിച്ച റീ-അപ്രോപ്രിയേഷൻ പ്രൊപ്പോസലുകൾ ധനകാര്യവകുപ്പ് നിരസിച്ചുവെന്ന് മത്സ്യബന്ധന തുറമുഖ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ഖണ്ഡിക : 66

പ്രസ്തുത ഖണ്ഡികയിലെ നടപടി സ്റ്റേറ്റ്മെന്റിൽ പ്രതിപാദിക്കുന്ന Fish Migrating Pathway ഒരുക്കുന്നതിനായുള്ള പ്രൊപ്പോസൽ മറൈൻ ഫിഷറീസ് എന്ന പദ്ധതിയുടെ

ഭാഗമല്ലെന്ന കാരണത്താൽ ധനകാര്യവകുപ്പ് നിരസിച്ചതിനെ ഗൗരവകരമായി വീക്ഷിച്ച സമിതി അഴിമുഖത്ത് മണ്ണ് കൂടി കിടന്നാൽ സഞ്ചാര തടസ്സമുണ്ടാകുമെന്നതിനാൽ, അത് നീക്കം ചെയ്യുന്ന പദ്ധതിയ്ക്കായി ഉള്ള പ്രൊപ്പോസൽ അടിസ്ഥാനരഹിതമായ കാരണങ്ങൾ നിരത്തി നിരസിക്കുകയും അപ്രകാരം ഒരു വർഷം നഷ്ടപ്പെടുത്തുകയും ചെയ്തതിലുള്ള ആശങ്കയും അതൃപ്തിയും പ്രകടിപ്പിക്കുകയും ഇപ്രകാരമുള്ള ധനകാര്യവകുപ്പിന്റെ സമീപനം തിരുത്തണമെന്ന് ശിപാർശ ചെയ്യുകയും ചെയ്തു.

ഖണ്ഡിക : 67

2018-19 സാമ്പത്തിക വർഷത്തിലേയ്ക്ക് മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ വിതരണത്തിന്റെ സബ്സിഡിയ്ക്കായി 10 കോടി രൂപ എസ്.ഡി.ജി. മുഖാന്തരം അനുവദിച്ചിട്ടുണ്ടെന്ന് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു

ഖണ്ഡിക : 68

മത്സ്യത്തൊഴിലാളികൾക്കുള്ള ഉത്പാദന ബോണസ് പദ്ധതിയ്ക്കായി 193.16 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്ന് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു

ഖണ്ഡിക : 69

എൻ.സി.ഡി.സി. ധനസഹായത്തിനായി 16.33 കോടി രൂപ എസ്.ഡി.ജി. മുഖാന്തരം അനുവദിച്ചിട്ടുണ്ടെന്ന് ഉദ്യോസ്ഥർ സമിതിയെ അറിയിച്ചു

ഖണ്ഡിക : 70

പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക പദ്ധതിയ്ക്ക് പര്യാപ്തമാകുമെന്നതിനാൽ അധികം തുക ആവശ്യമില്ല എന്ന് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

ഖണ്ഡിക : 74

മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതിയ്ക്ക് എസ്.ഡി.ജി.യായി 30,23,16,000 രൂപയും അഡീഷണൽ ഓതറൈസേഷനായി 48,09,000 രൂപയും അനുവദിച്ചിട്ടുണ്ടെന്ന് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു

ഖണ്ഡിക : 75

പ്രസ്തുത ശീർഷകത്തിൽ എസ്.ഡി.ജി.യായി 10 കോടി രൂപയും അഡീഷണൽ ഓതറൈസേഷനായി 5,95,15,000 രൂപയും അനുവദിച്ചിട്ടുണ്ടെന്ന് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

ഖണ്ഡിക : 76

കഫോസിന് പെൻഷൻ ആനുകൂല്യങ്ങളും പ്രോവിഡന്റ് ഫണ്ടും കൊടുത്തുതീർക്കുന്നതിനായി 7,61,67,000 രൂപ അനുവദിച്ചിട്ടുണ്ടെന്ന് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

ഖണ്ഡിക : 79

പ്രസ്തുത ശീർഷകത്തിൽ അധികമായി തുക ആവശ്യപ്പെട്ടുകൊണ്ട് പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും തുക അനുവദിച്ചിട്ടില്ലായെന്ന് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു

ഖണ്ഡിക : 80, 81, 84

ചേറ്റുവ, ചെറുവത്തൂർ, കൊയിലാണ്ടി എന്നീ സബ് ഡിവിഷൻ കാര്യാലയങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി സമർപ്പിച്ച പ്രൊപ്പോസൽ അംഗീകരിച്ചില്ലെങ്കിലും പ്രോജക്ട് ഹെഡിൽ യഥാക്രമം 50 ലക്ഷം, 50 ലക്ഷം, 68.57 ലക്ഷം എന്നിങ്ങനെ തുക അനുവദിച്ചുവെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു

ഖണ്ഡിക : 87

പ്രസ്തുത ശീർഷകത്തിൽ അധികതുക ആവശ്യമായി വന്നില്ലായെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു.

ഖണ്ഡിക : 91

പ്രസ്തുത പദ്ധതി ദുരന്ത നിവാരണ അതോറിറ്റി മുഖാന്തരം നടപ്പാക്കുന്നതിനാൽ തുടർ നടപടി സ്വീകരിച്ചിട്ടില്ലായെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു

തുടർന്ന് വകുപ്പിലെ മറുപടി നൽകാൻ ശേഷിക്കുന്ന 73,89 എന്നീ ഖണ്ഡികകളിലെ നടപടി സ്റ്റേറ്റ്മെന്റുകൾ രണ്ട് ദിവസത്തിനുള്ളിൽ ലഭ്യമാക്കാമെന്ന് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

കൃഷി വകുപ്പുമായി ബന്ധപ്പെട്ട 3, 4, 7, 11, 12, 18, 19, 26, 27, 28, 30 എന്നീ ഖണ്ഡികകളിലെ അധികതുക ലഭ്യമായിട്ടില്ല എന്ന നടപടി സ്റ്റേറ്റ്മെന്റ് പരിഗണിച്ച സമിതി, അടുത്ത സാമ്പത്തിക വർഷം അധിക തുകയ്ക്കുള്ള പ്രൊപ്പോസലിൽ വീണ്ടും ആവശ്യപ്പെടണമെന്ന നിർദ്ദേശത്തോടെ അംഗീകരിച്ചു

ഖണ്ഡിക 25-ലെ നടപടി സ്റ്റേറ്റ്മെന്റ് പരിഗണിച്ച സമിതി, "ജലാശയങ്ങളുടെയും നീരുറവകളുടെയും പുനരുജ്ജീവനം" എന്ന പുതിയ പദ്ധതിക്കായി ആദ്യമായി അനുവദിച്ച തുക ചെലവഴിക്കാൻ കാലതാമസം നേരിട്ടതിന്റെ കാരണം അന്വേഷിച്ചു പ്രതികൂലമായ

കാലാവസ്ഥയും പ്രളയവുംമൂലം ടെണ്ടർ ക്ഷണിക്കാൻ കാലതാമസം നേരിട്ടുവെന്നും പ്രളയത്തിനുശേഷം ടെണ്ടർ ക്ഷണിച്ചുവെങ്കിലും ഇലക്ഷൻ പ്രഖ്യാപിച്ചതിനാൽ തുടർ നടപടി ഉണ്ടായില്ലെന്നും ഉദ്യോഗസ്ഥർ മറുപടി നൽകി.

തൃശ്ശൂർ ജില്ലയിൽ രണ്ട് കുളങ്ങളുടെ പുനരുദ്ധാരണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള പദ്ധതികളുടെ എക്സ്പെൻഡിച്ചർ തയ്യാറാക്കിയിട്ടില്ലേ എന്നുള്ള സമിതിയുടെ അന്വേഷണത്തിന് 50 ലക്ഷം രൂപയുടെ പദ്ധതികൾ പ്ലാൻ ചെയ്തിരുന്നതിൽ തൃശ്ശൂർ ജില്ലയിലെ 25 ലക്ഷം രൂപ വീതമുള്ള രണ്ട് കുളങ്ങളുടെ പദ്ധതിയിൽ ഒരെണ്ണം ടെണ്ടർ വിളിച്ച് അവാർഡ് ചെയ്തുവെന്നും തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ രണ്ടാമത്തേതിന്റെ തുടർനടപടികൾ പൂർത്തിയാക്കാൻ സാധിച്ചില്ലായെന്നും പ്രവൃത്തി പൂർത്തീകരിച്ച് മെഷർമെന്റ് എടുത്തതിനു ശേഷമാണ് എക്സ്പെൻഡിച്ചർ കണക്കാക്കുന്നതെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. കൂടാതെ പെരുമാറ്റിയിലെ കൺസ്ട്രക്ഷനു വേണ്ടി മാറ്റി വച്ച 15 ലക്ഷം രൂപയിൽ 14.5 ലക്ഷം രൂപ ചെലവഴിച്ചുവെന്നും കാട്ടാക്കട നിയോജക മണ്ഡലത്തിലെ പ്രവർത്തികൾക്കായി മാറ്റിയ 10 ലക്ഷം രൂപയുടെ പദ്ധതികൾ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ പൂർത്തിയാക്കാൻ സാധിച്ചില്ലായെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

വളരെ പ്രാധാന്യമർഹിക്കുന്ന ഇത്തരം പദ്ധതികൾ പൂർത്തീകരിക്കാതെ ഫണ്ട് നഷ്ടപ്പെടുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കണമെന്ന സമിതി നിർദ്ദേശത്തിന്, ബെനിഫിഷ്യറി കമ്മിറ്റിയാണ് മുൻപ് പ്രവൃത്തികൾ ചെയ്തിരുന്നതെന്നും ജി.എസ്.ടി. നൽകേണ്ട സാഹചര്യം വന്നപ്പോൾ ബെനിഫിഷ്യറി കമ്മിറ്റി താല്പര്യമെടുത്തില്ലെന്നും തുടർന്ന് ടെണ്ടർ ചെയ്യണമെന്ന് ധനകാര്യ വകുപ്പ് നിർദ്ദേശം നൽകിയതു മൂലമാണ് നടപടികൾക്ക് കാലതാമസം നേരിട്ടതെന്നും മറ്റ് പദ്ധതികൾക്കും ഇപ്രകാരത്തിൽ സംഭവിച്ചിട്ടുണ്ടെന്നും കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന്, നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

ഖണ്ഡിക 26-ലെ നടപടി സ്റ്റേറ്റ്മെന്റ് പരിഗണിച്ച സമിതി, കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ കമ്പ്യൂട്ടർ വത്ക്കരണ പ്രവർത്തനങ്ങൾക്കായുള്ള അധിക തുക അനുവദിക്കാത്തതിനുള്ള കാരണം അന്വേഷിച്ചതിന്, ഫണ്ട് അനുവദിക്കുന്നതിനുള്ള ഉത്തരവായെങ്കിലും പ്രളയം സംഭവിച്ചതിനാൽ പദ്ധതി റദ്ദ് ചെയ്തുവെന്ന് സമിതിയെ അറിയിച്ചു. തുടർന്ന്, മറുപടി സമിതി അംഗീകരിച്ചു.

ഖണ്ഡിക 27-ലെ നടപടി സ്റ്റേറ്റ്മെന്റ് പരിഗണിച്ച സമിതിയോട് വെയർ ഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണുകളുടേയും കാർഷിക സമുച്ചയത്തിന്റേയും നിർമ്മാണത്തിനായി 1.8 കോടി രൂപ അധിക സഹായം ആവശ്യപ്പെട്ടിരുന്നുവെങ്കിലും

നബാർഡ് ലോൺ അനുവദിച്ചപ്പോഴേയ്ക്കും പ്രളയം മൂലം പദ്ധതി റദ്ദ ചെയ്യേണ്ടതായി വന്നുവെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു. തുടർന്ന് മറുപടി സമിതി അംഗീകരിച്ചു

ഖണ്ഡിക 28-ലെ നടപടി സ്റ്റേറ്റ്മെന്റ് പരിഗണിച്ച സമിതിയോട്, വെയർ ഹൗസിംഗ് കോർപ്പറേഷൻ പദ്ധതിയിട്ടിരുന്ന ഗോഡൗണുകളുടെ പൂർത്തീകരണത്തിനായും കാസർഗോഡിലെ പടന്നക്കാട് ഗോഡൗണിന്റേയും പൂർത്തീകരണത്തിനായും ആവശ്യപ്പെട്ട 2.1 കോടി രൂപ ലഭ്യമായില്ലെന്നും പദ്ധതി മാച്ചിംഗ് ഷെയർ ആയിരുന്നതിനാൽ, സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷനിൽ നിന്നും ഷെയർ ലഭിച്ചതിനുശേഷം സംസ്ഥാന ഫണ്ട് അനുവദിച്ചാൽ മതിയെന്ന് ധനകാര്യവകുപ്പ് നിർദ്ദേശിച്ചുവെന്നും അക്കൗണ്ടുകളിൽ പരിശോധന പൂർത്തിയാകാത്ത തിനാൽ കേന്ദ്രത്തിൽനിന്നും ഷെയർ ലഭിക്കുവാൻ കാലതാമസമുണ്ടായെന്നും മൂന്നുമാസത്തിനുള്ളിൽ പരിശോധന പൂർത്തിയാകുമെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. തുടർന്ന് അധിക തുകയ്ക്കായി വീണ്ടും പ്രൊപ്പോസൽ സമർപ്പിക്കണമെന്ന നിർദ്ദേശത്തോടെ മറുപടി സമിതി അംഗീകരിച്ചു.

ഖണ്ഡിക 30-ലെ നടപടി സ്റ്റേറ്റ്മെന്റ് പരിഗണിക്കവേ, വെയർഹൗസിംഗ് കോർപ്പറേഷനിൽ നിന്നും 2009-നു ശേഷം വിരമിച്ച ഏകദേശം 200 ജീവനക്കാർക്ക് New Service Procedure പ്രകാരം ആനുകൂല്യം നൽകുന്നതിനായി ആവശ്യപ്പെട്ട 10 കോടി രൂപ ലഭ്യമായില്ല എന്നറിയിച്ച ഉദ്യോഗസ്ഥരോട് അധിക തുകയ്ക്കായി വീണ്ടും പ്രൊപ്പോസൽ സമർപ്പിക്കണമെന്ന നിർദ്ദേശത്തോടെ മറുപടി സമിതി അംഗീകരിച്ചു

മൃഗസംരക്ഷണ വകുപ്പിൽ നിന്നുള്ള 40 മുതൽ 46 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ അധിക തുകയ്ക്കായി വീണ്ടും പ്രൊപ്പോസൽ സമർപ്പിക്കണമെന്ന നിർദ്ദേശത്തോടെ സമിതി അംഗീകരിച്ചു

## II. 2015-16-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്:

(ഫയൽ നമ്പർ 4699/സബ്.സി.സി2/2015/നി.സെ.)

ഖണ്ഡിക 12,14 എന്നിവയിലെ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു

തുടർന്ന്, സമിതിയുടെ യോഗത്തിൽ പരിഗണിച്ച 2018-19-ലെ ധനാഭ്യർത്ഥന കളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ കൂടി ഉൾപ്പെടുത്തിയ ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരടും 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരടും സമിതി അംഗീകരിച്ചു.

സമിതി യോഗം 5.15-ന് അവസാനിച്ചു.

## 30-7-2019-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-I, 2019 ജൂലൈ 30-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാന്റെ അസാന്നിധ്യത്തിൽ ചട്ടം 184(3) പ്രകാരം എക്സ്-ഒഫീഷ്യോ അംഗമായ മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയിലെ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

ഹാജരായ അംഗങ്ങൾ :

1. ശ്രീ. എം. നൗഷാദ്, എം.എൽ.എ.
2. ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി
2. ശ്രീ. എസ്. സുനിൽകുമാർ, ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ദേവേന്ദ്രകുമാർ സിംഗ്, അഗ്രിക്കൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ
2. ശ്രീമതി ലത സി.എ., കമ്മീഷണർ, ലാന്റ് റവന്യൂ കമ്മീഷണറേറ്റ്
3. ശ്രീ. നിസാമുദ്ദീൻ. എൻ., ലാന്റ് യൂസ് കമ്മീഷണർ, കേരള സ്റ്റേറ്റ് ലാന്റ് യൂസ് ബോർഡ്
4. ശ്രീ. രവീന്ദ്രൻ ടി., ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി
5. ശ്രീ. സാബിൻ സമീദ്, അസിസ്റ്റന്റ് കമ്മീഷണർ, റവന്യൂ ഡിപ്പാർട്ടുമെന്റ്
6. ശ്രീമതി ബി. സന്ധ്യ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
7. ശ്രീ. ബി.എസ്. ജയകുമാർ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
8. ശ്രീമതി ഷൈനി ജോർജ്, അഡീഷണൽ സെക്രട്ടറി, പ്ലാനിംഗ് ആന്റ് ഇക്കണോമിക് അഫയേഴ്സ് ഡിപ്പാർട്ടുമെന്റ്.
9. ഡോ. ബി. മനോജ് കുമാർ, രജിസ്ട്രാർ, കുഫോസ്

10. ഡോ. വി. സുനിൽ കുമാർ, അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്),ഡയറക്ടറേറ്റ് ഓഫ് അനിമൽ ഹസ്ബന്ററി

11. ഡോ. ദിനേശൻ ചെറുവാട്ട്, അഡീഷണൽ ഡയറക്ടർ, മത്സ്യബന്ധന ഡയറക്ടറേറ്റ്

12. ഡോ. കെ.എസ്. ഗോപകുമാർ, അഡീഷണൽ ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് അനിമൽ ഹസ്ബന്ററി.

13. ശ്രീമതി ലിജി ജോൺ, അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്), കൃഷി വകുപ്പ് .

14. ശ്രീമതി സ്മിത ആർ. നായർ, ജോയിന്റ് ഡയറക്ടർ (പ്രോജക്ട്), മത്സ്യബന്ധന ഡയറക്ടറേറ്റ്

15. ശ്രീമതി യാസ്മിൻ എൽ. റഷീദ്, ജോയിന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് ലാന്റ് യൂസ് ബോർഡ്

16. ശ്രീ. ഇഗ്നേഷ്യസ് മൺറോ ബി., ജോയിന്റ് ഡയറക്ടർ, മത്സ്യബന്ധന ഡയറക്ടറേറ്റ്

17. ശ്രീ. ജെ. ബിജു, ഡെപ്യൂട്ടി ഡയറക്ടർ, സോയിൽ കൺസർവേഷൻ വകുപ്പ്

18. ശ്രീ. അനിൽകുമാർ പി., ഡെപ്യൂട്ടി കമ്മീഷണർ (എൽ.ആർ), പാലക്കാട്

19. ശ്രീമതി പ്രിയ വി.പി., അസിസ്റ്റന്റ് ഡയറക്ടർ, സോയിൽ സർവ്വേ ആന്റ് സോയിൽ കൺസർവേഷൻ വകുപ്പ്

20. ശ്രീ. ബി. പ്രതാപചന്ദ്രൻ, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്

21. ശ്രീമതി ഇന്ദുകല പി., ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്

22. ശ്രീമതി ഗിരിജ കുമാരി ജി., ജോയിന്റ് സെക്രട്ടറി, മത്സ്യബന്ധന -തുറമുഖ വകുപ്പ്

23. ശ്രീ. സന്തോഷ് കുമാർ എസ്.ആർ., ജോയിന്റ് സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ്

24. ശ്രീ. പി. കെ. ഗോപകുമാർ, ഡെപ്യൂട്ടി സെക്രട്ടറി, കൃഷി വകുപ്പ്

25. ശ്രീ. ജാഫർ ഖാൻ എസ്., ഡെപ്യൂട്ടി സെക്രട്ടറി, റവന്യൂ വകുപ്പ്.

സമിതി കരട് ചട്ടങ്ങൾ, പുതുക്കിയ കരട് ചട്ടം, ഭേദഗതി വരുത്തിയ എസ്.ആർ.ഒ.കൾ എന്നിവ ലഭ്യമാക്കാനുള്ളതും സമിതിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള ഫയലുകളും പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയും പ്രകാരം തീരുമാനങ്ങളെടുക്കുകയും ചെയ്തു:

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 238(1) (എ) പ്രകാരം നിയമസഭ പാസ്സാക്കിയ ഒരു ആക്ട് മൂലം സർക്കാരിനോ മറ്റ് സ്റ്റാറ്റ്യൂട്ടറി അതോറിറ്റിക്കോ ചട്ടങ്ങൾ ഉണ്ടാക്കാൻ അധികാരം നൽകുകയാണെങ്കിൽ അങ്ങനെയുള്ള ചട്ടങ്ങൾ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികളുടെ പരിശോധനയ്ക്കായി കരട് രൂപത്തിൽ വയ്ക്കേണ്ടതും, ചട്ടം 238(2) പ്രകാരം കരട് ചട്ടങ്ങൾ/റഗുലേഷനുകൾ എത്രയും വേഗം തയ്യാറാക്കി ആക്ട് ഗസറ്റ് പ്രസിദ്ധീകരിച്ച തീയതി മുതൽ 90 ദിവസങ്ങൾക്കകം ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിക്ക് അയച്ചുകൊടുക്കേണ്ടതുമാണ്.

നിയമസഭ പാസ്സാക്കിയ നിയമങ്ങൾ അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കേണ്ട ചട്ടങ്ങൾ യഥാസമയം പുറപ്പെടുവിക്കാത്തതു സംബന്ധിച്ച് 12-6-2019-ന് ബഹു. സ്പീക്കർ നൽകിയ റൂളിംഗിൽ ഉൾപ്പെടുത്തിയിട്ടുള്ള നിർദ്ദേശങ്ങളിന്മേൽ ഓരോ സബ്ജക്ട് കമ്മിറ്റിയും ആവശ്യമായ നടപടികൾ പൂർത്തീകരിച്ച്, ആയതിന്റെ സമഗ്രമായ റിപ്പോർട്ട് പ്രത്യേകം തയ്യാറാക്കി അടുത്ത നിയമസഭാ സമ്മേളനത്തിന് ബഹു. സ്പീക്കർക്ക് സമർപ്പിക്കേണ്ടതുണ്ട്.

നിയമസഭാ നടപടി ചട്ടം 238 പ്രകാരം സർക്കാർ പുറപ്പെടുവിക്കേണ്ട ചട്ടങ്ങളുടെ സൂക്ഷ്മ പരിശോധന സബ്ജക്ട് കമ്മിറ്റികളുടെ കർത്തവ്യമാണെന്നതുപോലെ അവ യഥാസമയം തയ്യാറാക്കി പരിശോധനയ്ക്കായി ലഭ്യമാക്കുന്നുണ്ടോ എന്ന കാര്യവും പരിശോധിക്കേണ്ട ഉത്തരവാദിത്വവും സബ്ജക്ട് കമ്മിറ്റികൾ നിർവഹിക്കേണ്ടതാണെന്ന് റൂളിംഗിൽ വ്യക്തമാക്കുന്നുണ്ട്. സബ്ജക്ട് കമ്മിറ്റികൾ ഇതുമായി ബന്ധപ്പെട്ട വകുപ്പുതല ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരെന്ന കണ്ടെത്തുന്നവർ- ക്കെതിരെ മാതൃകാപരമായ അച്ചടക്ക നടപടി ശിപാർശ ചെയ്യണമെന്നും ബഹു. സ്പീക്കർ റൂളിംഗ് നൽകിയിരിക്കുന്നു. അതുപ്രകാരം സബ്ജക്ട് കമ്മിറ്റി I-ന്റെ പരിധിയിൽ വരുന്ന ആക്ടുകളിന്മേൽ കരട് ചട്ടങ്ങൾ ലഭ്യമാക്കാത്തതു സംബന്ധിച്ച് കൃഷി, മൃഗസംരക്ഷണം, ആസൂത്രണ സാമ്പത്തികകാര്യം, മത്സ്യബന്ധനം എന്നീ വകുപ്പുസെക്രട്ടറിമാരിൽ നിന്നും തെളിവെടുക്കുന്നതിനാണ് ഈ യോഗം ചേരുന്നതെന്ന് സമിതി ചെയർമാൻ ആമുഖമായി പറഞ്ഞു.

**I. കരട് ചട്ടങ്ങൾ ലഭ്യമാക്കാ ുള്ളവ**

<u>മത്സ്യബന്ധന തുറമുഖ വകുപ്പ്</u>

1. 2010-ലെ കേരള ഫിഷറീസും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാലയുടെ പ്രഥമ സ്റ്റാറ്റ്യൂട്ടിൻമേൽ സമിതി നിർദ്ദേശിച്ച ഭേദഗതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള കരട് സ്റ്റാറ്റ്യൂട്ട്.

(ഫയൽ നമ്പർ 34/സബ്.സി.സി2/2014/നി.സെ.)

2010-ലെ കേരള ഫിഷറീസും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാലയുടെ പ്രഥമ സ്റ്റാറ്റ്യൂട്ടിൻമേൽ സമിതി നിർദ്ദേശിച്ച ഭേദഗതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള കരട്

സ്റ്റാറ്റ്യൂട്ട് ലഭ്യമാക്കാൻ കാലതാമസം നേരിട്ടതിന്റെ കാരണം സമിതി ആരാഞ്ഞു. ആയതിന് സർവ്വകലാശാലയുടെ പ്രഥമ സ്റ്റാറ്റ്യൂട്ട് സർക്കാർ പുറപ്പെടുവിച്ചതിനുശേഷം ആദ്യം സർവ്വകലാശാല അതിൽ ഭേദഗതി വരുത്തിയെന്നും എന്നാൽ സർക്കാർ ഭേദഗതി വരുത്തണമെന്ന നിയമ വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വീണ്ടും സർക്കാരിൽ നിന്നും നടപടി സ്വീകരിച്ചുവെന്നും KUFOS, 2017-ൽ സമർപ്പിച്ച സമഗ്രമായ ഭേദഗതി നിർദ്ദേശങ്ങൾക്കൊപ്പം വിരമിക്കൽ പ്രായം കൂടി ഉൾപ്പെടുത്തിയുള്ള ഭേദഗതികൾ ഒരാഴ്ച മുൻപ് നിയമ വകുപ്പിന് നല്കിയിട്ടുണ്ടെന്നും മത്സ്യബന്ധന തുറമുഖ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

KUFOS-ന്റെ പ്രഥമ സ്റ്റാറ്റ്യൂട്ട് 7-5-2014-ലെ സമിതി യോഗം പരിഗണിച്ചതാണെന്നും ആയതിൽ സമിതി ഭേദഗതികൾ നിർദ്ദേശിച്ചിരുന്നുവെന്നും സ്റ്റാറ്റ്യൂട്ടറി ജീവനക്കാരുടെ വിരമിക്കൽ പ്രായം 60 ആയി വർദ്ധിപ്പിച്ചിരുന്നത് 6-3-2019-ലെ സർവ്വകലാശാലയുടെ ഓർഡിനൻസ് പ്രകാരം 56 ആയി കുറച്ചതാണ് ഇപ്പോഴത്തെ ഭേദഗതിയെന്നും നിയമസഭാ സെക്രട്ടേറിയറ്റ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന്, ഭേദഗതി വരുത്തി കരട് സ്റ്റാറ്റ്യൂട്ട് സമർപ്പിക്കാൻ വൈകിയതിനുള്ള വിശദീകരണം സഹിതം അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി വകുപ്പിന് നിർദ്ദേശം നല്കുകയും ആയത് അടിയന്തരമായി സമർപ്പിക്കാമെന്ന് മത്സ്യബന്ധന തുറമുഖ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയ്ക്ക് ഉറപ്പു നല്കുകയും ചെയ്തു.

2. <u>2017-ലെ കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ (അമെന്റ്മെന്റ്) ആക്ട്</u>

(ഫയൽ നമ്പർ 1227/സബ്.സി.സി2/2018/നി.സെ.)

മത്സ്യബന്ധന മേഖലയിൽ സംരക്ഷണവും നിയന്ത്രണവും ഉറപ്പുവരുത്തുന്നതിന് മത്സ്യബന്ധനയാനത്തിൻമേലും മത്സ്യബന്ധന ഉപകരണത്തിൻമേലുമുള്ള നിയന്ത്രണം, വിനാശകരമായ മത്സ്യബന്ധന രീതിയുടെ നിരോധനം, മത്സ്യബന്ധനത്തിനുള്ള രജിസ്ട്രേഷൻ, ലൈസൻസ് എന്നിവയും കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന ദുരന്തങ്ങളിൽ നിന്നും മത്സ്യത്തൊഴിലാളികൾക്ക് സംരക്ഷണം നല്കുന്നതിനുള്ള സുരക്ഷാ ഉപകരണങ്ങൾ നിർബന്ധമാക്കുന്ന വ്യവസ്ഥകളും ടി ആക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ആയത് അടിയന്തരമായി നടപ്പാക്കേണ്ടതായതിനാൽ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ ചട്ടത്തിന്റെ കരട് സബ്ജക്ട് കമ്മിറ്റിയുടെ അംഗീകാരം നേടുന്നതിനുമുൻപ് വിജ്ഞാപനം ചെയ്യേണ്ടിവന്നുവെന്ന് മത്സ്യബന്ധന തുറമുഖ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

പ്രസ്തുത വിജ്ഞാപനം 5-9-2018-ൽ വകുപ്പ് പ്രസിദ്ധീകരിച്ചുവെന്നും അതിന് സാധൂകരണം നല്കുന്നതിനായാണ് ഇപ്പോൾ സമിതി മുമ്പാകെ സമർപ്പിച്ചിരിക്കുന്നതെന്നും ആയത് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 1-3-2018 മുതൽ വകുപ്പിലേയ്ക്ക് കത്ത് അയയ്ക്കുകയാണെന്നും നിയമസഭാ സെക്രട്ടേറിയറ്റ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

സബ്ജക്ട് കമ്മിറ്റിയുടെ സാധൂകരണത്തിനായി പ്രസ്തുത എസ്.ആർ.ഒ. സമർപ്പിക്കാൻ കാലതാമസമുണ്ടായതെന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞതിന് കാലതാമസം നേരിട്ടതിന് മാപ്പ് നല്കണമെന്ന് മത്സ്യബന്ധന തുറമുഖ വകുപ്പ് ജോയിന്റ് സെക്രട്ടറി അഭ്യർത്ഥിച്ചു.

സബ്ജക്ട് കമ്മിറ്റിയുടെ അനുവാദത്തോട് കൂടി മാത്രമേ എസ്.ആർ.ഒ. വിജ്ഞാപനം പുറപ്പെടുവിക്കാവൂ എന്ന വ്യവസ്ഥയുള്ളപ്പോൾ അടിയന്തര സാഹചര്യത്തിൽ അത് മുൻകൂട്ടി പ്രസിദ്ധീകരിച്ചത് ന്യായീകരിക്കാമെങ്കിലും അതിനുശേഷം ചേർന്ന സബ്ജക്ട് കമ്മിറ്റിയുടെ യോഗത്തിൽ പ്രസ്തുത എസ്.ആർ.ഒ. സാധൂകരണത്തിനായി സമർപ്പിക്കാത്തത് വകുപ്പിന്റെ ഗുരുതരമായി വീഴ്ചയാണെന്ന് വിലയിരുത്തിയ സമിതി, ഭാവിയിൽ ഇത്തരം വീഴ്ചകൾ കർശനമായും ഒഴിവാക്കണമെന്ന് വകുപ്പിന് നിർദ്ദേശം നല്കി. തുടർന്ന് G.O.(P)No.18/2018/F&PD, SRO No.623/2018 തീയതി 5-9-2018 ആയി വിജ്ഞാപനം ചെയ്തത് സമിതി സാധൂകരിച്ചു.

3. <u>2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ആക്ട്</u>

(ഫയൽ നമ്പർ 6821/സബ്.സി.സി12/2018/നി.സെ.)

കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ചട്ടങ്ങൾ G.O.(P) No.11/2019/മ.തു.വ. SRO No.176/19 തീയതി 2-3-2019 ആയി വിജ്ഞാപനം ചെയ്തത് സമിതി സാധൂകരിച്ചു.

**II. പുതുക്കിയ കരട് ചട്ടം ലഭ്യമാക്കാനുള്ളത്**

കേരള അനിമൽ ഹസ്ബന്ററി സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് (ഭേദഗതി) ചട്ടം സംബന്ധിച്ച്

(ഫയൽ നമ്പർ 5641/സബ്.സി.സി12/2014/നി.സെ.)

മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് II/ ലബോറട്ടറി അസിസ്റ്റന്റ് ഗ്രേഡ്-II എന്നീ തസ്തികകളിലേയ്ക്കുള്ള നിയമനവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ സമിതി ആരാഞ്ഞു. ആയതിന് മൃഗസംരക്ഷണ വകുപ്പിൽ സാധാരണ

മെഡിക്കൽ ലബോറട്ടറി ടെക്നിഷ്യൽ (M.L.T.) കോഴ്സ് പാസ്സായവരെയാണ് പ്രസ്തുത തസ്തികയിലേയ്ക്ക് നിയമിക്കാറുള്ളതെന്നും മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള തസ്തികയിലേയ്ക്ക് അപേക്ഷിക്കുന്നതിന് കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി നടത്തുന്ന ലാബ് ടെക്നീഷ്യൻ കോഴ്സ് പാസ്സായവരെമാത്രം നിയമിക്കണമെന്നുള്ളതാണ് ഭേദഗതി എന്നും അന്യസംസ്ഥാനങ്ങളിലെ വെറ്ററിനറി കോളേജുകളിൽ നടത്തിയ അന്വേഷണത്തിൽ പ്രസ്തുത കോഴ്സ് മറ്റ് വെറ്ററിനറി കോളേജുകളോ യൂണിവേഴ്സിറ്റികളോ നടത്തുന്നില്ലെന്നും M.L.T. കോഴ്സ് പാസ്സായവരെ നിയമിച്ചാൽ അവർക്ക് വീണ്ടും പരിശീലനം നൽകേണ്ടിവരുമെന്നും വെറ്ററിനറി ലബോറട്ടറി ടെക്നീഷ്യൻ കോഴ്സ് പാസ്സായവരെ സ്വകാര്യ ലാബുകളിലും ആശുപത്രികളിലും പരിഗണിക്കാത്തതിനാൽ അവർക്ക് തൊഴിലവസരങ്ങൾ ഇല്ലെന്നും മൃഗസംരക്ഷണ വകുപ്പ് അഡീഷണൽ ഡയറക്ടർ സമിതിയെ അറിയിച്ചു.

പ്രസ്തുത വിഷയം സംബന്ധിച്ച് 2014-ലെ സമിതിയോഗം തീരുമാനമെടുത്തിരുന്നതാണെന്നും അതിന്മേൽ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ലാബ് ടെക്നീഷ്യൻ ഗ്രേഡ്-II തസ്തികയിലേയ്ക്ക് അപേക്ഷിക്കുന്നതിന് കേരള വെറ്ററിനറി സർവ്വകലാശാലയുടെ വിവിധ വകുപ്പുകളിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ്-II തസ്തികയിലേയ്ക്കുള്ള നിയമനത്തിന്റെ യോഗ്യതയായ +2-ഉം ഡിപ്ലോമ ഇൻ പൗൾട്രി പ്രൊഡക്ഷൻ, ഡയറി ഡിപ്ലോമ പ്രോഗ്രാം, ഡിപ്ലോമ ഇൻ ലബോറട്ടറി ടെക്നിക്സ് എന്നിവയിൽ ഏതെങ്കിലും ഒരെണ്ണവും പാസ്സായവരെക്കൂടി ഉൾപ്പെടുത്തുന്നതു സംബന്ധിച്ച് ഡയറക്ടറുമായി ചർച്ച ചെയ്ത് കരട് ഭേദഗതി വിജ്ഞാപനം പി.എസ്.സി.യുടെ ഉപദേശത്തിനായി ലഭ്യമാക്കേണ്ടതാണെന്ന് പി.എസ്.സി. അറിയിച്ചിട്ടുണ്ടെന്ന് അഡീഷണൽ ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് അനിമൽ ഹസ്ബന്ററി സമിതിയെ ബോധിപ്പിച്ചു.

പി.എസ്.സി. നിർദ്ദേശിച്ച ഭേദഗതിയിൽ തീരുമാനമെടുക്കുന്നതിനുള്ള കാലതാമസമെന്താണെന്ന് സമിതി ആരാഞ്ഞതിന് ഡിപ്ലോമ ഇൻ പൗൾട്രി പ്രൊഡക്ഷനും, ഡയറി ഡിപ്ലോമ പ്രോഗ്രാമും ടി വിഷയവുമായി യാതൊരു ബന്ധവുമില്ലാത്തതാണെന്നും മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട ലാബ് ടെക്നീഷ്യൻ കോഴ്സ് പാസ്സാകുന്നവർക്ക് മാത്രമായി ലാബ് ടെക്നീഷ്യൻ ഗ്രേഡ്-II എന്ന തസ്തിക റിസർവ് ചെയ്യണമെന്നാണ് വകുപ്പിന്റെ അഭിപ്രായമെന്നും വെറ്ററിനറി യൂണിവേഴ്സിറ്റിയിൽ ഈ കോഴ്സുകൾ പാസ്സായവരെ കൂടി ഉൾപ്പെടുത്തണമെന്ന പി.എസ്.സി.-യുടെ നിർദ്ദേശം സംബന്ധിച്ച് ഡയറക്ടറുമായി ചർച്ച നടത്തേണ്ടതുണ്ടെന്നും അഡീഷണൽ ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് അനിമൽ ഹസ്ബന്ററി സമിതിയെ അറിയിച്ചു.

പ്രസ്തുത വിഷയം ഡയറക്ടറുമായി ചർച്ച ചെയ്ത്, ബഹു. മന്ത്രിയുടെ സാന്നിധ്യത്തിൽ ഇതു സംബന്ധിച്ച തീരുമാനത്തിലെത്തണമെന്ന് സമിതി വകുപ്പിന് നിർദ്ദേശം നൽകി.

## III. ഭേദഗതി വരുത്തിയ എസ്.ആർ.ഒ. ലഭ്യമാക്കുവാനുള്ളത്:

1. കേരള സ്റ്റേറ്റ് ലാന്റ് യൂസ് ബോർഡ് - സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് - ഭേദഗതി ചെയ്യുന്നതു സംബന്ധിച്ച്.

(ഫയൽ നമ്പർ 4817/സബ്.സി.സി2/2011/നി.സെ.)

കേരള സ്റ്റേറ്റ് ലാന്റ് യൂസ് ബോർഡിന്റെ സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിന്റെ ഭേദഗതിയിൽ വകുപ്പിന്റെ അഭിപ്രായം അന്വേഷിച്ച സമിതിയോട് സബോർഡിനേറ്റ് സർവ്വീസിൽ നിന്നും സ്റ്റേറ്റ് സർവ്വീസിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തെ By transfer എന്നു മാത്രമേ രേഖപ്പെടുത്താൻ സാധിക്കുകയുള്ളൂവെന്നാണ് നിയമവകുപ്പിന്റെയും P&ARD-യുടേയും അഭിപ്രായമെന്ന് ആസൂത്രണ സാമ്പത്തികകാര്യവകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

പ്രസ്തുത വിഷയം സംബന്ധിച്ചുള്ള നിയമ വകുപ്പിന്റെ അഭിപ്രായം അന്വേഷിച്ച സമിതിക്ക്, കെ.എസ്.ആറിലെയും KS & SSR-ലെയും നിർവ്വചനം അനുസരിച്ച് താഴ്ന്ന തസ്തികയിൽ നിന്നും മറ്റൊരു തസ്തികയിലേയ്ക്കുള്ള മാറ്റത്തെ പ്രമോഷനെന്നും സബോർഡിനേറ്റ് സർവ്വീസിൽ നിന്നും സ്റ്റേറ്റ് സർവ്വീസിലുള്ള ഒരു തസ്തികയിലേയ്ക്കുള്ള മാറ്റം പ്രമോഷനാണെങ്കിലും സാങ്കേതികമായി 'By transfer' എന്ന പദമാണ് ഉപയോഗിക്കുന്നതെന്ന് വകുപ്പ് ഉദ്യോഗസ്ഥർ മറുപടി നല്കി. തുടർന്ന്, 'By transfer' എന്നു രേഖപ്പെടുത്തണമെന്ന വകുപ്പിന്റെ ആവശ്യം സമിതി അംഗീകരിച്ചു.

2. കേരള അനിമൽ ഹസ്ബന്ററി സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് - ഭേദഗതി ചെയ്യുന്നതു സംബന്ധിച്ച്.

(ഫയൽ നമ്പർ 246/സബ്.സി.സി2/2017/നി.സെ.)

മൃഗസംരക്ഷണ വകുപ്പിലെ ചിക്സെക്സർ, റഫ്രിജറേഷൻ മെക്കാനിക് എന്നീ തസ്തികകളുടെ യോഗ്യതയ്ക്ക് തത്തുല്യയോഗ്യതയായി വി.എച്ച്.എസ്.ഇ. റഫ്രിജറേഷൻ & എയർ കണ്ടീഷനിംഗ് പാസ് യോഗ്യതയും ഉൾപ്പെടുത്തുന്നത് സംബന്ധിച്ചും, മൃഗസംരക്ഷണ വകുപ്പിലെ തന്നെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ്-II, പൗൾട്രി അസിസ്റ്റന്റ്/മിൽക്ക് റെക്കോർഡർ/സ്റ്റോർ കീപ്പർ/എന്യൂമറേറ്റർ എന്നീ തസ്തികയിലേയ്ക്കുമുള്ള നിയമനത്തിനുമായി വകുപ്പ് സമർപ്പിച്ച കേരള അനിമൽ ഹസ്ബന്ററി സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് ഭേദഗതി സംബന്ധിച്ച കരട് ചട്ടം പരിഗണിച്ച 17-1-2018-ലെ യോഗം 'Substituted' എന്ന വാക്കിന് പകരം 'added' എന്ന് ഭേദഗതി വരുത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. അതിനെ സംബന്ധിച്ച് നിയമ വകുപ്പിനോട് സമിതി അഭിപ്രായം അന്വേഷിച്ചു.

'By Promotion'-നും 'By transfer'-നും പ്രത്യേകം യോഗ്യതകൾ ഉണ്ടെന്നും അവയോടൊപ്പം 'added' എന്നു ചേർത്താൽ നിലവിലുള്ള യോഗ്യതകൾ നിലനിർത്തിക്കൊണ്ട് പുതിയവ ചേർക്കേണ്ടി വരുമെന്നും പുതിയ യോഗ്യത മാത്രമാണോ അതോ പഴയ യോഗ്യത നിലനിർത്തിക്കൊണ്ടാണോ അപ്രകാരം ചെയ്യേണ്ടതെന്ന വിഷയത്തിൽ വകുപ്പിൽ നിന്നും വ്യക്തത ലഭിക്കേണ്ടതുണ്ടെന്നും 'added' എന്നു ചേർത്താൽ ആ യോഗ്യതകൾ നിലനിൽക്കുന്നുണ്ടെന്നും ആയതിനാൽ അവിടെ ഭേദഗതി ആവശ്യമാണെന്നും നിയമവകുപ്പ് ഉദ്യോഗസ്ഥർ മറുപടി നല്കി.

വകുപ്പിൽ പുതിയതായി ജോയിൻ ചെയ്യുന്നവർക്കുമാത്രമാണോ അതോ നിലവിലുള്ളവർക്കും 'added' എന്നു ചേർക്കുന്നതു ബാധകമാകുമോ എന്ന സമിതിയുടെ അന്വേഷണത്തിന് ഈ റൂൾ നിലവിൽ വരുന്ന തീയതി മുതൽ ജോയിൻ ചെയ്യുന്ന എല്ലാവർക്കും ഇത് ബാധകമാകുമെന്നും നിലവിലുള്ളവരെ ഒഴിവാക്കണമെങ്കിൽ അഞ്ചോ പത്തോ വർഷത്തേയ്ക്ക് അവരെ ഒഴിവാക്കിക്കൊണ്ടുള്ള സേവിംഗ് ക്ലോസ് നൽകണമെന്നും ഇക്കാര്യത്തിൽ വകുപ്പാണ് തീരുമാനമെടുക്കേണ്ടതെന്നും നിയമവകുപ്പ് മറുപടി നല്കി. തുടർന്ന്, സമിതി വകുപ്പിന്റെ അഭിപ്രായമന്വേഷിച്ചു.

സ്പെഷ്യൽ റൂളിൽ റെഫ്രിജറേഷൻ മെക്കാനിക്കിനുള്ള നിലവിലെ യോഗ്യത S.S.L.C. പാസ്സും N.T.C. സർട്ടിഫിക്കറ്റുമാണെന്നും VHSE പാസ്സായവരെ മാത്രം ഉൾപ്പെടുത്തിക്കൊണ്ട് സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തണമെന്ന പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിലാണ് റൂൾ അമെന്റ് ചെയ്ത് കരട് ചട്ടം സബ്ജക്റ്റ് കമ്മിറ്റിക്ക് സമർപ്പിച്ചതെന്നും സമിതി 'substituted' എന്നതു മാറ്റി 'added' എന്ന് ചേർക്കണമെന്ന് നിർദ്ദേശിച്ചുവെന്നും യോഗ്യത, VHSE മാത്രമാക്കണമെന്നതാണ് വകുപ്പിന്റെ ആവശ്യമെന്നും 4-5-2010-ൽ സെക്രട്ടറിമാരുടെ ഒരു യോഗത്തിൽ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ VHSE യോഗ്യതയുള്ളവരെ നിയമിക്കുന്നതിനു വേണ്ടി കൊണ്ടുവന്ന ഒരു ഭേദഗതിയാണ് ഇതെന്നും മൃഗസംരക്ഷണ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

VHSE കോഴ്സ് പാസ്സായവർക്ക് ജോലി സാധ്യത വളരെ കുറവാണെന്നത് യാഥാർത്ഥ്യമാണെങ്കിലും നിലവിലുള്ളവരെ ബാധിക്കാത്ത രീതിയിൽ, വകുപ്പ് ടി വിഷയം ഒന്നുകൂടി പഠിച്ചതിനുശേഷം, നിയമ വകുപ്പുമായി ചേർന്ന് വ്യക്തത വരുത്തി വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി, അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ ഉചിതമായ തീരുമാനമെടുക്കുന്നതിനായി അടുത്ത സമിതിയോഗത്തിൽ ചർച്ച ചെയ്യുന്നതിനായി മാറ്റിവയ്ക്കുവാൻ തീരുമാനിച്ചു

**IV. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളവ :-**

1. ധനാഭ്യർത്ഥനയുള്ള കുറിപ്പിൽ മുൻ 5 വർഷത്തെ ധനാഭ്യർത്ഥനകളുമായുള്ള താരതമ്യം സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കാത്തതു സംബന്ധിച്ച്.

(19-6-2019-ലെ ക്രമപ്രശ്നം)

അടുത്ത സാമ്പത്തിക വർഷം മുതൽ ധനാഭ്യർത്ഥനയുള്ള കുറിപ്പിൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളും എല്ലാ ശീർഷകങ്ങളിലും മുൻ 5 വർഷത്തെ താരതമ്യ കണക്കുകൾ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു. ധനാഭ്യർത്ഥനകളുടെ പരിശോധനയുള്ള നടപടികളുടെ പ്രാരംഭഘട്ടത്തിൽ ഇക്കാര്യം പ്രത്യേകം സൂചിപ്പിച്ചുകൊണ്ട് കത്തയയ്ക്കാൻ തീരുമാനിച്ചു.

2. 2010-11-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് തുടർനടപടി സംബന്ധിച്ച്.

(ഫയൽ നമ്പർ 14979/സബ്.സി.സി2/2010/നി.സെ.)

കൃഷി വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 6,14 എന്നിവയിലെ നടപടി സ്റ്റേറ്റ്മെന്റുകളും ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 18-ലെ നടപടി സ്റ്റേറ്റ്മെന്റും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല എന്ന വിവരം സമിതിയുടെ ശ്രദ്ധയിൽപ്പെട്ടത്തിയപ്പോൾ കൃഷി വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 6, 14, 18 എന്നിവയുള്ള മറുപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടുണ്ടെന്ന് കൃഷി(പ്ലാനിംഗ്) വകുപ്പ് അഡീഷണൽ ഡയറക്ടർ സമിതിയെ അറിയിച്ചു.

3. പാലക്കാട് ജില്ലയിലെ രൂക്ഷമായ വരൾച്ചയും അതിനുള്ള കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച ചട്ടം 235 (എ) പ്രകാരമുള്ള സ്പെഷ്യൽ റിപ്പോർട്ട്.

(ഫയൽ നമ്പർ 15381/സബ്.സി.സി2/2010/നി.സെ.)

റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 77-ലെ നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല എന്ന വിവരം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

നദീതീര സംരക്ഷണത്തിനായി 2001-ലെ റിവർ മാനേജ്മെന്റ് ആക്ട് കൂടാതെ ലാന്റ് കൺസർവൻസി ആക്ട് പ്രകാരം പുഴകളും തോടുകളും ഉൾപ്പെടെയുള്ള സർക്കാർ പുറമ്പോക്കിലെ എല്ലാവിധ കൈയ്യേറ്റങ്ങളും ഒഴിപ്പിക്കാനുള്ള നിയമങ്ങളുണ്ട്. ഈ നിയമങ്ങൾ പ്രകാരം സ്വീകരിച്ചുവരുന്ന നടപടികൾ സംബന്ധിച്ച റിപ്പോർട്ട് ഗവൺമെന്റിൽ ലഭ്യമാക്കിയിട്ടുണ്ടെന്ന് ലാന്റ് റവന്യൂ കമ്മീഷണർ സമിതിയെ അറിയിച്ചു.

റിവർ മാനേജ്മെന്റ് ഫണ്ട് എല്ലാ ജില്ലകളിലുമുണ്ടെങ്കിലും അതിന്റെ വിനിയോഗം കാലാനുസൃതമായി നടത്തുന്നില്ല എന്നും അതിനായി നിയോഗിച്ച കളക്ടർ ചെയർമാനായ കമ്മിറ്റികൾ കൃത്യമായി യോഗം ചേർന്ന് പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കാൻ റവന്യൂ വകുപ്പ് ജാഗ്രത കാണിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

റവന്യൂ വകുപ്പിന്റെ കീഴിൽ റിവർ മാനേജ്മെന്റ് സെന്റർ എന്ന സ്ഥാപനം 2012 മുതൽ പ്രവർത്തിക്കുന്നുണ്ടെന്നും 44 നദികളുടെയും സാന്റ് ഓഡിറ്റിംഗും റിവർ ബാങ്ക് മാപ്പിംഗും നിർവ്വഹിക്കുന്നത് പ്രസ്തുത സ്ഥാപനമാണെന്നും 20 നദികളുടെ പ്രവർത്തികൾ പൂർത്തീകരിക്കുകയും 15 നദികളുടെ ഓഡിറ്റ് പ്രോസസ്സിംഗിലാണെന്നും റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

നദികളുമായി ബന്ധപ്പെട്ട് പൂർത്തിയാക്കുന്ന ജോലികളുടെ പ്രോഗ്രസ്സ് റിപ്പോർട്ടുകൾ ബന്ധപ്പെട്ട കമ്മിറ്റികളിൽ ചർച്ച ചെയ്യുകയാണെങ്കിൽ അംഗങ്ങൾക്ക് അവ അറിയാൻ സാധിക്കുകയും കുറച്ചുകൂടി നല്ല രീതിയിൽ പ്രാവർത്തികമാക്കാൻ സാധിക്കുകയും ചെയ്യുമെന്ന് സമിതി നിരീക്ഷിച്ചു.

4. മത്സ്യഫെഡിന്റെ റിക്രൂട്ട്മെന്റ് റൂളിൽ ഭേദഗതി വരുത്തിയത് സംബന്ധിച്ച്

(ഫയൽ നമ്പർ 3365/സബ്.സി.സി2/2019/നി.സെ.)

സമിതിയുടെ പരിധിയിൽപ്പെടാത്ത വിഷയമായതിനാൽ പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

സമിതി യോഗം 3.05-ന് പിരിഞ്ഞു.

## 25-9-2019-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-I, 2019 സെപ്റ്റംബർ മാസം 25-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '3 എ' സമ്മേളന ഹാളിൽ ബഹു. സമിതി ചെയർമാന്റെ അസാന്നിധ്യത്തിൽ എക്സ്-ഒഫീഷ്യോ അംഗമായ വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി ശ്രീ. കെ. രാജുവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയിലെ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. ചിറ്റയം ഗോപകുമാർ, എം.എൽ.എ.
2. ശ്രീ. കെ. കുഞ്ഞിരാമൻ, എം.എൽ.എ.
3. ശ്രീ. എം. നൗഷാദ്, എം.എൽ.എ.
4. ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി
2. ശ്രീ. എസ്. സുനിൽകുമാർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. ആർ. കെ. സിംഗ്, പ്രിൻസിപ്പൽ സെക്രട്ടറി, ടാക്സസ് & മൃഗസംരക്ഷണ വകുപ്പ്
2. ഡോ. എം. കെ. പ്രസാദ്, ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ്

3. ശ്രീമതി എസ്. സന്ധ്യ, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്

4. ശ്രീമതി വിജയശ്രീ എസ്., ഡെപ്യൂട്ടി സെക്രട്ടറി, നിയമവകുപ്പ്.

സമിതി, പുതുക്കിയ കരട്ചട്ടം, ഭേദഗതി വരുത്തിയ എസ്.ആർ.ഒ. എന്നിവ പരിഗണിക്കുകയും താഴെപ്പറയും പ്രകാരം തീരുമാനങ്ങളെടുക്കുകയും ചെയ്തു

**I. ഭേദഗതി വരുത്തിയ എസ്.ആർ.ഒ. ലഭ്യമാക്കാനുള്ളത്**

കേരള അനിമൽ ഹസ്ബന്ററി സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച്:-

(ഫയൽ നമ്പർ 246/സബ്.സി.സി2/2017/നി.സെ.)

മൃഗസംരക്ഷണ വകുപ്പിലെ ചിക് സെക്സർ, റെഫ്രിജറേഷൻ മെക്കാനിക്ക്, ലാബ് ടെക്നീഷ്യൻ ഗ്രേഡ്-2 എന്നീ തസ്തികകളിലേയ്ക്കുള്ള നിയമനത്തിനുള്ള പൊതുവായ യോഗ്യത S.S.L.C പാസ്സാണെന്നും സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ ടി തസ്തികകളിൽ നിയമനം നടത്തണമെന്നതാണ് വകുപ്പിന്റെ ലക്ഷ്യമെന്നും മൃഗസംരക്ഷണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ആമുഖമായി പറഞ്ഞു

റെഫ്രിജറേഷൻ മെക്കാനിക്ക് എന്ന തസ്തികയുടെ നിലവിലെ യോഗ്യത,

(i) A pass in SSLC or equivalent qualification

(ii) NTC in Refrigeration and Air Conditioning or its equivalent ആണ്. ഇത്,

(i) A pass in Diploma in Refrigeration and Air Conditioning in the absence of item (i);

(ii) A pass in VHSE Refrigeration and Air Conditioning എന്ന് substitute. ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്നും തസ്തികമാറ്റം വഴി ഇലക്ട്രിക്കൽ യോഗ്യതയുള്ളവർ ടി തസ്തികയിലേയ്ക്ക് വരുമ്പോൾ, അവർക്ക് സാങ്കേതിക പരിജ്ഞാനമില്ലാത്തതിനാൽ ഈ ജോലി ചെയ്യാൻ സാധിക്കുന്നില്ലെന്നും അതിനാൽ നേരിട്ടുള്ള നിയമനത്തിലും തസ്തിക മാറ്റം വഴിയുള്ള നിയമനത്തിലും ടി ഭേദഗതി വരുത്താനാണ് വകുപ്പ് ഉദ്ദേശിക്കുന്നതെന്നും മൃഗസംരക്ഷണവകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു

അപേക്ഷിക്കുന്നതിനുള്ള യോഗ്യതയിൽ മാറ്റം വരുത്തുന്നത്; നിലവിലുള്ള ജീവനക്കാരെ ബാധിക്കുകയില്ലേയെന്ന സമിതിയുടെ അന്വേഷണത്തിന്; "The amended qualification should not applicable to candidates for by transfer appointments, who are in service prior to the date of notification" എന്ന

ക്ലോസ്സ് നോട്ട് കൊടുത്തിട്ടുള്ളതിനാൽ പുതിയ വിജ്ഞാപനം അനുസരിച്ച് അപേക്ഷിക്കുന്നവർക്കുമാത്രമേ ഇത് ബാധകമാകുകയുള്ളുവെന്ന് നിയമ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. VHSE യോഗ്യത മാത്രമാണ് നിയമവകുപ്പ് വെറ്റ് ചെയ്തിട്ടുള്ളതെന്നും വകുപ്പ് സൂചിപ്പിച്ച ഡിപ്ലോമ സംബന്ധിച്ച വിശദാംശങ്ങൾ നിയമവകുപ്പിൽ ലഭിച്ചിട്ടില്ലെന്നും നിയമവകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ ധരിപ്പിച്ചു.

സെലക്ഷനുവേണ്ടി കൂടുതൽ ഉദ്യോഗാർത്ഥികളെ ലഭിക്കുന്നതിനാണ് ഡിപ്ലോമ കൂടി യോഗ്യതയായി ഉൾപ്പെടുത്തിയതെന്നും ഡിപ്ലോമ കൂടി ഉൾപ്പെടുത്തിയുള്ള കരട് ഒന്നുകൂടി നിയമവകുപ്പിൽ സമർപ്പിച്ചതിനുശേഷം സമിതിയിൽ ഹാജരാക്കാമെന്നും മൃഗസംരക്ഷണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന്, "added" എന്നതിന് പകരം "substituted" എന്ന നിർദ്ദേശം സമിതി അംഗീകരിച്ചു.

ചിക് സെക്സർ എന്ന തസ്തികയ്ക്ക് നേരിട്ടുള്ള നിയമനവും തസ്തികമാറ്റം വഴിയുള്ള നിയമനവുമുണ്ടെന്നും തസ്തിക മാറ്റം വഴിയുള്ള നിയമനത്തിന്റെ നിലവിലെ യോഗ്യത A pass in VHSE in Livestock Management/A pass in SSLC or equivalent examination എന്നതും നേരിട്ടുള്ള നിയമനത്തിന്റെ യോഗ്യത

(1) A pass in VHSE in Livestock Management with Poultry Husbandry as special subject;

(2) In the absence of qualified hands under item (1), a pass in SSLC or equivalent examination എന്നതുമാണ്.

രണ്ടു നിയമനത്തിന്റെ യോഗ്യതയിലും, കരട് വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിരുന്നതുപോലെ 'added' എന്നതിനു പകരം 'substituted' എന്നാക്കണമെന്നും കൂടാതെ, ചിക് സെക്സർ ട്രെയിനിംഗും കൂടി ആവശ്യമുള്ളതിനാൽ അതുകൂടി ഉൾപ്പെടുത്തി നിയമവകുപ്പിന്റെ വെറ്റിംഗിനുശേഷം സമിതിയിൽ സമർപ്പിക്കാമെന്നും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ സമിതിയെ ധരിപ്പിച്ചു. തുടർന്ന്, 'added' എന്നതിനു പകരം 'substituted' എന്ന വകുപ്പിന്റെ നിർദ്ദേശം സമിതി അംഗീകരിച്ചു.

**II. പുതുക്കിയ കരട് ചട്ടം ലഭ്യമാക്കാനുള്ളത്**

കേരള അനിമൽ ഹസ്ബെന്ററി സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് (ഭേദഗതി) ചട്ടം സംബന്ധിച്ച്.

(ഫയൽ നമ്പർ 5641/സബ്.സി.സി2/2014/നി.സെ.)

ലാബ് ടെക്നീഷ്യൽ ഗ്രേഡ് 2-ന്റെ നിലവിലെ യോഗ്യത

(1) A pass in SSLC or its equivalent qualification

(2) A pass in Laboratory Technician Course conducted in any of the Medical Colleges in the State or any Institute approved by the Government or under Kerala

Agricultural University; OR Successful completion of Livestock Inspector Training Course and Training in Laboratory Technician conducted by the Kerala Agricultural University; OR Diploma in Laboratory Technician Course from Kasturba Medical College, Manipal (South India) for a period of 1 ½ years; OR a pass in Laboratory Technicians Course for a period of 2 years conducted by the Secretary. State Council of Vocational Education, Karnataka; OR a pass in Laboratory Technician Course for a period of 1 year conducted by the Deen, Madras Veterinary College, Madras, OR Class I Laboratory Assistant from Armed Forces Medical College having 15 years experience in the Army Trade of Laboratory Assistant Class I; OR Ex-Servicemen having 16 years of experience in the Army Trade of Laboratory Assistant Class I, OR Job Oriental Pre-University Diploma in H.E. 1-01 Laboratory Technician awarded by Government of Karnataka, State Council of Vocational Education; OR Diploma in Medical Laboratory Technology awarded by the Punjab State Medical faculty; OR A pass in VHSE in Medical Laboratory Technician എന്നതാണെന്നും ഇതിൽ substitute ചെയ്യാനുദ്ദേശിക്കുന്നത് +2 പാസ്സും ഡിപ്ലോമ ഇൻ പൗൾട്രി പ്രൊഡക്ഷൻ, ഡയറി ഡിപ്ലോമ പ്രോഗ്രാം, ഡിപ്ലോമ ഇൻ ലബോറട്ടറി ടെക്നിക്സ് എന്നിവയിൽ ഏതെങ്കിലും ഒരെണ്ണവും പാസ്സായിരിക്കണമെന്നതാണെന്നും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. തുടർന്ന്, ഡിപ്ലോമ ഇൻ പൗൾട്രി പ്രൊഡക്ഷൻ, ഡയറി ഡിപ്ലോമ പ്രോഗ്രാം, ഡിപ്ലോമ ഇൻ ലബോറട്ടറി ടെക്നിക്സ് ഇവ മൂന്നും ഉൾപ്പെടുത്തിക്കൊണ്ടുള്ള നിർദ്ദേശം സമിതി അംഗീകരിച്ചു.

സമിതിയോഗം ഉച്ചയ്ക്ക് ശേഷം 2.40-ന് പിരിഞ്ഞു.

## 29-10-2019-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I, 2019 ഒക്ടോബർ 29-ാം തീയതി ചൊവ്വാഴ്ച സഭാ സമ്മേളനത്തിനു ശേഷം രാവിലെ 11.15-ന് നിയമസഭാ സമുച്ചയത്തിലെ '5-ഡി' സമ്മേളന ഹാളിൽ ബഹു. സമിതി ചെയർമാനും കൃഷി വകുപ്പുമന്ത്രിയുമായ ശ്രീ. വി. എസ്. സുനിൽകുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ, സമിതിയിലെ എക്സ്-ഒഫീഷ്യോ അംഗവും വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. രാജുവും താഴെപ്പറയുന്ന സമിതി അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. എ.പി. അനിൽ കുമാർ, എം.എൽ.എ.
2. ശ്രീ. ചിറ്റയം ഗോപകുമാർ, എം.എൽ.എ.
3. ശ്രീ. കെ. വി. വിജയദാസ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി
2. ശ്രീ. എസ്. സുനിൽകുമാർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീമതി എസ്. സന്ധ്യ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
2. ശ്രീമതി ഷീല പി, ജോയിന്റ് സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ്.

സമിതി, 2019-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പരിഗണിക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ബില്ലിൽ ശ്രീ. എ.പി. അനിൽ കുമാർ, എം.എൽ.എ. വിയോജിപ്പ് രേഖപ്പെടുത്തി.

യോഗം രാവിലെ 11.25-ന് പിരിഞ്ഞു.

## 12-11-2019-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്റ്റ്കമ്മിറ്റി I, 2019 നവംബർ 12-ാം തീയതി ചൊവ്വാഴ്ച സഭ പിരിഞ്ഞതിനു ശേഷം രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ ബഹു. സമിതി ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജുവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപറയുന്ന സമിതി അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. പാറയ്ക്കൽ അബ്ദുള്ള, എം.എൽ.എ.
2. ശ്രീ. കെ. കുഞ്ഞിരാമൻ, എം.എൽ.എ.
3. ശ്രീ. എം. നൗഷാദ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി
2. ശ്രീ. എസ്. സുനിൽകുമാർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജയകുമാർ. ജി, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ഡോ. എം.കെ. പ്രസാദ്, ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
2. ശ്രീ. എസ്. ശ്രീകുമാർ, ഡയറക്ടർ, ക്ഷീരവികസന വകുപ്പ്

3. ഡോ. എം.കെ പ്രദീപ് കുമാർ, അഡീഷണൽ ഡയറക്ടർ, (പ്ലാനിംഗ്) മൃഗസംരക്ഷണ വകുപ്പ്

4. ശ്രീ. കെ. ശശികുമാർ, ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസന വകുപ്പ്.

സമിതി 'വെള്ളപ്പൊക്ക പുനരധിവാസ പാക്കേജ് കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും മേഖലയിൽ' എന്ന വിഷയം സംബന്ധിച്ച റിപ്പോർട്ടിലെ ക്ഷീര വികസന വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡികകളിലെ ശിപാർശകളിന്മേൽ വകുപ്പിൽനിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുകയും താഴെ പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

**'വെള്ളപ്പൊക്ക പുനരധിവാസ പാക്കേജ് കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും മേഖലയിൽ' എന്ന വിഷയം സംബന്ധിച്ച റിപ്പോർട്ട്**

(ഫയൽ നമ്പർ 5473/സബ്.സി.സി2/2018/നി.സെ)

<u>ഖണ്ഡിക 29</u>

റിപ്പോർട്ടിലെ ഖണ്ഡിക 29-ലെ ശിപാർശയിന്മേൽ ക്ഷീരവികസന വകുപ്പ് ലഭ്യമാക്കിയ മറുപടി പരിഗണിച്ച സമിതി നിലവിൽ കർഷകർക്ക് നല്കുന്ന ബാങ്ക് വായ്പയുടെ 4% പലിശ കർഷകരും 5% കേന്ദ്ര സർക്കാരുമാണ് വഹിക്കുന്നതെന്നും കർഷകർ വഹിക്കുന്ന 4% പലിശകൂടി സംസ്ഥാന സർക്കാർ നല്കി പൂർണ്ണമായും പലിശരഹിത വായ്പ കർഷകർക്ക് ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്നുമുള്ള ശിപാർശ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് സമിതിയുടെ യോഗത്തിൽ പരിഗണിച്ചോ എന്ന സമിതിയുടെ അന്വേഷണത്തിന്, കാർഷിക മേഖലയിൽ നല്കുന്ന വായ്പയുടെ അതേ പലിശ നിരക്ക് ക്ഷീരമേഖലയിലെ കർഷകരിൽ നിന്നും ഈടാക്കണമെന്ന വിഷയം S.L.B.C.-യുടെ ശ്രദ്ധയിൽ പ്പെടുത്തിയപ്പോൾ ഈ വിഷയത്തിൽ അനുഭാവപൂർവ്വമായ തീരുമാനം സ്വീകരിക്കാമെന്ന് അറിയിച്ചുവെന്ന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

ക്ഷീരമേഖലയെ കാർഷികവൃത്തിയായി അംഗീകരിച്ചാൽ പ്രസ്തുത പ്രശ്നത്തിന് പരിഹാരമാകുമെന്നും ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് ബാങ്കുകൾക്ക് നിർദ്ദേശം നല്കണമെന്നും അപ്രകാരം ചെയ്താൽ ക്ഷീര കർഷകർക്ക് 4% പലിശ നിരക്കിൽ വായ്പ ലഭ്യമാകുമെന്നും സമിതി വിലയിരുത്തി. തുടർന്ന് നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

<u>ഖണ്ഡിക 31</u>

പ്രളയാനന്തര ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ നടത്തിപ്പിനായി റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി ക്ഷീര വികസന വകുപ്പ് സമർപ്പിച്ച പ്രോജക്റ്റിൽ, എലവേറ്റഡ് കാറ്റിൽഷെഡുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ എന്ന സമിതിയുടെ അന്വേഷണത്തിന്, റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തുന്നതിനായി RKVY-ൽ

ഉൾപ്പെടുത്തി 93 കോടി രൂപയുടെ പ്രോജക്ട് പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും പാസ്സായില്ല എന്നും എലവേറ്റഡ് കാറ്റിൽഷെഡുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ബജറ്റിൽ തുക വകയിരുത്തിയിട്ടുള്ളതിനു പുറമേ 1.2 കോടി രൂപയും അനുവദിച്ചിട്ടുണ്ടെന്നും ക്ഷീരവികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു

2018-19 വർഷം നടപ്പിലാക്കിയ സ്പെഷ്യൽ പുനരധിവാസ പദ്ധതിയുടെ ഫേസ്-I ന്റെ ഭാഗമായി 22 കോടി രൂപയുടെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ക്ഷീരവികസന മേഖലയിൽ നടപ്പിലാക്കിയതിലൂടെ 19,930 കർഷകർക്ക് പ്രയോജനം ലഭിച്ചുവെന്നും 2019-20-ലെ വാർഷിക പദ്ധതിയിലൂടെ, പദ്ധതി തുകയായ 22 കോടി രൂപ ചെലവഴിച്ച് 2280 കറവ പശുക്കളെയും 235 കിടാരികളെയും വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ടെന്നും പ്രളയ ദുരിതാശ്വാസ പദ്ധതികളുടെ ഫേസ്-2 പദ്ധതിയുടെ ഭാഗമായി ദുരിതമനുഭവിക്കുന്ന 650 കർഷകർക്ക് ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നവീകരണം/പുനർനിർമ്മാണം എന്നിവയ്ക്കായി 430 കർഷകർക്ക് സഹായം എന്നിങ്ങനെ നല്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും 2019-20 വർഷം ആകെ 28,280 ക്ഷീരകർഷകർക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്നും സമിതി മനസ്സിലാക്കി.

മിൽമയുടെ 44 കോടി രൂപയുടെ പുനരധിവാസ പ്രോജക്ടിന്റെ നിലവിലെ അവസ്ഥയെ കുറിച്ച് അന്വേഷിച്ച സമിതിയോട് കേന്ദ്ര ഗവൺമെന്റിന്റെ പ്രോജക്ടും മിൽമയുടെ 13 കോടി രൂപയുടെ പ്രോജക്ടും ഉൾപ്പെടുത്തിയുള്ള 44 കോടി രൂപയുടെ പദ്ധതി ഏകദേശം പൂർത്തിയായതായും ഓരോ ജില്ലയുടെയും ബെനിഫിഷ്യറീസിന്റെ ലിസ്റ്റ് തയ്യാറാക്കി വരികയാണെന്നും ക്ഷീരവികസന വകുപ്പ് ഡയറക്ടർ അറിയിച്ചു ടി പദ്ധതിയുടെ റിവ്യൂ മീറ്റിംഗ് നടത്തണമെന്ന് സമിതി വകുപ്പിന് നിർദ്ദേശം നൽകി.

2018-19-ലെ പ്രളയത്തിൽ പശുക്കളെ നഷ്ടപ്പെട്ടവർക്ക് നിശ്ചയിച്ച ധനസഹായം കിട്ടിയിട്ടുണ്ടെന്നുള്ള വിവരം ഉറപ്പാക്കിയിട്ടുണ്ടോ എന്ന സമിതിയുടെ അന്വേഷണത്തിന് ധനസഹായം എല്ലാവർക്കും ലഭ്യമാക്കിയിട്ടുണ്ടെന്ന് ഡയറക്ടർ മറുപടി നല്കി.

സംസ്ഥാനത്ത് സാമ്പത്തിക ബുദ്ധിമുട്ടുള്ളതിനാൽ പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി വാർഷിക പദ്ധതി തുകയ്ക്കു പുറമേ മറ്റ് തുകയൊന്നും ലഭ്യമായിട്ടില്ലെന്നും നിലവിലെ ചില പദ്ധതികൾ ഒഴിവാക്കി പദ്ധതി തുക ക്രമീകരിച്ചാണ് പുനരധിവാസവും പ്രളയവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കായി തുക കണ്ടെത്തിയതെന്നും വകുപ്പിന്റെ 22 കോടി രൂപയ്ക്ക് പുറമേ ഓരോ ജില്ലയിലെയും സൊസൈറ്റികൾ വഴി രൂപീകരിച്ച ദുരന്തനിവാരണ ഫണ്ട്, മിൽമയുടെ ധനസഹായം, എന്നിവകൂടി ഉൾപ്പെടുത്തിയാണ് കർഷകർക്കുള്ള ധനസഹായങ്ങൾ നല്കിയിട്ടുള്ളതെന്ന് സമിതി വിലയിരുത്തി. തുടർന്ന് നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു യോഗത്തിന്റെ അജണ്ടയിൽ ഉൾപ്പെടുത്തിയിരുന്ന കൃഷി, മത്സ്യബന്ധനം എന്നീ വകുപ്പുകളിൽ നിന്നും ലഭിച്ച മറുപടികൾ സമിതിയുടെ അടുത്ത യോഗത്തിൽ പരിഗണിക്കാൻ തീരുമാനിച്ചു

സമിതിയോഗം രാവിലെ 11.25-ന് പിരിഞ്ഞു.

# 5-2-2020-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി I, 2020 ഫെബ്രുവരി മാസം 5-ാം തീയതി ബുധനാഴ്ച സഭ പിരിഞ്ഞതിനുശേഷം 3.40-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനായ കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫിഷ്യോ അംഗമായ മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മയും ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. പാറക്കൽ അബ്ദുല്ല, എം.എൽ.എ
2. ശ്രീ. എസ്. ശർമ്മ, എം.എൽ.എ.
3. ശ്രീ. കെ. വി. വിജയദാസ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി
2. ശ്രീ. എസ്. സുനിൽ കുമാർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>:

1. ശ്രീ. ദേവേന്ദ്ര കുമാർ സിംഗ്, അഡീഷണൽ ചീഫ് സെക്രട്ടറി, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
2. ശ്രീമതി ഇഷിതാ റോയി, പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്
3. ശ്രീ. സാബിർ ഹുസൈൻ, അഡീഷണൽ സെക്രട്ടറി, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
4. ശ്രീമതി എസ്. സന്ധ്യ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
5. ഡോ. കെ. വാസുകി, ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
6. ഡോ. എം. കെ. പ്രസാദ്, ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
7. ശ്രീ. എസ്. വെങ്കിടേശപതി, ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്

8. ശ്രീമതി എസ്. അംബിക, ഡയറക്ടർ (ഇൻ-ചാർജ്), മണ്ണ് പര്യവേഷണവും മണ്ണ് സംരക്ഷണവും വകുപ്പ്

9. ഡോ. ബി. മനോജ് കുമാർ, രജിസ്ട്രാർ, കുഫോസ്

10. ശ്രീ. ആന്റണി ആസ്റ്റിൻ. എം.റ്റി., അഡീഷണൽ ഡയറക്ടർ (ഇൻ-ചാർജ്) മണ്ണ് പര്യവേഷണവും മണ്ണ് സംരക്ഷണവും വകുപ്പ്

11. ശ്രീമതി ജ്യോതി എ. ആർ, അഡീഷണൽ ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്

12. ശ്രീമതി ആൻസി ജോൺ, അഡീഷണൽ ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്

13. ശ്രീ. ഇഗ്നേഷ്യസ് മൺറോ. ബി., ജോയിന്റ് ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഫിഷറീസ്

14. ശ്രീമതി പൗലിൻ ലെവിയ എഡ്വിൻ, ജോയിന്റ് ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്

15. ശ്രീമതി റ്റി. എസ്. ബിന്ദി, ഡെപ്യൂട്ടി ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്

16. ശ്രീമതി ചാന്ദിനി. എ., ഡെപ്യൂട്ടി ഡയറക്ടർ, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ

17. ശ്രീ. ജോർജ്ജ് ഫിലിപ്, ഡെപ്യൂട്ടി ഡയറക്ടർ (ഓർഗാനിക് ഫാമിംഗ്), ഡയറക്ടറേറ്റ് ഓഫ് അഗ്രിക്കൾച്ചർ

18. ശ്രീമതി രാജശ്രീ. ജെ., ഡെപ്യൂട്ടി ഡയറക്ടർ (CD), ഡയറക്ടറേറ്റ് ഓഫ് അഗ്രിക്കൾച്ചർ

19. ശ്രീ. വി. ശിവരാമകൃഷ്ണൻ, ഡെപ്യൂട്ടി ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്

20. ശ്രീ. എസ്. ബിജു, ഡെപ്യൂട്ടി ഡയറക്ടർ (സോയിൽ കൺസർവേഷൻ), മണ്ണ് പര്യവേഷണവും മണ്ണ് സംരക്ഷണവും വകുപ്പ്

21. ശ്രീ. വി. സെൻ, ഡെപ്യൂട്ടി സെക്രട്ടറി, ആസൂത്രണ വകുപ്പ്

22. ശ്രീമതി വിജയശ്രീ എസ്., ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്

23. ശ്രീ. മെൽവിൻ ജോസ്. വി. ജെ., അസിസ്റ്റന്റ് ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്

24. ശ്രീ. പി. എച്ച്. അഷറഫ്, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ

25. ശ്രീ. പി. കെ. അനിൽ കുമാർ, ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

സമിതി, ചുവടെ ചേർത്തിരിക്കുന്ന വിഷയങ്ങൾ പരിഗണിക്കുകയും തീരുമാനങ്ങളെടുക്കുകയും ചെയ്തു:

## I. കരട് ചട്ടങ്ങൾ ലഭ്യമാക്കാനുള്ളവ

2010-ലെ കേരള ഫിഷറീസും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാലയുടെ പ്രഥമ സ്റ്റാറ്റ്യൂട്ടിന്മേൽ സമിതി നിർദ്ദേശിച്ച ഭേദഗതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള കരട് സ്റ്റാറ്റ്യൂട്ട്.

(ഫയൽ നമ്പർ 34/സബ്.സി.സി2/2014/നി.സെ.)

നിയമ വകുപ്പിൽനിന്നും കഴിഞ്ഞദിവസം മാത്രമാണ് ടി നിയമം വെറ്റ് ചെയ്തു ലഭിച്ചതെന്നും പ്രായപരിധി 55 വയസിൽ നിന്ന് 56 ആക്കി ഉയർത്തണമെങ്കിൽ ആദ്യം ആക്ടിൽ ഭേദഗതി വരുത്തിയതിന് ശേഷം മാത്രമേ സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂവെന്ന് നിയമ വകുപ്പിൽ നിന്നും അറിയിച്ചുവെന്നും മത്സ്യബന്ധന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. നിയമവകുപ്പിന്റെ അഭിപ്രായം അന്വേഷിച്ച സമിതിയോട്, ആക്ടിൽ പ്രായപരിധി വ്യക്തമായി പരാമർശിച്ചിട്ടുള്ള വിഷയമായതിനാൽ ആക്ടിൽ ഭേദഗതി വരുത്തിയാൽ മാത്രമേ സ്റ്റാറ്റ്യൂട്ടിലും അപ്രകാരം ഭേദഗതി വരുത്താൻ സാധിക്കുകയുള്ളൂവെന്ന് നിയമ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി. നിയമവകുപ്പിന്റെ നിർദ്ദേശങ്ങൾ വിശദമായി പരിശോധിച്ച് തുടർനടപടി സ്വീകരിച്ചതിനു ശേഷം പ്രസ്തുത വിഷയം അടുത്ത യോഗത്തിൽ പരിഗണിക്കാമെന്ന് സമിതി തീരുമാനിച്ചു.

## II. സാധൂകരണത്തിനുള്ള SRO

(i) കേരള മറൈൻ ഫിഷറീസ് റെഗുലേഷൻ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള സാധൂകരണം സംബന്ധിച്ച്

(ഫയൽ നമ്പർ 6253/സബ്.സി.സി2/2019/നി.സെ.)

കേരള മറൈൻ ഫിഷറീസ് റെഗുലേഷൻ ചട്ടങ്ങളിൽ ഭേദഗതി വരുത്തി SRO 623/2018 ആയി 2018-ൽ പ്രസിദ്ധീകരിച്ചുവെന്നും അതിനുശേഷം രജിസ്ട്രേഷൻ/ ലൈസൻസ് ഫീസ് ഇനത്തിൽ വരുത്തിയ വർദ്ധനവുമൂലം മത്സ്യത്തൊഴിലാളികളിൽ

നിന്നും ലഭിച്ച പരാതികൾ പരിഗണിച്ച്, ആയത് കുറവ് വരുത്തുന്നതിനുള്ള വിജ്ഞാപനം 1-9-2019-ൽ SRO 612/2019 പ്രകാരം പുറപ്പെടുവിച്ചുവെന്നും മത്സ്യബന്ധന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

പ്രസ്തുത ഇനത്തിൽ വരുത്തിയ കുറവിനെ കുറിച്ച് വിശദീകരിക്കാൻ സമിതി ആവശ്യപ്പെട്ടപ്പോൾ ₹25,000 for mechanized fishing vessels, ₹ 15,000 for modified traditional fishing vessels fitted with inboard motor and ₹ 5,000 for other traditional fishing vessels fitted with outboard motor എന്ന ഭേദഗതിയാണ് വരുത്തിയിട്ടുള്ളതെന്നും മറ്റുള്ള വെസലുകൾക്കും മത്സ്യബന്ധന വകുപ്പിൽനിന്നും ലൈസൻസ് നൽകുന്നതിന് പ്രത്യേകമായ രജിസ്ട്രേഷൻ/ലൈസൻസ് ഫീസ് ഈടാക്കുന്നുണ്ടെന്നും രണ്ടാമതായി 'Registration of Fishing vessel-ൽ മൂന്ന് ഭേദഗതികൾ വരുത്തിയിട്ടുണ്ടെന്നും '10-14.99 മീറ്റർ കാറ്റഗറിയിൽപ്പെട്ട വെസലുകളുടെ വൺടൈം രജിസ്ട്രേഷൻ ഫീസ് 2,500 രൂപയിൽ നിന്നും 2,000 രൂപയായും 15-19.99 മീറ്റർ കാറ്റഗറിയിൽപ്പെട്ടവയ്ക്ക് 10,000 ൽ നിന്നും 3,000 രൂപയായും 20-24.99 മീറ്റർ കാറ്റഗറിയിൽപ്പെട്ടവയ്ക്ക് 25,000 രൂപയിൽ നിന്നും 15,000-രൂപയായും 25 മീറ്ററിൽ കൂടുതലുള്ളവയ്ക്ക് 50,000 രൂപയിൽ നിന്നും 25,000 രൂപയായും കുറവ് ചെയ്തിട്ടുണ്ടെന്നും Licencing of fishing vessels'-ൽ 15-19.99 മീറ്റർ കാറ്റഗറിയിൽപ്പെട്ടവയ്ക്ക് ലൈസൻസിംഗ് ഫീസ് 4,500 രൂപയിൽ നിന്നും 3,000 രൂപയായും സെക്യൂരിറ്റി തുക 9,000 രൂപയിൽ നിന്നും 5,000 രൂപയായും കുറവ് ചെയ്തിട്ടുണ്ടെന്നും ഡയറക്ടർ സമിതിയെ അറിയിച്ചു.

2018-ൽ പ്രാബല്യത്തിൽ വന്ന നിയമത്തിൽ 2019-ലെ ഭേദഗതി പ്രകാരം മുൻകാല പ്രാബല്യം നൽകുന്നതിന് നിയമപരമായി തടസ്സങ്ങളുണ്ടോ എന്ന സമിതിയുടെ അന്വേഷണത്തിന്, സർക്കാരിന്റെ നയപരമായ തീരുമാനമായി പരിഗണിക്കാവുന്നതാണെന്ന് നിയമ വകുപ്പ് അറിയിച്ചു.

ലൈസൻസ്/രജിസ്ട്രേഷൻ ഫീസിനത്തിൽ വർദ്ധനവ് വരുത്തിക്കൊണ്ടുള്ള ഭേദഗതി 2018-ൽ നിലവിൽ വന്നതിനാൽ ഫീസിളവ് അനുവദിക്കുന്നതിനും അതേ കാലയളവ് ബാധകമാക്കണമെന്നും അധികതുക അടച്ചവർക്ക് തുക തിരിച്ചു നൽകുന്നതിന് പകരം തുടർന്നുള്ള വർഷങ്ങളിലേയ്ക്ക് അഡ്ജസ്റ്റ് ചെയ്യാവുന്നതാണ് എന്ന ഒരു ക്ലോസ്സ് കൂടി ചേർക്കാമെന്ന തീരുമാനത്തോടുകൂടി സമിതി SRO 612/2019 സാധൂകരിച്ചു.

നിയമവകുപ്പിൽ നിന്നും ഒരു വിജ്ഞാപനത്തിന്റെ ഫോർമാറ്റിലാണ് കറക്ട് ചെയ്തു കൊടുക്കുന്നതെങ്കിലും ബന്ധപ്പെട്ട വകുപ്പ് ഇ-ഗസറ്റിലൂടെ പബ്ലിഷ് ചെയ്യുമ്പോൾ അതിന്റെ ഫോർമാറ്റ് തെറ്റായാണ് കാണുന്നതെന്നും ഇക്കാര്യം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കണമെന്നുമുള്ള വിവരം നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. ഇക്കാര്യം പ്രത്യേകം പരിശോധിക്കാമെന്ന് മത്സ്യബന്ധനവകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

**III. സമിതിയുടെ വിവിധ വർഷങ്ങളിലെ റിപ്പോർട്ടുകളിലെ ശിപാർശകൾക്ക് വകുപ്പുകളിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ**

1. "വെള്ളപ്പൊക്ക പുനരധിവാസ പാക്കേജ്-കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും മേഖലയിൽ" എന്ന വിഷയം സംബന്ധിച്ച റിപ്പോർട്ട്

(ഫയൽ നമ്പർ 5473/സബ്.സി.സി2/2018/നി.സെ.)

സമിതി ചുവടെ ചേർത്തിരിക്കുന്ന വകുപ്പുകളിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ അംഗീകരിച്ചു:

മത്സ്യബന്ധന തുറമുഖ വകുപ്പ് ഖണ്ഡിക നമ്പർ: 32, 33

കൃഷി വകുപ്പ് ഖണ്ഡിക നമ്പർ: 30

മൃഗസംരക്ഷണ വകുപ്പ് ഖണ്ഡിക നമ്പർ: 31

2. 2018-19-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 2294/സബ്.സി. സി2/2018/നി. സെ.)

സമിതി ചുവടെ ചേർത്തിരിക്കുന്ന വകുപ്പുകളിൽനിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളും കാലതാമസ പത്രികകളും അംഗീകരിച്ചു :

മത്സ്യബന്ധന തുറമുഖ വകുപ്പ് ഖണ്ഡിക നമ്പർ: 73, 89

കൃഷി വകുപ്പ് ഖണ്ഡിക നമ്പർ: 8

3. 2010-11-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 14979/സബ്.സി. സി2/2010/നി. സെ.)

സമിതി ചുവടെ ചേർത്തിരിക്കുന്ന വകുപ്പുകളിൽനിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളും കാലതാമസ പത്രികകളും അംഗീകരിച്ചു :

കൃഷി വകുപ്പ് ഖണ്ഡിക നമ്പർ:6, 14, 18

4. നെല്ലുവികസനം, ജൈവ പച്ചക്കറി കൃഷി, ഹൈടെക് അഗ്രിക്കൾച്ചർ, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, വിള ആരോഗ്യപരിപാലനം, നിറവ്-കാർഷിക വികസനത്തിനുള്ള സമഗ്ര പദ്ധതി എന്നീ വിഷയങ്ങൾ സംബന്ധിച്ച റിപ്പോർട്ട്

(ഫയൽ നമ്പർ 1069/സബ്.സി. സി2/2016/നി. സെ.)

കൃഷി വകുപ്പിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ അംഗീകരിച്ചു

കൃഷി വകുപ്പ് ഖണ്ഡിക നമ്പർ: 7

5. "ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ സുരക്ഷിത ഭക്ഷണം ഉറപ്പു വരുത്തുന്നതിനും കൃഷി വകുപ്പ് ആവിഷ്കരിച്ചുവരുന്ന പദ്ധതികൾ" എന്ന വിഷയം സംബന്ധിച്ച റിപ്പോർട്ട്

(ഫയൽ നമ്പർ 3862/സബ്.സി. സി2/2018/നി. സെ.)

സമിതി കൃഷി വകുപ്പിൽനിന്നുള്ള ചുവടെ ചേർത്തിട്ടുള്ള ഖണ്ഡികകളിലെ നടപടി സ്റ്റേറ്റ്മെന്റുകൾ അംഗീകരിച്ചു.

ഖണ്ഡിക നമ്പർ: 26, 28, 33, 34, 35

## IV. സമിതിയിൽ സമർപ്പിക്കാനുള്ള കാലതാമസപത്രികകൾ

സമിതി, പശ്ചിമഘട്ട സെൽ, മൃഗസംരക്ഷണ വകുപ്പ്, കാർഷിക വികസന കർഷകക്ഷേമ വകുപ്പ് എന്നീ വകുപ്പുകളുടെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് സമർപ്പിക്കുന്നതിലുണ്ടായ കാലതാമസത്തിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റ് പരിഗണനയ്ക്കെടുക്കുകയും അംഗീകരിക്കുകയും ചെയ്തു.

## V. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള ഫയലുകൾ

1. 2011-12-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ കൃഷിവകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 27, 28-ലെ അന്തിമ നടപടി സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച്

(ഫയൽ നമ്പർ 4871/സബ്.സി.സി.2/11/നി. സെ.)

ഖണ്ഡിക നമ്പർ: 27-ലെ നടപടി സ്റ്റേറ്റ്മെന്റ് പരിഗണിച്ച സമിതി കൃഷിഭവനുകളിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് ഉദ്യോഗസ്ഥരെ വിന്യസിച്ചിരുന്നുവെന്നും തദ്ദേശഭരണ സ്ഥാപനങ്ങളിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചെങ്കിലും കൃഷിഭവനുകളിലെ ഉദ്യോഗസ്ഥരെ പുനർവിന്യസിച്ചിട്ടില്ലെന്നും അവർക്ക് കൃഷി വകുപ്പിന്റെ ഹെഡിൽ നിന്നാണ് ശമ്പളം നൽകുന്നതെന്നും കൃഷി വകുപ്പിൽ ഇപ്പോൾ ആവശ്യത്തിന് സ്റ്റാഫില്ലാത്ത അവസ്ഥയാണുള്ളതെന്നും ആയതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് വിന്യസിക്കപ്പെട്ട ഉദ്യോഗസ്ഥരെ തിരികെ കൊണ്ടുവരാൻ നടപടി സ്വീകരിക്കണമെന്ന് ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ടി നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

ഖണ്ഡിക നമ്പർ: 28-ലെ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

2. 2013-14-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ കൃഷി വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 12, 25, 37 എന്നിവയിലെ അന്തിമ മറുപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തത് സംബന്ധിച്ച്

(ഫയൽ നമ്പർ 2848/സബ്.സി.സി.2/13 നി. സെ.)

കൃഷിവകുപ്പിൽനിന്നുള്ള ഖണ്ഡിക 12, 37 എന്നിവയിലെ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിക്കുകയും ഖണ്ഡിക 25-ലെ നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാൻ വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തു.

3. ചട്ടം 235(എ) പ്രകാരം 'വരൾച്ച മൂലമുള്ള കാർഷികമേഖലയിലെ പ്രശ്നങ്ങൾ' എന്ന വിഷയം ചർച്ച ചെയ്യുന്നതിനായി ചേർന്ന യോഗം സംബന്ധിച്ച്

(ഫയൽ നമ്പർ 244/സബ്.സി.സി.2/17/നി. സെ.)

കാലിക പ്രസക്തമല്ലാത്ത വിഷയമായതിനാൽ ടി വിഷയത്തിന്മേൽ തുടർനടപടി സ്വീകരിക്കേണ്ടതില്ല എന്ന് സമിതി തീരുമാനിച്ചു.

(യോഗം വൈകുന്നേരം4.40-ന് പിരിഞ്ഞു.)

## 17-2-2020-ലെ യോഗനടപടികുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I 2020 ഫെബ്രുവരി 17-ാം തീയതി തിങ്കളാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും കൃഷി വകുപ്പുമന്ത്രിയുമായ ശ്രീ. വി. എസ്. സുനിൽ കുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന സമിതി അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. എ. പി. അനിൽ കുമാർ, എം.എൽ.എ.
2. ശ്രീ. ചിറ്റയം ഗോപകുമാർ, എം.എൽ.എ.
3. ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി
2. ശ്രീ. എസ്. സുനിൽ കുമാർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജയകുമാർ.ജി, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ദേവേന്ദ്ര കുമാർ സിംഗ്, അഡീഷണൽ ചീഫ് സെക്രട്ടറി, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
2. ഡോ. എ. ജയതിലക്, പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

3. ഡോ. രത്തൻ യു. ഖേൽക്കർ, സെക്രട്ടറി, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്

4. ഡോ. കെ. വാസുകി, ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്

5. ശ്രീ. വി. രാമചന്ദ്രൻ, ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്

6. ശ്രീ. നിസാമുദ്ദീൻ എ., ഭൂവിനിയോഗ കമ്മീഷണർ, കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് & ഡയറക്ടർ, കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രം

7. ശ്രീമതി എസ്. അംബിക, ഡയറക്ടർ (ഇൻ-ചാർജ്), മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്

8. ഡോ. പി. രാജശേഖരൻ, ചെയർമാൻ, കേരള സംസ്ഥാന കാർഷിക വിലനിർണ്ണയ ബോർഡ്

9. ശ്രീ. സക്കീർ ഹുസൈൻ വി. എസ്., കംപ്ട്രോളർ, കേരള കാർഷിക സർവ്വകലാശാല

10. ഡോ. ടി. പ്രദീപ്കുമാർ, ഡയറക്ടർ ഓഫ് പ്ലാനിംഗ്, കേരള കാർഷിക സർവ്വകലാശാല

11. ശ്രീമതി എം. ഗീത, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

12. ശ്രീമതി ഷീല പണിക്കർ പി. കെ., അഡീഷണൽ ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് അഗ്രിക്കൾച്ചർ

13. ശ്രീ. റെജി ജോൺ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

14. ശ്രീമതി ജോസഫൈൻ കെ., ജോയിന്റ് സെക്രട്ടറി, കാർഷികവികസന കർഷകക്ഷേമ വകുപ്പ്

15. ശ്രീ. വിനോദൻ ടി. പി., ജോയിന്റ് ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്

16. ശ്രീമതി സി. എസ്. ലതാകുമാരി, ജോയിന്റ് ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്

17. ശ്രീമതി രാജശ്രീ എം. ആർ., ജോയിന്റ് ഡയറക്ടർ (PP), ഡയറക്ടറേറ്റ് ഓഫ് അഗ്രിക്കൾച്ചർ

18. ശ്രീ. ജയചന്ദ്രൻ പി. ജെ., ജോയിന്റ് ഡയറക്ടർ (Farm), ഡയറക്ടറേറ്റ് ഓഫ് അഗ്രിക്കൾച്ചർ

19. ശ്രീമതി എസ്. സ്വർണവി, ജോയിന്റ് ഡയറക്ടർ (AR&T), ഡയറക്ടറേറ്റ് ഓഫ് അഗ്രിക്കൾച്ചർ

20. ശ്രീമതി ലീന എഡ്വിൻ, ജോയിന്റ് ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് അഗ്രിക്കൾച്ചർ

21. ശ്രീ.സുനിൽകുമാർ എം., മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ

22. ശ്രീ. പി. എച്ച്. അഷ്റഫ്, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ, എറണാകുളം

23. ശ്രീ. രാജീവ് പി. എസ്., മാനേജിംഗ് ഡയറക്ടർ, കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

24. ശ്രീ. ഷിബുകുമാർ എൽ., മാനേജിംഗ് ഡയറക്ടർ, വാഴക്കുളം അഗ്രോ ആൻഡ് ഫ്രൂട്ട്സ് പ്രോസസ്സിംഗ് കമ്പനി ലിമിറ്റഡ് (VAFPCL)

25. ശ്രീ. വി. സെൻ, ഡെപ്യൂട്ടി സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

26. ശ്രീ. വി. ശിവരാമകൃഷ്ണൻ, ഡെപ്യൂട്ടി ഡയറക്ടർ (പ്ലാനിംഗ്), ഡയറക്ടറേറ്റ് ഓഫ് അഗ്രിക്കൾച്ചർ

27. ശ്രീ.ജോർജ് ഫിലിപ്പ്, ഡെപ്യൂട്ടി ഡയറക്ടർ (org.cell), ഡയറക്ടറേറ്റ് ഓഫ് അഗ്രിക്കൾച്ചർ

28. ശ്രീ. എസ്. ബിജു, ഡെപ്യൂട്ടി ഡയറക്ടർ (സോയിൽ കൺസർവേഷൻ), മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്

29. ശ്രീമതി ശോഭന പിള്ള എൽ., ഡെപ്യൂട്ടി ഡയറക്ടർ (ഇവല്യൂഷൻ), സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്

30. ശ്രീമതി ജെ. എസ്. ഷാഹില റോസ്, ഡെപ്യൂട്ടി ഡയറക്ടർ, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്

31. ശ്രീ. ടി. എസ്. ബിനോയ്, ഡെപ്യൂട്ടി ഡയറക്ടർ (എം.), ഡയറക്ടറേറ്റ് ഓഫ് അഗ്രിക്കൾച്ചർ

32. ശ്രീമതി അനിത ഐ., ഡെപ്യൂട്ടി ഡയറക്ടർ (ഐ.ടി.), ഡയറക്ടറേറ്റ് ഓഫ് അഗ്രിക്കൾച്ചർ

33. ശ്രീമതി രാജശ്രീ ജെ., ഡെപ്യൂട്ടി ഡയറക്ടർ (CD), ഡയറക്ടറേറ്റ് ഓഫ് അഗ്രിക്കൾച്ചർ

34. ശ്രീമതി ടീന ഭാസ്കരൻ, ഡെപ്യൂട്ടി ഡയറക്ടർ (കൃഷി), ഡയറക്ടറേറ്റ് ഓഫ് അഗ്രിക്കൾച്ചർ

35. ഡോ. എൻ. സി. അനിൽകുമാർ, സയന്റിസ്റ്റ്, കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രം

36. ശ്രീ. ബി. ഹരികുമാർ, അസിസ്റ്റന്റ് ഡയറക്ടർ (PPM cell), ഡയറക്ടറേറ്റ് ഓഫ് അഗ്രിക്കൾച്ചർ

37. ശ്രീമതി പ്രിയ വി. പി., അസിസ്റ്റന്റ് ഡയറക്ടർ (സോയിൽ കൺസർവേഷൻ), മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്

38. ശ്രീമതി ദീപ എസ്., അസിസ്റ്റന്റ് ഡയറക്ടർ (സോയിൽ സർവ്വേ), മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്

39. ശ്രീമതി ജ്യോതി എ. ആർ., അസിസ്റ്റന്റ് ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് അഗ്രിക്കൾച്ചർ

40. ശ്രീ. ബി. കെ. അനിൽ, അസിസ്റ്റന്റ് ഡയറക്ടർ, ഫാം ഇൻഫർമേഷൻ ബ്യൂറോ

41. ശ്രീ. ഇ. പി. രാജ്മോഹൻ, സ്പെഷ്യൽ ഓഫീസർ, കാസർഗോഡ് വികസന പാക്കേജ്

42. ശ്രീ.എ.സജീവ് ചന്ദ്രൻ, പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ

43. ശ്രീ. ഷാജി എ., സീനിയർ ഫിനാൻസ് ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് അഗ്രിക്കൾച്ചർ

44. ശ്രീമതി സിന്ധു എസ്., സീനിയർ അഗ്രിക്കൾച്ചർ ഓഫീസർ (വെജിറ്റബിൾ സെൽ), ഡയറക്ടറേറ്റ് ഓഫ് അഗ്രിക്കൾച്ചർ

45. ശ്രീമതി ശ്രീകല എസ്., സീനിയർ അഗ്രിക്കൾച്ചർ ഓഫീസർ (TA), ഡയറക്ടറേറ്റ് ഓഫ് അഗ്രിക്കൾച്ചർ

46. ശ്രീ. വിപിൻ കെ.എസ്., അഗ്രിക്കൾച്ചർ ഓഫീസർ (ഐ.ടി.), ഡയറക്ടറേറ്റ് ഓഫ് അഗ്രിക്കൾച്ചർ

47. ശ്രീമതി ബിന്ദു ബാലഗോപാൽ, അക്കൗണ്ട്സ് ഓഫീസർ, കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

48. ശ്രീ. വി. ബാബു, സ്റ്റേറ്റ് അഗ്രിക്കൾച്ചർ എഞ്ചിനീയർ (ഇൻ-ചാർജ്), ഡയറക്ടറേറ്റ് ഓഫ് അഗ്രിക്കൾച്ചർ

49. ശ്രീ. സുജിത്ത് എസ്. എസ്, ലെയ്സൺ ഓഫീസർ, കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ.

സമിതി, 2020-2021 സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥന നമ്പർ XXIX (കൃഷി), XXX (ഭക്ഷ്യം), XXXIX (വൈദ്യുത പദ്ധതികൾ) എന്നിവ സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. ചർച്ചയുടെ പൂർണ്ണ രൂപം ചുവടെ ചേർക്കുന്നു:

കാർഷിക വികസന കർഷകക്ഷേമ വകുപ്പ് സംബന്ധിച്ച ധനാഭ്യർത്ഥനകളുടെ വിശദാംശങ്ങൾ അഗ്രിക്കൾച്ചർ ഡയറക്ടറേറ്റിലെ പ്ലാനിംഗ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ സമിതി മുമ്പാകെ അറിയിക്കുന്നതാണെന്ന് കൃഷി വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

2401-00-001-88 - <u>മലബാർ മാർക്കറ്റ് കമ്മിറ്റികളുള്ള സഹായം</u>

മലബാർ മാർക്കറ്റ് കമ്മിറ്റിയിലെ പെൻഷൻകാർക്കും കുടുംബ പെൻഷൻകാർക്കും അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 28 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2401-00-001-86 - <u>ഓഫീസ് ഓട്ടോമേഷൻ ആന്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ</u>

കൃഷി വകുപ്പിൽ ഇ-ഓഫീസ് നടപ്പിലാക്കി, സ്ഥാപനത്തിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും മെച്ചപ്പെട്ട സേവനവും സുതാര്യതയും ഉറപ്പുവരുത്തുന്നതിനും സമയലാഭം കൈവരിക്കുകയും ചെയ്യുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക വളരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 17 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2401-00-102-90 - <u>ഗ്രൂപ്പ് ഫാമിംഗ് മുഖേന നെൽകൃഷി വികസനം (ജില്ലാപദ്ധതി)</u>

13-ാം പഞ്ചവത്സര പദ്ധതിയുടെ അവസാനത്തോടെ നെൽകൃഷി 3 ലക്ഷം ഹെക്ടറിലേക്ക് വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെയുള്ള സുസ്ഥിര നെൽകൃഷി വികസന പദ്ധതി നടപ്പിലാക്കുന്നതിനായി 4,927 ലക്ഷം രൂപയും നെൽകൃഷി വികസന ഏജൻസികൾക്കുള്ള ധനസഹായത്തിനായി 70 ലക്ഷം രൂപയും കരനെൽകൃഷി വികസനത്തിനായി 275 ലക്ഷം രൂപയും നെൽകൃഷി വ്യാപിപ്പിക്കുന്നതിന് കൂടുതൽ തരിശുനിലം കൃഷി യോഗ്യമാക്കുന്നതിനായി 600 ലക്ഷം രൂപയും രജിസ്റ്റേർഡ്

വിത്തുല്പാദന പരിപാടിക്കായി 25 ലക്ഷം രൂപയും നെൽകൃഷി വികസന പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി 10 ലക്ഷം രൂപയും പാട ശേഖരങ്ങളിൽ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിന് 130 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 60.37 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2401-00-103-75 - ലോക്കേഷൻ സ്പെസിഫിക് സ്കീം

ആദിവാസി വിഭാഗത്തിന്റെ ഉന്നമനത്തിനായി നടപ്പിലാക്കുന്ന അട്ടപ്പാടി മില്ലറ്റ് വില്ലേജ് പദ്ധതിക്കായി 199 ലക്ഷം രൂപയും ആതിരപ്പള്ളി ട്രൈബൽ വാലി പദ്ധതിക്കായി 99 ലക്ഷം രൂപയും പ്രാദേശിക വിളകളുടെ വികസനത്തിനായുള്ള പദ്ധതി മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനായി 148 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 4.46 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2401-00-104-91—ഡിപ്പാർട്ട്മെന്റ് കൃഷി സ്ഥലങ്ങൾ മുഖേന നടീൽ വസ്തുക്കളുടെ ഉല്പാദനംവർദ്ധിപ്പിക്കൽ

16 ഫാമുകളിൽ നിലവിലുള്ള സംയോജിത കൃഷി മാതൃകാപ്രദർശനത്തോട്ടത്തിന്റെ തുടർ പരിപാലനത്തിനായും VFPCK മുഖേനയുള്ള നടീൽ വസ്തു ഉല്പാദനത്തിനായും ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2401-00-105-86—ആധുനിക പരീക്ഷണശാലകൾ സ്ഥാപിക്കൽ

സംസ്ഥാനത്തെ ബയോടെക്നോളജി ലാബ്, ബയോകൺട്രോൾ ലാബ്, മണ്ണ് പരിശോധനാ ലാബുകൾ എന്നിവയുടെ വിവിധ ആവശ്യങ്ങൾക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2401-00-105-85—ഓർഗാനിക് ഫാമിംഗ്

ഉത്തമ കൃഷി മുറകൾ പാലിച്ച 150 ക്ലസ്റ്ററുകളുടെ രൂപീകരണത്തിനായി 112.50 ലക്ഷം രൂപയും കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന അവശിഷ്ട വിഷാംശ പരിശോധന ലാബിൽ പഴം, പച്ചക്കറികളുടെ കീടനാശിനി അവശിഷ്ട വിഷാംശ

പരിശോധന നടത്തുന്നതിനും പരിശോധനാ ഫലം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുമായി 50 ലക്ഷം രൂപയും പ്രവർത്തനങ്ങളുടെ നടത്തിപ്പിനായുള്ള ധനസഹായമായി 60 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 2.225 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2401-00-107-78—വിളകളുടെ ആരോഗ്യ സംരക്ഷണം

കേരള സെന്റർ ഫോർ പെസ്റ്റ് മാനേജ്മെന്റിന്റെ പ്രവർത്തനങ്ങൾക്കായുള്ള ഘടകത്തിന് 15 ലക്ഷം രൂപയും പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനായി 35 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2401-00-108-56—കവുങ്ങ് കൃഷിവികസന പരിപാടി

കാസർഗോഡ്, മലപ്പുറം, വയനാട്, കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകൾക്ക് പുറമേ മറ്റ് ജില്ലകളിലെ കവുങ്ങ് കൃഷിക്കാർക്ക് കൂടി ടി പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2401-00-109-84—കാർഷിക വിജ്ഞാനവും വ്യാപനവും

കേരള കർഷകൻ മാസികയുടെ ചെലവുകൾക്കായി 140 ലക്ഷം രൂപയും ഫാം ഇൻഫർമേഷൻ ബ്യൂറോയ്ക്കായി 37 ലക്ഷം രൂപയും ദേശീയ ഫാം ഫിലിം ഫെസ്റ്റിവൽ നടത്തിപ്പിനായി 15 ലക്ഷം രൂപയും ആലപ്പുഴയിൽ പുതുതായി സ്ഥാപിക്കുന്ന കമ്മ്യൂണിറ്റി റേഡിയോസ്റ്റേഷന്റെ പ്രവർത്തനങ്ങൾക്കായി 40 ലക്ഷം രൂപയും തൃശ്ശൂരിൽ പുതുതായി സ്ഥാപിക്കുന്ന ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പുതിയ മേഖല ഓഫീസിന്റെ സ്ഥാപനചെലവുകൾക്കായി 30 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ ആകെ 2.62 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2401-00-109-80—കാർഷിക വ്യാപനം ശക്തിപ്പെടുത്തൽ

കഴക്കൂട്ടം R.A.T.T.C.-യുടെ പുതിയ കെട്ടിട നിർമ്മാണത്തിനായി 185 ലക്ഷം രൂപയും ലീഡ്സിന്റെ പ്രവർത്തനങ്ങൾക്കായി 200 ലക്ഷം രൂപയും കേരള അഗ്രികൾച്ചറൽ ഇന്നവേഷൻ എക്സ്റ്റൻഷൻ പ്രോജക്ടിനായി (K.A.I.E.P) 700 ലക്ഷം രൂപയും മികച്ച

പ്രകടനത്തിനുള്ള അവാർഡുകൾ നൽകുന്നതിനായി 150 ലക്ഷം രൂപയും ഫീൽഡ് അസിസ്റ്റന്റുമാർ, ബ്ലോക്ക് ടെക്നോളജി മാനേജർമാർ എന്നിവർക്കുള്ള പരിശീലനം നൽകുന്നതിനായി 10 ലക്ഷം രൂപയും ആത്മയുള്ള പ്രവർത്തന സഹായത്തിനായി 50 ലക്ഷം രൂപയും കർഷക ദിനാഘോഷം, കാർഷിക വികസന സമിതി, വർക്ക് ഷോപ്പ് അവലോകനം എന്നിവയ്ക്കായി 270 ലക്ഷം രൂപയും കർഷക നൈപുണ്യ അവാർഡ് എന്ന ഘടകത്തിന് 50 ലക്ഷം രൂപയും കർഷക സഭകളുടെ നടത്തിപ്പിനായി 175 ലക്ഷം രൂപയും കൃഷി വകുപ്പിൽ സോഷ്യൽ ഓഡിറ്റിനായി 20 ലക്ഷം രൂപയും വൈഗ അന്താരാഷ്ട്ര ശിൽപ്പശാലയുടെ ചെലവുകൾക്കായി 50 ലക്ഷം രൂപയും പാഠം ഒന്ന് പാടത്തേക്ക് പദ്ധതിയ്ക്കായി 100 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 19.60 കോടി രൂപ ധന സഹായം അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2401-00-109-76—കർഷക ക്ഷേമനിധി ബോർഡ്

കേരള നിയമസഭ പാസ്സാക്കിയ കർഷക ക്ഷേമനിധി ബില്ലിന്റെ അടിസ്ഥാനത്തിൽ രൂപംകൊണ്ട കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനത്തിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2401-00-113-83—കാർഷിക സേവന കേന്ദ്രവും സേവനം എത്തിക്കലും

സംസ്ഥാനത്തെ 75 മൊബൈൽ ക്ലിനിക്കുകളുടെ പ്രവർത്തനത്തിനായി 75 ലക്ഷം രൂപയും നിലവിലുള്ള കാർഷിക കർമ്മസേനകൾ ശക്തിപ്പെടുത്തുന്നതിനായി 199 ലക്ഷം രൂപയും കാർഷിക സേവന കേന്ദ്രങ്ങളിലെ മണ്ണുപരിശോധനാ ലാബുകളുടെ പ്രവർത്തനത്തിനായി 10 ലക്ഷം രൂപയും കൃഷി ഭവനുകളുടെ വാഹനങ്ങൾക്കുള്ള പ്രവർത്തന സഹായത്തിനായി 50 ലക്ഷം രൂപയും നിലവിലുള്ള കാർഷിക സേവന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുന്നതിനായി 199 ലക്ഷം രൂപയും റീജണൽ ഫാം ഫെസിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി 215 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 7.48 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2401-00-115-99—ചെറുകിട നാമമാത്ര നെൽകൃഷിക്കാർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി

കെ.എസ്.ഇ.ബി.-യ്ക്കുള്ള കുടിശ്ശിക നൽകുന്നതിനായി ഈ ശീർഷകത്തിൽ 61 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2401-00-119-85—കൃഷി വകുപ്പ് മുഖേനയുള്ള പച്ചക്കറി വികസനം

ജീവനി പദ്ധതിയുടെ നടത്തിപ്പിനായി 2,421 ലക്ഷം രൂപയും തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ കൃഷി നടത്തുന്നതിന് പ്രോജക്ടടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷിയ്ക്കായി 500 ലക്ഷം രൂപയും പച്ചക്കറി വികസന പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി 50 ലക്ഷം രൂപയുമുൾപ്പെടെ ഈ ശീർഷകത്തിൽ 29.71 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2401-00-191-50—റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ് (കോർപ്പറേഷൻ)

മുൻ വർഷങ്ങളിലെ കുടിശ്ശിക തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ 48.5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2401-00-192-50—റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ് (മുനിസിപ്പാലിറ്റി)

മുൻ വർഷങ്ങളിലെ കുടിശ്ശിക തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ 96 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2401-00-198-50—റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ് (ഗ്രാമപഞ്ചായത്ത്)

മുൻ വർഷങ്ങളിലെ കുടിശ്ശിക തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ 18.03 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2401-00-800-28—മണ്ണിന്റെ ആരോഗ്യ പരിപാലനവും ഉല്പാദനക്ഷമത വർദ്ധിപ്പിക്കലും

60,000 ഹെക്ടർ സ്ഥലത്ത് സോയിൽ അമിലെയറാന്റ്സ് നല്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 8.53 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2401-00-109-60—കൃഷി പാഠശാല അഗ്രോ ഇക്കോളജിക്കൽ അധിഷ്ഠിത കൃഷി സമീപനം

കാർഷിക ആവാസ യൂണിറ്റടിസ്ഥാനത്തിലുള്ള കൃഷി എന്ന ആശയത്തെ സംബന്ധിച്ച് കർഷകർക്ക് അവബോധം ഉണ്ടാക്കുന്നതിനായി നൈപുണ്യ പരിശീലന പരിപാടി കൃഷി ഭവനുകൾ വഴി നടപ്പാക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന

ഇക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.88 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2401-00-112-96—<u>കിഴങ്ങ്/പയറു വർഗ്ഗങ്ങളുടെ വികസനം</u>

പയറു വർഗ്ഗ കൃഷി കൂടുതൽ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2401-00-800-27—<u>വയനാട് പാക്കേജ്</u>

വയനാട് പാക്കേജ് പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി, പ്രോജക്ട് ഇംപ്ലിമെന്റേഷൻ എന്ന ഘടകത്തിന് 30 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2415-01-004-88—<u>കടൽ നിരപ്പിൽ നിന്നും താഴ്ന്ന പ്രദേശത്തെ കൃഷിക്കായുള്ള കുട്ടനാട് അന്തർദേശീയ ഗവേഷണ പരിശീലനകേന്ദ്രം</u>

സർക്കാർ അനുവദിച്ച വിവിധ തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളത്തിനും മറ്റു പദ്ധതി നിർവ്വഹണത്തിനുമായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന ഇക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 80 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2435-01-101-85—<u>വില സ്ഥിരതയ്ക്കുവേണ്ടി വിപണിയിൽ ഇടപെടൽ</u>

തെരഞ്ഞെടുത്ത കാർഷിക ഉൽപന്നങ്ങളുടെ വിലസ്ഥിരത ഉറപ്പാക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനും ഉത്സവകാലങ്ങളിൽ പച്ചക്കറികൾ സംഭരിക്കുന്നതിനുമായി വിപണിയിൽ ശക്തമായ ഇടപെടൽ നടത്തുന്നതിന് ബജറ്റിൽ വകയിരുത്തിയിരിക്കുന്ന ഇക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2435-01-800-99—<u>മാർക്കറ്റ് വികസനം</u>

കാർഷിക മൊത്ത വ്യാപാര വിപണികളുടെയും മറ്റ് സംഭരണ കേന്ദ്രങ്ങളുടെയും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും E-Nam മാർക്കറ്റുകളിലേയ്ക്ക് ലോജിസ്റ്റിക്സ്

സപ്പോർട്ട് എന്ന നിലയിൽ സഹായം നൽകുന്നതിനും, കൃഷി ബിസിനസ്സ് കേന്ദ്രങ്ങൾ നവീകരിക്കുന്നതിനുമായി 150 ലക്ഷം രൂപയും അഗ്മാർക്ക് നെറ്റിനും വിപണി വിവരശേഖരണത്തിനുമായി 10 ലക്ഷം രൂപയും ആലപ്പുഴ ജില്ലയിൽ നിയമിച്ച 25 പുതിയ കർഷകമിത്രങ്ങൾക്ക് പരിശീലനം നൽകുന്നതിന് 80 ലക്ഷം രൂപയും കാർഷിക മേളകൾ നടത്തുന്നതിനായി 80 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 3.2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2435-01-800-94—<u>മൂല്യവർദ്ധനവ്</u>

SFAC മുഖേന സാരംഭകർക്ക് സാങ്കേതിക സഹായം നൽകുന്നതിനായി 275 ലക്ഷം രൂപയും സർക്കാർ/പൊതുമേഖല/സഹകരണ/കുടുംബശ്രീ യൂണിറ്റ് തലത്തിൽ കർഷകരുടെ വരുമാന വർദ്ധനവ് ഉറപ്പുവരുത്തുന്നതിനായി വിപണികൾക്കും മൂല്യവർദ്ധനവ് യൂണിറ്റുകൾക്കുമായുള്ള ധനസഹായത്തിനായി 50 ലക്ഷം രൂപയും തേൻ ഉൽപാദനത്തിനായി 25 ലക്ഷം രൂപയും അഗ്രോപാർക്കിനായി 20 ലക്ഷം രൂപയും സംസ്ഥാന നാളികേര വികസന കോർപ്പറേഷന് 100 ലക്ഷം രൂപയും വാഴക്കുളം അഗ്രോ ആന്റ് പ്രോസസിംഗ് കമ്പനിക്കായി 100 ലക്ഷം രൂപയും ഉൾപ്പെടെ ആകെ ഈ ശീർഷകത്തിൽ 5.7 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2810-00-105-97—<u>ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണത്തിനുള്ള അധിക ധനസഹായം</u>

2020-21 സാമ്പത്തിക വർഷത്തിൽ ജനറൽ കാറ്റഗറി വിഭാഗത്തിലും എസ്സ്.സി. കാറ്റഗറിയിലും ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 39 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4401-00-104-98—<u>ഡിപ്പാർട്ട്മെന്റ് കൃഷിത്തോട്ടങ്ങളിൽ നടീൽ വസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കൽ</u>

63 ഫാമുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും 13 സ്പെഷ്യൽ ഫാമുകളുടെ യന്ത്രവൽക്കരണ പ്രവർത്തനങ്ങൾക്കുമായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 6.24 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4401-00-113-98—കാർഷിക സേവന കേന്ദ്രങ്ങളുടെ സ്ഥാപനം

ബ്ലോക്കുതല ഓഫീസുകൾ, പ്ലാന്റ് ക്ലിനിക്കുകൾ എന്നിവയുടെ നവീകരണത്തിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4435-01-101-97—ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന നിധി (RIDF പദ്ധതികൾ)

കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി RIDF വിഹിതം ഉപയോഗിച്ച് നടപ്പിലാക്കുന്ന ട്രാൻഷെ XX-XXV വരെയുള്ള പുതിയതും തുടർന്നുകൊണ്ടിരിക്കുന്നതുമായ പദ്ധതികളുടെ പൂർത്തീകരണത്തിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.5 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

പുതിയ ശീർഷകം അനുവദിക്കുന്നതിന്

വാഴക്കുളം അഗ്രോ ഫ്രൂട്ട് പ്രോസസിംഗ് കമ്പനിക്കായി പുതിയ ശീർഷകം അനുവദിച്ച് 3 കോടി രൂപ ഉപധനാഭ്യർത്ഥന /ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷന് ധനസഹായത്തിനായി പുതിയ ശീർഷകം അനുവദിച്ച് 2 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

കൃഷി വകുപ്പിന് 2019-20-ൽ പദ്ധതിയിനത്തിൽ വകയിരുത്തിയിരുന്ന തുക എത്രയെന്ന സമിതിയുടെ അന്വേഷണത്തിന്, കഴിഞ്ഞ സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ 1,031.92 കോടി രൂപ വകയിരുത്തിയിരുന്നുവെന്നും ഇപ്പോൾ 757 കോടി രൂപയായി കുറവു വരുത്തിയിരിക്കുന്നുവെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

പദ്ധതിയിനത്തിൽ ആവശ്യമായ തുക വകയിരുത്തിയില്ലെങ്കിൽ, ഇപ്പോൾ വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പല പദ്ധതികളും നിർത്തലാക്കേണ്ട സ്ഥിതി വിശേഷമുണ്ടാകുമെന്നും എക്സ്റ്റൻഷൻ വർക്കിലുൾപ്പെട്ട ലീഡ്സ് പദ്ധതികളൊന്നും നടപ്പിലാക്കാൻ സാധിക്കാത്ത അവസ്ഥയാണുള്ളതെന്നും 2 ലക്ഷം ഹെക്ടർ നെൽകൃഷിയ്ക്കുള്ള ആനുകൂല്യങ്ങൾ ജനുവരി, ഫെബ്രുവരി, ഏപ്രിൽ മാസങ്ങളിലായി കർഷകർക്ക് വിതരണം ചെയ്യുന്നതിനായി ആവശ്യമായ തുക അനുവദിച്ചാൽ മാത്രമേ പദ്ധതി നിർവ്വഹണം പൂർത്തിയാക്കാൻ സാധിക്കുവെന്നും സമിതി വിലയിരുത്തി.

കൃഷിയ്ക്കുള്ള ഫണ്ട് അലോക്കേഷനിൽ ഇത്രയധികം കറവ് സംഭവിച്ചതിന്റെ കാരണം അന്വേഷിച്ച സമിതിയ്ക്ക് എല്ലാ വകപ്പുകൾക്കും പദ്ധതിയിനത്തിൽ തുക കറവുവരുത്തിയിട്ടുണ്ടെന്നും ആകെ 3,000 കോടി രൂപയാണ് കറവുവരുത്തിയതെന്നും ആസൂത്രണ സാമ്പത്തിക കാര്യ വകപ്പ് ഉദ്യോഗസ്ഥർ മറുപടി നല്കി.

## കേരള കാർഷിക സർവ്വകലാശാല

2415-01-277-99-31—കേരള കാർഷിക സർവ്വകലാശാല സഹായധനം-ശമ്പളം

കെ.പി.എസ്.സി. മുഖേനയുള്ള അനദ്ധ്യാപക ജീവനക്കാരുടെ നിയമനം, ഫാം തൊഴിലാളികളുടെ ശമ്പള പരിഷ്കരണം, ജീവനക്കാരുടെ ശമ്പളപരിഷ്കരണ കടിശ്ശിക, കരിയർ അഡ്വാൻസ്മെന്റ്, പ്രൊമോഷൻ കടിശ്ശിക, അദ്ധ്യാപക നിയമനം, ഉയർന്ന തോതിലുള്ള വിരമിക്കൽ, യു.ജി.സി. ശമ്പള പരിഷ്കരണം, പെൻഷൻ, പി.എഫ്. തുടങ്ങിയവയിലെ ബാധ്യതകൾ നൽകുന്നതിന് ഈ ശീർഷകത്തിൽ 262.2852 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2415-01-277-99-35—കേരള കാർഷിക സർവ്വകലാശാല-മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

സർവ്വകലാശാലയുടെ അടിസ്ഥാന സൗകര്യവികസനത്തിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4.6 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2415-01-277-99-36—കേരള കാർഷിക സർവ്വകലാശാല സഹായധനം-ശമ്പളേതരം

സർവ്വകലാശാലയുടെ വിദ്യാഭ്യാസ ഗവേഷണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനായി ഈ ശീർഷകത്തിൽ 8.76 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

കാർഷിക സർവ്വകലാശാലയിലെ ഗവേഷണ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് ധനകാര്യ വകപ്പ് അനുവദിക്കാത്തതിനാൽ അവ നിലച്ചുപോകുന്ന സാഹചര്യമാണ് നിലവിലുള്ളതെന്ന് സമിതി വിലയിരുത്തി. കാർഷിക സർവ്വകലാശാലയ്ക്ക് തുക റിലീസ് ചെയ്യാത്തതിനുള്ള കാരണമന്വേഷിച്ച സമിതിയോട്, കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കാനുള്ള തുക ലഭിക്കാത്തതാണ് കാരണമെന്ന് ധനകാര്യ വകപ്പ് ഉദ്യോഗസ്ഥർ മറുപടി നല്കി.

## മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണ വകുപ്പ്

2402-00-102-99—കൃഷി യോഗ്യനിലയങ്ങളിലെ മണ്ണ് ജലസംരക്ഷണം (ജില്ലാ പദ്ധതി)

2402-00-102-96-വെള്ളം കെട്ടിക്കിടക്കുന്ന പ്രദേശങ്ങൾ എന്ന ശീർഷകം നിർത്തലാക്കാൻ സബ്ജക്റ്റ് കമ്മിറ്റി നിർദ്ദേശിച്ചിരുന്നതിനാൽ മേൽ ശീർഷകത്തിൽ 28.6 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2402-00-102-83—റിവർവാലി പ്രോജക്ട് (100% സംസ്ഥാന വിഹിതം)

കബനി പദ്ധതിയിലെ ജീവനക്കാരെ പുനർവിന്യസിക്കാനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണനയിലായതിനാൽ ടി പദ്ധതിയിലെ ജീവനക്കാർക്ക് ശമ്പളത്തിനും മറ്റ് അലവൻസുകൾക്കുമായി ഈ ശീർഷകത്തിൽ 5.76 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2402-00-102-81—ആപ്ലിക്കേഷൻ ഓഫ് ഇൻഫർമേഷൻ ടെക്നോളജി

ഇ-ഗവേണൻസ് പരിപാടി വകുപ്പിൽ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഇ-ഓഫീസ് പ്രവർത്തനക്ഷമമാക്കുന്നതിന് കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനും, നെറ്റ് വർക്കിംഗ്, ഇന്റർനെറ്റ് കണക്ഷൻ എന്നിവയ്ക്കായും ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2551-01-104-99—പശ്ചിമഘട്ടത്തിന്റെ സംയോജിത വികാസം-പരിസ്ഥിതി സംരക്ഷണവും ജൈവ വൈവിധ്യങ്ങളുടെ പുനഃസ്ഥാപനവും പ്രകൃതി വിഭവങ്ങളുടെ പരിപാലനവും

പശ്ചിമഘട്ടസെൽ മുഖാന്തരം 2014-15 വർഷത്തിൽ ഭരണാനുമതി നൽകിയ പദ്ധതികളുടെ പൂർത്തീകരണത്തിനും സ്പിൽ ഓവർ ബാധ്യതകൾക്കുമായി ഈ ശീർഷകത്തിൽ 1 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4551-01-800-98—മലയോര വികസന ഏജൻസി (RIDF)

മലയോര വികസന ഏജൻസിയുടെ കീഴിൽ നടപ്പാക്കിവരുന്ന പ്രവർത്തനങ്ങളുടെ സ്പിൽ ഓവർ ബാധ്യതകൾക്കായി ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ

**2408-02-190-98—കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിലെ കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങൾക്കുള്ള സഹായം**

കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ വെയർഹൗസുകളിൽ CCTV സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായും വെയർ ഹൗസിഗ് കോർപ്പറേഷൻ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്ന Rodofoe-യുടെ Research Development & Mixing യൂണിറ്റിനു വേണ്ടിയും ഈ ശീർഷകത്തിൽ 1.43 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

**4408-02-101-98—ഗോഡൗണുകളുടെയും കാർഷിക സമുച്ചയത്തിന്റെയും നിർമ്മാണത്തിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് നൽകുന്ന സഹായം**

കോട്ടയം ജില്ലയിലെ പാലാ, തൃശ്ശൂർ ജില്ലയിലെ കുന്നംകുളം എന്നിവിടങ്ങളിൽ ഗോഡൗൺ നിർമ്മാണത്തിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് നൽകിയിട്ടുള്ള ബജറ്റ് വിഹിതം കുറവാണെന്ന് മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിൽ 3.44 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗംവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

**4408-02-190-99—കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ മുതൽ മുടക്ക്**

2013-14, 2014-15, 2015-16, 2016-17, 2018-19, 2019-20 വർഷങ്ങളിൽ പദ്ധതിയിട്ടിരുന്ന ഗോഡൗണുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷനിൽ നിന്നും പ്രസ്തുത വർഷങ്ങളിലെ ഓഹരി മൂലധനം ലഭിക്കുന്നതിനുമായി Share Capital ഇനത്തിൽ സംസ്ഥാന സർക്കാർ വകയിരുത്തിയ ഓഹരി മൂലധനം (ഓരോ വർഷവും 50 ലക്ഷം രൂപ വീതം) 3.25 കോടി രൂപ ഈ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

**6408-02-190-98—RIDF XVII-നു കീഴിൽ ഗോഡൗണുകളുടെ നിർമ്മാണത്തിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് ലോൺ**

നബാർഡ് WIF (Warehouse Infrastructure Fund) പദ്ധതിയിൻ കീഴിൽ പാലക്കാട് ജില്ലയിലെ മുതലമട, കൊഴിഞ്ഞാമ്പാറ, എറണാകുളം ജില്ലയിലെ പറവൂർ, കൊല്ലം ജില്ലയിലെ പുനലൂർ, ശാസ്താംകോട്ട, ആലപ്പുഴ ജില്ലയിലെ മാവേലിക്കര, ഹരിപ്പാട്

എന്നിവിടങ്ങളിലെ ഗോഡൗണുകളുടെ നിർമ്മാണത്തിനായി തുക വകയിരുത്തിയിട്ടില്ലെന്ന് മനസ്സിലാക്കിയ സമിതി ടി ഗോഡൗണുകളുടെ നിർമ്മാണത്തിനായി ഈ ശീർഷകത്തിൽ 25.055 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

## കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്

കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ 2402-00-001-98—സംസ്ഥാന ഭൂവിനിയോഗ ബോർഡ് ശക്തിപ്പെടുത്തൽ, 2402-00-001-96—പഞ്ചായത്ത് ബ്ലോക്കുതല വിഭവ പര്യവേക്ഷണം, 2402-00-001-90—ഭൂവിഭവ വിവര സംവിധാനം എന്നീ ശീർഷകങ്ങളിൽ അധിക തുക ആവശ്യമില്ലെന്ന് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു

ബോർഡിന് കഴിഞ്ഞ വർഷം ലഭ്യമായ ഫണ്ട് വിനിയോഗിച്ചോ എന്നും ബോർഡിന്റെ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് എന്നുമുള്ള സമിതിയുടെ അന്വേഷണത്തിന്, കഴിഞ്ഞ വർഷം 337 ലക്ഷം രൂപ അനുവദിച്ചിരുന്നുവെന്നും പഞ്ചായത്തുകളിൽ റിസോഴ്സ് മാപ്പിംഗ് തയ്യാറാക്കുക, വാർഷികാടിസ്ഥാനത്തിൽ ആക്ഷൻ പ്ലാൻ തയ്യാറാക്കുക, കാട്ടാക്കട നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന നീർത്തട പദ്ധതി എന്നിവ ബോർഡിന്റെ പ്രധാന പ്രവർത്തനങ്ങളാണെന്ന് ഡയറക്ടർ സമിതിയെ അറിയിച്ചു

ഭൂവിനിയോഗ ബോർഡിന്റെ പ്രവർത്തനങ്ങളും മണ്ണ് സംരക്ഷണ വകുപ്പിന്റെ പ്രവർത്തനങ്ങളും തമ്മിലുള്ള വ്യത്യാസം അന്വേഷിച്ച സമിതിക്ക് ഭൂവിനിയോഗ ബോർഡ് ടെക്നിക്കൽ സപ്പോർട്ട് നൽകുക മാത്രമാണ് ചെയ്യുന്നതെന്നും മണ്ണ് സംരക്ഷണ വകുപ്പാണ് പ്രോജക്ട് ഇംപ്ലിമെന്റേഷൻ നടത്തുന്നതെന്നും ആൾ ഇൻഡ്യാ ലെവലിൽ തയ്യാറാക്കുന്ന ലാന്റ് യൂസ് മാപ്പിന്റെ കോഡ് അനുസരിച്ചാണ് ഭൂവിനിയോഗ ബോർഡ് മാപ്പ് തയ്യാറാക്കുന്നതെന്നും സോയിൽ സർവ്വേയുടെ കോഡ് അനുസരിച്ച് തയ്യാറാക്കുന്ന മാപ്പ് ഉപയോഗിച്ചാണ് സോയിൽ സർവ്വേ വിംഗ് പ്രവർത്തിക്കുന്നതെന്നും ഉദ്യോഗസ്ഥർ സമിതിയെ ധരിപ്പിച്ചു. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് പ്രകാശനം ചെയ്തു വരുന്ന വാട്ടർഷെഡ് മാപ്പ് എല്ലാ പഞ്ചായത്തുകൾക്കും വിതരണം ചെയ്യാറുണ്ടോ എന്ന സമിതിയുടെ അന്വേഷണത്തിന്, കേന്ദ്രസർക്കാരും മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പും ഭൂവിനിയോഗ ബോർഡും ചേർന്ന് 1995-ൽ പ്രസിദ്ധീകരിച്ച ഡോക്യുമെന്റാണ് വാട്ടർഷെഡ് അറ്റ്ലസ് ഓഫ് കേരള എന്ന രീതിയിൽ കേന്ദ്രസർക്കാരും മറ്റ് സംസ്ഥാനങ്ങളും അംഗീകരിച്ചിരിക്കുന്നതെന്നും മൈക്രോ ലെവലിലുള്ള ഓരോന്നിന്റേയും വിശദാംശങ്ങൾ തയ്യാറാക്കുന്നത് മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പാണെന്നും അതിന്റെ നോഡൽ ഏജൻസിയായാണ് ഭൂവിനിയോഗ ബോർഡ് പ്രവർത്തിക്കുന്നതെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു

## കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രം

കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രത്തിന്റെ 2402-00-001-94-31, 2402-00-001-94 എന്നീ ശീർഷകങ്ങളിൽ ഈ വർഷം അധികതുക ആവശ്യമില്ലെന്ന് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

ഡിജിറ്റൽ ഡേറ്റാ ബാങ്കുമായി ബന്ധപ്പെട്ട് മാപ്പ് രൂപീകരിക്കുന്ന ജോലി പൂർത്തീകരിച്ചോ എന്ന സമിതിയുടെ അന്വേഷണത്തിന്, ഒരു ബാച്ചിൽ 125 എണ്ണം എന്ന രീതിയിൽ രണ്ട് ബാച്ചുകളിലായി 250 എണ്ണം പൂർത്തിയാക്കിയെന്ന് ഉദ്യോഗസ്ഥർ മറുപടി നല്കി.

KSREC-യുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ച കാരണമാണ് ഇതുവരെയും പൂർണ്ണമായ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കാൻ സാധിക്കാത്തതെന്ന് നിരീക്ഷിച്ച സമിതി, ഡേറ്റാ ബാങ്ക് തയ്യാറാക്കുന്ന ജോലി അടിയന്തരമായി പൂർത്തയാക്കണമെന്നും അതിനായി റിവ്യൂമീറ്റിംഗ് നടത്തണമെന്നും കൃഷി വകുപ്പ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നല്കി.

## സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്

സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പിന്റെ 2401-00-111-99—കാർഷിക സെൻസസ്, 2402-00-102-90-മണ്ണ് സംരക്ഷണ പദ്ധതികളുടെ വിലയിരുത്തൽ പരിപാടി എന്നീ ശീർഷകങ്ങളിൽ അധികതുക ആവശ്യമില്ലെന്ന് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. 2019-20-ൽ നടക്കുന്ന പത്താമത്തെ കാർഷിക സെൻസസിന്റെ ഒന്നും രണ്ടും ഘട്ടങ്ങളിലെ ഡാറ്റ കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുണ്ടെന്നും മൂന്നാമത്തെ ഘട്ടം കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണെന്നും ആയത് കൂടി ലഭിച്ചാൽ മൂന്ന് ഘട്ടത്തിന്റെയും റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതാണെന്നും ഉദ്യോഗസ്ഥർ അറിയിച്ചു.

സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പിന്റെ വെബ്സൈറ്റിൽ കൾട്ടിവേറ്റഡ് പാഡിലാൻഡ് 2.028 ഹെക്ടറെന്നും പ്ലാനിംഗിന്റെ ഇക്കണോമിക് റിവ്യൂവിൽ 1.98 ഹെക്ടറെന്നും രേഖപ്പെടുത്തിയിരിക്കുന്നതിന്റെ കാരണമന്വേഷിച്ച സമിതിയോട്, ഡ്രൈലാന്റ് പാഡിയുടെയും വെറ്റ് ലാൻഡ് പാഡിയുടെയും കണക്ക് പ്രത്യേകമായാണ് എടുക്കുന്നതെന്നും കഴിഞ്ഞ വർഷം ഇവ രണ്ടും ഒരുമിച്ച് കണക്കാക്കിയെന്നും ഉദ്യോഗസ്ഥർ അറിയിച്ചു.

ഓരോ വർഷവും വ്യത്യസ്ത രീതിയിൽ കണക്കുകൾ രേഖപ്പെടുത്തുന്നത് സംബന്ധിച്ച് പരിശോധന നടത്തണമെന്ന് സമിതി വകുപ്പിന് നിർദ്ദേശം നല്കി.

## ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് കാസർഗോഡ് പാക്കേജ്

2551-60-101-97—<u>കാസർഗോഡ് പാക്കേജ്</u>

2020-21 സാമ്പത്തികവർഷം ഭരണാനുമതിയ്ക്കായി സമർപ്പിക്കുന്ന പദ്ധതികൾക്കും കൂടാതെ മുൻവർഷങ്ങളിൽ ഭരണാനുമതി ലഭിച്ച് പ്രവൃത്തി പുരോഗമിച്ചുവരുന്ന പദ്ധതികൾക്കുമായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 15 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

സമിതിയോഗം ഉച്ചയ്ക്ക് 12 മണിയ്ക്ക് പിരിഞ്ഞു.

## 19-2-2020-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-I 2020 ഫെബ്രുവരി 19-ാം തീയതി ബുധനാഴ്ച രാവിലെ 11.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി ചെയർമാന്റെ അഭാവത്തിൽ എക്സ്-ഒഫീഷ്യോ അംഗമായ മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രിയുമായ ശ്രീ. കെ. രാജു ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. എ. പി. അനിൽ കുമാർ, എം. എൽ. എ.
2. ശ്രീ. എം. നൗഷാദ്, എം. എൽ. എ.
3. ശ്രീ. എം. വിൻസെന്റ്, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി
2. ശ്രീ. എസ്. സുനിൽകുമാർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജയകുമാർ. ജി., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീമതി ഇഷിത റോയ്, പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്
2. ശ്രീ. എസ്. വെങ്കടേശപതി, ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്

3. ഡോ. എം. കെ. പ്രസാദ്, ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
4. ശ്രീ. എസ്. ശ്രീകുമാർ, ഡയറക്ടർ, ക്ഷീരവികസന വകുപ്പ്
5. ഡോ. ബി. ശ്രീകുമാർ, മാനേജിംഗ് ഡയറക്ടർ കേരള ഫീഡ്സ് ലിമിറ്റഡ്
6. ശ്രീ. പി. എ. ഷെയ്ക് പരീത്, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
7. ഡോ. വിനോദ് ജോൺ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ
8. ഡോ. ജോസ് ജെയിംസ്, മാനേജിംഗ് ഡയറക്ടർ, കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്
9. ഡോ. എ.എസ്. ബിജ്ജുലാൽ, മാനേജിംഗ് ഡയറക്ടർ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്
10. ഡോ. ലോറൻസ് ഹറോൾഡ്, മാനേജിംഗ് ഡയറക്ടർ,മത്സ്യഫെഡ്
11. ശ്രീമതി എം. ഗീത, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
12. ശ്രീമതി കെ. എസ്. ഉഷ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
13. ശ്രീമതി വി. ആർ. ശോഭ, ജോയിന്റ് സെക്രട്ടറി, ധനകാര്യവകുപ്പ്
14. ശ്രീ. സന്തോഷ് കുമാർ, ജോയിന്റ് സെക്രട്ടറി, ക്ഷീരവികസന വകുപ്പ്
15. ശ്രീ. റ്റി. ഗോപാലകൃഷ്ണൻ, ജോയിന്റ് സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ്
16. ശ്രീ. പി. കെ. അനിൽ കുമാർ, ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്
17. ഡോ. ബി. മനോജ് കുമാർ, രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ്
18. ശ്രീമതി എൻ. എസ്. ശ്രീലു, എക്സിക്യൂട്ടീവ് ഡയറക്ടർ, സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വിമൺ
19. ശ്രീ. എസ്. മഹേഷ്, ജോയിന്റ് എക്സിക്യൂട്ടീവ് ഡയറക്ടർ ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ കേരള (അഡാക്)
20. ശ്രീമതി സ്മിത ആർ. നായർ, ജോയിന്റ് ഡയറക്ടർ, മത്സ്യബന്ധന ഡയറക്ടറേറ്റ്

21. ശ്രീമതി ആശ അഗസ്റ്റിൻ, ജോയിന്റ് ഡയറക്ടർ (മത്സ്യബന്ധനം), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് അഡ്മിനിസ്ട്രേഷൻ ആന്റ് മാനേജ്മെന്റ്

22. ശ്രീ. ആർ. സുരേഷ് കുമാർ, ജനറൽ മാനേജർ, കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ, ലിമിറ്റഡ്

23. ശ്രീ. എസ്. ഗോപകുമാർ, ഡെപ്യൂട്ടി ഡയറക്ടർ, മത്സ്യബന്ധന ഡയറക്ടറേറ്റ്

24. ശ്രീമതി എസ്. ഇളസി കുമാരി, ഡെപ്യൂട്ടി ഡയറക്ടർ (ഇൻലാന്റ്), മത്സ്യബന്ധന ഡയറക്ടറേറ്റ്

25. ശ്രീ. എസ്. അനിൽ കുമാർ, ഡെപ്യൂട്ടി ഡയറക്ടർ, മത്സ്യബന്ധന ഡയറക്ടറേറ്റ്

26. ശ്രീമതി. ജി. ജയശ്രീ, ഡെപ്യൂട്ടി ഡയറക്ടർ, മത്സ്യബന്ധന ഡയറക്ടറേറ്റ്

27. ശ്രീ. കെ. ശശികുമാർ, ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസന ഡയറക്ടറേറ്റ്

28. ശ്രീ. കോശി കെ. അലക്സ്, അസിസ്റ്റന്റ് ഡയറക്ടർ, ക്ഷീരവികസന ഡയറക്ടറേറ്റ്

29. ഡോ. എ. എച്ച്. ഷാജിൽ, അസിസ്റ്റന്റ് ഡയറക്ടർ, ക്ഷീരവികസന ഡയറക്ടറേറ്റ്

30. ശ്രീ. റ്റി. ആർ. സുനിൽ കുമാർ, അസിസ്റ്റന്റ് ഡയറക്ടർ, മത്സ്യബന്ധന ഡയറക്ടറേറ്റ്

31. ശ്രീമതി പി. കെ. ലത, ഡെപ്യൂട്ടി ജനറൽ മാനേജർ (പ്രോജക്ട്സ്), മത്സ്യഫെഡ്

32. ശ്രീമതി വിദ്യാ ഉണ്ണികൃഷ്ണൻ, കമ്പനി സെക്രട്ടറി, കേരള ഫീഡ്സ് ലിമിറ്റഡ്

33. ശ്രീ. എൽ. ജി. സുധീർ, മാനേജർ (പ്രോജക്ട്സ്), കേരള ഫീഡ്സ് ലിമിറ്റഡ്

34. ശ്രീമതി റ്റി. കെ. ഷക്കീല, സീനിയർ ഫിനാൻസ് ഓഫീസർ, മൃഗസംരക്ഷണ ഡയറക്ടറേറ്റ്

35. ശ്രീമതി ശുഭലക്ഷ്മി, സീനിയർ ഫിനാൻസ് ഓഫീസർ, മത്സ്യബന്ധന ഡയറക്ടറേറ്റ്

36. ശ്രീമതി എം. ശ്രീലത, ഫിനാൻസ് ഓഫീസർ, കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി

37. ശ്രീമതി ജെ. ശോഭ, അസിസ്റ്റന്റ് മാനേജർ, മത്സ്യഫെഡ്

38. ശ്രീ. കെ. റ്റി. രാഘവൻ, ലെയ്സൺ ഓഫീസർ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്.

സമിതി 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ട ധനാഭ്യർത്ഥന നമ്പർ XXXI (മൃഗസംരക്ഷണം) XXXII (ക്ഷീരവികസനം) XXXIII (മത്സ്യബന്ധനം) എന്നിവ സൂക്ഷ്മ പരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. ചർച്ചയുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

2403-00-001-99 —<u>നടത്തിപ്പ്</u>

ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 12.5238 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2403-00-001-98 —<u>ജില്ലാ ഭരണം</u>

മൃഗസംരക്ഷണ വകുപ്പിലെ ജില്ലാ ഓഫീസുകളിലെ ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, അവധിയാത്രാനുകൂല്യം എന്നിവയ്ക്ക് വേണ്ടി ഈ ശീർഷകത്തിൽ 1.42228 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2403-00-101-99—<u>കന്നുകാലി പ്ലേഗ് രോഗ നിർമ്മാർജ്ജനം</u>

കന്നുകാലി പ്ലേഗ് രോഗ നിർമ്മാർജ്ജനത്തിനായി പ്രവർത്തിക്കുന്ന ഓഫീസുകളുടെ വെള്ളക്കരം, വാടക, നികുതി എന്നിവ നൽകുന്നതിന് ഈ ശീർഷകത്തിൽ 88,264 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2403-00-101-98—<u>ആശുപത്രികളും ഡിസ്പെൻസറികളും</u>

ആശുപത്രികളിലെയും ഡിസ്പെൻസറികളിലെയും ജീവനക്കാർക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 2.27613 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2403-00-101-71—<u>വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം</u>

നിലവിലുള്ള 105 ബ്ലോക്കുകളിലെ കരാർ ജീവനക്കാരുടെ വേതനം സർക്കാർ ഉത്തരവ് നമ്പർ 112/2018/ധന. തീയതി 21-7-2018 പ്രകാരം വർദ്ധിപ്പിക്കുന്നതിനും അധികമായി 20 ബ്ലോക്കുകളിൽ കൂടി രാത്രികാല അടിയന്തര മൃഗചികിത്സാ സേവനം ലഭ്യമാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 2.44 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2403-00-102-99—<u>ഊർജ്ജിത കന്നുകാലി വികസന പ്രോജക്ടുകൾ</u>

കന്നുകാലി വികസന പ്രോജക്ടുകൾക്കായി പ്രവർത്തിക്കുന്ന പ്രാദേശിക സെന്ററുകളിലും സബ് സെന്ററുകളിലും പ്രവർത്തിക്കുന്ന ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5.04578 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2403-00-102-97—<u>ലൈവ് സ്റ്റോക്ക് ഫാമുകൾ</u>

കുടപ്പനക്കുന്ന് പ്രവർത്തിക്കുന്ന കന്നുകാലി ഫാമിലെയും ചെറ്റച്ചൽ, കരിയോട്ടുമല, വിതുര എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഫാമുകളിലെയും വാഹനങ്ങളുടെ അറ്റകുറ്റപ്പണിയ്ക്കായി ഈ ശീർഷകത്തിൽ 34,800 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2403-00-102-96—<u>വർഗ്ഗ സങ്കലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ</u>

പ്രാദേശിക മൃഗപരിപാലന കേന്ദ്രങ്ങൾ, 9-ാം പദ്ധതിയിലാരംഭിച്ച ഊർജ്ജിത കന്നുകാലി വികസന പ്രോജക്ടുകൾ, അവയുടെ കീഴിലുള്ള പ്രാദേശിക സെന്ററുകൾ, സബ്സെന്ററുകൾ എന്നിവയിലെ ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 9.9941 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2403-00-102-81—<u>ഡിപ്പാർട്ട്മെന്റ് ഫാമുകൾ ശക്തിപ്പെടുത്തൽ</u>

മൃഗസംരക്ഷണ വകുപ്പിനു കീഴിലുള്ള ഫാമുകളിൽ തീറ്റ, തീറ്റപ്പുൽ, മരുന്നുകൾ, പാരന്റ് സ്റ്റോക്ക് എന്നിവ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ ധന പുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2403-00-102-79—<u>പ്രത്യേക കന്നുകാലി വികസന പദ്ധതി</u>

കന്നുകുട്ടി പരിപാലന പദ്ധതി നടപ്പിലാക്കുന്ന സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥൻമാരുടെ ശമ്പളം, വേതനം, യാത്രാബത്ത, ഓഫീസ് ചെലവ് എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 3.07 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2403-00-102-78—R.K.V.Y സഹകരണത്തോടെയുള്ള ഗോവർദ്ധിനി പദ്ധതി

ഗോവർദ്ധിനി പദ്ധതിയിൽ പുതിയതായി 16,000 പശുക്കുട്ടികളെ കൂടി ഉൾപ്പെടുത്തുന്നതിനായി ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2403-00-103-99—കോഴിവളർത്തൽ കേന്ദ്രങ്ങൾ

മൃഗസംരക്ഷണ വകുപ്പിലെ കോഴിവളർത്തൽ കേന്ദ്രങ്ങളുടെയും , സെൻട്രൽ ഹാച്ചറികളുടെയും, കെട്ടിട നികുതി അടയ്ക്കുന്നതിനായി ഈ ശീർഷകത്തിൽ 3.27699 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2403-00-103-84— വീട്ടുപരിസരത്ത് കോഴി വളർത്തൽ വികസന പരിപാടി

കൂടുതൽ സ്കൂളുകളിൽ ടി പദ്ധതി നടപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 1.25 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2403-00-105-99—പന്നിവളർത്തൽ വികസന പദ്ധതി

പന്നിവളർത്തൽ വികസന പദ്ധതിയിൻ കീഴിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 58,791 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2403-00-109-96—വികസനവും പരിശീലനവും

വകുപ്പിനുകീഴിലുള്ള ഉദ്യോഗസ്ഥരുടെ അവധിയാത്രാനുകൂല്യം നൽകുന്നതിനായി ഈ ശീർഷകത്തിൽ 3.71114 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

## കേരള സംസ്ഥാന പൗൾട്ടി വികസന കോർപ്പറേഷൻ ലിമിറ്റഡ്

2403-00-190-94—കെ.എസ്.പി.ഡി.സി.-ക്ക് സഹായം

സംസ്ഥാന പൗൾട്ടി വികസന കോർപ്പറേഷന്റെ ഗ്രാമീണ വനിതകൾക്കു വേണ്ടിയുള്ള കോഴി വളർത്തൽ പദ്ധതി—കെപ്കോ ആശ്രയ, കെപ്കോ വനിതാ മിത്രം പദ്ധതി, കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി, ഫാമുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ, കെപ്കോ-കുടുംബശ്രീ കേരള ചിക്കൻ പദ്ധതി എന്നീ പദ്ധതികളുടെ

നടത്തിപ്പിനായി ഈ ശീർഷകത്തിൽ 8.5 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റി

### ധനാഭ്യർത്ഥന നമ്പർ XXIX—കൃഷി

2415-03-277-99-36—<u>കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റി- സഹായധനം-ശമ്പളേതരം</u>

കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും ലഭിക്കേണ്ടതായ പ്രോവിഡന്റ് ഫണ്ടും അതിന്റെ പലിശയും, സർവ്വകലാശാലയിൽനിന്നും വിരമിച്ചവർക്ക് കൊടുക്കുവാനുള്ള ഡി.സി.ആർ.ജി., ടെർമിനൽ സറണ്ടർ, കമ്മ്യൂട്ടേഷൻ, പെൻഷൻ പരിഷ്കരണത്തിന് ആവശ്യമായ തുക, അധ്യാപകരുടെ യു.ജി.സി. കുടിശ്ശിക, യു.ജി.സി. റിവിഷൻ, കരിയർ അഡ്വാൻസ്മെന്റ് പ്രൊമോഷൻ കുടിശ്ശിക തൊഴിലാളികളെ എൻ.പി.എസ്.-ൽ ഉൾപ്പെടുത്തിയ വകയിൽ സർവ്വകലാശാല വിഹിത കുടിശ്ശിക എന്നിവ നല്കുന്നതിനായി ഈ ശീർഷകത്തിൽ 72.7139 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2415-03-277-99-31—<u>കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റി- സഹായധനം - ശമ്പളം</u>

2019-20 പ്ലാൻ ഇനത്തിൽ ലഭിക്കേണ്ടതായ 57 കോടി രൂപയിൽ 15 കോടി രൂപ മാത്രമാണ് ഇതുവരെ അനുവദിച്ചുകിട്ടിയിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 7 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

## മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്

2403-00-190-93— <u>എം.പി.ഐ.-ക്ക് സഹായം</u>

മാംസോല്പാദന രംഗത്ത് കേരളത്തിൽ പ്രവർത്തിക്കുന്ന ഒരേയൊരു പൊതുമേഖലാ സ്ഥാപനമാണ് മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ (എം.പി.ഐ.) ലിമിറ്റഡ്, ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തിനുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക വളരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ കൊല്ലം ജില്ലയിലെ ഏരൂർ അഞ്ചൽ വാല്യൂ ആഡഡ് പ്രോസസ്ഡ് മീറ്റ് പ്രൊഡക്ഷൻ ഫെസിലിറ്റി എന്ന മാംസ സംസ്കരണ യൂണിറ്റിനായി 86 ലക്ഷം രൂപയും, ഇടയാറിൽ എം.പി.ഐ. കാമ്പസിലുള്ള കോഴി ഇറച്ചി സംസ്കരണ പ്ലാന്റിനോട് ചേർന്ന് അധിക ശേഷിയുള്ള ഒരു റെന്ററിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി 2 കോടി രൂപയും, എം.പി.ഐ. ക്യാമ്പസിൽ കോഴികുഞ്ഞുങ്ങളെ

ആവശ്യത്തിന് പരിപാലിച്ച് വളർത്താനും കോഴി ഇറച്ചി സംസ്കരണ പ്ലാന്റിനുമായി 2 കോടി രൂപയും, തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിൽ സ്ഥാപിക്കുന്ന കാള, പോത്ത്, കിടാരി കേന്ദ്രം എന്ന പദ്ധതിയ്ക്കായി 3 കോടി രൂപയും, ഭക്ഷ്യ സുരക്ഷ അവയർനസ് പ്രോഗ്രാമിനായി 1 കോടി രൂപയും, ഉൾപ്പെടെ ഈ ശീർഷകത്തിൽ 8.86 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2403-00-190-93—എം.പി.ഐ.- ക്ക് സഹായം

മാർക്കറ്റിംഗ് ശക്തിപ്പെടുത്തുന്നതിനായി തിരുവനന്തപുരത്ത് ഒരു മോഡേൺ മീറ്റ് ഷോപ്പ് സ്ഥാപിക്കുന്നതിന് 2.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്

2403-00-190-83—കേരള ലൈവ് സ്റ്റോക്ക് ബോർഡിനുള്ള സഹായം

കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡിന്റെ കീഴിലുള്ള കന്നുകാലി പ്രജനനം ശക്തിപ്പെടുത്തുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതിയ്ക്കായി 17 ലക്ഷം രൂപയും പന്നിവളർത്തൽ മേഖലയുടെ വികസനത്തിനായി 20 ലക്ഷം രൂപയും കുടുംബശ്രീ യൂണിറ്റുകളുമായി സഹകരിച്ച് തീറ്റപ്പുൽ ഉൽപാദനകേന്ദ്രങ്ങൾ സ്ഥാപിക്കുകയും തീറ്റപ്പുൽ ഡെമോൺസ്ട്രേഷൻ പ്ലോട്ടുകൾ സ്ഥാപിക്കുകയും ചെയ്യുന്നതിനുള്ള പദ്ധതിയ്ക്കായി 20 ലക്ഷം രൂപയും ഫീൽഡ് പെർഫോർമൻസ് റിക്കോർഡിംഗ് വഴി കന്നുകാലികളുടെ ജനിതക ഗുണമേൻമ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയ്ക്കായി 24 ലക്ഷം രൂപയും കേരളത്തിന്റെ വടക്കൻ ജില്ലകളിൽ നടപ്പാക്കുന്ന ദേശീയ ക്ഷീരപദ്ധതിയുടെ ഭാഗമായുള്ള സന്തതി പരിശോധന പദ്ധതിയ്ക്കായി 10 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 91 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

## കേരള ഫീഡ്സ് ലിമിറ്റഡ്

2403-00-190-86—കേരള ഫീഡ്സ് ലിമിറ്റഡിനുള്ള സഹായം

ക്ഷീര കർഷകർക്ക് കുറഞ്ഞ നിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കുന്നതിനായി ഈ ശീർഷകത്തിൽ 45 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

# ധനാഭ്യർത്ഥന നമ്പർ XXXII—ക്ഷീരവികസനം

2404-00-001-99—ഡയറക്ടറേറ്റ്

ഈ ശീർഷകത്തിൽ 01(5) ഇനത്തിൽ 2.16 ലക്ഷം രൂപയും 05(2) വൈദ്യുതി ചെലവ് ഇനത്തിൽ 2.13 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 4.29 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2404-00-001-98— ജില്ലാ ഭരണം

01(4) മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ 1.5 ലക്ഷവും 01(5) മറ്റ് അലവൻസുകൾ ഇനത്തിൽ 3.23 ലക്ഷവും 02(1) പേ ഇനത്തിൽ 5.4 ലക്ഷവും 02(2) ക്ഷാമബത്ത ഇനത്തിൽ 3.12 ലക്ഷവും 02(04) കൺസോളിഡേറ്റഡ് പേ ഇനത്തിൽ 41,000 രൂപയും 02(05) ദിവസവേതനം ഇനത്തിൽ 2.73 ലക്ഷം രൂപയും 05(2) വൈദ്യുതി ചെലവ് ഇനത്തിൽ 2.55 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ ആകെ 18.94 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2404-00-001-97—വികസന പ്രവർത്തന ഘടകങ്ങൾ

ഈ ശീർഷകത്തിൽ 02(2) ക്ഷാമബത്ത ഇനത്തിൽ 2.24 ലക്ഷവും 02(04) കൺസോളിഡേറ്റഡ് പേ ഇനത്തിൽ 9.66 ലക്ഷവും ഉൾപ്പെടെ 11.9 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2404-00-102-79—കാലിത്തീറ്റക്കുള്ള സബ്സിഡി

സംസ്ഥാനത്തെ 3.5 ലക്ഷം ക്ഷീര കർഷകർക്ക് ഒരു രൂപ നിരക്കിൽ വർഷം മുഴുവനും കാലിത്തീറ്റ സബ്സിഡി നൽകുവാൻ ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 55 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2404-00-102-77—കൃഷിക്കാരുടെ ഭൂമിയിലും ക്ഷീരോല്പാദന സഹകരണ സംഘങ്ങളിലും കാലിത്തീറ്റ ഉല്പാദനവും സൂക്ഷിക്കലും

കൂടുതൽ തീറ്റപ്പുൽ കൃഷി പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 90 ലക്ഷം രൂപ

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

ക്ഷീരവികസന വകുപ്പിനുവേണ്ടി പഞ്ചായത്ത് വളരെയധികം തുക ചെലവഴിക്കുന്നുണ്ടെന്നും ഇത്രയധികം തുക ചെലവഴിച്ചിട്ടും പാലുൽപ്പാദനം കുറഞ്ഞു കൊണ്ടിരിക്കുന്നത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞു. പ്രളയം വന്നപ്പോഴാണ് പാലുൽപ്പാദനത്തിൽ കുറവുണ്ടായതെന്നും വേനൽക്കാലമായതുകൊണ്ടാണ് ഇപ്പോൾ പാലുൽപ്പാദനം കുറഞ്ഞിരിക്കുന്നതെന്നും യഥാർത്ഥത്തിൽ പാലുൽപ്പാദനം വർദ്ധിച്ചിട്ടുണ്ടെന്നും ക്ഷീരവികസന വകുപ്പ് ഡയറക്ടർ മറുപടി നൽകി.

2404-00-102-76—ക്ഷീര കർഷക ക്ഷേമനിധി ബോർഡിന് ഇൻഷ്വറൻസ് പദ്ധതിയ്ക്ക് ധനസഹായം

ക്ഷീര കർഷകക്ഷേമനിധി അംഗങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2404-00-102-75—കന്നുകാലിത്തീറ്റ കൃഷി-വലിയ തുറ സ്വീവേജ് ഫാം

സ്റ്റേറ്റ് ഫോഡർ ഫാമിന്റെ ദൈനംദിന പ്രവർത്തന ചെലവുകളും ഫാം തൊഴിലാളികളുടെ വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിനുമായി ഈ ശീർഷകത്തിൽ ആകെ 1.88 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2404-00-109-98—ക്ഷീരവികസന പരിശീലനകേന്ദ്രം

ഈ ശീർഷകത്തിൽ 02(2) ക്ഷാമബത്ത ഇനത്തിൽ 51,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2404-00-109-95—ഗുണനിയന്ത്രണ ലാബുകളുടെ ശക്തിപ്പെടുത്തൽ

സംസ്ഥാനത്ത് ഉൽപാദിപ്പിക്കുകയും വിപണനം ചെയ്യുകയും ചെയ്യുന്ന പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും, കാലിത്തീറ്റയുടെയും ഗുണനിലവാരം ഉറപ്പാക്കുന്നതിനായി വകുപ്പിന്റെ സ്റ്റേറ്റ് ഡയറി ലാബ്, റീജിയണൽ ഡയറി ലാബ്, മൊബൈൽ ലാബ്, ജില്ലാ ലാബുകൾ എന്നിവയുടെ ആധുനികവത്കരണത്തിനായി ഈ ശീർഷകത്തിൽ 1.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2404-00-195-94-34—<u>ക്ഷീരസഹകരണ സംഘങ്ങൾക്ക് സഹായം</u>

ക്ഷീര സഹകരണ സംഘങ്ങളിൽ ആധുനികവത്കരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും, ക്ഷീര സംഘങ്ങളിലൂടെ കർഷകർക്ക് സബ്സിഡി നിരക്കിൽ പച്ചപ്പുൽ, വൈക്കോൽ എന്നിവ എത്തിച്ചു നൽകുന്നതിനും, സഹകരണ മേഖല പ്രചാരണ പരിപാടി സംഘടിപ്പിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 3.17 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2404-00-800-78—<u>ക്ഷീരകർഷക ക്ഷേമനിധി ബോർഡിനുള്ള ധനസഹായം</u>

സർക്കാരിന്റെ നയപരമായ തീരുമാന പ്രകാരം പെൻഷൻ തുക 1,200 രൂപയായി വർദ്ധിപ്പിക്കുമ്പോൾ ഉണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത ലഘൂകരിക്കുന്നതിന് ആവശ്യമായ 167.33 കോടി രൂപ അനുവദിക്കേണ്ടതുണ്ട്. എന്നാൽ ഈ ശീർഷകത്തിൽ തുകയൊന്നും വകകൊള്ളിച്ചതായി കാണുന്നില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 167.33 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2020-21 സാമ്പത്തികവർഷം കേരള ഡയറി റിസർച്ച് സെന്റർ എന്ന പുതിയ പ്രോജക്ട് ആരംഭിക്കുന്നതിന് 1 കോടി രൂപ അനുവദിക്കണമെന്നാവശ്യപ്പെട്ട് പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലെന്നും ആയത് അധികമായി അനുവദിക്കണമെന്നും ക്ഷീരവികസന വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടു. എന്നാൽ പ്രസ്തുത പ്രോജക്ട് ആസൂത്രണ ബോർഡ് അംഗീകരിച്ച് ധനകാര്യ വകുപ്പിനെ അറിയിച്ചാൽ മാത്രമേ ബഡ്ജറ്റിൽ ഉൾപ്പെടുത്തി തുക അനുവദിക്കാൻ കഴിയുകയുള്ളൂവെന്നും ആയതിനാൽ ഇക്കാര്യം ഫയലായി ടേക്ക്അപ് ചെയ്യേണ്ടി വരുമെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

4404-00-800-95—<u>എൽ.എ.ആർ. കേസുകൾക്കുള്ള നഷ്ടപരിഹാരം</u>

എൽ.എ.ആർ. '302/88-28 എ' പ്രകാരം നഷ്ടപരിഹാരം നൽകുന്നതിനായി ബജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ടി ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XXXIII—മത്സ്യബന്ധനം

2405-00-101-96—കായലിൽ മത്സ്യങ്ങളെ വളർത്തൽ

സംസ്ഥാനത്തെ കായലുകളിലും, മറ്റ് ജലാശയങ്ങളിലും മത്സ്യ/ചെമ്മീൻ വളർത്തൽ പരിപാടിയിൽ തുടർന്നുവരുന്ന ജീവനക്കാരുടെ ശമ്പളം, വേതനം, മറ്റ് ആഫീസ് ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 13.5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-101-95—മത്സ്യക്കുഞ്ഞുല്പാദന ഫാമുകൾ

മത്സ്യക്കുഞ്ഞുല്പാദന ഫാമുകളിൽ പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്ന ജീവനക്കാരുടെ ശമ്പളം, വേതനം, മറ്റ് ആഫീസ് ചെലവുകൾ എന്നിവയ്ക്കായി 2.09 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-101-94—കായൽ പരിശോധനയ്ക്ക്

നദീമുഖങ്ങൾ, ജലാശയങ്ങൾ, കായലുകൾ എന്നിവിടങ്ങളിലെ നിയമരഹിതമായ മത്സ്യബന്ധനം തടയുന്നതിന് പ്രവർത്തിച്ചുവരുന്ന ജീവനക്കാരുടെ ശമ്പളം, വേതനം, മറ്റ് ആഫീസ് ചെലവുകൾ എന്നിവയ്ക്കായി 13.22 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-101-91—പൊതുമേഖലയിൽ ഉപ്പുജല മത്സ്യഫാമുകൾ

പൊതുമേഖലയിലെ ഉപ്പുജല മത്സ്യ/ചെമ്മീൻ ഫാമുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളം, വേതനം, മറ്റ് ആഫീസ് ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 10.37 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-101-90—ദേശീയ വിത്തുല്പാദന പരിപാടി

മത്സ്യക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നതിനുവേണ്ടി സ്ഥാപിച്ചിട്ടുള്ള ദേശീയ മത്സ്യക്കുഞ്ഞുല്പാദന കേന്ദ്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം, വേതനം, മറ്റ് ആഫീസ് ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 1.2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-101-88—നാടൻ വള്ളങ്ങളും സജ്ജീകരണങ്ങളും മെച്ചപ്പെടുത്തൽ

ഉൾനാടൻ മേഖലയിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉപയോഗിച്ച് വരുന്ന നാടൻ വള്ളങ്ങളുടെയും വലകളുടെയും സുഗമമായ പ്രവർത്തനത്തിനും അവയുടെ സജ്ജീകരണങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള പരിപാടികളുടെ നടത്തിപ്പിന് അനുവദിച്ചതും തുടർന്ന് വരുന്നതുമായ ജീവനക്കാരുടെ ശമ്പളം, വേതനം, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 9.5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-101-57—മത്സ്യത്തൊഴിലാളികൾക്ക് വേണ്ടിയുള്ള വിവര ശേഖരണം

ടി പദ്ധതി 100% കേന്ദ്രാവിഷ്കൃത പദ്ധതിയായിരുന്നുവെങ്കിലും ഇപ്പോൾ ആയത് നിർത്തിവച്ചിരിക്കുന്നതിനാൽ ശൂന്യവേതനാവധിയിൽ പ്രവേശിച്ച ഡി.ഡി.ഒ. തിരികെയെത്തുമ്പോൾ ശമ്പളം നൽകുന്നതിനുള്ള ചെലവ് നോൺ പ്ലാനിലേയ്ക്ക് മാറ്റുന്നതായിരിക്കും ഉചിതമെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ആയതിനാൽ ഉൾനാടൻ/കടൽ മത്സ്യ ബന്ധനത്തിന്റെ വിവരശേഖരണവുമായി ബന്ധപ്പെട്ട ജീവനക്കാരുടെ ശമ്പളം, യാത്രാബത്ത, മറ്റ് ചെലവുകൾ എന്നിവയ്ക്കായുള്ള പദ്ധതി ശീർഷകം പദ്ധതിയേതര ശീർഷകത്തിലേയ്ക്ക് മാറ്റി ഈ ശീർഷകത്തിൽ 52 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-101-53—ഉൾനാടൻ പ്രദേശങ്ങളിൽ മത്സ്യഭവനുകൾ സ്ഥാപിക്കൽ

അക്വാകൾച്ചർ പ്രവർത്തനങ്ങളുടെ അഭിവൃദ്ധി ലക്ഷ്യമിട്ടുകൊണ്ട് അതിനുള്ള സാങ്കേതിക പിന്തുണ, മാർഗ്ഗ നിർദ്ദേശം, മേൽ നോട്ടം എന്നിവയ്ക്കായി ഉൾനാടൻ പ്രദേശങ്ങളിൽ മത്സ്യഭവനുകൾ സ്ഥാപിക്കുന്നതിനും അതിന്റെ നടത്തിപ്പിനുമായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-102-97—ബോട്ടുനിർമ്മാണശാലകൾ

ബേപ്പൂരിലേയും ശക്തികുളങ്ങരയിലേയും ബോട്ടുനിർമ്മാണ ശാലകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളം, വേതനം, മറ്റ് ആഫീസ് ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 3.59 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-103-99—സമുദ്രമത്സ്യബന്ധനം നിയന്ത്രിക്കുന്നതിനു വേണ്ടി അതിർത്തി മേഖലകളിൽ റോന്തുചുറ്റൽ

കടൽമത്സ്യബന്ധന നിയന്ത്രണ നിയമം ഫലപ്രദമായി നടപ്പിലാക്കുവാൻ പോലീസ് സൂപ്രണ്ടിന്റെ ചുമതലയിൽ പ്രവർത്തിച്ചുവരുന്ന വിഭാഗത്തിലെ ജീവനക്കാരുടെ ശമ്പളം, വേതനം, മറ്റ് ആഫീസ് ചെലവുകൾ എന്നിവയ്ക്കായി 1.0181 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2405-00-103-97—മത്സ്യബന്ധന തുറമുഖങ്ങളുടെ സംരക്ഷണവും നടത്തിപ്പും

മത്സ്യബന്ധന തുറമുഖങ്ങളുടെ സംരക്ഷണത്തിനും നടത്തിപ്പിനുമായി ബജറ്റിൽ അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.1089 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2405-00-103-87—സംയോജിത മത്സ്യബന്ധന വികസന പ്രോജക്ടിനു കീഴിൽ മത്സ്യബന്ധനത്തിന് അനുയോജ്യമായ യന്ത്രഭാഗങ്ങൾ നൽകൽ

സംയോജിത മത്സ്യബന്ധന വികസന പ്രോജക്ടിനു കീഴിൽ മത്സ്യബന്ധനത്തിന് അനുയോജ്യമായ യന്ത്രഭാഗങ്ങൾ വാങ്ങി നൽകുന്നതിന് ഈ ശീർഷകത്തിൽ 60 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2405-00-103-86—മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരുടെ സുരക്ഷയ്ക്കായി മറൈൻ ആംബുലൻസ്

കടൽരക്ഷാ പ്രവർത്തനത്തിനായി കൊച്ചിൻ ഷിപ്പ് യാർഡിൽ നിർമ്മിച്ചു കൊണ്ടിരിക്കുന്ന 3 മറൈൻ ആംബുലൻസുകളുടെ ഇന്ധന ചെലവ്, മാനിംഗ്, മെഡിക്കൽ ഉപകരണങ്ങൾ, പാരാമെഡിക്കൽ ജീവനക്കാരുടെ ക്രമീകരണം എന്നിവയ്ക്കായി 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2405-00-103-83—മത്സ്യത്തൊഴിലാളികൾക്കുള്ള ഉൽപാദന ബോണസ്

മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങൾ വഴി സമുദ്ര മത്സ്യ ലേലത്തിൽ പങ്കെടുക്കുകയും സംഘത്തിൽ വിഹിതം അടയ്ക്കുകയും ചെയ്യുന്ന മത്സ്യത്തൊഴിലാളികൾക്ക് ലേല തുകയുടെ 0.5% തുക ബോണസ് ആയി നൽകുന്നത് കൂടുതൽ മത്സ്യത്തൊഴിലാളികൾക്ക് ഇടനിലക്കാരെ ഒഴിവാക്കി സഹകരണ സംഘം വഴി

ലെലത്തിൽ പങ്കെടുക്കുന്നതിന് സഹായകരമാകും എന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-103-82—<u>സംയോജിത മത്സ്യബന്ധന വികസന പദ്ധതി</u>

(100% എൻ.സി.ഡി.സി. സഹായം)

മത്സ്യഫെഡ് വഴി എൻ.സി.ഡി.സി. ധനസഹായത്തോടെ നടപ്പിലാക്കുന്ന ഐ.എഫ്.ഡി.പി. 17-18 പദ്ധതി പ്രകാരം അംഗമായ മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നൽകുന്നതിനായി ഈ ശീർഷകത്തിൽ 4.2318 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-103-78—<u>മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ്</u>

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും അപകട ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി മുഖേന സഹായം നൽകുന്നതിനായി 400 ലക്ഷം രൂപ അധികമായി ആവശ്യമുണ്ടെന്ന് മത്സ്യബന്ധന വകുപ്പ് ഡയറക്ടർ സമിതി അറിയിച്ചു. എന്നാൽ വർക്കിംഗ് ഗ്രൂപ്പിൽ എ.എസ്. കൊടുക്കുന്നത് ആന്റിസിപ്പേറ്റ് ചെയ്ത് അഡീഷണൽ ഓതറൈസേഷൻ നൽകുമെന്നതിനാൽ ആയത് ശിപാർശ ചെയ്യേണ്ട ആവശ്യമില്ലെന്നും ഇൻഷ്വറൻസ് പദ്ധതിയായതിനാൽ കൃത്യമായും തുക നൽകുമെന്നും ധനകാര്യവകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് ശിപാർശ ചെയ്യേണ്ടതില്ലെന്ന് സമിതി തീരുമാനിച്ചു.

2405-00-103-74—<u>തീരദേശ പ്രാദേശിക വികസന പാക്കേജുകളുടെ സമഗ്ര പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ</u>

തീരദേശ പ്രാദേശിക വികസന പാക്കേജുകൾ അഡീഷണൽ ഓതറൈസേഷൻ വഴി നടപ്പിലാക്കുന്നതിനായി 2019-20-ൽ അനുവദിച്ച 33.51 ലക്ഷം രൂപയിൽ 14.07 ലക്ഷം രൂപ വിനിയോഗിച്ച് അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും മത്സ്യബന്ധന വകുപ്പ് ഡയറക്ടർ അറിയിച്ചു. ടി പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രവർത്തനങ്ങൾക്കായി 2020-21-ൽ ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-103-72—<u>പ്രകൃതി ദുരന്തങ്ങളുമായി ബന്ധപ്പെട്ട മാസ്റ്റർ കൺട്രോൾ റൂം റീജിയണൽ കൺട്രോൾ റൂം</u>

നയപ്രഖ്യാപന പ്രസംഗത്തിൽ ഉൾപ്പെട്ട കാലാവസ്ഥാ വിവരങ്ങൾ യഥാസമയം മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിന് സംസ്ഥാനതലത്തിൽ മാസ്റ്റർ കൺട്രോൾ റൂമും എല്ലാ തീരദേശ ജില്ലകളിലും റീജിയണൽ കൺട്രോൾ റൂമുകളും ഫിഷറീസ്

സ്റ്റേഷനുകളോടനുബന്ധമായി ആരംഭിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യമൊരുക്കുന്നതിനും ജീവനക്കാരുടെ ശമ്പളം അടക്കമുള്ള ചെലവുകൾക്കുമായി പ്രസ്തുത ശീർഷകത്തിൽ 300 ലക്ഷം രൂപ വകയിരുത്തണമെന്ന് മത്സ്യബന്ധന വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടു എന്നാൽ ഓഖി ഫണ്ട്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി എന്നിവയിലെ തുക ഉപയോഗിച്ചാണ് കൺട്രോൾ റൂം സ്ഥാപിക്കാൻ ശിപാർശ ചെയ്യിരിക്കുന്നതെന്നും ആയതിന്റെ റെക്കറിംഗ് കോസ്റ്റാണ് ടി ശീർഷകത്തിൽ വരുന്നതെന്നും ഇതു സംബന്ധിച്ച ഫയൽ ധനകാര്യ വകുപ്പിൽ എത്തിയപ്പോൾ അടുത്ത തവണ പരിഹാരമുണ്ടാക്കാമെന്നാണ് തീരുമാനിച്ചിരിക്കുന്നതെന്നും ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് എസ്.ഡി.ജി.-യിൽ പ്രൊവിഷൻ വയ്ക്കുന്നതാണെന്നും ജീവനക്കാരുടെ ശമ്പളവും മറ്റും നൽകുന്നതിനുള്ള തുക നോൺ പ്ലാനിലേയ്ക്കാണ് പോകേണ്ടതെന്നും ധനകാര്യവകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു. അടുത്ത തവണ ടി പദ്ധതി നോൺ പ്ലാനിലേയ്ക്ക് മാറ്റുന്നതാണെന്ന് മത്സ്യബന്ധന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു

2405-00-103-71—<u>സ്റ്റേറ്റ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ</u>

സ്റ്റേറ്റ് ഫിഷറീസ് റിസോഴ്സസ് മാനേജ്മെന്റ് സൊസൈറ്റി (ഫിർമ) യ്ക്ക് ഗ്രാന്റ്-ഇൻ-എയ്ഡ് ഇൻസ്റ്റിറ്റ്യൂഷന്റെ സ്റ്റാറ്റസ് ആണ് നൽകുന്നതെന്നും ഇതു സംബന്ധിച്ച ഫയൽ ധനകാര്യ വകുപ്പിൽ നിന്നും തിരികെ ലഭിക്കുമ്പോൾ ആവശ്യമായ തുക എത്രയാണെന്ന് അടിയന്തരമായി അറിയിക്കണമെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

പങ്കാളിത്ത വിഭവ മാനേജ്മെന്റ് സംവിധാനത്തെക്കുറിച്ച് ബോധവത്കരണം നടത്തുന്നതിനും സെമിനാറുകൾ സംഘടിപ്പിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-103-71—<u>സ്റ്റേറ്റ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ</u>

ജീവനക്കാരുടെ ശമ്പളം/വേതനം മറ്റ് ആനുകൂല്യങ്ങൾ ഓഫീസ് ചെലവുകൾ എന്നിവ നിർവ്വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 1.0305 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-103-69—<u>ശുചിത്വ സാഗരം ജലാശയങ്ങളിൽ നിന്നും പ്ലാസ്റ്റിക് നിർമ്മാർജ്ജന പദ്ധതി</u>

മുനമ്പം, ബേപ്പൂർ, പുതിയാപ്പ എന്നീ മത്സ്യബന്ധന തുറമുഖങ്ങളിൽ ശുചിത്വ സാഗരം പദ്ധതി നടപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-105-96—മൂല്യവർദ്ധിത വിപണി

ആറാട്ടുപുഴ ഫിഷ് മീൽ പ്ലാന്റ് സജ്ജമാക്കുന്നതിന് ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2405-00-105-88—തീരമൈത്രി സൂപ്പർ മാർക്കറ്റ്

തീരമൈത്രി സൂപ്പർമാർക്കറ്റുകളിൽ സബ്സിഡി നിരക്കിൽ അവശ്യസാധനങ്ങൾ വിതരണം ചെയ്യുന്നതിനായി ഈ ശീർഷകത്തിൽ 39.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-105-86—മത്സ്യമാർക്കറ്റുകൾ, വാല്യു അഡിഷൻ, വിളവെടുപ്പ് പൂർവ്വ പ്രവർത്തനങ്ങൾ എന്നിവയുടെ നവീകരണം

ലൈഫ് ഫിഷ് മാർക്കറ്റുകളുടെയും മത്സ്യസൂപ്പർ മാർക്കറ്റുകളുടെയും നിലവിലുള്ള മത്സ്യമാർക്കറ്റുകളുടെയും നവീകരണത്തിനുമായി ഈ ശീർഷകത്തിൽ 2.5 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-109-98—മത്സ്യബന്ധന സ്കൂളുകളും പരിശീലന കേന്ദ്രങ്ങളും

സംസ്ഥാനത്തെ റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിലേയും പരിശീലന കേന്ദ്രങ്ങളിലേയും ജീവനക്കാരുടെ ശമ്പളത്തിനും മറ്റ് ഓഫീസ് ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 1.2061 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2405-00-109-95—വികസനവും പരിശീലനവും

ജീവനക്കാരുടെ ശമ്പളം, വേതനം, മറ്റ് ആഫീസ് ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 10.46 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2405-00-109-95—കേരള അക്വാവെൻച്വർ ഇന്റർ നാഷണൽ ലിമിറ്റഡ് (കെ.എ.വി.ഐ.എൽ.)-ന്റെ പ്രവർത്തനങ്ങൾക്ക്

കാവിലിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും പ്രവർത്തനങ്ങൾക്കുമായി ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2405-00-109-91—<u>വകുപ്പിന്റെ വികസനവും നവീകരണവും പരിശീലന കേന്ദ്രങ്ങളുടെ ശക്തിപ്പെടുത്തലും</u>

മത്സ്യത്തൊഴിലാളികൾക്കും മത്സ്യത്തൊഴിലാളികളുടെ മക്കൾക്കും, വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്കും അന്തർദേശീയ പരിശീലനവും കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള പരിശീലന പരിപാടികളും വിജ്ഞാന വ്യാപനവും നടപ്പിലാക്കുന്നതിനും ഈ ശീർഷകത്തിൽ 1.5 · കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2405-00-120-98—<u>ലിംഗ സമത്വ സ്ത്രീശാക്തീകരണ നയനിർവ്വഹണം - സ്റ്റാഫിനുള്ള ധനസഹായം</u>

ലിംഗ സമത്വ പദ്ധതി നിർവ്വഹണത്തിനായി ഈ ശീർഷകത്തിൽ 9.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2405-00-190-94—<u>ലിംഗസമത്വ സ്ത്രീശാക്തീകരണ നയനിർവ്വഹണം-മത്സ്യഫെഡിനുള്ള ധനസഹായം</u>

സ്ത്രീ ശാക്തീകരണ പദ്ധതിയിൽ സ്ത്രീകൾക്ക് മൈക്രോ എന്റർപ്രൈസസ് സ്കിൽ ട്രെയിനിംഗ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 9.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

2405-00-800-99—<u>മത്സ്യബന്ധനത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതിയ്ക്ക് അധിക സംസ്ഥാന വിഹിതം</u>

മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിനും പഞ്ഞമാസ കാലയളവിൽ തൊഴിൽ നഷ്ടംമൂലമുണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുമായി 50% കേന്ദ്ര സഹായത്തോടെ നടപ്പാക്കിവരുന്ന പദ്ധതിയാണിത്. ഓരോ വർഷവും 6 തവണകളിലായി 1,500 രൂപ മത്സ്യത്തൊഴിലാളികളിൽ നിന്ന് ശേഖരിച്ച് ബാങ്കിൽ നിക്ഷേപിക്കുകയും സംസ്ഥാന വിഹിതമായ 3,000 രൂപയും ചേർത്ത് 4,500 രൂപ മൂന്നു തവണകളിലായി മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നു. ഇതനുസരിച്ച് 1,76,000 മത്സ്യത്തൊഴിലാളികൾ 2019-20 വർഷം പദ്ധതിയിൽ അംഗമായി കഴിഞ്ഞു. ഇവർക്ക് 2020-21 വർഷം മേയ്, ജൂൺ, ജൂലൈ മാസങ്ങളിലായി പദ്ധതി വിഭാവനം ചെയ്ത രീതിയിൽ ധനസഹായം അനുവദിക്കേണ്ടതുണ്ട്.

2020-21 വർഷം ഇതിനായി ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക വളരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 32.80 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗംവഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-800-96—മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണത്തിന് ധനസഹായം (ഹഡ്കോ ധനസഹായം)(യാൺ ട്വിസ്റ്റിങ്ങ് യൂണിറ്റ് പറവൂർ)

ടി പദ്ധതിയ്ക്കായി റീ-ഇംബേഴ്സ്മെന്റ് മാതൃകയിലാണ് ഫണ്ട് ലഭിച്ചു കൊണ്ടിരിക്കുന്നതെന്നും റീ-ഇംബേഴ്സ്മെന്റ് ചെയ്യണമെങ്കിൽ ഫണ്ട് റിലീസ് ചെയ്ത് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സബ്മിറ്റ് ചെയ്യേണ്ടതുണ്ടെന്നും 2014-15 മുതൽ കുടിശ്ശികയായിരുന്ന 80.07 കോടി രൂപ കഴിഞ്ഞ വർഷം കേന്ദ്രത്തിൽ നിന്നും അനുവദിച്ചു കിട്ടിയെന്നും ഇനി കഴിഞ്ഞ വർഷത്തെ 28 കോടി രൂപ മാത്രമേ കിട്ടാനുള്ളുവെന്നും മത്സ്യബന്ധന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിച്ചു.

ആലപ്പുഴ ജില്ലയിലെ പറവൂരിൽ ട്വൈൻ ട്വിസ്റ്റിങ്ങ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-800-94—മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേയ്ക്കുള്ള സഹായം മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പെൻഷൻ

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളി/വിധവ പെൻഷൻകാർക്ക് പ്രതിമാസ പെൻഷൻ നൽകുന്നതിന് ഈ ശീർഷകത്തിൽ 20.80 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2405-00-800-50—മത്സ്യബന്ധനവുമായി ബന്ധപ്പെട്ട മറ്റ് തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്കുള്ള ഇൻഷ്വറൻസ് പദ്ധതി

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള അനുബന്ധ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പ്രീമിയം ഒടുക്കുന്നതിനായി 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4405-00-103-98—സംയോജിത മത്സ്യബന്ധന വികസന പദ്ധതി (100% എൻ.സി.ഡി.സി. സഹായം)

ഭരണാനുമതി ലഭിച്ചതും ഇപ്പോൾ നടപ്പിലാക്കി വരുന്നതുമായ സംയോജിത മത്സ്യവികസന പദ്ധതിയ്ക്കായി 3.23 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4405-00-103-94 —തീരദേശ റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തൽ

തീരദേശ റോഡുകളുടെ നവീകരണത്തിനായി ഈ ശീർഷകത്തിൽ 70 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4405-00-103-93—മത്സ്യത്തൊഴിലാളികൾക്കുള്ള അടിസ്ഥാന സൗകര്യവികസനവും മാനവശേഷി വികസനവും

മത്സ്യത്തൊഴിലാളികൾക്ക് നടപ്പിലാക്കുന്ന ഭവനനിർമ്മാണ പദ്ധതികളുടെ പൂർത്തീകരണത്തിനും പുനരധിവാസ പദ്ധതിയായ പുനർഗേഹം നടപ്പിലാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 30 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4405-00-103-92—വിഴിഞ്ഞം പുനരധിവാസ പദ്ധതി നടപ്പാക്കൽ-മത്സ്യത്തൊഴിലാളികളുടെ പുനരധിവാസവും ഭൂമി ഏറ്റെടുക്കലും

വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കേണ്ടിവരുന്നവരുടെ പൂർണ്ണ ബാധ്യത സർക്കാർ ഏറ്റെടുത്ത് അവർക്കായി സ്ഥലവും ഭവനവും മറ്റു ജീവനോപാധി സഹായങ്ങളും പരിശീലനങ്ങളും നൽകുന്നതിനും തിരുവനന്തപുരം ജില്ലയിലെ 8 മത്സ്യഗ്രാമങ്ങളിൽ ആർട്ടിഫിഷ്യൽ റീഫ് സ്ഥാപിക്കുന്നതിനും 375.63 ലക്ഷം രൂപയുടെ ഭരണാനുമതി പ്രകാരം 26.01 കോടി രൂപയുടെ പ്രോജക്ട് പ്രൊപ്പോസലുകൾ ഫണ്ട് അനുവദിക്കുന്നതിനായി സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതിനുവേണ്ടി ഈ ശീർഷകത്തിൽ 30 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4405-00-104-61—കൊയിലാണ്ടി മത്സ്യബന്ധന തുറമുഖം (സംസ്ഥാന പദ്ധതി)

കൊയിലാണ്ടി സബ്ഡിവിഷനിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിലേയ്ക്കായി ഈ ശീർഷകത്തിൽ 18 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4405-00-104-59—<u>ചേറ്റുവ മത്സ്യബന്ധന തുറമുഖം (സംസ്ഥാന പദ്ധതി)</u>

ചേറ്റുവ സബ്ഡിവിഷനിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിലേയ്ക്കായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4405-00-104-58—<u>ചെറുവത്തൂർ മത്സ്യബന്ധന തുറമുഖം (സംസ്ഥാന പദ്ധതി)</u>

ചെറുവത്തൂർ സബ്ഡിവിഷനിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിലേയ്ക്കായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4405-00-104-37—<u>മത്സ്യബന്ധന തുറമുഖങ്ങളുടെ അറ്റകുറ്റപ്പണികളും മണ്ണ് നീക്കലും</u>

മത്സ്യബന്ധന തുറമുഖങ്ങളുടെ അറ്റകുറ്റപ്പണികളും മണ്ണ് നീക്കലും എന്ന പ്രവർത്തിയ്ക്കും ഭരണാനുമതി ലഭിച്ച ഓഖി കോസ്റ്റൽ ഡെവലപ്മെന്റ് പാക്കേജിൽ ഉൾപ്പെട്ട പ്രവർത്തികൾക്കുമായി ഈ ശീർഷകത്തിൽ 20 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4405-00-104-33—<u>മത്സ്യം കരക്കടുപ്പിക്കൽ കേന്ദ്രങ്ങൾക്ക് (എൽ.എ.ആർ)-ചാർജ്ജ് ചെയ്യുന്നത്</u>

വിവിധ മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾക്ക് എൽ.എ.ആർ. കേസുകൾക്കായി വിഹിതം നൽകുന്നതിനായി ഈ ശീർഷകത്തിൽ 27 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4405-00-104-32—<u>തലൈ മത്സ്യതുറമുഖത്തിനോടനുബന്ധിച്ച ചാലിൽ ഗോപാലപേട്ടയിലെ 'ഫിംഗർ ജെട്ടി' നിർമ്മാണം</u>

ബഡ്ജറ്റ് പ്രസംഗം 2020-21-ൽ ഹാർബറുകൾക്കായി 50.00 കോടി രൂപ വകയിരുത്തുമെന്ന് പ്രസ്താവിച്ചിരുന്നു. പ്രവൃത്തി നടപ്പിലാക്കുവാൻ 55.00 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

6405-00-195-99—മത്സ്യബന്ധന വികസനത്തിന് സമഗ്ര മാർഗ്ഗനിർദ്ദേശങ്ങൾ പദ്ധതിക്കായി മത്സ്യഫെഡിന് കൊടുക്കുന്ന വായ്പ (എൻ.സി.ഡി.സി. സഹായം)

പരമ്പരാഗത മത്സ്യത്തൊഴിലാളി മേഖലയിൽ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപകരണങ്ങൾ മത്സ്യഫെഡ് വിതരണം ചെയ്തുവരുന്നു. എൻ.സി.ഡി.സി. ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി വഴിയാണ് ഈ തുക വിതരണം ചെയ്യുന്നതെന്നും ടി പദ്ധതിയ്ക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്നും സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ്

### ധനാഭ്യർത്ഥന നമ്പർ XXIX—കൃഷി

2415-05-277-99—കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ്

കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് നോൺപ്ലാൻ വിഹിതത്തിൽ പത്ത് ശതമാനത്തിന്റെ കുറവു കാരണവും, പുതിയ ടീച്ചിംഗ്/നോൺ ടീച്ചിംഗ് ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ടും, യു.ജി.സി. സ്കെയിൽ നടപ്പിലാക്കിയതുമൂലവും കാലാകാലങ്ങളിലുള്ള ക്ഷാമബത്ത വർദ്ധനവിനുമായി ഈ ശീർഷകത്തിൽ 7.5757 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

### പുതിയ ശീർഷകം അനുവദിക്കുന്നതിന്

ഹാർബറുകളിൽ മത്സ്യം സൂക്ഷിക്കുന്നതിനുള്ള മത്സ്യ സംഭരണ കേന്ദ്രം സ്ഥാപിക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 1,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

ഓൺലൈൻ മത്സ്യവിപണന കേന്ദ്രത്തിനായി പുതിയ ശീർഷകം അനുവദിച്ച് 1,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

ഓഖി ഫണ്ടിന്റെ ചെലവ് സംബന്ധിച്ച് ശ്രീമതി അരുണ റോയിയുടെ അദ്ധ്യക്ഷതയിൽ സോഷ്യൽ ഓഡിറ്റ് നടപ്പിലാക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 1,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

തീരദേശ വികസന കോർപ്പറേഷനായി കഴിഞ്ഞ ബഡ്ജറ്റിൽ നോൺ പ്ലാനിൽ 1 കോടി രൂപയും ഷെയർ ക്യാപിറ്റൽ ഇനത്തിൽ 3 കോടി രൂപയും അനുവദിച്ചിരുന്നുവെന്നും എന്നാൽ ഈ വർഷത്തെ ബഡ്ജറ്റിൽ അത് ഉൾപ്പെടുത്തിയിട്ടില്ലെന്നും കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അറിയിച്ചു ആയത് ജൂലൈ മാസത്തിൽ എസ്.ഡി.ജി. വഴി ആവശ്യപ്പെട്ടാൽ മതിയെന്ന് ധനകാര്യവകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

യോഗം ഉച്ചയ്ക്കശേഷം 12.50-ന് പിരിഞ്ഞു.

## 25-2-2020-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-I 2020 ഫെബ്രുവരി 25-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കശേഷം 2.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളനഹാളിൽ സമിതി ചെയർമാനും കൃഷി വകുപ്പ് മന്ത്രിയുമായ ശ്രീ. വി. എസ്. സുനിൽകുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫിഷ്യോ അംഗങ്ങളായ വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി ശ്രീ.കെ.രാജുവും മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മയും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. എ. പി. അനിൽ കുമാർ, എം.എൽ.എ.

2. ശ്രീ. എം. നൗഷാദ്, എം.എൽ.എ.

3. ശ്രീ. കെ. വി. വിജയദാസ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി

2. ശ്രീ. എസ്. സുനിൽ കുമാർ, ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

സമിതി 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ടി റിപ്പോർട്ടിലെ 1 മുതൽ 126 വരെയുള്ള ശിപാർശകൾ ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

സമിതിയോഗം ഉച്ചയ്ക്കശേഷം 2.30-ന് പിരിഞ്ഞു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.